ജനകീയ ആസൂത്രണ പദ്ധതി

# കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്

# സമഗ്ര വികസന രേഖ

അധികാരം ജനങ്ങളിലേക്ക്

139-4

# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

## കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്

## സമഗ്ര വികസന രേഖ

### 14-12-96ന്

### വികസന സെമിനാർ



# വയനാട് ജില്ല



# കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്
# വികസന റിപ്പോർട്ട്- 1996

| | | |
|---|---|---|
| ബ്ലോക്ക് | : | കല്പറ്റ |
| ബ്ലോക്ക്ഡിവിഷൻ | : | 1.കണിയാമ്പറ്റ<br>2. കരണി |
| ജില്ല | : | വയനാട് |
| ജില്ലാ ഡിവിഷൻ | : | 1. മുട്ടിൽ<br>2. പൂതാടി |
| താലൂക്ക് | : | വൈത്തിരി |
| അസംബ്ലി മണ്ഡലം | : | കല്പറ്റ |
| വിസ്തീർണ്ണം | : | 37.80 സ്ക്വയർ. കി.മീ. |
| അതിരുകൾ | : | വടക്ക് : പനമരം ഗ്രാമപഞ്ചായത്ത്<br>തെക്ക് : മുട്ടിൽ, കോട്ടത്തറ ഗ്രാമ പഞ്ചായത്തുകൾ<br>കിഴക്ക് : പൂതാടി, മീനങ്ങാടി ഗ്രാമ പഞ്ചായത്തുകൾ<br>പടിഞ്ഞാറ് : കോട്ടത്തറ, പനമരം ഗ്രാമ പഞ്ചായത്തുകൾ |
| ജനസംഖ്യ | : | 24419 |
| വാർഡുകൾ | : | പതിനൊന്ന് |
| പ്രസിഡണ്ട് | : | ഒ.വി. അപ്പച്ചൻ |
| വൈസ്പ്രസിഡണ്ട് | : | കെ. എം. ഷാജി |
| മുൻ പ്രസിഡണ്ടുമാർ | | 1. ശ്രീ. ഒ.ടി. കുഞ്ഞികൃഷ്ണൻ നമ്പ്യാർ<br>2. വി. കുഞ്ഞബ്ദുള്ള ഹാജി<br>3. ജെ. മാത്യു.<br>4. മോയിൻ കടവൻ |

## ഭരണ സമിതിയിലെ അംഗങ്ങൾ

വാർഡ്

1. ശ്രീ. പീറ്റക്കണ്ടി കുഞ്ഞിക്കണ്ണൻ നമ്പ്യാർ
2. ശ്രീമതി. സുലോചനാ വിശ്വനാഥൻ
3. റസിയ അബ്ദുള്ള
6. ശ്രീ. വി.പി. മൊയ്തു.
   (സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ)
7. ശ്രീ. മോയിൻ കടവൻ
8. ശ്രീമതി സീത ബാലൻ
9. ശ്രീ. പി.ജെ. രാജേന്ദ്രപ്രസാദ്
10. ശ്രീമതി. റീനാ കുര്യാക്കോസ്
11. ശ്രീ. പി. ബാലൻ

# ഉള്ളടക്കം


| | | പേജ് നമ്പർ |
|---|---|---|
| 1. | ആമുഖം | - 5 |
| 2. | ഭൂപ്രകൃതിയും കാലാവസ്ഥയും | - 9 |
| 3. | കൃഷി, ജലസേചനം | - 12 |
| 4. | മൃഗപരിപാലനം | - 20 |
| 5. | മത്സ്യബന്ധനം | - 22 |
| 6. | വ്യവസായം | - 23 |
| 7. | ഊർജ്ജം | - 31 |
| 8. | സഹകരണം | - 36 |
| 9. | വിദ്യാഭ്യാസം | - 42 |
| 10. | ഗതാഗതം | - 46 |
| 11. | ആരോഗ്യവും കുടിവെള്ള പ്രശ്നങ്ങളും | - 54 |
| 12. | ഭവനനിർമ്മാണം | - 59 |
| 13. | സംസ്കാരം | - 61 |
| 14. | സാമൂഹ്യക്ഷേമം | - 67 |
| 15. | സ്ത്രീക്ഷേമം | - 71 |
| 16. | പട്ടികജാതി- പട്ടികവർഗ്ഗം | - 78 |
| 17. | ജനകീയാസൂത്രണം വിഭവസമാഹരണം | - 86 |
| | ഉപസംഹാരം | |

## ആമുഖം

സ്വയം സമ്പൂർണ്ണമായ ഒട്ടേറെ ഗ്രാമങ്ങൾ അടങ്ങുന്ന ഇന്ത്യ- അതായിരുന്നു നമ്മുടെ രാഷ്ട്രപിതാവിൻെറ സ്വപ്നം. എന്നാൽ സ്വതന്ത്ര ഇന്ത്യ ഇന്ത്യൻ യൂണിയനായിട്ടാണ് പിറവിയെടുത്തത്. അധികാരം കേന്ദ്രീകൃത സ്വഭാവത്തിലാണ് വിന്യസിക്കപ്പെട്ടിരുന്നത്. ജനപ്രാതിനിധ്യ സ്വഭാവത്തിൽ നടന്ന ആദ്യത്തെ തെരഞ്ഞെടുപ്പ് മുതൽ കുറെക്കാലത്തേക്ക് പഞ്ചായത്തുകൾ സംഘടിപ്പിക്കപ്പെട്ടിരുന്നില്ല. പഞ്ചായത്തുകൾ സംഘടിപ്പിക്കപ്പെട്ടപ്പോൾ പോലും അവയ്ക്ക് നാമമാത്രമായ അധികാരമേ ഉണ്ടായിരുന്നുള്ളൂ. പഞ്ചായത്തുകൾക്ക് അധികാരം എത്രത്തോളം എങ്ങനെ നൽകാമോ എന്നതിനെക്കുറിച്ച് പഠിക്കുന്നതിന് വേണ്ടി അശോക്മേത്താ കമ്മറ്റി നിയമിതമായി. എന്നാൽ വളരെക്കാലത്തേക്ക് ഒന്നും നടന്നില്ല. 1987-ൽ രാജീവ്ഗാന്ധി പ്രധാനമന്ത്രിയായിരുന്നപ്പോഴാണ് കാര്യമായ ശ്രമം ഇതിനു വേണ്ടി നടന്നത്. എന്നാൽ ആ ശ്രമവും പൂർത്തീകരിക്കപ്പെട്ടില്ല. 1993-ലെ 73, 74 ഭരണഘടനാ ഭേദഗതിയിലൂടെയാണ് അധികാരം പഞ്ചായത്തുകൾക്ക് കൈമാറാനുള്ള നിയമം ഉണ്ടായത്. 1994-ൽ കേരളത്തിലും അതിനനുസരിച്ചുള്ള നിയമം പാസായെങ്കിലും നിയമപ്രകാരമുള്ള ചട്ടങ്ങൾ പൂർണമായിട്ടില്ല.

ഈ സാഹചര്യത്തിലാണ് ഒമ്പതാം പദ്ധതി ജനകീയമായി ആസൂത്രണം ചെയ്യണമെന്നും അത് നടപ്പാക്കപ്പെടുമ്പോൾ പദ്ധതിയുടെ 35-40 ശതമാനം വിവിധ തലങ്ങളിലായി പഞ്ചായത്തുകളിലൂടെ നടപ്പാക്കണമെന്നും സംസ്ഥാന സർക്കാർ തീരുമാനിച്ചത്. 1996 സെപ്റ്റംബർ 9 മുതൽ 11 വരെ തീയതികളിൽ കൽപ്പറ്റയിൽ നടന്ന ജില്ലാതല പരിശീലനത്തിൽ പഞ്ചായത്തിൽ നിന്നും പരിശീലക സംഘം പങ്കെടുത്തതിലൂടെയാണ് നമ്മുടെ പഞ്ചായത്തിൽ

ജനകീയാസൂത്രണത്തിന്നുള്ള ശ്രമം തുടങ്ങുന്നത്. സെപ്തംബർ 17ന് കമ്പളക്കാട് സാംസ്കാരികനിലയത്തിൽ വെച്ച് പഞ്ചായത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 110 പേർ പങ്കെടുത്തു.

പഞ്ചായത്തുതല ജനകീയാസൂത്രണ ശില്പശാല ആ ശ്രമങ്ങൾക്ക് മൂർത്തരൂപം നല്കി. സ്ഥിതി വിവരകണക്കു ശേഖരണത്തിനായി പന്ത്രണ്ട് ടീമുകളേയും പഞ്ചായത്ത് മെമ്പർമാരും, പ്രസിഡണ്ടും, പരിശീലകരും ഉൾക്കൊള്ളുന്ന പഞ്ചായത്ത് ജനകീയാസൂത്രണ സമിതിയേയും തെരഞ്ഞെടുത്തു. സമിതിയുടെ ചെയർമാൻ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ഒ. വി. അപ്പച്ചനും, കൺവീനർ ശ്രീ. പി.കെ രാമു മാസ്റ്ററും ഒഫീഷ്യൽ സെക്രട്ടറിയായി ശ്രീ. കെ. സുരേഷും (വളണ്ടിയർ സൂപ്രണ്ട്) തെരഞ്ഞെടുക്കപ്പെട്ടു.

ഇതിനനുബന്ധമായി പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഗ്രാമസഭകൾ വിളിച്ചു ചേർത്തു. ഗ്രാമസഭകളിൽ മുമ്പെങ്ങുമില്ലാത്ത വിധം ജനങ്ങൾ ആവേശപൂർവ്വം പങ്കെടുക്കുകയും ചർച്ചകൾ സജീവമായി നടക്കുകയും ചെയ്തു. പതിനൊന്നു വാർഡുകളിലായി 3181 പേർ ഗ്രാമസഭകളിൽ പങ്കെടുത്തു. വിവിധ തലങ്ങളിലായി പഞ്ചായത്തിലെ ജനങ്ങളും, ഉദ്യോഗസ്ഥന്മാരും അടങ്ങുന്ന 11 യോഗങ്ങൾ നടന്നു.

മുൻ കോഴിക്കോട് ജില്ലയിലെ തെക്കെ വയനാട് താലൂക്കിലെ പൊങ്ങിനിച്ചീക്കല്ലൂരംശമായ കണിയാമ്പറ്റ വില്ലേജാണ് 1962ൽ കണിയാമ്പറ്റ പഞ്ചായത്തായി രൂപവൽക്കരിക്കപ്പെട്ടത്. 37.8 ചതുരശ്ര കി.മീറ്റർ വിസ്തൃതിയുള്ള ഈ പഞ്ചായത്ത് ചെറുചെറുകുന്നുകളും വയലുകളും ഉൾപ്പെടുന്ന കാർഷിക മേഖലയാണ്. ഈ പഞ്ചായത്തിൽ 6901 വീടുകളിലായി 24419 ആളുകൾ അധിവസിക്കുന്നുണ്ട്.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ ഉൾപ്പെടുന്ന ഭാഗങ്ങൾ 1923 ന് മുൻപ് പുറക്കാടി വില്ലേജിൻെറ ഭാഗമായിരുന്നു. റീസെറ്റിൽമെൻറിൻെറ ഭാഗമായി പുറക്കാടിയിൽ നിന്ന് കുറെ ഭാഗങ്ങൾ മാറ്റിയെടുത്ത് പൊങ്ങിനിച്ചീക്കല്ലൂർ അംശമാക്കിയത്. അന്ന് കൂടുതൽ പ്രസിദ്ധമായിരുന്ന പൊങ്ങിനി ഭഗവതി ക്ഷേത്രം ഉൾക്കൊള്ളുന്ന പ്രദേശമായതിനാൽ ആ പ്രദേശത്തിൻെറ പേർ അംശത്തിന് വന്നു. അംശത്തെ പൊങ്ങിനിച്ചീക്കല്ലൂർ എന്നും, പുൽപടി എന്നും രണ്ടു ദേശങ്ങളായി തിരിച്ചിരുന്നു. പഞ്ചായത്തിലെ 3 മുതൽ 8 വാർഡുകൾ അടങ്ങുന്ന പ്രദേശങ്ങൾ പുൽപടി ദേശത്തും 1,2,9,10,11 വാർഡുകൾ ഉൾപ്പെടുന്ന പ്രദേശങ്ങൾ പൊങ്ങിനിച്ചീക്കല്ലൂർ ദേശത്തും ആണ്. ആദ്യത്തെ അംശം അധികാരി അമ്പു നായർ ആയിരുന്നു. തുടർന്ന് കൂനുമ്മൽ ശങ്കരൻ നമ്പ്യാർ, എം.വി. രാമയ്യർ, എം.ആർ. വെങ്കിടേശ്വരൻ എന്നിവർ അംശം അധികാരിമാരായി. 1961-ലെ ഒരു ഗവൺമെൻറ് ഉത്തരവ് പ്രകാരം പൊങ്ങിനിച്ചീക്കല്ലൂരംശം കണിയാമ്പറ്റ വില്ലേജായി. ഇന്നത്തെ കണിയാമ്പറ്റ വില്ലേജും നടവയൽ വില്ലേജിൻെറ ഒരുഭാഗവും (ഒന്നാം വാർഡ്) ആണ് കണിയാമ്പറ്റ പഞ്ചായത്തിൽ ഉൾപ്പെടുന്നത്.

കണിയാമ്പറ്റ എന്ന സ്ഥലനാമം ഉണ്ടായതിനെക്കുറിച്ച് പല ഐതിഹ്യങ്ങളുമുണ്ട്. പൊങ്ങിനി ഭഗവതിയെ വഞ്ചിച്ച് ബന്ധനസ്ഥയാക്കിയ കണിയാനെ അനുസ്മരിച്ച് 'കണിയാൻ പറ്റിച്ചു' എന്നത്

കണിയാമ്പറ്റയായി എന്നാണിതിലൊന്ന്. ഏതോ ആദിവാസി രാജകുമാരന് 'കെണി യമ്പേ'റ്റ സ്ഥലം കണിയാമ്പറ്റയായി എന്നാണ് മറ്റൊന്ന്. പഴശ്ശിരാജാവിൻെറ യുദ്ധഭൂമിയിൽ കണിയാമ്പറ്റ പ്രദേശം ഉൾ പ്പെട്ടിരുന്നതായി പ്രസിദ്ധ ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഏതായാലും വയനാട്ടിലെ ആദ്യകാല ജനവാസ കേന്ദ്ര ങ്ങളിൽ ഒന്നായിരുന്നു കണിയാമ്പറ്റ. ലിഖിത ചരിത്രം ഉണ്ടാകുന്നതിന് മുമ്പ് കണിയാമ്പറ്റ പഞ്ചായത്തുൾപ്പെടുന്ന പ്രദേശം ഒരു ആദിവാസി നിവാസകേന്ദ്ര മായിരുന്നിരിക്കണം. ആദിവാസി(വേട്ടുവ) രാജാക്കന്മാരുടെ ചരിത്രങ്ങൾ വിശദമായ പഠനത്തിന് വിധേയമാക്കാത്തതിനാൽ അതിനെക്കുറിച്ച് കാര്യമായ വിവരങ്ങൾ ലഭ്യമല്ല. പത്തൊമ്പതാം നൂറ്റാണ്ടിലാണ് നായർ, നമ്പ്യാർ സമൂഹം, തമിഴ് ബ്രാഹ്മണർ, തെലുങ്ക് ചെട്ടിമാർ തുടങ്ങിയവരുടെ വയനാട്ടിലേക്കുള്ള കുടിയേറ്റം നടന്നത്. കുറിച്യർ വയനാട്ടിലെത്തിച്ചേർന്ന കാല ഘട്ടം അവ്യക്തമാണ്. പഴശ്ശി കേരളവർമ്മ രാജാവിൻെറ ആഗമനത്തിനു മുമ്പുതന്നെ കുറിച്യർ ഇവിടെ നിവസിച്ചിരുന്നുവെ ന്നതാണ് ഏറെ പ്രസക്തമായ വാദഗതി. കന്നഡ ഗൗഡർ സമൂഹം എന്നാണിവിടെ എത്തിച്ചേർന്നതെന്നതിന് കൃത്യമായ തെളിവുകളില്ല. ടിപ്പുസുൽത്താനും വളരെ മുമ്പ് വയനാട് കർണാടകയുടെ ചിലഭാഗങ്ങൾ ഉൾപ്പെടുന്ന ഭരണപ്രദേശ മായിരുന്നുവെന്ന വാദഗതിയുമുണ്ട്.

പത്തൊമ്പതാം നൂറ്റാണ്ടിൻെറ ഉത്തരാർദ്ധത്തിൽ തന്നെ മുസ്ലീം തീയ്യ വിഭാഗങ്ങൾ വയനാട്ടിലേക്ക് കുടിയേറ്റം ആരംഭിച്ചിരുന്നു. കമ്പളക്കാട് ജുമാമസ്ജിദ് 1906-ൽ സ്ഥാപിച്ചതായി രേഖകളുണ്ട്. ഇരുപതാം നൂറ്റാണ്ടിൻെറ ആദ്യപാദത്തിൽ ഒന്നാം ലോക മഹായുദ്ധത്തിനുശേഷമാണ് കൃസ്ത്യൻ, ഈഴവ വിഭാഗങ്ങൾ കുടിയേറ്റ മാരംഭിച്ചത്. കന്നി മണ്ണുതേടി തിരുവിതാം കൂർ ഭാഗത്തുനിന്നും വന്ന കർഷകർക്ക് നല്ല ജനവാസമുണ്ടായിരുന്ന കണിയാമ്പറ്റ പ്രദേശം ഹൃദ്യമായിരുന്നില്ല. നടവയൽ, ചുണ്ടക്കര (പള്ളിക്കുന്ന്) ഇതിനൊരപവാദമാണ്.

ഇന്ന് വയനാട്ടിൽ മറ്റു പ്രദേശങ്ങൾ പോലെ തന്നെ കണിയാമ്പറ്റ പഞ്ചായത്തി ലും കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും, ദക്ഷിണേന്ത്യയുടെ പല ഭാഗത്തു നിന്നും വന്നവരും സ്ഥിരതാമസക്കാരാ യുണ്ട്. ആദിവാസി വിഭാഗത്തിൽ പണി യരും, കുറിച്യരും ധാരാളമായുണ്ട്. മുള്ളുവകുറുമർ, ഊരാളികുറുമർ, നായക്കർ എന്നീ വിഭാഗങ്ങളും കോളനി കളായി താമസിക്കുന്നുണ്ട്. മതപരിവർ ത്തനം ചെയ്ത് മുസ്ലീമിങ്ങളും, കൃസ്ത്യാനി കളുമായി മാറിയ ആദിവാസികളും ഈ പഞ്ചായത്തിലുണ്ട്.

ആദിവാസികളുടെതായ തനതു കലകൾ പലതും മറഞ്ഞുപോയിയെങ്കിലും ഇനിയും അവശേഷിക്കുന്ന കലാരൂപങ്ങൾ പ്രായം ചെന്ന ആളുകളുടെ സഹകരണ ത്തോടെ പുനരുജ്ജീവിപ്പിക്കാൻ കഴിയും. ആദിവാസികളുടെ ഓരോ വിഭാഗത്തിനും പ്രത്യേകമായ വസ്ത്രധാരണരീതികളും ആചാരാനുഷ്ഠാനങ്ങളും ഉണ്ടായിരുന്നു. അവ ഇന്നും തീർത്തും മാറിയിട്ടില്ല.

ഇവരുടെ ഭക്ഷണരീതികൾ ചില തെങ്കിലും ആരോഗ്യകരവും അനുകരണീ യവുമാണ്. ഈ പഞ്ചായത്തിൽ ചുരുക്ക മായി ആദിവാസി പാരമ്പര്യ ചികിത്സകർ അവശേഷിക്കുന്നുണ്ട്. മുൻകാലങ്ങളിലെ

കൃഷിരീതി കൾ ഒട്ടാക്കെ മാറിയിട്ടുണ്ട്. നിരന്നു നിൽക്കുന്ന ഓറഞ്ചു മരങ്ങൾ ഒരു കാലത്ത് സാമാന്യമായ കാഴ്ചയായിരുന്നു. 1950-കളിലെ മധ്യം വരെ പഞ്ചായത്തിലെ മാത്രം പ്രധാന കൃഷി മധുരനാരങ്ങയായിരുന്നു. കാലാവസ്ഥ മാറിയതും രോഗങ്ങളും മധുരനാരങ്ങ കൃഷിയെ പാടെ നശിപ്പിച്ചു. ഇന്ന് സ്വന്തം ആവശ്യത്തിനുപോലും പൊള്ളുന്ന വിലയ്ക്ക് അങ്ങാടിയിൽ നിന്ന് ഓറഞ്ച് വാങ്ങുന്ന സ്ഥിതിയാണുള്ളത്. നാരങ്ങാക്കൃഷിക്കുപുറമെ കുരുമുളകും, കാപ്പിയും കൃഷി ചെയ്തിരുന്നു. സവിശേഷ ഇനമായ വയനാടൻ കുരുമുളക് ഇന്ന് കുറഞ്ഞു വന്നിരിക്കുന്നു. കാപ്പിത്തോട്ടങ്ങൾ നിലനിൽക്കുന്നുണ്ട്. റബ്ബർ, വാഴ, ഇഞ്ചി എന്നിവ കടന്നു വന്നു. കപ്പ കൃഷി ഇടയ്ക്ക് വ്യാപകമായിരുന്നുവെങ്കിലും ഇപ്പോൾ കുറവാണ്. വയലുകളുടെ നാട്ടിൽ നമ്മുടെ പഞ്ചായത്തും വയലുകളാൽ സമൃദ്ധമായിരുന്നു. എന്നാൽ വയലുകളുടെ സമൃദ്ധി മറഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ പ്രദേശം മുഴുവൻ പൊങ്ങിനി ദേവസ്വം, ചിത്രമൂല, ചിറ്റൂർ തുടങ്ങിയ സ്വകാര്യ ജന്മഭൂമികളായിരുന്നു.

പഞ്ചായത്തിലൂടെ കടന്നു പോകുന്ന കോഴിക്കോട്-മാനന്തവാടി റോഡ് വളരെക്കാലം മുമ്പു തന്നെ ഉണ്ട്. വയനാട്ടിലേക്കുള്ള ആദ്യകാലപാതകളിൽ ഒന്നാണിത്. സ്വാതന്ത്ര്യസമരകാലത്ത് കൽപ്പറ്റയിലും അടുത്ത പ്രദേശമായ മടക്കിമലയിലും ഗാന്ധിജി വന്നതായും താമസിച്ചതായും പഴമക്കാർ പറയുന്നു. കണിയാമ്പറ്റ പഞ്ചായത്തിൽ എവിടേയും താമസിച്ചതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. മീനങ്ങാടി-പച്ചിലക്കാട് റോഡാണ് പഞ്ചായത്തിലെ മറ്റൊരു പ്രധാന റോഡ്. മലബാർ ജില്ലാബോർഡിൻെറ കാലം മുതലെ ഈ റോഡുണ്ട്. എന്നാൽ വരദൂർ പുഴയ്ക്ക് പാലം ഉണ്ടായത് കേരളപ്പിറവിക്ക് ശേഷമാണ്.

നൂറ്റാണ്ടുകളുടെ പഴമയിൽ ആലസ്യം പൂണ്ടു കിടക്കുന്ന നമ്മുടെ പഞ്ചായത്തിലെ ജനശക്തിയെ തട്ടിയുണർത്തി കർമ്മതേജസ്സാക്കി മാറ്റാനുതകുന്ന കുറെ നിർദ്ദേശങ്ങൾ അടുത്ത ഭാഗങ്ങളിലുണ്ട്. മുകളിൽ നിന്ന് താഴേയ്ക്ക് ഒഴുകിയിരുന്ന വികസന പ്രക്രിയയെ ഇനി താഴെ നിന്ന് മുകളിലേക്ക് എന്ന രീതിയിൽ ശാസ്ത്രീയമാക്കി മാറ്റാനുള്ള പഞ്ചായത്തിലെ ജനങ്ങളുടേയും ഭരണസമിതിയുടേയും ഉടലെടുത്ത ഈ വികസന രേഖ 12-11-96ന് 272 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചത് കൂടുതൽ പരിഗണനയ്ക്കും പഠനത്തിനുമായി സമർപ്പിക്കുന്നു.



# ഭൂപ്രകൃതിയും കാലാവസ്ഥയും

ചെറിയ ചെറിയ കുന്നുകളും അതിനിടയിലുള്ള വയലുകളും നിറഞ്ഞതാണ് കണിയാമ്പറ്റ പഞ്ചായത്ത്. കാരായിപുഴ, കോട്ടവയൽപുഴ എന്നിവ ഈ പഞ്ചായത്തിൽ വെച്ച് ഒന്നു ചേർന്ന് പനമരം പഞ്ചായത്തിലൂടെ ഒഴുകി കബനിയിൽ ചെന്നുചേരുന്നു. കുന്നുകളിൽ ഉൽഭവിച്ച് ഈ പുഴകളിൽ അവസാനിക്കുന്ന ധാരാളം തോടുകളും അവ പുഷ്ടിപ്പെടുത്തുന്ന വയലുകളും അടങ്ങുന്നതാണ് പഞ്ചായത്തിൻെറ ഭൂഘടന. പണ്ടു കാലങ്ങളിൽ കാലവർഷക്കാലത്ത് ഇരുപുഴകളും കര കവിഞ്ഞ് ചുറ്റുമുള്ള വയലുകളെ പ്രളയജലത്തിലാഴ്ത്തുമായിരുന്നു. ജലം വാർന്നു കഴിഞ്ഞാൽ മണ്ണിനമൃതായ എക്കൽ മണ്ണ് വയലുകളിൽ നിക്ഷേപിക്കപ്പെടുന്നു. ഇന്ന് വെള്ളപ്പൊക്കം ഒരു കടംകഥയായി മാറിയിട്ടുണ്ട്. ഓരോ വാഡിലും മൂന്നോ നാലോ അതിലധികം കുന്നുകളും ഏതാണ്ട് അത്രയും തന്നെ പാടശേഖരങ്ങളും ഉണ്ട്. പല പല വാട്ടർഷെഡ്ഡുകളായി നമ്മുടെ പഞ്ചായത്ത് തിരിഞ്ഞുകിടക്കുന്നു. വികസന പ്രക്രിയ വാട്ടർ ഷെഡ്ഡടിസ്ഥാനത്തിൽ സംഘടിപ്പിക്കേണ്ടതാണ്. ഇതുവഴി മാത്രമെ ശാശ്വതമായി നമ്മുടെ ജലവിഭവ ദാരിദ്ര്യം മാറ്റാനാവൂ. ചെറുവടി വാട്ടർ ഷെഡ് ഡവലപ്മെൻറ് സ്കീം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഇത് വേണ്ടത്ര ആസൂത്രിതമോ ജനകീയമോ അല്ല. എങ്കിലും ഒരാശയത്തിൻെറ അംഗീകാരമെന്ന നിലയിൽ നല്ല തുടക്കമാണ്. കുന്നിൻ പ്രദേശങ്ങളിൽ കാപ്പി, റബ്ബർ, തെങ്ങ്, കുരുമുളക്, കവുങ്ങ് എന്നിവയാണ് പ്രധാന കൃഷി. കൊക്കോ, ഏലം എന്നിവയും ചുരുക്കമായി കാണാം. കരവയലുകളിൽ നെൽകൃഷി അന്യം നില്ക്കുകയും കവുങ്ങ്, വാഴ, ഇഞ്ചി എന്നിവ വ്യാപകമാവുകയും ചെയ്തു. ഭവന നിർമ്മാണത്തിനും കരവയലുകൾ വ്യാപകമായി നികത്തപ്പെടുന്നു. ഇഷ്ടികകളങ്ങൾ പലേടത്തുമുണ്ട്. വയലുകളിൽ പ്രധാനമായും ഒരു പൂൽ മാത്രമാണ് കൃഷിചെയ്യുന്നത്.

ഇരുപൂൽകൃഷി ചെയ്യുന്നതോ രണ്ടാം കൃഷിയായി പച്ചക്കറി കൃഷിചെയ്യുന്നതോ ആയ വയലുകളുമുണ്ട്.

ഋതുക്കൾ ആറ് എന്നതാണെങ്കിലും ഫലത്തിൽ അനുഭവവേദ്യമാകുന്നത് വേനൽക്കാലം, മഴക്കാലം, മഞ്ഞുകാലം എന്നിവയാണ്. വയനാട്ടിലെ മഞ്ഞും തണുപ്പും പണ്ടേ പ്രസിദ്ധമാണ്. പണ്ടുകാലങ്ങളിൽ നട്ടുച്ചക്ക് രണ്ടു മൂന്ന്മണിക്കൂർ മാത്രമാണ് തണുപ്പനുഭവപ്പെടാതിരുന്നത്. ഇന്ന് 10ºC യിൽ താഴോട്ട് താപനില താഴുന്നതേയില്ല. മഴക്കാലത്ത് ഇടവം മുതൽ കർക്കിടകം അവസാനം വരെ ലഭിക്കുന്ന കാലവർഷമാണ് കാര്യമായി ലഭിക്കുന്നത്. തുലാവർഷം മലബാർ മേഖലയിൽ ത്തന്നെ കുറച്ചേ ലഭിക്കുന്നുള്ളൂ. വേനൽക്കാലത്ത് മുൻകാലങ്ങളിലേക്കാൾ ചൂട് കൂടി വരുന്നതായാണ് അനുഭവം. കൃഷിരീതികൾ മാറുകയും ചോല വൃക്ഷങ്ങൾ കുറയുകയും ചെയ്തതോടെ ജലക്ഷാമം രൂക്ഷമാകുന്നു. കണിയാമ്പറ്റ പഞ്ചായത്തിൽ പ്രതിവർഷം ലഭിക്കുന്ന മഴ അളന്നതായി അറിയില്ല. എന്നാൽ വയനാട്ടിലെ കഴിഞ്ഞ പത്തു വർഷത്തെ മഴയുടെ കണക്ക് പരിശോധിച്ചതിൽ ചില വർഷങ്ങളിൽ മഴ കുറഞ്ഞതായി കണ്ടുവെങ്കിലും തുടർന്ന് ചില വർഷങ്ങളിൽ കൂടിയതായും കണ്ടു. ഭൂഗർഭജലത്തിൻെറ അളവ് പ്രതിവർഷം കുറഞ്ഞുവരുന്നതായും അനുഭവപ്പെടുന്നു.

ദ്രുതഗ്രാമപഠനത്തിനുവേണ്ടി രണ്ടു ദിവസമായി നമ്മുടെ പഞ്ചായത്തിലൂടെ പഞ്ചായത്ത് വൈ. പ്രസിഡണ്ട് കെ.എം. ഷാജി, ആസൂത്രണസമിതി കൺവീനർ പി.കെ. രാമുമാസ്റ്റർ എന്നിവരുടെ നേതൃത്വത്തിൽ പഞ്ചായത്തുമെമ്പർമാർ, ജനകീയ പ്രവർത്തകർ എന്നിവരടങ്ങുന്ന പത്തംഗ ടീം നടത്തിയ പഠനപര്യടനത്തിൽ ശേഖരിച്ച വിവരങ്ങൾ ഭൂപടത്തിൽ അടയാളപ്പെടുത്തിയിട്ടുണ്ട്. ചുണ്ടക്കര നിന്ന് അരിമുള വരെ ഒന്നാം ദിവസവും, കമ്പളക്കാട് പോലീസ് സ്റ്റേഷൻ പരിസരത്തുനിന്ന് നടവയൽ വരെ രണ്ടാം ദിവസവുമാണ് നടന്നത്.

<u>ഒന്നാം ദിവസം:-</u>

ചുണ്ടക്കര നിന്ന് മാനഞ്ചേരി ക്കുന്നിലൂടെ മാനഞ്ചേരി വയലിൽ വന്ന് തിയേറ്റർ കുന്നിലൂടെ കമ്പളക്കാട് വഴി അരിവാരം കുന്നിലെത്തി. മാനഞ്ചേരി വയലിൽക്കൂടി മാനഞ്ചേരി തോട് ഒഴുകുന്നുണ്ട്. ഇത് പനമരം പഞ്ചായത്തിലേക്ക് കടന്ന് പനമരം പുഴയിലെത്തുന്നു. അരിവാരം കുന്നിൽനിന്ന് അരിവാരം വയലിലേക്ക് കടന്നു. ഈ വയലിൻെറ നടുക്ക് ഉദ്ദേശം 80 സെൻറ് സ്ഥലത്ത് ഒരു പാറ പരന്നു കിടക്കുന്നു. ഈ പാറയോട് ചേർന്നൊഴുകുന്ന അരിവാരം തോട് കാരായിപുഴയിൽ പതിക്കുന്നു. തുടർന്ന് കാവുമിറ്റം വയലിലൂടെ ചെറുവടി തേർവാടിക്കുന്ന് ചുറ്റി കരിങ്കുളത്തിന് സമീപം എത്തി കാവുവയൽ വഴി കല്ലഞ്ചിറ പാലത്തിനടുത്തായി റോഡിൽ കടന്നു. കാരായിപുഴക്ക് കുറുകെയാണ് പാലം. ഇവിടെ പുഴയ്ക്ക് 15 മീറ്റർ വീതിയുണ്ട്. തുടർന്ന് കല്ലിഞ്ചിറക്കുന്നിൻെറ ഓരത്തിലൂടെ സ്വകാര്യവ്യക്തികളുടെ കാപ്പിത്തോട്ടം കടന്ന് കരണിയിലെത്തി. കരണിയിൽ നിന്ന് പടാരിക്കുന്നു വഴി പടാരിക്കുന്നുവയലിലെത്തി. പടാരിക്കുന്നിൽ രണ്ട് കരിങ്കൽ ക്വാറികളുണ്ട്. വള്ളിപ്പറ്റ വയലിൽ വള്ളിപ്പറ്റ തോട് കണ്ടു. ഈ തോട് കോട്ടവയൽ പുഴയിൽ ചേരുന്നു. തുടർന്ന് അരിമുള വയലിലൂടെ അരിമുളകുന്നിലെത്തി. ഇവിടെയാണ് കുരുമുളക് ഫാക്ടറി

നടന്നിരുന്നത്. ഇപ്പോൾ പൂട്ടിക്കിടക്കുന്നു. കോട്ടവയൽ പുഴയ്ക്ക് കുറുകെ കെട്ടിയിരിക്കുന്ന തടയണ കണ്ടു. ഇത് വളരെ പ്രയോജനകരമെന്ന് ബോധ്യപ്പെട്ടു. കോട്ടവയൽ പുഴയ്ക്ക് കുറുകെ കെട്ടിയ പാലം കണിയാമ്പറ്റ, പൂതാടി ഗ്രാമ പഞ്ചായത്തുകളെ വേർതിരിക്കുന്നു. പുഴയ്ക്ക് ഈ സ്ഥലത്ത് 15 മീറ്റർ വീതിയുണ്ട്. ഒന്നാം ദിവസത്തെ പര്യടനം ഇവിടെ അവസാനിച്ചു.

<u>രണ്ടാം ദിവസം:-</u>

കമ്പളക്കാട് പഴയ പോലീസ് സ്റ്റേഷനു മുന്നിൽ നിന്നാരംഭിച്ച പഠനപര്യടനം ഇരുപത്തിയഞ്ചു മീറ്റർ മെയിൻ റോഡിലൂടെ നടന്ന് കായങ്കണ്ടി റോഡിൽ കയറിയാണ് ഒന്നര കിലോ മീറ്റർ നടന്നത്. കായങ്കണ്ടി കുന്നിൽനിന്നും കായങ്കണ്ടി വയലിലേക്കും തുടർന്ന് കുമ്മിണിപറ്റ കുന്ന് കയറി. മറുവശത്തു കൂടി ഇറങ്ങി എടകൊമ്പം വയലിലേക്കും പായങ്ങാടി വയലിലൂടെ വരദൂർ പച്ചിലക്കാട് റോഡിൽ കയറി റോഡിൽ നിന്ന് ഇടത്തോട്ട് തിരിഞ്ഞ് കൂടോത്തുമ്മൽ ജങ്ഷനിലെത്തി. തുടർന്ന് എം.എൽ.എ റോഡിലൂടെ പടിഞ്ഞാറെ വീട്ടിൽക്കാരുടെ മില്ലിൻെറ മുൻപായി കൂളിമൂലയ്ക്ക് തിരിഞ്ഞു. കൂളിമൂലയിൽ നിന്ന് ചീക്കല്ലൂർ ഹെൽത്ത് സെൻററിൻെറ മുൻപിലെത്തി. തുടർന്ന് ചീക്കല്ലൂർ കോളനിയുടെ മുന്നിലൂടെ ചീക്കല്ലൂർ വയലിലെത്തി. കോളനിക്ക് സമീപത്തായി 150 അടി നീളവും 75 അടി വീതിയുമുള്ള കുളം കണ്ടു. ഇത് കോളനി വകയാണ്. തുടർന്ന് നടുകാണി കോളനി റോഡിലൂടെ കയറി പുഴയുടെ തീരത്തെത്തി.

കാരായിപുഴയും കോട്ടവയൽ പുഴയും കൂടി ചേർന്നുണ്ടായ പുഴയാണ് ഇത്. പുഴയിലെത്തുന്നതിന് വേണ്ടി റോഡിൽ നിന്ന് വയലിലേക്ക് ഇറങ്ങിയപ്പോൾ ഒരു തോടു കണ്ടിരുന്നു. പുഴക്ക് 20 മീറ്റർ വീതിയുണ്ട്. പുഴയുടെ കുറുകെയുള്ള മുളമ്പാലം കടന്ന് കാവടം വയലിലെത്തി. പിന്നീട് കാവടംകുന്നിൽ കയറി വിഷ്ണു ക്ഷേത്രത്തിനു മുന്നിലൂടെ പനമരം നെല്ലിയമ്പം റോഡിലെത്തി. തുടർന്ന് റോഡിലൂടെ തന്നെ നടന്ന് നടവയൽ ജങ്ഷനിലെത്തി. ഇവിടെ പഞ്ചായത്തിൻെറ അതിർത്തിയാണ്. രണ്ടാം ദിവസത്തെ പര്യടനവും വിജയകരമായി അവസാനിച്ചു.





# 1. കൃഷി, ജലസേചനം

ഈ പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന ഉപജീവനമാർഗ്ഗം കൃഷിയാണ്. പഞ്ചായത്ത് നെൽപ്പാടങ്ങളും, നാണ്യവിള കൃഷി നടത്തുന്ന കുന്നുകളും ഒത്തുചേർന്നതാണ്. നെല്ല്, വാഴ, ഇഞ്ചി, കവുങ്ങ്, തെങ്ങ്, കാപ്പി, കുരുമുളക് എന്നിവയാണ് പ്രധാന കൃഷികൾ. നെൽപ്പാടങ്ങളിൽ നല്ലൊരു ശതമാനം നികത്തി കവുങ്ങ്, തെങ്ങ്, വാഴ, ഇഞ്ചി എന്നിവ കൃഷി ചെയ്യുന്നുണ്ട്. എന്നാൽ ഒരിക്കലും നികത്തി മറ്റു കൃഷികൾക്കായി ഉപയോഗിക്കാൻ പറ്റാത്ത പുഴയോരങ്ങളോട് ചേർന്ന നെൽപ്പാടങ്ങളുണ്ട്. അവയിൽ പ്രധാനമായവ പനങ്കണ്ടി, ആവുവയൽ, കാവുവയൽ, ചിറ്റൂർ, പാടിക്കര, അരിമുളവരദൂർ, കാവടം, വെള്ളച്ചിമൂല എന്നീ പാടശേഖരങ്ങളാണ്. ഈ പാടശേഖരങ്ങളിൽ ഏകദേശം 1/4 ഭാഗത്ത് ജലസേചനസൗകര്യങ്ങൾ ലഭ്യമാണെങ്കിലും, ജലലഭ്യത കുറവായതിനാൽ പുഞ്ചകൃഷിക്ക് പ്രശ്നങ്ങളുണ്ട്. നെൽപ്പാടങ്ങളിൽ മുഴുവൻ പഞ്ചായത്തിലെ ജലസേചനം നടത്താൻ ജലസ്രോതസ്സുകളുപയോഗിച്ച് ശാസ്ത്രീയമായ ജലമാനേജ്മെൻറ് കൊണ്ട് സാധിക്കും.

പഞ്ചായത്തിലൂടെ ഒഴുകുന്ന കാരായിപുഴയും അരിമുള മുതൽ കണിയാമ്പറ്റ പഞ്ചായത്തിലൂടെ ഒഴുകി പൂതാടി പഞ്ചായത്തിൽ പ്രവേശിച്ച് വരദൂർ ഭാഗത്ത് എത്തി കാരായിപുഴയിൽ ചേരുന്ന കോട്ടവയൽപുഴയും പ്രധാന ജലസ്രോതസ്സാണ്. അശാസ്ത്രീയ മണൽ വാരൽ, നേരാംവണ്ണം ജലം തടഞ്ഞു നിർത്താനുള്ള സംവിധാനക്കുറവ് എന്നിവ ആവശ്യത്തിനുള്ള ജലലഭ്യതയിൽ കുറവ് വരുത്തുന്നുണ്ട്.

പഞ്ചായത്തിലെ പ്രധാന തോട്ട വിളകൾ ജലം ലഭിക്കുന്ന പക്ഷം ഉല്പാദനം വർദ്ധിപ്പിക്കാവുന്ന അവസ്ഥയിലാണ്. മേൽപ്പറഞ്ഞ പുഴകളിൽ സർവ്വേ നടത്തി നിലവിലുള്ള ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും, മണൽവാരൽ നിയന്ത്രിച്ചും, പുതിയ തടയണകൾ പുഴയിൽ പണിതും ജലലഭ്യത വർദ്ധിപ്പിക്കുന്നതായാൽ നെൽ ഉല്പാദനവും, നാണ്യവിള ഉല്പാദനവും ഇന്നത്തേതിൽ നിന്ന് ഇരട്ടിയായി വർദ്ധിപ്പിക്കാം.

## കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്
## ഭൂമി സംബന്ധിച്ച വിവരങ്ങൾ

| വില്ലേജിന്റെ പേര് | ഭൂമിയുടെ വിസ്തീർണ്ണം ഏക്കറിൽ | | | | | ഉടമസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ | 1-10 സെന്റ് | 10-25 സെന്റ് | 25-50 സെന്റ് | 50-100 സെന്റ് | 2-5 ഏക്കർ | 1-2 ഏക്കർ | 5 ഏക്കറിനു മേൽ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| കണിയാമ്പറ്റ | 4672.86 | 3321 | 122.16 | | 811602 | 415 | 485 | 790 | 1020 | 410 | 420 | 190 |
| നടവയൽ | 902.16 | 232 | 41.31 | | 1175.47 | 110 | 115 | 150 | 178 | 200 | 120 | 27 |
| ആകെ | 5575.02 | 3553 | 163.47 | | 9291.45 | 525 | 600 | 940 | 1198 | 610 | 540 | 217 |

## കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്
## 2.2 പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങൾ

| വില്ലേജിന്റെ പേര് | വിസ്തീർണ്ണം ഏക്കറിൽ | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | റോഡ് | തോട് | കുളം | പുഴ | റെയിൽവെ | റവന്യൂ | വനം | | | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| കണിയാമ്പറ്റ | 43.77 | - | - | 69.50 | - - | | | | | 113.27 |
| നടവയൽ | 31.77 | | | 9.53 | | | | | | 41.31 |
| ആകെ | 75.54 | | | 79.03 | | | | | | 154.58 |

## പ്രശ്നങ്ങൾ

(എ.) ജലസേചനത്തിൻെറ അപര്യാപ്തത

(ബി.) രാസവളവിലവർദ്ധന - പ്രയോഗരീതി

(സി.) കാർഷികകടങ്ങളുടെ ലഭ്യതക്കുറവ്.

(ഡി.) നെൽക്കൃഷിയോടുള്ള വിമുഖത

(ഇ.) നല്ലയിനം വിത്ത്, നടീൽ വസ്തുക്കൾ എന്നിവയുടെ കുറവ്.

### ജലസേചനം:-

(എ.) ഈ പഞ്ചായത്തിലെ എല്ലാ വാഡുകളിലും മഴവെള്ളം പാഴായി പോകുന്ന പ്രശ്നമുണ്ട്. സാമാന്യം നല്ല മഴ കാലവർഷക്കാലത്തും, തുലാവർഷ ക്കാലത്തും ലഭിക്കുന്നുവെങ്കിലും ജലം മുൻപ് സൂചിപ്പിച്ച പുഴകളിലൂടെ ഒഴുകി പനമരം പുഴയിലെത്തുന്നു. ഭൂമിയിൽ അരിച്ചിറങ്ങാൻ സാവകാശം കിട്ടുന്നില്ല. അതുകൊണ്ട് വേനൽക്കാലത്ത് സസ്യങ്ങൾ ജലക്ഷാമം നേരിടുന്നു. വേനൽക്കാലത്തെ ജലലഭ്യതയും ആവശ്യവും തമ്മിൽ വലിയ അന്തരമുണ്ട്.

### (ബി.) രാസവളം:-

രാസവളത്തിൻെറ വില വർദ്ധനയും, ലഭ്യതയും വിളകളെ ബാധിക്കുന്നുണ്ട്. പലയിടങ്ങളിലും രാസവളവില്പന ശാലകൾ പഞ്ചായത്തിലുണ്ടെങ്കിലും കാർഷിക വിദഗ്ധരുടെ ശുപാർശയനുസരിച്ച് രാസവളം കിട്ടാനുള്ള സാധ്യത ക്കുറവുണ്ട്. ഒരു തരം രാസവളം ഇല്ലെങ്കിൽ മറ്റൊരു തരം രാസവളം വിൽപനക്കാരൻ ശുപാർശ ചെയ്യുകയും തെറ്റായ രീതിയിൽ അത് ഉപയോഗിക്കുകയും ചെയ്യുന്നതുകൊണ്ട് കൃഷിക്ക് ദോഷം സംഭവിക്കുന്നു. മണ്ണിൻെറ ഘടന നശിക്കുന്നു.

### (സി.) കാർഷിക വായ്പകളുടെ ലഭ്യതക്കുറവ് -

ഈ പഞ്ചായത്തിൽ രണ്ട് ഗ്രാമീണ ബാങ്കുകളും, ഒരു സഹകരണ ബാങ്കും പ്രവർത്തിക്കുന്നുണ്ടെങ്കിലും കൃഷിക്കാരുടെ ആവശ്യത്തിന്നനുസരിച്ച് വായ്പ കിട്ടുന്നില്ല. അടവു നില മോശമാണെന്ന കാരണമാണ് ബേങ്കുകൾക്ക് പറയാനുള്ളത്. എന്തായാലും വായ്പ ലഭിക്കുന്നതിലുള്ള കുറവ് കൃഷിയെ ദോഷമായി ബാധിക്കുന്നുണ്ട് എന്നത് സംശയരഹിതമാണ്.

### ഡി. നെൽകൃഷിയോടുള്ള വിമുഖത:-

പൊതുവെ കൃഷിക്കാർ നെൽ കൃഷിയോട് വിമുഖത കാണിക്കു ന്നുണ്ട്. പഞ്ചായത്തിൽ രണ്ടു പൂവൽ കൃഷിയിലും കൂടി 8000 ടൺ നെല്ല് ഉല്പാദിപ്പിക്കുന്നുവെന്നതാണ് ഒരു ഏകദേശ കണക്ക്. മറ്റൊരു കൃഷിയും ഈ നെൽ പ്പാടങ്ങളിൽ നടത്താൻ പറ്റാത്തതിനാലാണ് പാടങ്ങളിൽ നെല്ല് തന്നെ കൃഷിയിറക്കുന്നത്. കാർഷിക രംഗത്ത് ജോലിക്കാരെ കിട്ടാനുള്ള പ്രയാസവുമുണ്ട്. കാർഷിക മേഖലയിലെ നല്ലൊരു ഭാഗം തൊഴിലാളികൾ കർണാടക സംസ്ഥാനത്തിൽ ഇഞ്ചിക്കൃഷിക്കാരുടെ കൂടെ പോകുന്നതാണിതിനൊരു കാരണം. മറ്റു തൊഴിൽ മേഖലകളിൽ കർഷക തൊഴിലാളികൾ ആകർഷിക്കപ്പെടുന്നു. നെൽക്കൃഷി മേഖലയിൽ വരമ്പു വെക്കൽ, ഞാറു പറിക്കൽ, നടൽ, കൊയ്ത്ത് എന്നിവയിലൊന്നും യന്ത്രവല്ക്കരണം വന്നിട്ടില്ല. ഉഴവും മെതിയുമാണ് യന്ത്രവല്ക്കരിക്കപ്പെട്ടിട്ടുള്ളത്. ജലസേചനത്തിൻെറ അപര്യാപ്തതയും നെൽക്കൃഷിയോട് മടുപ്പ് തോന്നിക്കുന്ന ഒരു കാരണമാണ്.

### ഇ. നല്ലയിനം വിത്ത്, നടീൽ വസ്തുക്കൾ എന്നിവയുടെ ലഭ്യതക്കുറവ്:-

പലതരം അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളും നടീൽ വസ്തുക്കളും ഉണ്ടെങ്കിലും അവയൊന്നും ഗുണ നിലവാരത്തിലും, വേണ്ട സമയത്തും കൃഷിക്കാർക്ക് ലഭ്യമല്ല.

പച്ചക്കറി, പുഷ്പങ്ങൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ നടീൽ വസ്തുക്കൾക്ക് ഇവിടെ ക്ഷാമമാണ്. T x D, D x T തുടങ്ങി പല അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈ കളിൽ പലതും ഗുണമേന്മയില്ലാത്തവയാ ണെന്ന് അനുഭവത്തിൽ തെളിഞ്ഞിട്ടുണ്ട്.

1. കാരാപ്പുഴ ജലസേചന പദ്ധതിയുടെ പ്രയോജനം ഈ പഞ്ചായത്തിലെ 3 മുതൽ 8 വരെ വാർഡുകളിൽ എത്തിക്കാവു ന്നതാണ്. ജനങ്ങൾ ഈ പദ്ധതിയെ പരഹാസപൂർവ്വമാണ് നോക്കിക്കാണുന്നത്. ഇത് ആരംഭിച്ചിട്ട് വർഷങ്ങളായിട്ടും എവിടേയും എത്തി യിട്ടില്ല.

2. പഞ്ചായത്തിലെ പുഴയോരങ്ങൾ സംരക്ഷിക്കുന്നത് വളരെ പ്രധാനമാണ്. ഓരങ്ങളിൽ ഭിത്തി കെട്ടുക, കൈത, നായ്ക്കരിമ്പ് എന്നിവ വെച്ചുപിടിപ്പിക്കുക. അനിയന്ത്രിതമായ മണൽ വാരൽ നിയന്ത്രിക്കുക എന്നിവ പൊതുവായി ചെയ്യേണ്ടതാണ്.

3. മുൻപ് സൂചിപ്പിച്ച കാരായിപുഴയിലും, കോട്ടവയൽപുഴയിലും അരിമുളയിൽ പണിതതുപോലെയുള്ള ചെക്ക് ഡാമുകൾ ഒരു കി.മീറ്റർ ഇടവിട്ട് പണിയേണ്ടതാണ്.

4. പഞ്ചായത്തിലെ എല്ലാ കാപ്പി, കുരുമുളക് തോട്ടങ്ങളിലും ട്രഞ്ചുകളോ വരമ്പുകളോ നിർമ്മിച്ച് ജലം ഭൂമിയിലിറങ്ങുന്നതിന് സഹായിക്കേണ്ടതാണ്.

5. പുഴയോരത്തെ ഇഷ്ടിക നിർമ്മാണം പരിശോധിച്ച് ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

## വാർഡ് 1 നടവയൽ

കാവടം പാടശേഖരത്തിൽ പി.എം സ്കീമിൽ ഉൾപ്പെടുത്തി നടന്നു വരുന്ന 20 എച്ച്.പി മോട്ടോർ ഉപയോഗിക്കുന്ന പദ്ധതി വിപുലീകരിച്ച് മൂലക്കാവടത്ത് കുളത്തിൽ ജലം എത്തിച്ചാൽ 40 ഹെക്ടർ സ്ഥലത്ത് പുഞ്ചക്കൃഷി നടത്താം. 2-ാം വാർഡിൽ നിന്ന് വൈദ്യുതി ലൈൻ വലിക്കുന്നതാണ് ലാഭകരം.

2. ചോയിക്കൊല്ലി പുഴയിൽ അനുവദിച്ച വി.സി.ബി അടിയന്തിരമായി പൂർത്തീകരിക്കുക.

3. കൂടോത്തുമ്മൽ-നടവയൽ റോഡിലെ ചീക്കല്ലൂർ കടവിലെ നിർദ്ദിഷ്ടപാലത്തിന് താഴെ വി.സി.ബി നിർമ്മിക്കുക. 1ഉം2ഉം വാഡുകളിലെ 150 ഹെക്ടർ പാടം നനയ്ക്കാം.

4. പൂതാടി കാവടം തോടിൽ മന്ത്രിക്കൽ പടിത്താഴെ വളവിൽ മിനി അണക്കെട്ട് നിർമ്മിക്കുക.

5. ചേരുംമൂല, കോലത്തോട്ടുവയൽ, നടവയൽ, മഞ്ഞപ്പിള്ളിൽ എന്നിവിടങ്ങളിൽ കുളങ്ങൾ നിർമ്മിക്കുക.

6. കാരായിപുഴയിൽ കാവടം ഭാഗത്ത് 2 ചെക്ക് ഡാമുകൾ കെട്ടുക.

7. പനമരം പുഴ, നരസിപ്പുഴ എന്നിവിടങ്ങളിൽ ലിഫ്ട് ഇറിഗേഷൻ ഏർപ്പെടുത്തി നടവയൽ ഭാഗത്ത് ജലസേചനസൗകര്യങ്ങൾ ഏർപ്പെടുത്താം. ഇത് പഞ്ചായത്തിന് പുറത്തായതിനാൽ ജില്ലാ-ബ്ലോക്കുതലത്തിൽ കൈകാര്യം ചെയ്യണം.

## വാഡ് 2

1. നാടുകാണി, ചോയിക്കൊല്ലി, കൊല്ലി വയൽ എന്നിവിടങ്ങളിൽ ലിഫ്ട് ഇറിഗേഷൻ സൗകര്യംഏർപ്പെടുത്തണം.

2. കൂടോത്തുമ്മൽ, പാലവയൽ, കൂളിമൂല, പൊങ്ങിനി എന്നിവിടങ്ങളിൽ കുളങ്ങൾ കുഴിക്കുക.

വാഡ് 3

1. കാനഞ്ചേരി തോടിലെ വെള്ളം കൃഷിക്കുപയോഗിക്കാൻ പറ്റിയ പദ്ധതി കണ്ടെത്തണം.

2. അമ്പലച്ചാലിലെ കുളം നന്നാക്കി ജലലഭ്യത ഉണ്ടാക്കണം.

3. ഇടക്കൊമ്പംവയലിൽക്കുളം നന്നാക്കുക. കാരായിപുഴയിൽ നിന്നും വെള്ളം ഇടക്കൊമ്പം വയലിൽ എത്തിക്കാൻ പറ്റിയ പദ്ധതി ആസൂത്രണം ചെയ്യണം.

4. എടക്കൊമ്പം തോട്ടിൽ രണ്ടു തടയണകൾ നിർമ്മിക്കുക.

5. പമ്പ്സെറ്റുകൾക്ക് വൈദ്യുതി സൗകര്യം എത്തിക്കുക.

വാഡ് 4

1. അടുക്കരകുളം നന്നാക്കുക

2. കണിയാംകുന്ന് പുളിക്കൽ തോടിൽ തടയണ നിർമ്മിക്കുക. 50 ഏക്കർ പുഞ്ചക്കൃഷി എടുക്കാം.

3. മൂലവയൽക്കുളം നന്നാക്കുക (ജയഭവൻ ജോർജ്ജിൻെറ സ്ഥലം)

4. മുഹമ്മദ് റാവുത്തറുടെ സ്ഥലത്ത് കുളം നന്നാക്കുക.

5. പച്ചിലക്കാട് കൽക്കോറിയിലെ ജലം ഉപയോഗയോഗ്യമാക്കുക.

വാർഡ് 5

1. മാനഞ്ചേരി തോട്ടിൽ ചെക്ക്ഡാം കെട്ടിയാൽ പച്ചക്കറി കൃഷിക്ക് ഉപയോഗിക്കാം.

2. കിണറുകൾ കുഴിച്ച് ജലസേചനം നടത്താനാണ് ഈ വാഡിൽ കൂടുതൽ സാധ്യത.

വാഡ് 6

1. മുളാറമ്പത്ത്-മാനഞ്ചേരി തോട്ടിൽ തടയണ നിർമ്മിക്കുക.

2. നിലവിലുള്ള ചെക്ക്ഡാമിൻെറ കേടുപാടുകൾ തീർക്കുക.

3. കമ്പളക്കാട് വയലിലുള്ള കുളം വികസിപ്പിക്കുക. ഈ വാർഡിൽ വ്യക്തികളുടെ കൈവശമുള്ള കുളങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനം നടത്തുക.

വാഡ് 7

1. അരിവാരം വിസിബി ഉപയോഗയോഗ്യമാക്കുക.

2. കുളങ്ങൾ കുഴിച്ച് ജലസേചനം നടത്തുന്നതാണ് ഈ വാഡിലെ സാധ്യത. അതിനുള്ള പദ്ധതികളെപ്പറ്റി ചിന്തിക്കണം.

3. കല്ലഞ്ചിറ വിസിബി അറ്റകുറ്റപ്പണി നടത്തണം.

വാഡ് 8

1. ഈ വാഡിൽ പള്ളിയറ, പുളിക്കൽ കുന്നിന് താഴെ, കൊഴിഞ്ഞങ്ങാട് എന്നിവിടങ്ങളിൽ വറ്റാത്ത കുളങ്ങളുണ്ട്. അവ ജലസേചനത്തിന് പ്രയോജനപ്പെടുത്തണം. അതിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം.

2. അമ്പലച്ചാൽ, താമരക്കൊല്ലി ഭാഗത്തുള്ള തോടുകളിൽ ബണ്ടുകൾ കെട്ടി ജലം കൃഷിക്കുപയോഗിക്കാൻ പദ്ധതി വേണം.

3. ചിത്രമൂല, കുമ്മിളിപ്പറ്റ ഭാഗത്ത് കാരായിപ്പുഴയിൽ നിന്നോ ചിറ്റൂർ കനാലിൽ നിന്നോ ജലം എത്തിക്കാൻ പദ്ധതി വേണം.

വാഡ് 9

1. കാരായിപുഴയിലെ ഡാമിൻെറ പണി പൂർത്തിയാക്കുക.

2. പഴഞ്ചോറ്റിൽ തോടിൽ ചെക്ക്ഡാം നിർമ്മിക്കുക.

3. പാടിക്കര വരദൂർകനാൽ വരദൂർപാലം വരെ നീട്ടുക.

4. പാടിക്കര ആനത്താനത്ത് കുളം നിർമ്മിക്കുക.

5. പാടിക്കര ചെക്ക് ഡാമിന് 600മീറ്റർ കനാലും 1300 മീറ്റർ പൈപ്പും ആവശ്യമാണ്. 20 എച്ച്.പി. മോട്ടറും വേണം.

വാഡ് 10

1. പുളിക്കൽക്കുടി
കൂനമാക്കിൽ
മണ്ടകമൂല
കരിങ്കുളം (പുനരുദ്ധാരണം)
എന്നിവിടങ്ങളിൽ കുളങ്ങൾ കുഴിക്കണം.

2. തെങ്ങുംകണ്ടി കല്ലുവയൽ പ്രദേശത്തെ ചെറുകിട ജലസേചനപദ്ധതിക്ക് വൈദ്യുതി ലഭ്യമാക്കുക.

വാഡ് 11

1. ചുണ്ടക്കൊല്ലി, ചോമാടി, ഓടക്കുറ്റി, ചോലപ്പാറ, മഞ്ഞളൂർ, വാടാമിറ്റം എന്നീ സ്ഥലങ്ങളിൽ ചിലയിടത്ത് കുളങ്ങളുള്ളത് നന്നാക്കുകയും ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ കുഴിക്കുകയും വേണം.

2. അരിമുളയിലെ കുളം നന്നാക്കണം.

3. ചെറളമ്പം, പൊങ്ങിനിത്തൊടി, ചോലപ്പാറ, കണ്ണമ്പറ്റ എന്നിവിടങ്ങളിലെ ചെറുതോടുകളിൽ ചെക്ക്ഡാം നിർമ്മിക്കണം.

4. അരിമുള കാരായിപ്പുഴയിൽ നിന്നും ചെറളമ്പം, പൊങ്ങിനിത്തൊടി ഭാഗത്തേക്ക് ലിഫ്ട് ഇറിഗേഷൻ ഏർപ്പെടുത്തണം.

5. പൊങ്ങിനിത്തൊടി ഗിരിജൻ കോളനിയിൽ ജലസേചനത്തിന് പമ്പ്സെറ്റ് അനുവദിക്കുക.

| ഏത് തരം കൃഷി | വിസ്തീർണ്ണം (ഹെ) | റിമാർക്സ് |
|---|---|---|
| ഒരു പൂൽനെൽകൃഷി | 1438 | മഴയെ ആശ്രയിച്ച് കൃഷി ചെയ്യുന്നത് |
| ഇരുപ്പൂൽ കൃഷി | 410 | ജലസേചനസൗകര്യമുള്ളത് |
| കാപ്പി, കുരുമുളക്, റബ്ബർ | 2257 | ജലസേചനസൗകര്യമില്ലാത്തത് |

## വിള വിസ്തീർണ്ണവും ഉല്പാദനവും (അടിസ്ഥാനവിവര രജിസ്റ്റർ)

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 1438 1995-96 | | 2900 (നഞ്ച) |
| നെല്ല് (രണ്ടാം വിള) | 410 " | | 3100 (പുഞ്ച) |
| നെല്ല് (മൂന്നാം വിള) | | | |
| പയറ് | 20 " | | 500കി. |
| എള്ള് | - | | - |
| പച്ചക്കറികൾ | 25 " | | 6മീ. |
| തെങ്ങ് | 200 " | | 45തേങ്ങ ഒരു തെങ്ങിന് (ഹെക്ടർ 170 തെങ്ങ്) |
| വാഴ | 260 " | | 15മീ |
| മരച്ചീനി | 15 " | | 10മീ |
| കുരുമുളക് | 2100 " | | 300കി. |
| പ്ലാവ് | 26 " | | 15മീ |
| കശുമാവ് | - | | - |
| മാവ് | 15 " | | 45 മീ. |
| റബ്ബർ | - | | - |
| കവുങ്ങ് | 140 " | | 3 കി.ഗ്രാം(1 കമുക്മരം) |

## ബി. രാസവളം:-

രാസവളത്തിൻെറ വിലവർദ്ധന സംബന്ധിച്ച കാര്യത്തിൽ പഞ്ചായത്ത് ശ്രദ്ധ ചെലുത്തുകയും, സബ്സിഡി കൃത്യമായി കിട്ടുന്നതിന് സർക്കാരിൽ സമ്മർദ്ദം ചെലുത്തുകയും വേണം. ബോധവല്ക്കരണത്തിലൂടെ ശരിയായ വളപ്രയോഗരീതി കർഷകരെ പഠിപ്പിക്കണം. പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു കൃഷി എന്ന നിലയിൽ കാപ്പി ബോർഡിൻെറ സഹകരണത്തോടെ കാപ്പി കൃഷിയുടെ വളപ്രയോഗ രീതികളും മറ്റും കർഷകരിലെത്തിക്കാൻ പഞ്ചായത്തിൽ നിന്നും ശ്രമങ്ങൾ വേണം. മണ്ണിൻെറ ഘടന നിലനിർത്തുന്നതിന്നായി ജൈവവളങ്ങളുടെ പ്രയോഗം ജനങ്ങളെ ബോധവല്ക്കരണത്തിലൂടെ മനസ്സിലാക്കണം. കീടനിശിനി പ്രയോഗം നിരുൽസാഹപ്പെടുത്തുകയും രാസവളസബ്സിഡി മുഴുവൻ കൃഷിക്കാർക്കും എത്തിക്കുകയും വേണം.

### രാസവള-കീടനാശിനി വിപണനം

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | 1993-94 രാസവളം കി.ഗ്രാം | 1993-94 കീടനാശിനി ദ്രവം | 1993-94 കീടനാശിനി ഖരം | 1994-95 രാസവളം കി.ഗ്രാം | 1994-95 കീടനാശിനി ദ്രവം | 1994-95 കീടനാശിനി ഖരം | 1995-96 രാസവളം കി.ഗ്രാം | 1995-96 കീടനാശിനി ദ്രവം | 1995-96 കീടനാശിനി ഖരം |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| | സഹകരണം | | | | | | | | | |
| 1 | എസ്.സി.ബി. കണിയാമ്പറ്റ | | | | | | | | | |
| 2 | കമ്പ്ളക്കാട് | | | | | | | | | |
| | സ്വകാര്യം | | | | | | | | | |
| 1 | പി.വി അനന്തകൃഷ്ണൻ | 202 N.M.T<br>102P.M.T<br>165 K.M.T | 800 ലിറ്റർ | 15MT | 195 N.M.T<br>110P.M.T<br>280 K.M.T | 675 ലിറ്റർ | 14.2 M.T | 220 N.M.T<br>115P.M.T<br>320 K.M.T | 865 ലിറ്റർ | 16.4 M.T |
| 2 | കൃഷ്ണാ ഏജൻസിസ് | | | | | | | | | |
| 3 | കരണി ഏജൻസി | | | | | | | | | |
| 4 | വിജയാ ഏജൻസി | | | | | | | | | |

## സി. കാർഷികകടങ്ങൾ

കർഷകർക്ക് ആവശ്യമായ തോതിൽ തക്കസമയത്ത് വായ്പ ലഭിക്കുന്നതിന് അനുയോജ്യമായ ബാങ്കിൻെറ ഏതെങ്കിലും ശാഖ 10-ാം വാർഡിൽ കരണിയിൽ സ്ഥാപിക്കുക. സഹകരണ ബാങ്കിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുക. പഞ്ചായത്തിൻെറ മറ്റേതെങ്കിലും ഭാഗത്ത് ബാങ്ക് ശാഖ ആവശ്യമുണ്ടോ എന്ന് അന്വേഷിച്ച് വേണ്ടത് പഞ്ചായത്ത് ചെയ്യണം.

## ഡി. നെൽകൃഷിയോടുള്ള വിമുഖത

കാലങ്ങളിലായി കൃഷിക്കാരിൽ വന്ന ഒരു മാറ്റമാണിത്. ഇത് ബോധവല്ക്കരണത്തിലൂടെ മാറ്റിയെടുക്കണം. അരിയുടെ കാര്യത്തിലാണ് സ്വയം പര്യാപ്തത ആവശ്യമെന്ന് കൃഷിക്കാരെയും കർഷകതൊഴിലാളികളെയും ബോധ്യപ്പെടുത്താൻ കഴിയണം. നെൽകൃഷിയുടെ ലാഭം വർദ്ധിപ്പിക്കാൻ പറ്റിയ സഹായങ്ങൾ വിപുലീകരിക്കണം.

## ഇ. നല്ലയിനം നടീൽ വസ്തുക്കൾ

ഇത് കൃഷിക്കാരുടെ ഒരു പ്രധാന പ്രശ്നമാണ്. പല സ്വകാര്യഏജൻസികളും പലതരം നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നു. അവ ഗുണമേന്മ കുറഞ്ഞ വയാണ്. പരീക്ഷണത്തിലിരിക്കുന്ന നടീൽ വസ്തുക്കൾ പോലും വ്യാജ പ്രചാരണ ത്തിലൂടെ വിറ്റഴിക്കുന്നു. വഴിയോരത്തെ വിത്തു വിൽപനക്കാരനും മറ്റും ഉദാ ഹരണമാണ്.

കൃഷിക്കാവശ്യമായ വിത്ത്, നടീൽ വസ്തുക്കൾ എന്നിവ കൃഷിഭവനുകളിൽ അതാത് കാലത്ത് ലഭ്യമാക്കണം. അവ ഗുണ നിലവാരമുള്ളവയാണെന്ന് ഉറപ്പു വരു ത്താൻ വേണ്ടതു ചെയ്യണം. നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്ന കൃഷി ഭവനുകൾ അത് വിതരണം ചെയ്തതിന് സർട്ടിഫിക്കറ്റ് കൃഷിക്കാരന് കൊടുക്കുന്ന രീതി ഏർ പ്പെടുത്തണം. ദീർഘ വിളകൾക്ക് ഇത് വലിയ പ്രയോജനമല്ലെങ്കിലും ഹ്രസ്വ വിളവിത്തു കളിൽ വരുന്ന കൃത്രിമമെങ്കിലും കണ്ടെത്താം. പരമ്പരാഗത നെൽവിത്തുകൾ പ്രോത്സാഹി പ്പിക്കണം.

## പച്ചക്കറി കൃഷി-

ധാരാളം സാധ്യതയുള്ള പ്രദേശ മാണ്. എലാക്കാലത്തും പച്ചക്കറി ലാഭകര മായി ഇവിടുത്തെ കാലാവസ്ഥയിൽ ചെയ്യാൻ കഴിയുമോ എന്ന് സംശയമുണ്ട്. ഡിസംബർ, ജനുവരി, ഫിബ്രവരി മാസത്തിൽ കൃഷി ചെയ്ത് വിഷുക്കാലത്ത് പച്ചക്കറി കിട്ടുന്ന രീതിയിൽ പച്ചക്കറി കൃഷി ഇവിടെ വിജയിക്കും. ഓണക്കാലത്തേക്കുള്ള പച്ച ക്കറി കൃഷി അത്ര വിജയപ്രദമല്ലെന്നാണ് തോന്നുന്നത്. സ്ഥിരമായി നില്ക്കുന്ന മുരിങ്ങ, പപ്പായ, കറുമൂസ, കോവൽ തുടങ്ങിയ പച്ചക്കറികൾ കൃഷി ചെയ്യുന്നതിന് നല്ല സാധ്യതയുണ്ട്.

ആവശ്യമായ വിത്ത് കിട്ടാൻ പ്രയാസമുണ്ട്. ഇത് ലഭ്യമാക്കണം. വിപണന സൗകര്യം ഉണ്ടാകണം. എല്ലാ വീടുകളിലും പച്ചക്കറി കൃഷി നടത്തുന്ന തിനാവശ്യമായ പ്രോത്സാഹനം നടത്തുന്ന തിനും മുന്തിയ പരിഗണന നല്കണം.

## പഴക്കൃഷി-

വാഴക്കൃഷി വ്യാപകമായി നടക്കു ന്നുണ്ട്. ഇത്ര വ്യാപകമായ വാഴക്കൃഷി യെപ്പറ്റി പാരിസ്ഥിതിക പ്രശ്നങ്ങൾ ഉന്നയിക്കപ്പെടുന്നുണ്ട്. സപ്പോട്ട, പേര, മാവ്, കശുമാവ് തുടങ്ങിയ പഴവർഗ്ഗ സസ്യങ്ങൾ കൃഷിചെയ്യുന്നതിന് നല്ല സാധ്യതയുണ്ട്. ഒരു കാലത്ത് വയനാട്ടിന്റെ നാണ്യവിള ആയിരുന്ന ഓറഞ്ച് കൃഷിയും പരീക്ഷിക്കാവുന്നതാണ്. നല്ല നടീൽ വസ്തു ക്കൾ കിട്ടണം. കൃഷിരീതിയും കർഷകരെ പരിശീലിപ്പിക്കണം- ധനസഹായം കിട്ടണം.

## ഔഷധസസ്യങ്ങൾ-

ധാരാളം സാധ്യതയുണ്ട്. കുറു ന്തോട്ടി, അമൽപ്പൊരി, (സർവഗന്ധി) തുളസി, പനികൂർക്ക, കറ്റവാഴ, നൊച്ചി, മുറിക്കൂട്ടി തുടങ്ങി നിരവധി ഔഷധ സസ്യങ്ങൾ ഇവിടെ വിജയപ്രദമായി കൃഷി ചെയ്യാം. പരിശീലനവും ധനസഹായ വുമാണ് കൃഷിക്കാർക്ക് കിട്ടേണ്ടത്.

## അലങ്കാരച്ചെടിക്കൃഷി-

ഈ കൃഷിയിലും ചിലർക്കൊക്കെ താല്പര്യമുണ്ട്. പരിശീലനവും ധന സഹായവുമാണ് കിട്ടേണ്ടത്. വയനാടൻ കാടുകളിലെ ഓർക്കിഡ് ജനുസ്സുകൾ കണ്ടെത്തി വികസിപ്പിക്കണം. കൊളഗപ്പാറ, മുത്തങ്ങ പ്രദേശങ്ങളിൽ പല ഓർക്കിഡ് ഇനങ്ങളും ഉണ്ട്.

കാർഷിക മേഖലയിൽ കാത്തു നില്പിന് സമയമില്ലാത്തതിനാൽ അടിയന്തിര പ്രാധാന്യം നൽകി ഇതിൽ നിർദ്ദേശിച്ചി രിക്കുന്ന പദ്ധതികൾ എല്ലാം നടപ്പാക്കേണ്ട താണ്. അതായത് എല്ലാം ഒന്നാം മുൻഗണന അർഹിക്കുന്നു. ഈ രംഗത്തെ പ്രവർത്തന ങ്ങൾ ചെലവേറിയതും ധാരാളം സാങ്കേതി കത്വം ഉള്ളതുമാകയാൽ കൃഷിക്കാരുടെ സഹകരണത്തോടെ പദ്ധതികൾ ആവിഷ് കരിച്ച് നടപ്പാക്കേണ്ടിയിരിക്കുന്നു.

കർഷകർക്ക് ഈ രംഗത്ത് നല്കാവുന്ന വിഭവം അദ്ധ്വാനവും പണവുമാണ്. പണം മിക്ക കൃഷിക്കാരും സ്വരൂപിക്കുന്നത് ബാങ്ക് വായ്പ മുഖേനയാണ്. വായ്പാസൗകര്യങ്ങളുടെ വികസനം ഈ രംഗത്തെ വളർച്ചക്ക് ഒരു മുഖ്യഘടകമാണ്.

## 2. മൃഗപരിപാലനം

കണിയാമ്പറ്റ പഞ്ചായത്തിലെ നല്ലൊരു വിഭാഗം ജനങ്ങൾ ആടുമാടുകളെ വളർത്തൽ ഒരു ഉപതൊഴിലായി സ്വീകരിച്ചവരാണ്. കന്നുകാലിത്തീറ്റയുടെ പൊള്ളുന്ന വില ഈ രംഗത്തെ വിഷമത്തിലാക്കിയിരിക്കയാണ്.

തീറ്റപ്പുല്ലിൻെറ ക്ഷാമമാണ് ക്ഷീരകർഷകർ നേരിടുന്നൊരു പ്രധാന പ്രശ്നം. വ്യവസായാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് സംഘങ്ങൾ തയ്യാറാവുകയോ അതല്ലെങ്കിൽ പുതുതായി തീറ്റപ്പുൽ കൃഷിക്കായി ഒരു സംഘം രൂപവൽക്കരിക്കുകയോ വേണം. നമ്മുടെ പഞ്ചായത്തിലെ പുഴയോരങ്ങൾ, പുറമ്പോക്ക് സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പഞ്ചായത്ത് മുൻകയ്യെടുത്ത് പുൽകൃഷി പ്രോത്സാഹിപ്പിച്ചാൽ ഒരു പരിധി വരെ പുൽക്ഷാമം നേരിടാം. പുൽവിത്ത്, വളം എന്നിവ സബ്സിഡി നിരക്കിൽ കൊടുക്കേണ്ടതാണ്. സബ്സിഡി ക്ഷീര കർഷകർക്ക് തന്നെ നല്കിയാൽ അവർക്ക് പുൽകൃഷിയിൽ കൂടുതൽ താൽപര്യം ഉണ്ടാകും.

കാലിത്തീറ്റ (സമീകൃതാഹാരം) ക്ഷീര സൊസൈറ്റികൾ തന്നെ ഉല്പാദിപ്പിച്ചാൽ ന്യായമായ വിലയ്ക്ക് കർഷകർക്ക് വിതരണം ചെയ്യാൻ കഴിയും. ഇങ്ങനെ ഉൽപാദിപ്പിക്കുന്നതും സംഘം പുറമെ നിന്ന് വാങ്ങുന്നതുമായ കാലിത്തീറ്റയ്ക്ക് നികുതി ഇളവ് അനുവദിക്കേണ്ടതാണ്. പഞ്ചായത്തിൽ ഭൂരിപക്ഷം ക്ഷീരകർഷകരും സങ്കരയിനം പശുക്കളേയാണ് വളർത്തുന്നത്. ഉല്പാദനച്ചെലവുമായി തട്ടിച്ചു നോക്കിയാൽ പാലിന് കിട്ടുന്ന വില പോരാത്തതാണ് പാൽ വില വർദ്ധിപ്പിക്കുകയും നല്ലയിനം കന്നുകുട്ടികളെ വിതരണം ചെയ്യേണ്ടതുമാണ്.

### പ്രശ്നങ്ങൾ

1. കൂടുതൽ പാൽശേഖരണ കേന്ദ്രങ്ങളും ആവശ്യമെന്ന് തോന്നുന്നിടത്ത് പുതിയ സംഘങ്ങളും ഉണ്ടാവണം.
2. പശുക്കളെ ബാധിക്കുന്ന പ്രധാന രോഗങ്ങളായ അകിടുവീക്കം, കുളമ്പ്രോഗം, വയറുസ്തംഭനം,

പൂപ്പൽ വിഷ ബാധ മൂലമുണ്ടാകുന്ന മഞ്ഞപ്പിത്തം, ഞൊട്ടുവാതം, ഞൊണ്ടിരോഗം (പനി) തുടങ്ങിയവയ്ക്ക് മൃഗാശുപത്രി വഴി ചികിത്സ കിട്ടുന്നത് പോര. അക്കാര്യം ശ്രദ്ധിക്കണം. ശുചിത്വമുള്ള തൊഴുത്തുകളുണ്ടാവണം.

3. കണിയാമ്പറ്റ പഞ്ചായത്തിൽ 2 മൃഗാശുപത്രികളും 3 ബീജദാനകേന്ദ്രങ്ങളും ഉണ്ട്. മൃഗാശുപത്രികളിൽ സ്ഥിരമായി ഡോക്ടർമാരുടെ സേവനം ലഭിക്കണം. ലൈവ് സ്റ്റോക്ക് അസിസ്റ്റൻറ്മാരെ നിയമിക്കണം.

4. പേവിഷബാധക്കെതിരെ കുത്തിവെപ്പി നാവശ്യമായ മരുന്ന് മൃഗാശുപത്രിയിൽ ഉണ്ടാകണം. ഈ കാര്യത്തിൽ പഞ്ചായത്ത് പ്രത്യേക താല്പര്യമെടുക്കണം.

5. വേനൽക്കാലത്തും പച്ചപ്പുല്ലു ലഭിക്കുന്ന സൈലേജ് പദ്ധതി നടപ്പാക്കി കൃഷിക്കാരെ ബോധവല്ക്കരിച്ച് പാലുൽപ്പാദനം ലാഭകരമാക്കണം.

6. പശു വളർത്തുന്ന വീടുകളിൽ ഗോബർഗ്യാസ് പ്ലാൻറ് സ്ഥാപിക്കാൻ പ്രേരിപ്പിച്ച് ഊർജ്ജപ്രതിസന്ധിക്ക് തെല്ല് പരിഹാരമുണ്ടാക്കാൻ ശ്രമിക്കണം.

7. എസ്.എൽ.ബി.പി പദ്ധതി കൂടുതലായി ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കണം. ആശുപത്രിയിലെ കൃത്രിമ ബീജാദാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. പ്രാദേശികമായി കൃഷിക്കാരെ തെരഞ്ഞെടുത്ത് ബീജാദാനപരിശീലനം നല്കിയാൽ ഏതു സമയത്തും ബീജാദാനസൗകര്യം പ്രാദേശികമായി ലഭ്യമാകും.

8. പാൽ സൊസൈറ്റികളുടെ നേതൃത്വത്തിൽ ബൃഹത്തായ ക്ഷീര വികസന പദ്ധതികൾ ആരംഭിക്കണം.

9. ആട്, കാട, പന്നി, മുയൽ എന്നിവ വളർത്തുന്നതിൽ തൽപരരായ ആളുകൾ പഞ്ചായത്തിലുണ്ട്. ഇതിന് സാങ്കേതിക ഉപദേശവും സാമ്പത്തികസഹായവും കിട്ടേണ്ടതുണ്ട്. സഹകരണാടിസ്ഥാനത്തിൽ ഇത് നടത്താവുന്നതാണ്. കാർഷിക വികസന ബേങ്കിന് ഇത്തരം പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്.

10. ക്ഷീര വികസന രംഗത്ത് ബൃഹത്തായ ഒരു പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കാൻ ആ രംഗത്തെ വിദഗ്ധൻ തയ്യാറാക്കിയ റിപ്പോർട്ട് അനുസരിച്ച് 218.25 ലക്ഷം രൂപയുടെ പദ്ധതിയാണ് ആവശ്യമായിട്ടുള്ളത്. ഇതിലെ ചെലവുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 9-ാംപദ്ധതിയിലെ | 1-ാം വർഷം | 150.5 ലക്ഷം |
| | 2-ാം വർഷം | 136.5 " |
| | 3-ാം വർഷം | 135.5 " |
| | 4-ാം വർഷം | 130.5 " |
| | 5-ാം വർഷം | 130.5 " |
| | ആകെ ചെലവ് | 683.5 " |

ഈ ചെലവിൽ സിംഹഭാഗവും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയായും, കൃഷിക്കാർ സ്വന്തമാക്കിയും സ്വരൂപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. 218.25 ലക്ഷം രൂപയാണ് ഈ പദ്ധതിക്ക് സഹായധനമായി പ്രതീക്ഷിക്കുന്നത്.

ക്ഷീരസഹകരണസംഘങ്ങളിലെ സജീവ മെമ്പർഷിപ്പിൻെറ മാനദണ്ഡങ്ങൾ എല്ലാ സംഘങ്ങളും രൂപം ചെയ്തതാകണം. ഒരു സാമ്പത്തികവർഷത്തിൽ നല്കിയ പാലിൻെറ അടിസ്ഥാനത്തിലാകണം സജീവ മെമ്പർഷിപ്പ് നിശ്ചയിക്കൽ. ഇതിനാവശ്യമായ ബൈലോ ഭേദഗതി ബന്ധപ്പെട്ട സംഘങ്ങൾ പരിഗണിക്കണം.

ക്ഷീരസഹകരണസംഘങ്ങൾ ശേഖരിക്കുന്ന പാൽ സംഘത്തിൻെറ പരിധിയിൽ ഉള്ള പാൽ ഉപഭോക്താക്കൾക്ക് കിട്ടുവാനുള്ള സൗകര്യവും കൂടി ഉണ്ടാകണം. പാലുല്പന്നങ്ങൾ- തൈര്, മോര്, നെയ്യ് കൂടി ഉണ്ടാക്കുന്ന സംരംഭങ്ങൾ വേണം.

# 3. മത്സ്യബന്ധനം

ജനങ്ങളുടെ ആഹാരത്തിലെ ഒരു മുഖ്യഘടകമാണ് ഉപഭോഗത്തിനായി മത്സ്യം ഇവിടെ കിട്ടുന്നത് മറ്റു പ്രദേശങ്ങളിൽ നിന്നുവരുന്നതാണ്. ഒരു ആദായകരമായ തൊഴിലായി ഇതു വരെ വികസിപ്പിക്കാനുള്ള ശ്രമങ്ങളൊന്നും ഇന്നുവരെ ഉണ്ടായിട്ടില്ല. കാർഷികമേഖലയിൽ മുഴുകിയ ജനങ്ങൾക്ക് ഈ രംഗത്ത് ശ്രദ്ധിക്കാൻ സാധിക്കാത്തതിനാലാകാം ഇങ്ങനെ സംഭവിച്ചത്.

<u>പ്രശ്നങ്ങൾ</u>

ഈ പഞ്ചായത്തിൽ മത്സ്യസമ്പത്ത് പ്രധാനമായും ഉള്ളത് പുഴകളിലാണ്. വാണിജ്യാടിസ്ഥാനത്തിൽ മീൻപിടുത്തം നടക്കുന്നില്ല. ജനങ്ങളുടെ ആവശ്യം നിറവേറ്റപ്പെടുന്നത് കോഴിക്കോട്, തലശ്ശേരി മുതലായ സ്ഥലങ്ങളിൽനിന്നും വരുന്ന മത്സ്യമാണ്. ഇത് ആ പ്രദേശത്തെ ലഭ്യത അനുസരിച്ചാണ്. ഉണക്കമത്സ്യമാണ് ക്ഷാമകാലത്തെ ആശ്വാസം. ഒരു വിനോദം എന്ന രീതിയിൽ ചിലർ മത്സ്യബന്ധനത്തിൽ ഏർപ്പെടാറുണ്ട്. ഒരു ആദായമാർഗ്ഗം എന്ന രീതിയിൽ പഞ്ചായത്തിലെവിടെയും മത്സ്യം വളർത്തുന്നില്ല. എന്നാൽ ഇവിടുത്തെ മത്സ്യാവശ്യം കണക്കിലെടുക്കുമ്പോൾ മത്സ്യം വളർത്തൽ പ്രോത്സാഹനമർഹിക്കുന്നു.

<u>സാധ്യതകൾ</u>

1. പലതരം പദ്ധതികളിൽ ഉൾപ്പെടുത്തി പഞ്ചായത്തിലെ പല ഭാഗത്തും കുളങ്ങൾ നിർമ്മിച്ചു കൊടുത്തിട്ടുണ്ട്. പള്ളിയറ, പടാരിക്കുന്ന്, ചീക്കല്ലൂർ തുടങ്ങിയ സ്ഥലങ്ങളിൽ ഇത്തരം കുളങ്ങളുണ്ട്. ഈ കുളങ്ങളിൽ ചിലതെല്ലാം വേനൽക്കാലത്ത് വറ്റിപ്പോകാറുണ്ട്. വറ്റാത്തവയിൽ മത്സ്യം വളർത്താൻ മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കണം.

2. വീടുകളിൽ സ്വന്തം കിണറോ, കൃഷിയിടത്തിൽ വറ്റാത്ത കുളങ്ങളോ ഉള്ളവർക്ക് ചെറിയ തോതിലെങ്കിലും ഈ തൊഴിൽ ആരംഭിക്കാം. അകേറിയ കമ്പക്കാർക്ക് ഈ തൊഴിലിൽ ഏർപ്പെടുന്നത് രസകരമായിരിക്കും.

3. പഞ്ചായത്തിലെ ഒമ്പതാം വാർഡിൽ കരിംകുളം എന്ന് പ്രസിദ്ധമായ സാമാന്യം വിസ്താരമുള്ള ഒരു കുളമുണ്ട്. അത് നന്നാക്കി മത്സ്യക്കൃഷി നടത്താം.

4. മത്സ്യം കേടുകൂടാതെ സൂക്ഷിക്കാനുള്ള സൗകര്യം ഉണ്ടാകണം.

ഇതിനെല്ലാം സാമ്പത്തിക സഹായം ആവശ്യമാണ്. ശുദ്ധജലമത്സ്യങ്ങൾക്ക് പഞ്ചായത്തിലെല്ലായിടത്തും പ്രിയമാണ്. വിപണനം പ്രശ്നമാവുകയില്ല. തൊഴിൽ ചെയ്യുന്നതിനാവശ്യമായ പരിശീലനം ലഭിക്കണമെന്നേയുള്ളൂ.





# വ്യവസായം

വ്യവസായ രഹിത ജില്ലയാണല്ലോ വയനാട്. കണിയാമ്പറ്റ കുറെക്കൂടി പിന്നിലാണ്. വായു, ജലം, അന്തരീക്ഷം മുതലായവയ്ക്ക് കോട്ടമുണ്ടാക്കുന്നതോ അല്ലാത്തതോ ആയ വൻ വ്യവസായ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലില്ല. പരിതാപകരമായ സ്ഥിതിയിലുള്ള ചുരുക്കം പരമ്പരാഗത വ്യവസായങ്ങളും ഏതാനും ചെറുകിട വ്യവസായ യൂനിറ്റുകളുമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്.

**പ്രശ്നങ്ങൾ**

1 പരമ്പരാഗത വ്യവസായം എന്ന നിലയിൽ കളിമൺ പാത്രങ്ങളും പൂച്ചട്ടികളും അടുപ്പുകളും ഉണ്ടാക്കുന്ന കുറച്ചുപേർ ഈ പഞ്ചായത്തിന്റെ 8, 9, 10, 11 എന്നീ വാർഡുകളിൽ ഉണ്ട്. ഉദ്പാദനവും വിപണനവും ആശാവഹമായി നടക്കാത്തതാണ് ഇവരുടെ പ്രധാന പ്രശ്നം. സാമ്പത്തിക സഹായവും വിപണന സൗകര്യവും വേണ്ടത്ര ലഭിച്ചില്ലെങ്കിൽ അല്പ കാലത്തിനുള്ളിൽ ഈ യൂനിറ്റുകൾ അപ്രത്യക്ഷമാകും. ഒന്നാം വാർഡിൽ വട്ട, കുട്ടനെയ്ത്ത് ഗിരിജൻ സൊസൈറ്റിയുണ്ട്. കരകൗശല വസ്തുക്കളുടെ നിർമ്മാണവും അവിടെയുണ്ട്. പ്രവർത്തനം മന്ദീഭവിച്ച നിലയിലാണ്. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവാണ് പ്രധാന പ്രശ്നം.

2 ഈ പഞ്ചായത്തിലുള്ള മെഴുകുതിരി യൂനിറ്റുകളുടെ പ്രശ്നവും അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുതന്നെയാണ്.

3 ഏതാണ്ട് എല്ലാ വാർഡുകളിലും നടക്കുന്ന ചെറുകിട കോഴി വളർത്തൽ ഒരുവിധം ഭംഗിയായി നടക്കുന്ന കുടിൽ വ്യവസായമാണ്. എന്നാൽ 5-ാം വാർഡിൽ തന്നെ 5 യൂനിറ്റുകളുണ്ട്. കോഴിത്തീറ്റയുടെ ലഭ്യതയും വില കൂടുതലുമാണ് ഇവർ നേരിടുന്ന പ്രധാന പ്രശ്നം.

4 ചെറിയ തോതിലുള്ള ആടു വളർത്തു കേന്ദ്രങ്ങൾ പഞ്ചായത്തിലെ പല വാർഡു കളിലുമുണ്ട്. നല്ലയിനം ആട്ടിൻ കുട്ടി കളുടെ ലഭ്യതയില്ലായ്മയാണ് ഇവരുടെ പ്രധാന പ്രശ്നം. എല്ലാ വീടുകളിലും എന്നുപറയാവുന്നവിധം പശുവളർത്തൽ ഈ പഞ്ചായത്തിലുണ്ട്. നാല് ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കാലിത്തീറ്റയുടെ ഗുണനിലവാരമില്ലായ്മയും, വില കൂടു തലും ഇവരെ അലട്ടുന്നു. ശാസ്ത്രീയമായ കാലിവളർത്തലിനെക്കുറിച്ചുളള അറിവി ല്ലായ്മയും ഈ രംഗത്തുണ്ട്.

5 പപ്പട നിർമ്മാണവും, ബേക്കറി ഉൽപ്പന്നങ്ങളുടെ നിർമ്മാണവും ചെറിയ തോതിൽ നടക്കുന്നുണ്ട്. വിപണിയുടെ അനിശ്ചിതത്വവും, കൂടുതൽ ദിവസം സൂക്ഷിക്കുവാനുളള പരിമിതിയുമാണ് ഇവരുടെ പ്രധാന പശ്നങ്ങൾ.

6 ഈർച്ചമില്ലുകളും ഫർണ്ണിച്ചർ കടകളും 3, 6, 8 എന്നീ വാർഡുകളിൽ ഉണ്ട്. ഈ മൂന്ന് ഈർച്ചമില്ലുകളിലായി 50 പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ട്. ഫർണിച്ചർ കടകളിൽ ജോലിക്കാരും വിതരണ ക്കാരുമായി 100 പേർക്കുകൂടി ഈ മേഖല ജോലി നൽകുന്നു. തടി വ്യാപാര രംഗത്ത് ഇതിനുപുറമെ ധാരാളം ആളുകൾ ജോലി ചെയ്യുന്നു എങ്കിലും ഇവരെക്കുറിച്ച് കണക്കുകൾ ലഭ്യമല്ല. വയനാട്ടിലും മര ദൗർലഭ്യം അനുഭവപ്പെടാൻ തുടങ്ങിയി ട്ടുണ്ട്.

## 7 ഡയമണ്ട് പോളിഷിങ്ങ്

ഈ പഞ്ചായത്തിലെ 5-6 വാർഡു കളിലായി ഡയമണ്ട് പോളിഷിംഗ് നടന്നു വരുന്നു. 700-ൽ അധികം ആളുകൾ ഈ രംഗത്ത് പണിയെടുക്കുന്നു. അസംസ്കൃത വിഭവ ലഭ്യതയില്ലായ്മയാണ് ഈ രംഗത്തെ പ്രധാന പ്രശ്നം. അന്യ സംസ്ഥാനങ്ങളിൽ നിന്നു കൊണ്ടുവരുന്ന വൈരക്കല്ലുകൾ ആവശ്യാ നുസരണം എപ്പോഴും ലഭിക്കു ന്നില്ല. വൈദ്യുതിയുടെ ക്ഷാമം ഈ മേഖലയെ ബാധിക്കുന്നുണ്ട്.

## 8 അടയ്ക്ക സംസ്ക്കരണം

വയനാട്ടിൽ കവുങ്ങുകൃഷി ധാരാളമുണ്ട് എന്നാൽ കാലാവസ്ഥ യുടെയും മണ്ണിൻെറയും പ്രത്യേകതകൾ കാരണം വയനാട്ടിലെ അടക്കകൾ പഴുത്ത് കൊട്ടടക്ക ആക്കുവാൻ പറ്റിയതല്ല. കളിയട ക്ക നിർമ്മാണത്തിനാണ് ഇതുപയോഗി ക്കുന്നത്. വർഷത്തിൽ ഏകദേശം 4 മാസം മാത്രമേ ഈ മേഖലയിൽ തൊഴിൽ ലഭിക്കുന്നുളളൂ. ഈ പഞ്ചായത്തിൻെറ മിക്കവാറും വാർഡുകളിലും കളിയടക്ക നിർമ്മാണ യൂനിറ്റുകൾ പ്രവർത്തിക്കുന്നു.

9 ഈ പഞ്ചായത്തിലെ ഏക പൊതു മേഖലാ സ്ഥാപനമാണ് കെൽട്രോൺ ഫാക്ടറി. 8-ാം വാർഡിലാണ് ഇതുളളത്. വയനാട്ടിലെ തന്നെ ഏക പൊതു മേഖലാ സ്ഥാപനവും ഇതാണ്. ഇപ്പോൾ ഈ സ്ഥാപനം തൃപ്തികരമായി പ്രവർത്തി ക്കുന്നില്ല. 8 ഏക്കർ സ്ഥലം ഇതിനുവേണ്ടി മാറ്റിയിട്ടിട്ട് ഒരുദശകം പൂർത്തിയാകുന്നു. എന്നാൽ ഇന്നും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഫാക്ടറിയുടെ പ്രവർ ത്തനം നാൾക്കുനാൾ മന്ദീഭവിച്ചുവരുന്നു.

10 കാപ്പിപ്പൊടി-കറിപൗഡർ നിർമ്മാണം വ്യക്തികൾ സ്വന്തമായി ചെറിയതോതിൽ നടത്തുന്ന ചുരുക്കം സ്ഥാപനങ്ങളാണ് ഈ രംഗത്തുളളത്. സാമ്പത്തിക ഭദ്രതയും നല്ല വിപണന സംവിധാനവും ഇല്ലാത്തതാണ് മുന്നോട്ടുപോകാൻ തടസ്സം.

11 ഈ പഞ്ചായത്തിലെ 10-ാം വാർഡിൽ നല്ല തോതിൽ നടക്കുന്ന ഒരു ഇഷ്ടിക നിർമ്മാണ യൂനിറ്റ് ഉണ്ട്. 9-11 വാർഡുകളിൽ കരിങ്കൽ ക്വാറികളും 6-10 വാർഡുകളിൽ വെള്ളാരങ്കല്ല് ക്വാറികളും പ്രവർത്തിക്കുന്നു ആവശ്യാനുസരണം തൊഴിലാളികളെ ലഭിക്കാത്തതാണ് ഇവയുടെ പ്രശ്നം. ചെറിയ തോതിലുള്ള പരിസര പ്രശ്നങ്ങളും ഇവയുടെ ഫലമായി ഉണ്ടാകുന്നുണ്ട്.

12 9-ാം വാർഡിൽ പ്രവർത്തിക്കുന്ന ക്രൊഡെസൂരിപ്ലാസ്റ്റ് എന്നീ പ്ളാസ്റ്റിക് ഇലക്ട്രിക്കൽ ഉല്പന്ന യൂനിറ്റുകളും നല്ലനിലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളാണ്. നല്ല മാർക്കറ്റുള്ള ഈ യൂനിറ്റുകളിലെ നിർമ്മാണ-വിതരണ യൂനിറ്റുകളിലായി ഏകദേശം അമ്പത് പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ട്. ഭാവിയുള്ള വ്യവസായ സ്ഥാപനങ്ങളാണ് ഇവ. സഹകരണ മേഖലയിൽ 4 പാൽ സൊസൈറ്റിയും നല്ലനിലയിൽ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. സീസണുകളിൽ മാത്രമുള്ള ഇഷ്ടിക നിർമ്മാണവും 2 കരിങ്കൽ ക്വാറികളും ഈ വാർഡിൽ ഉണ്ട്.

13 ഈ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി ഏകദേശം 10 ഡയറി യൂനിറ്റുകൾ നല്ലനിലയിൽ പ്രവർത്തിച്ചു വരുന്നു. പുതുതായി ഇത്രയും യൂനിറ്റുകൾ ഇപ്പോൾ ആരംഭിച്ചിട്ടും ഉണ്ട്. വളരെ നല്ല നിലയിൽ പത്ത് ഇഷ്ടിക നിർമ്മാണ യൂനിറ്റുകൾ പ്രവർത്തിച്ചുവരുന്നു. കാർഷിക നേഴ്സറികളും ചെറിയ തോതിൽ സ്വകാര്യ വ്യക്തികൾ നല്ലനിലയിൽ നടത്തി വരുന്നുണ്ട്.

14 പന്നി വളർത്തൽ യൂനിറ്റുകളും, കൂൺ കൃഷി യൂനിറ്റുകളും തുടങ്ങിയെങ്കിലും ഇന്ന് കൃഷി യൂനിറ്റുകൾ പ്രവർത്തനം ഇല്ലാതെയായി. പന്നിവളർത്തൽ നല്ലനിലയിൽ നടന്നുവരുന്നുണ്ട്.

15 കരകൗശല നിർമ്മാണ യൂനിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

16 സ്വകാര്യ മേഖലയിൽ ചെറിയ തോതിൽ പ്രവർത്തിക്കുന്ന എൻജിനീയറിംഗ് സ്ഥാപനങ്ങളും, വർക്കുഷോപ്പുകളും ഈ പഞ്ചായത്തിൻെറ വിവിധ വാർഡുകളിൽ ഉണ്ട്. അവർക്ക് പലവിധ ബുദ്ധിമുട്ടുകളും ഉണ്ടെങ്കിലും പ്രവർത്തനം തൃപ്തികരമായി നടക്കുന്നു.

17 ഈ പഞ്ചായത്തിൽ കമ്പനി രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത രണ്ട് സ്വകാര്യ സ്ഥാപനങ്ങൾ ഉണ്ട്. ഇതിൽ ഹൈലാൻറ് ബ്രിക്സ് ആൻറ് ടൈൽസ് എന്ന സ്ഥാപനം രജിസ്റ്റർ ചെയ്തത് ഈ പഞ്ചായത്തിലാണെങ്കിലും പ്രവർത്തിക്കുന്നത് കോട്ടത്തറ പഞ്ചായത്തിലാണ്. മറ്റൊരു സ്ഥാപനം സ്വാശ്രയ പ്രൊഡ്യൂസേർസ് & ഡിസ്ട്രിബ്യൂട്ടേർസ്, ഈ പഞ്ചായത്തിലെ മൂന്നാം വാർഡിലാണ്. കൺസ്യൂമർ ഉത്പന്നങ്ങൾ സ്വന്തമായി ഉല്പാദിപ്പിച്ച് വീടുകളിൽ നേരിട്ട് എത്തിക്കുക എന്നതാണ് ഈ കമ്പനിയുടെ ലക്ഷ്യം. ഇപ്പോൾ ഡിറ്റർജൻറ് പൗഡർ, ക്ലീനിംങ്ങ് പൗഡർ എന്നിവ നിർമ്മിക്കുന്നുണ്ട്.

18 10-ാം വാർഡിൽ കരണി സോപ്പു നിർമ്മാണത്തിന് ഖാദിബോർഡിൻെറ ധനസഹായത്തോടെ തുടങ്ങിയ യൂനിറ്റ് പ്രവർത്തന രഹിതമാണ്.

19 11-ാം വാർഡിൽ നല്ലനിലയിൽ നടന്നിരുന്ന സ്വകാര്യ കുരുമുളകു ഫാക്ടറി മാനേജ്മെൻറിനകത്തെ അഭിപ്രായ വ്യത്യാസങ്ങൾ മൂലം പൂട്ടിക്കിടക്കുകയാണ്. മാനേജ്മെൻറ് മേഖലയിൽ ആവശ്യമായ നിർദ്ദേശങ്ങളും ഇടപെടലുകളും മേൽ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് ആവശ്യമാണ്. പരമ്പരാഗത വ്യവസായങ്ങളെയും, കുടിൽ വ്യവസായങ്ങളെയും, ചെറുകിട വ്യവസായങ്ങളെയും ബാധിക്കുന്ന ഏറ്റവും പ്രധാനമായ പ്രശ്നം സാമ്പത്തിക പരാധീനതകളും, ശരിയായ മാനേജ്മെൻറിനുള്ള നിർദ്ദേശങ്ങളുടെയും ഉപദേശങ്ങളുടെ കുറവുമാണ്.

## സാദ്ധ്യതകളും നിർദ്ദേശങ്ങളും

വ്യവസായ രഹിത പഞ്ചായത്തിൽ എല്ലാതരം വ്യവസായങ്ങളും വളർന്നു വരുന്നതിനുള്ള സാദ്ധ്യതകൾ ഉണ്ട്. ശരിയായ രൂപത്തിലുള്ള ഉപദേശങ്ങളും, നിർദ്ദേശങ്ങളും യഥാസമയം സാമ്പത്തിക സഹായങ്ങളും നൽകിയാൽ ആ പഞ്ചായത്തിനെ നമുക്ക് ജില്ലയിലെ പ്രഥമ വ്യവസായ പഞ്ചായത്താക്കി മാറ്റാവുന്നതാണ്.

### 1. തയ്യൽ-റെഡിമെയ്ഡ്-ഗാർമെൻറ്സ്:-

ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും തയ്യൽ ജോലി അറിയാവുന്ന തൊഴിൽ രഹിതരായ യുവതീയുവാക്കൾ ഉണ്ട്. എന്നാൽ ഇവരെ പഞ്ചായത്ത് അടിസ്ഥാനത്തിൽ സംഘടിപ്പിച്ചാൽ ഏറ്റവും നല്ലൊരു തൊഴിൽ വ്യവസായ മേഖലയായി ഇതിനെ വികസിപ്പിക്കാം. ഇതിനായി പഞ്ചായത്ത് തലത്തിൽ ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്യാവുന്നതാണ്. സഹകരണ മേഖലയിൽ വാർഡുകൾ തോറും സബ് സെൻററുകളും, പരിശീലന കേന്ദ്രങ്ങളും ആരംഭിക്കാം. വീടുകളിൽ നിർമ്മാണം നടത്താം. ഇവർ ഉൽപ്പാദിപ്പിക്കുന്ന വസ്തുക്കൾ വാർഡുതലത്തിൽ കലക്ഷനും പഞ്ചായത്ത് തലത്തിൽ വിപണനവും നടത്താവുന്നതാണ്. വീടുകളിൽ നിർമ്മാണം ആയതുകൊണ്ട് കെട്ടിടങ്ങളോ, മറ്റു സൗകര്യങ്ങളോ അന്വേഷിച്ച് ബുദ്ധിമുട്ടേണ്ടതില്ല. കലക്ഷനും വിതരണവും ഉള്ളതുകൊണ്ട് സാങ്കേതിക വൈദഗ്ദ്യം ഇല്ലാത്ത കുറച്ചുപേർക്കുകൂടി ഇതിനൊന്നിച്ച് തൊഴിൽ ലഭിക്കും തയ്യൽ അറിയാവുന്ന നല്ലൊരു വിഭാഗത്തിന് മെഷീൻ ഉള്ളതുകൊണ്ട് തയ്യൽ മെഷീനുവേണ്ടിയും പണം മുടക്കേണ്ടി വരുന്നില്ല. ആവശ്യാനുസരണം കുറച്ച് എംബ്രോയിഡറി മെഷീനുകൾ മാത്രം സംഘടിപ്പിച്ചാൽ മതി. സാമ്പത്തിക സഹായങ്ങളും നിർദ്ദേശങ്ങളും യഥാസമയം ഉണ്ടായാൽ നല്ലൊരു വ്യവസായ യൂനിറ്റാക്കി ഇതിനെ വളർത്താവുന്നതാണ്. വൻതോതിൽ മുടക്കുമുതലില്ലാതെ ഇത്രയും പേർക്ക് തൊഴിൽ ലഭിക്കുന്ന മറ്റൊരുമേഖല ഉണ്ടോ എന്ന് സംശയമാണ്.

### 2. സിമൻറ് ഹോളോ ബ്രിക്സ്, കല്ലുപൊട്ടിക്കൽ:-

കെട്ടിട നിർമ്മാണ രംഗത്ത് വയനാട്ടിൽ വൻ കുതിച്ചുചാട്ടമാണ് നടക്കുന്നത്. അതിനനുസരിച്ച് കെട്ടിട നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ് അനുഭവപ്പെടുന്നുണ്ട്. സിമൻറ് ഹോളോ ബ്രിക്സ് നിർമ്മാണം, വളരെ ഭാവിയുള്ള മേഖലയാണ് അനവധിപേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്യും. വെള്ളവും, മണലും, കല്ലു പൊട്ടിക്കലും ഒരുമിച്ചുള്ള സ്ഥലം ഇതിന് വളരെ അനുയോജ്യമാണ്. കരിങ്കൽ ക്വാറികളിൽ ഉപയോഗശൂന്യമായി വരുന്ന

കൽപ്പൊടികൾ, ഹോളോബ്രിക്സ് നിർമ്മാണത്തിൻെറ അസംസ്കൃത വസ്തുവായി ഉപയോഗിക്കാം. ഇക്കാരണത്താൽ കരിങ്കൽ ക്വാറികളും, സിമൻറ് ഹോളോബ്രിക്സ് നിർമ്മാണവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഈ പഞ്ചായത്തിലെ 11-ാം വാർഡിൽ ഇതിനുള്ള സൗകര്യങ്ങൾ കൂടുതൽ ഉണ്ട്. അവിടെ ഇത് സഹകരണ മേഖലയിലോ സ്വകാര്യമേഖലയിലോ ആരംഭിച്ച് നല്ല നിലയിൽ നടത്തുന്നതിനുള്ള സാമ്പത്തിക സഹായങ്ങൾ ഉണ്ടായാൽ നന്ന്. അനുയോജ്യമായ മറ്റുസ്ഥലങ്ങളിലും ഇത് തുടങ്ങാവുന്നതാണ്. കരിങ്കൽ ക്വാറികളുടെ പ്രവർത്തനവും പരിസരവാസികൾക്ക് ശല്യമാകാത്ത വിധം വിപുലപ്പെടുത്തി തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാവുന്നതാണ്. കരിങ്കൽ കെട്ടിട നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്ക് അഭാവം ധാരാളമുണ്ട്.

**3. അടയ്ക്ക സംസ്ക്കരണമേഖല:-**

സാമ്പത്തികമായി കുറച്ച് കൂടുതൽ മുതൽ മുടക്ക് വേണ്ടിവരുന്ന ഒരു മേഖലയാണ് ഇത്. സീസണൽ ആണെങ്കിലും തൊഴിൽ ലഭ്യത വളരെ കൂടുതലുണ്ട്. വയനാട്ടിലെ മുഴുവൻ അടക്കയും കളിയടയ്ക്കയായി മാറ്റുന്നതിനാൽ ഭാവിയുള്ള ഒരു വ്യവസായ യൂനിറ്റാണ് ഇത്. ഇതിൻെറ സംഭരണ വിപണനവും, തയ്യൽ റെഡിമെയ്ഡ് രംഗത്തേതുപോലെ പഞ്ചായത്ത് തലത്തിലും എല്ലാ വാർഡ് തലത്തിലുമായി നടത്താവുന്നതാണ്. സഹകരണ മേഖലയിൽ ഒരു സൊസൈറ്റി പഞ്ചായത്ത് തലത്തിൽ രൂപീകരിച്ചാൽ സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും ഇതിനാവശ്യമായ ഫണ്ടുകളും കണ്ടെത്താൻ കഴിയും.

4. സഹകരണാടിസ്ഥാനത്തിൽ സൊസൈറ്റി രൂപീകരിച്ച് soft drinks, soda മുതലായവയുടെ നിർമ്മാണവും വിതരണം നടത്താവുന്നതാണ്. എല്ലാവാർഡ് തലത്തിലും ഇത് നല്ല നിലയിൽ നടത്താവുന്ന ഒരു ബിസിനസ്സാണ്. സീസണൽ അടിസ്ഥാനത്തിൽ ലഭിക്കുന്ന പഴവർഗ്ഗങ്ങളും ഇതിന് ഉപയോഗിക്കാവുന്നതാണ്.

5. വെള്ളക്കുരുമുളക് നിർമ്മാണവും നമുക്ക് കുടിൽ വ്യവസായമെന്ന നിലയിലോ, ചെറുകിട വ്യവസായ മെന്ന നിലയിലോ നടത്താവുന്നതാണ്. അത്യാവശ്യം ചിലർ ചെറിയതോതിൽ ഇപ്പോൾ വെള്ളക്കുരുമുളക് വീടുകളിൽ ഉൽപ്പാദിപ്പിച്ചു വരുന്നുണ്ട്. ഇതിന് കുരുമുളകിൻെറ ഇരട്ടിയിലധികം വില മാർക്കറ്റിൽ ലഭ്യമാണ്, ആവശ്യമായ പ്രോത്സാഹനങ്ങളും, നിർദ്ദേശങ്ങളും ഉണ്ടെങ്കിൽ ഇതും പരിപോഷിപ്പിക്കാവുന്നതാണ്.

**6. കോഴിഫാമുകളും, കോഴിത്തീറ്റ ഉൽപ്പാദന കമ്പനിയും:-**

ജില്ലാതലത്തിൽ അനവധി കോഴി വളർത്തൽ കേന്ദ്രങ്ങൾ ഉണ്ട്. മൊത്തം വയനാട് ജില്ലക്ക് ആവശ്യമായവിധം നിർമ്മാണശേഷിയുള്ള ഒരു കോഴിത്തീറ്റ കമ്പനി നമ്മുടെ പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്. ഖാദി ബോർഡിൽ നിന്നോ, സഹകരണ സ്ഥാപനങ്ങളിൽ നിന്നോ സാമ്പത്തിക സഹായവും ലഭ്യമാക്കാം.

7. സോപ്പുപൊടി, ഫെനോയിൽ, നീലം എന്നിവയുടെ നിർമ്മാണവും, വിതരണവും കുടിൽ വ്യവസായാടിസ്ഥാനത്തിൽ മഹിളകളെ സംഘടിപ്പിച്ച് നടത്താം. മഹിളകളുടെ ആഭിമുഖ്യത്തിൽ അച്ചപ്പം, ചിപ്സ്, പപ്പടം,

അച്ചാറുകൾ മുതലായവ നിർമ്മിച്ച് വീടുകൾ തോറും, കടകളിലും വിതരണം നടത്താവുന്നതാണ്. മൂന്നോ നാലോപേർ സംഘടിച്ച് ചെറിയ യൂനിറ്റുകളായി ഇതിന്റെ നിർമ്മാണ വിതരണ പ്രക്രിയ നടത്താവുന്നതാണ്.

8 തൂത്തുക്കുടിയിൽ നിന്നും, കറിയുപ്പ് കൊണ്ടുവന്ന് ചെറിയ പാക്കറ്റുകളായി കടകളിൽ വിൽക്കാവുന്നതാണ്. ന്യായമായും ലാഭം കിട്ടുന്ന ഒരു ചെറു യൂനിറ്റാണ് ഇത്. രണ്ടോ മൂന്നോ പേർ ചേർന്ന് ഒരു സംരംഭമായി ഇത് നടത്താവുന്നതാണ്.

9 30-9-96 ന് ശേഷം മെഴുകുതിരി വ്യവസായത്തിന്, അസംസ്കൃത വസ്തുവിന്റെ ലഭ്യതക്കുറവ് കാരണം ലൈസൻസ് അനുവദിക്കാത്തതുകാരണം മെഴുകുതിരി വ്യവസായം പ്രോത്സാഹിപ്പിക്കേണ്ട ഇനമല്ല. വിലനിലവാര മാറ്റത്തിന് അനുസരിച്ച് വിൽപ്പനക്കുള്ള ബുദ്ധിമുട്ടുകൾ പാക്കറ്റുകളിലാക്കി സാധനങ്ങൾ വിൽക്കുന്നതിനെ ദോഷമായി ബാധിക്കുന്നു.

10 <u>ജൈവ വള നിർമ്മാണ ശാല:-</u>

വയനാട്ടിൽ പച്ചില വളങ്ങളും കാപ്പിയുടെ തൊണ്ടും ലഭിക്കുന്നതിന് കൂടുതൽ സാധ്യതകൾ ഉള്ളതിനാൽ ഒരു ജൈവ വള നിർമ്മാണ യൂനിറ്റിനുള്ള സാദ്ധ്യതയുണ്ട്. പഞ്ചായത്ത് തന്നെ ഇത്തരം ഒരു യൂനിറ്റ് തുടങ്ങാവുന്നതാണ്.

11 സ്പോർട്ട്സ് സാധനങ്ങൾ നിർമ്മാണ യൂനിറ്റ്, കളിക്കോപ്പുകൾ നിർമ്മാണ യൂനിനിറ്റ് എന്നിവ നല്ലനിലയിൽ വാർഡുകളിൽ തുടങ്ങാം.

12 ഈർച്ച മില്ലുകളോടനുബന്ധിച്ചുവുഡൻ ഫർണിച്ചർ നിർമ്മാണ യൂനിറ്റുകൾ തുടങ്ങാം. സാമ്പത്തിക സഹായങ്ങൾ നൽകി നിലവിലുള്ളവയെ പരിപോഷിപ്പിച്ച് കൂടുതൽ തൊഴിലവസരങ്ങളും ധനലഭ്യതയും ഉയർത്താവുന്നതാണ്. മൂലധനം ആവശ്യമായ ഒരു ചെറുകിട വ്യവസായമാണ് ഇത്.

13. **<u>Automobile Engineering Unit:-</u>**

കെട്ടിട നിർമ്മാണ രംഗത്തേക്കാൾ ജില്ലയിൽ കുതിച്ചുചാട്ടമുള്ള മറ്റൊരു മേഖലയാണ് ഇത്. പഞ്ചായത്ത് തലത്തിൽ തന്നെ ഏകദേശം പത്തുലക്ഷം രൂപ മുടക്കി നല്ലൊരു വ്യവസായ യൂനിറ്റ് തുടങ്ങാം. ഈ യൂനിറ്റിൽ സർവ്വീസ് സസ്റ്റേഷൻ, സ്പെയർ പാർട്ടുകൾ വിൽപ്പന, ടയർ റീ ത്രെഡിങ്ങ്, റിസോളിങ്ങ്, വാഹനങ്ങളുടെ പെയിൻറിങ്ങ്, ബോഡി ബിൽഡിങ്ങ്, ബാറ്ററി റീ കണ്ടീഷനിങ്ങ്, റീ ചാർജിങ്ങ്, ഇലക്ട്രിക്കൽ റിപ്പയർ, വെൽ ഡിങ്ങ്, കോയൽ റീ വൈൻറിങ്ങ് മുതലായ എല്ലാവിധ വാഹന സംബന്ധമായ കാര്യങ്ങളും ഉൾപ്പെടേണ്ടതാണ്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കി നല്ല നിലയിൽ ഇത് നടത്താവുന്നതാണ്. ഏറ്റവും ഭാവിയുള്ള ഒരു വ്യവസായം എന്ന നിലയിൽ ഇതിന് അങ്ങേയറ്റം മുൻഗണന കൊടുക്കേണ്ടതാണ്.

14 കെൽട്രോൺ കമ്പനി പുനരുദ്ധരിച്ച് തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കേണ്ടതാണ് കെൽട്രോൺ ഫാക്ടറിക്ക് വേണ്ടി ഏകദേശം എട്ടര ഏക്കർ ഭൂമി നീക്കിയിട്ടുണ്ട്. ഇലക്ട്രിസിറ്റി സബ്സ്റ്റേഷൻ ഇതിന്നടുത്താണ് സ്ഥിതിചെയ്യുന്നത്. വഴി സൗകര്യവും വെള്ള സൗകര്യവും ഉണ്ട്. നല്ലനിലയിൽ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഇവിടെ ആരംഭിക്കാവുന്നതാണ്.

എല്ലാ ഘടകങ്ങളും ഒത്തുവന്ന ഇത്തരം സ്ഥലങ്ങൾ അപൂർവ്വമാണ്. പഞ്ചായത്ത് തലത്തിൽ നിന്നും തൊട്ട് മുകളിലേക്ക് ആവശ്യമായ സമ്മർദ്ദങ്ങളും, നിവേദനങ്ങളും നടത്തി കെൽട്രോൺ ഫാക്ടറിയും, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റും പ്രവർത്തന ക്ഷമമായാൽ ഈ പഞ്ചായത്തിൻെറ മുഖച്ഛായ തന്നെ മാറ്റിയെടുക്കാം.

15 കാർഷികമേഖല മാത്രമായ വയനാട്ടിലെ കൃഷിക്കാർക്ക് ആവശ്യമായ നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് ന്യായമായ വിലക്ക്, യഥാസമയം വിതരണം ചെയ്യാവുന്ന ഒരു കാർഷിക നേഴ്സറി പഞ്ചായത്ത് തലത്തിൽ ആരംഭിക്കാം. സ്വകാര്യമേഖലയിൽ ചെറിയ പല സ്റ്റേഷനറികളും ഉണ്ടെങ്കിലും വയനാടിൻെറ ആവശ്യത്തിൻെറ നേരിയൊരംശം നിറവേറ്റുന്നതിനു മാത്രമേ കഴിയുന്നുള്ളൂ.

16 1992 ൽ സഹകരണ മേഖലയിൽ ഖാദി ബോർഡിൻെറ സാമ്പത്തിക സഹായത്തോടെ കരണിയിൽ (ward 10) തുടങ്ങിയ സോപ്പ് നിർമ്മാണ യൂനിറ്റ് നടത്തിപ്പിൻെറ വൈകല്യങ്ങൾ കാരണം ഇന്ന് നിർജ്ജീവാവസ്ഥയിലാണ്. ശരിയായ നിർദ്ദേശങ്ങളും, സഹായവും കൊടുത്ത് ഈ വ്യവസായ സംരംഭത്തെ പുനരുദ്ധരിക്കേണ്ടതാണ്. വ്യാവസായികമായി വളരെ അത്യാവശ്യമുളള വസ്തുവാണ് പപ്പായയിൽ നിന്നുണ്ടാക്കുന്ന പപ്പയിൻ. പലതരം മരുന്നുകളുടെ നിർമ്മാണത്തിനും, ബ്ളീച്ചിംങ്ങിനും വളരെ യേറെ അത്യാവശ്യ വസ്തുവായ പപ്പായ കറക്ക് വൻ ഡിമാൻറുണ്ട്. എല്ലാ വാർഡു കളിലെയും എല്ലാ വീടുകളിലും പപ്പായ കൃഷി ചെയ്ത് ഇതിൻെറ കറ സംഭരിച്ച് വിപണിയിൽ എത്തിക്കാം. കാര്യമായ മുതൽമുടക്കില്ലാതെ നല്ല നിലയിൽ ഇത് നടത്താം. വീട്ടമ്മമാർക്ക് നല്ലൊരു വരുമാന മാർഗ്ഗമായി ഇത് മാറും. ഇന്ത്യയിൽത്തന്നെ ഇക്കാര്യത്തിൽ മുൻപന്തിയിലുളള കോയമ്പത്തൂർ അഗ്രികൾച്ചർ യൂനിവേഴ്സിറ്റിയുടെ സഹായം നമുക്ക് ഇക്കാര്യത്തിൽ നേടാവുന്നതാണ്.

18 IRDP പദ്ധതിപ്രകാരം തൊഴിൽ പരിശീലനം ലഭിച്ച 19 പേർ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവരുടെ സേവനവും നമുക്ക് ഉപയോഗപ്പെടുത്താം. ട്രൈസം പദ്ധതി അനുസരിച്ച് ടൈലറിങ്ങ്, ഹെയർ ഡ്രസ്സിംങ്ങ്, ബ്യൂട്ടീഷൻ, മെഷിനറി, ഓട്ടോ ഡ്രൈവിങ്ങ്, ഇലക്ട്രോണിക്സ്, കമ്പോസിംങ്ങ്-TV, റേഡിയോ മെക്കാനിസം, ആട്ടോമൊബയിൽ, ഇഷ്ടിക നിർമ്മാണം ഫോട്ടോഗ്രാഫി എന്നീ വിഷയങ്ങളിൽ പരിശീലനം ലഭിച്ച മുപ്പതുപേർ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവരുടെ സേവനവും കഴിവും ഉപയോഗപ്പെടുത്തി ഇത്തരം യൂനിറ്റുകൾ ആരംഭിക്കുകയും നല്ലനിലയിൽ നടത്തുകയും ചെയ്യാവുന്നതാണ്.

19 സ്വകാര്യ മേഖലയിൽ 50 പേർക്ക് തൊഴിൽ ലഭിച്ചിരുന്ന ഒരു കുരുമുളക് സംസ്ക്കരണ ഫാക്ടറി 11-ാം വാർഡിൽ ഉണ്ടായിരുന്നു. ഉടമസ്ഥന്മാരുടെ ചില കുടുംബ വഴക്കുകൾ കാരണം സ്ഥാപനം പൂട്ടിപ്പോയി. സ്വകാര്യ മേഖലയിലായാലും കഴിയുമെങ്കിൽ അത് പുനരുദ്ധരിക്കേണ്ടതാണ്. അവിടുത്തെ ഉൽപ്പന്നങ്ങൾ ലോക മാർക്കറ്റിൽവരെ വിപണന സാദ്ധ്യതയുള്ള ഇനങ്ങളാണ്.

**20. വുഡൻ ഫർണിച്ചർ കോംപ്ളക്സ്:-**

വളരെയേറെ സാദ്ധ്യതകളുള്ള ഒരു യൂനിറ്റാണ് ഇത്. വയനാട് ജില്ലയിലെ സ്കൂളുകൾക്ക് ആവശ്യമായ ഫർണിച്ചർ (ബെഞ്ച്, ഡസ്ക്, മേശ, കസേര തുടങ്ങിയ) നിലമ്പൂരിൽ നിന്നുമാണ് വരുന്നത്. സർക്കാർ വിലക്ക് മരങ്ങൾ ലഭ്യമായതിനാൽ വയനാട്ടിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഫർണിച്ചറുകൾ ഇവിടെത്തന്നെ ഉണ്ടാക്കി വിൽക്കാൻ കഴിയും. കൂടാതെ സർക്കാർ ഓഫീസുകൾക്കും വീടുകൾക്കും ആവശ്യമായ ഫർണിച്ചറുകളും ഉണ്ടാക്കാം. ഭാവിയും വികസന സാധ്യതകളും ഉള്ള ഇതിന് മുൻഗണന കൊടുക്കേണ്ടതാണ്.

21 PVC പൈപ്പുകൾ വയറിങ്ങിന് മാത്രം ഉള്ളവ നിർമ്മിക്കുന്ന ഒരു യൂനിറ്റ് പ്രവർത്തനമാരംഭിച്ചാൽ. നല്ല നിലയിൽ നടത്താം. ഏകദേശം 5 ലക്ഷം രൂപ മുടക്കു മൂലധനം വേണ്ടിവരും.

22 സ്വാശ്രയ പോലുള്ള സ്ഥാപനങ്ങൾ തുടങ്ങി കൺസ്യൂമർ ഉല്പന്നങ്ങൾ നിർമ്മിച്ച് വിൽക്കുന്നതിന് പ്രോത്സാഹനവും സാമ്പത്തിക സഹായങ്ങളും വേണം. വീടുവീടാന്തരം ഇത്തരം ഉൽപ്പന്നങ്ങൾ നല്ലനിലയിൽ വിറ്റഴിക്കുന്നതിനുള്ള സാദ്ധ്യതകൾ ഉണ്ട്.

23 എല്ലാ വ്യവസായങ്ങൾക്കും വൈദ്യുതി ലഭ്യതയാണ് മുഖ്യ ഘടകം. വെള്ളം, വഴിസൗകര്യം എന്നിവ ഇതിനു തൊട്ടു പുറകെ വരുന്ന അവശ്യ വസ്തുക്കളാണ്. ഒരു നിലക്ക് നമ്മൾ ഭാഗ്യവാന്മാരാണ്. ജില്ലയിലെ 220 KV വൈദ്യുതി സബ് സ്റ്റേഷൻ ഈ പഞ്ചായത്തിലാണ് ഉള്ളത്. എന്നാൽ ഇന്ന് അതിൻെറ പൂർണ്ണ ശേഷി വിനിയോഗിക്കുന്നില്ല. ഏകദേശം 60-90 KV മാത്രമേ പ്രവർത്തന ക്ഷമതയിലുള്ളൂ എന്നറിയുന്നു. പഞ്ചായത്ത് തലത്തിൽ ആയതിനു് വേണ്ടിവരുന്ന സമ്മർദ്ദതന്ത്രങ്ങൾ ശക്തിയായി ഉപയോഗിച്ച് സബ്സ്റ്റേഷൻെറ പ്രവർത്തന ശേഷി പൂർണ്ണമായും ഉപയോഗപ്രദമാക്കേണ്ടതാണ്.

വ്യവസായം തുടങ്ങുന്നതിന് മൂലധന നിക്ഷേപത്തിന് തയ്യാറായിട്ടുള്ളവർ, വ്യവസായ സാധ്യതകളെക്കുറിച്ചുള്ള അറിവില്ലായ്മ മൂലവും, വ്യവസായ രംഗത്തുണ്ടാകുന്ന അസ്ഥിരതയെക്കുറിച്ചുള്ള ആശങ്ക മൂലവും മടിച്ചുനിൽക്കുന്നുണ്ട്. ഇവർക്കാവശ്യമായ ഉപദേശങ്ങളും, നിർദ്ദേശങ്ങളും, സഹകരണവും നൽകി സ്വകാര്യ മേഖലയിലോ, സഹകരണ മേഖലയിലോ ഇവരെ വ്യവസായ സംരംഭകരാക്കി മാറ്റാവുന്നതാണ്. ഇതിന് സഹായകമായ നിലയിൽ പഞ്ചായത്ത് കേന്ദ്രമായി ഇൻഡസ്ട്രിയൽ പ്രമോഷൻ സെൻറർ തുടങ്ങാവുന്നതാണ്. പഞ്ചായത്തിൽ താമസമുള്ള തൊഴിൽ രഹിതരായ യുവതീയുവാക്കളെ കണ്ടെത്തിയും, സെമിനാറുകളും, പരിശീലനവും മറ്റും സംഘടിപ്പിച്ചും വ്യവസായരംഗത്തുള്ള വികസനത്തിന് സഹായം നൽകുന്ന ഒരു സന്നദ്ധ പ്രവർത്തനമായി ഇതുനടത്താം.ജന പ്രതിനിധികളും, തിരഞ്ഞെടുക്കപ്പെട്ട വ്യവസായ സംരംഭകരും, പൊതു പ്രവർത്തകരും ബന്ധപ്പെട്ട വകുപ്പുകളുടെ ഉദ്യോഗസ്ഥരുമടങ്ങുന്ന ഒരു സ്ഥിരം സംവിധാനമായിട്ടാവണം ഇത് തുടങ്ങേണ്ടത്. വയനാട്ടിലെ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് വൈദ്യുതി ലഭ്യതയ്ക്ക് കൂടുതൽ സാധ്യതകളുള്ള നമ്മുടെ പഞ്ചായത്ത് മുൻകയ്യെടുത്ത്ഇലക്ട്രിസിറ്റി സബ്സ്റ്റേഷൻെറ പ്രവർത്തനശേഷി പൂർണ്ണതോതിൽ ഉപയോഗപ്പെടുത്തി, വ്യാവസായികമായി ഒരു കുതിച്ചുകയറ്റം കൂട്ടായ്മയോടെ ഉണ്ടാക്കിഎടുക്കേണ്ടതാണ്.സഹകരണ-സ്വകാര്യ-മേഖലയെ ഇക്കാര്യത്തിൽ എല്ലാവിധത്തിലും പരിപോഷിപ്പിക്കേണ്ടതാണ്. കണിയാമ്പറ്റ പഞ്ചായത്തിൻെറ വ്യവസായ വളർച്ചാഭാവിക്ക് നമ്മുടെ എല്ലാ പ്രവർത്തനങ്ങൾക്കും ഉത്തേജനം നൽകട്ടെ.



# ഊർജ്ജം

ഊർജ്ജമെന്നാൽ വൈദ്യുതി എന്ന ധാരണ നിലവിലുണ്ട്. എന്നാൽ എല്ലാ വിധത്തിലുള്ള ഊർജ്ജ ഇന്ധനങ്ങളുടെയും ലഭ്യതയും ഉപയോഗവും ഈ രംഗത്ത് പരിഗണിക്കപ്പെടണം. ഏതുവിധത്തിലുള്ള വികസനത്തിനും ഊർജ്ജ ലഭ്യത അവശ്യഘടകമാണ്. എന്നാൽ ഇന്ന് കേരളം ഊർജ്ജരംഗത്ത് ഗുരുതരമായ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കയാണ്. അതുകൊണ്ടുതന്നെ ൯ാം പദ്ധതിയുടെ മുഖ്യ ഊന്നൽ ഊർജ്ജോൽപാദനത്തിലെ വർദ്ധനവിനാണ്.വൈദ്യുതിയുടെ ഉദ്പാദന രംഗത്ത് നമ്മുടെ പഞ്ചായത്തിന് കാര്യമായി ഒന്നും ചെയ്യാനില്ല. എന്നാൽ മറ്റ് ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിന് നമുക്ക് പലതും ചെയ്യുവാൻ കഴിയും. ഉദാ: സൗരോർജ്ജവിളക്കുകൾ, ഗോബർ, ബയോഗ്യാസ് പ്ളാൻറുകൾ, ദക്ഷതകൂടിയ അടുപ്പുകളുടെ പ്രചാരണം. വൈദ്യുതിയുടെ രംഗത്തും പ്രസരണ നഷ്ടം കുറയുന്നതിനും വൈദ്യുതിയുടെ ഉപയോഗം ശാസ്ത്രീയവും ഫലപ്രദവുമാക്കുന്നതിനും നമുക്ക് പലതും ചെയ്യാനാകും.

## <u>പ്രശ്നങ്ങൾ</u>

നമ്മുടെ പഞ്ചായത്തിൽ എല്ലാ വാർഡിലും വൈദ്യുതി എത്തിഎന്നവകാശപ്പെടാം. പക്ഷേ ഓരോവാർഡിൻെറയും നല്ലൊരുഭാഗം ഇനിയും വൈദ്യുതീകരിക്കപ്പെടേണ്ടിയിരിക്കുന്നു. വോൾട്ടേജ് ക്ഷാമം മറ്റുപല പഞ്ചായത്തുകളെ അപേക്ഷിച്ച് നമ്മുടെ പഞ്ചായത്തിൽ കുറവാണെങ്കിലും തീർത്തും പരിഹരിക്കപ്പെട്ടിട്ടില്ല. വൈദ്യുതിയുടെ മൊത്തം ജില്ലയിലെ വിതരണകേന്ദ്രമായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന 220.k.v. സബ്സ്റ്റേഷൻ കണിയാമ്പറ്റയിലാണ്. ഈ പഞ്ചായത്തിലെ വൈദ്യുതി വിതരണം പനമരം, കല്പറ്റ, ബത്തേരി എന്നീ മൂന്ന് സബ്സ്റ്റേഷനുകളിലൂടെയാണ്.

പനമരം സബ്സ്റ്റേഷൻെറ കീഴിൽ 4 ട്രാൻസ്ഫോർമറുകളിലൂടെയുള്ള വിതരണത്തിൽ നമ്മുടെ പഞ്ചായത്തിലെ 1൦ം വാർഡ് മാത്രമാണ് ഇതിനുകീഴിൽ വരുന്നത്.

## കല്പറ്റ സബ്സ്റ്റേഷൻ

11 ട്രാൻസ്ഫോർമറുകളാണ് ഈ സ്റ്റേഷൻെറ പരിധിയിലുള്ളത്. 2 മുതൽ 9 വരെ വാർഡുകളിൽ ഈ സബ്സ്റ്റേഷനിൽ നിന്നാണ് വൈദ്യുതി വിതരണം ചെയ്യുന്നത്.

## ബത്തേരി സബ്സ്റ്റേഷൻ

10-11 വാർഡുകൾ ഈ സബ്സ്റ്റേഷൻെറ പരിധിയിൽ വരുന്ന 4 ട്രാൻസ്ഫോർമറുകൾ ഉണ്ട്.

ഈ മൂന്ന് സബ്സ്റ്റേഷനുകളിലൂടെയുമായി 2715-ഗാർഹിക കണക്ഷനുകളും, 575-വ്യാപാരാവശ്യത്തിനുള്ള കണക്ഷനുകളും, 46-വ്യാവസായിക കണക്ഷനുകളും, 97 - കാർഷിക കണക്ഷനുകളും നൽകിയിട്ടുണ്ട്.

184- ഓർഡിനറി കണക്ഷനുള്ള അപേക്ഷകളും, 2 B.T.P കണക്ഷനുള്ള അപേക്ഷകളും, 121 OYEC കണക്ഷനുകൾക്കുള്ള അപേക്ഷകളും കണക്ഷൻ നൽകാൻ ബാക്കിയുണ്ട്.

വിറകിന് നമ്മുടെ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ക്ഷാമം അനുഭവപ്പെടുന്നു. ഒരുകാലത്ത് സുഭിക്ഷമായിരുന്ന വിറക് ഇന്ന് ദുർലഭമായിക്കൊണ്ടിരിക്കുന്നു. L.P.G മണ്ണെണ്ണ എന്നിവയും പാചകാവശ്യത്തിന് ചുരുങ്ങിയ തോതിൽ ഉപയോഗപ്പെടുന്നുണ്ടെങ്കിലും വിറകിനെയാണ് ബഹുഭൂരിപക്ഷം വീട്ടമ്മമാരും ആശ്രയിക്കുന്നത്. അറക്കപ്പൊടി തുടങ്ങിയവയും ഇന്ധനമായി ഉപയോഗിക്കുന്നുണ്ട്. വിറകിൻെറ ലഭ്യത ഏറ്റവും മുൻഗണന നൽകി വർദ്ധിപ്പിക്കേണ്ടതുണ്ട്.

## സാധ്യതകൾ

വൈദ്യുതിയുടെ വിതരണം പഞ്ചായത്തുതലത്തിൽ പുന സംഘടിപ്പിക്കപ്പെടേണ്ടതാണ്. അധികാര വികേന്ദ്രീകരണം ഒട്ടും നടന്നിട്ടില്ല. ഈ വകുപ്പിൽ എത്രത്തോളം അധികാര വികേന്ദ്രീകരണം നടത്താം എന്നാലോചിക്കേണ്ടതുണ്ട്. പ്രസരണ നഷ്ടം മുടക്കുന്നതിന് ജനകീയ പങ്കാളിത്തത്തോടെ പരിപാടികൾ ആവിഷ്ക്കരിക്കാം. വൈദ്യുതി ലൈനിൽ തട്ടി നിൽക്കുന്ന വൃക്ഷങ്ങളും മറ്റുസസ്യങ്ങളും കണ്ടുപിടിച്ച് നീക്കം ചെയ്യുന്നതിന് ജനങ്ങൾക്ക് കഴിയും വൈദ്യുതിയുടെ ഉപയോഗം കുറയ്ക്കുന്നതിന് സി. എഫ്. എൽ, ട്യൂബ് ലൈറ്റ് തുടങ്ങിയവ പ്രോത്സാഹിപ്പിക്കപ്പെടണം. ആർഭാടങ്ങൾക്കുവേണ്ടി വൈദ്യുതി ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തണം.

വിറകിൻെറ ഉപയോഗം കുറയ്ക്കുന്നതിന് ദക്ഷതകൂടിയ അടുപ്പുകൾ പ്രചരിപ്പിക്കപ്പെടണം. ഇപ്പോൾതന്നെ ധാരാളം ആവശ്യക്കാർ ഉണ്ട്. അനർട്ടുമായി ചേർന്ന് എല്ലാ വാർഡിലും ഫിറ്റിങ്ങ് ക്യാമ്പുകൾ നടത്താവുന്നതാണ്. വ്യാപകമായി പ്രചരണം നൽകിയാൽ വാർഡിൽ 15,000 അടുപ്പുകൾ ആദ്യവർഷം നിർമ്മിക്കുവാൻ കഴിയും. S.E.W മാരായി ഓരോ വാർഡിലും ഓരോരുത്തർക്ക് ജോലി ലഭിക്കുകയും ചെയ്യും. സൗരോർജ്ജ വിളക്കുകൾക്കും ധാരാളം ആവശ്യക്കാരുണ്ട്. ഇതും വ്യാപകമായി പ്രചരണം നൽകി സ്ഥാപിക്കേണ്ടതാണ്. സ്കൂളുകൾ, അംഗനവാടികൾ തുടങ്ങിയവയിലും 30 ശതമാനം ദക്ഷത

യുള്ള കമ്മ്യൂണിറ്റി അടുപ്പുകൾ സ്ഥാപിക്കണം. നാം ഇന്നുപയോഗിക്കുന്ന വിറകടുപ്പിൻെറ ദക്ഷത 10% ആണ് എന്നതിനാൽ ദക്ഷതകൂടിയ അടുപ്പുകൾ ഉപയോഗിക്കുന്നതുവഴി വിറകിൻെറ ആവശ്യം മൂന്നിലൊന്നായിമാറും. പൊതു സ്ഥലങ്ങളിൽ വിറകിന് ഉപയോഗി ക്കാവുന്ന വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് വിറകിൻെറ ലഭ്യത കൂട്ടാം. ഗോമ്പർ ഗ്യാസ് പ്ളാൻറുകൾ, ബയോഗ്യാസ് പ്ളാൻറുകൾ എന്നിവ നല്ലൊരു ശതമാനം വീടുകളിൽ സ്ഥാപിക്കാവുന്നതാണ്.

## സ്ട്രീറ്റ് ലൈറ്റുകൾ വേണ്ട സ്ഥലങ്ങൾ

| നമ്പർ | വാർഡ് | സ്ഥലം |
|---|---|---|
| 1 | I | നടവയൽ നെല്ലിയമ്പം റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക. |
| 2 | II | 1. കൂടാത്തുമ്മൽ-ചീക്കല്ലൂർവരെ സ്ട്രീറ്റ്ലൈറ്റ്<br>2. കൂടാത്തുമ്മൽ-മൃഗാശുപത്രി ഭാഗത്തേക്ക്. |
| 3 | III | 1. പച്ചിലക്കാട്ട് - കൂടോത്തുമ്മൽ റോഡ്. |
| 4 | IV | 1. ചുണ്ടക്കര റോഡിൽ<br>2. അറിഞ്ചേറുമൽ റോഡിൽ<br>3. മണ്ടക മൂല റോഡിൽ |
| 5 | V | ചുണ്ടക്കര-മില്ല് മുക്ക് റോഡിൽ |
| 6 | VI | മെയിൻ റോഡിൽ സ്ട്രീറ്റ് ലൈറ്റ് സിനിമാഹാൾക്കുന്ന്, പള്ളിക്കുന്ന്റോഡിൽ ചുണ്ടക്കരവരെ,കബ്ളക്കാട്-ഓടക്കൊല്ലി റോഡ് |
| 7 | VII | 1. കബ്ളക്കാട്-പറളികുന്ന് റോഡ് |
| 8 | VIII | 1. കബ്ളക്കാട്-കൊഴിഞ്ഞങ്ങാട് ചിത്രമൂലം റോഡ് |
| 9 | IX | 1. വരദൂർ ടൗൺ<br>2. താഴെ വരദൂർ<br>3. താഴെ കരണി ഭാഗം വരെ.<br>4. വരദൂർ ആസ്പത്രിഭാഗം വരെ |
| 10 | X | 1. കല്ലഞ്ചിറ സോപ്പ്ഫാക്ടറി മുതൽ പാലംവരെ<br>2. താഴെ കരണിമുതൽ 4 സെൻറ് കോളനി വരെ<br>3. കരണി മില്ലുമുതൽ ഫുട്പാത്തിലൂടെ |
| 11 | X | കാര്യമ്പാടി-അരിമുളവരെ |

## അത്യാവശ്യമായി ട്രാൻസ് ഫോർമർ വേണ്ട സ്ഥലം

| നമ്പർ | വാർഡ് | സ്ഥലം |
|---|---|---|
| 1 | VII | പറളിക്കുന്ന് ജങ്ഷൻ<br>(കല്പറ്റ KSEB ) |
| 2 | VI | കമ്പ്ളക്കാട് മലന്തോട്ടം ജങ്ഷൻ |
| 3 | IX | (കല്പറ്റ KSEB )<br>വരദൂർ പാടിക്കര ലിഫ്ട് ഇറിഗേഷൻ പദ്ധതിസ്ഥലം |
| 4 | X | കരണികല്ലഞ്ചിറലിഫ്റ്റ് ഇറിഗേഷൻ സ്ഥലം (ബത്തേരി KSEB ) |
| 5 | XI | പുത്തൂർ കണ്ണാസ്പത്രി സമീപം<br>(ബത്തേരി KSEB ) |

## വൈദ്യുതി എത്തിക്കേണ്ട സ്ഥലങ്ങൾ

| നമ്പർ | വാർഡ് | സ്ഥലം |
|---|---|---|
| 1 | I | 1 പാടിക്കുന്ന്<br>2 ലക്ഷംവീട്<br>3 കാവടം<br>4 കായക്കുന്ന് |
| 2 | II | കൊല്ലിവയൽ, പുളിക്കൽ പ്രദേശം, പച്ചിലക്കാട് മിച്ചഭൂമി |
| 3 | III | 1 കെൽട്രോൺ കുന്ന്<br>2 എളിന്തിലാട്ട് കുന്ന്<br>3 കണിയാമ്പറ്റ ലക്ഷംവീട് കോളനി<br>4 പച്ചിലക്കാട് മിച്ചഭൂമി<br>5 കാനഞ്ചേരിക്ക് പുറകുവശം കളരിക്കുന്ന് ഭാഗം<br>6 ചീങ്ങാടി ഹെൽത്ത് സെൻററിൽ നിന്നും പണിയകോളനി |
| 4 | IV | 1 ഫാമിലി വെൽഫയർ സെൻറർ<br>2 മണ്ടകമൂലകുന്ന്.<br>3 കാപ്പും കുന്ന്<br>4 ആനക്കുഴിച്ചാൽ കോളനി<br>5 പടിക്കം വയൽ<br>6 കരിമ്പടക്കുനി<br>7 മണ്ടകമൂല ആദിവാസി കോളനി |

## വൈദ്യുതി എത്തിക്കേണ്ട സ്ഥലങ്ങൾ

| നമ്പർ | വാർഡ് | സ്ഥലം |
|---|---|---|
| 5 | V | വെള്ളച്ചിമൂല-പാലപ്പറ്റ എന്നീസ്ഥലങ്ങൾ. |
| 6 | VI | 1 മെയിൻ റോഡിൽ<br>2 പന്തലാടിക്കുന്നു |
| 7 | VII | 1 പറളിക്കുന്ന് ലക്ഷംവീട് കോളനി<br>2 തേർവാടിക്കുന്ന്<br>3 കാവുവയൽ ആദിവാസി കോളനി<br>4 അരിവാരം കോളനി മാധവൻ കുന്ന്<br>5 കിഴക്കയിൽ കുന്ന്<br>6 കബ്ളക്കാട് കെൽട്രോൺ കുന്ന്<br>7 പറളിക്കുന്ന് സെമിത്തേരി റോഡ് |
| 8 | VIII | 1 ചിങ്ങാടി കോളനി<br>2 പടവയൽ കോളനി<br>3 ചിത്രമൂല കോളനി<br>4 കായക്കണ്ടി കോളനി<br>5 കുമ്മിണിപറ്റ കോളനി<br>6 ചിറ്റൂർപുഴക്കുനി കോളനി<br>7 പുളിക്കൽക്കുന്ന്<br>8 അരിവാരം കുന്ന് കോളനി<br>9 റബ്ബർ കുന്ന് കോളനി<br>10 കേണിവയൽ കോളനി<br>11 കൊഴിഞ്ഞങ്ങാട്ട് കോളനി<br>12 താമരകൊല്ലി കോളനി<br>13 പൂന്തോട്ടം കുന്ന് കോളനി<br>14 ചിത്രമൂല മിച്ചഭൂമി<br>15 അമ്പലച്ചാൽ കോളനി |
| 9 | IX | 1 ചൗണ്ടേരി കുന്ന്<br>2 പാടിക്കരഭാഗത്ത്<br>3 കീരിപറ്റ കുന്ന്<br>4 പഴഞ്ചോറ്റിൽ<br>5 താഴെ കരണി, താഴെ പാടിക്കര<br>6 താഴെ വരദൂർ കോളനി |
| 10 | X | 1 കാവുവയൽ ലിഫ്റ്റ് ഇറിഗേഷൻ ഭാഗത്തേക്ക് |
| 11 | XI | 1 പടാരികുന്ന് 2 ചരളമ്പം<br>3 അട്ടക്കുളം 4 തരിവാരം<br>5 അത്തിപ്പുര 6 ചോലപ്പാറ<br>7 വള്ളിപറ്റ 8 ഓണിവയൽ<br>9 കണ്ണമ്പറ്റ 10 ചോമാടി<br>11 പൊങ്ങിനിതൊടി 12 നാരമാങ്ങ |

# സഹകരണം

വികസന പ്രക്രിയയിൽ സഹകരണത്തിൻെറ പങ്ക് വളരെ വലുതാണ് നമ്മുടേതുപോലുള്ള വികസര രാജ്യങ്ങളിൽ സഹകരണത്തിലൂടെ മാത്രമേ മുന്നേറാനാവൂ. എന്നാൽ സഹകരണ പ്രസ്ഥാനത്തെക്കുറിച്ച് വികലമായ ധാരണയാണ് ജനങ്ങൾക്കുള്ളത്. ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഒരു മാധ്യമം എന്ന നിലയിലാണ് സഹകരണ രംഗത്തെ പലരും കാണുന്നത്. ഈ പ്രവണത സഹകരണ പ്രസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. സഹകരണത്തിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങൾക്കുപരിയായി നമുക്ക് സഹകരണത്തിലൂടെ എങ്ങിനെ കൂടുതൽ പുരോഗതി നേടാം എന്നതായിരിക്കണം നമ്മുടെ ചിന്ത. ഇതിനായി ശ്രമിക്കുമ്പോൾ സഹകരണ പ്രസ്ഥാനത്തെക്കുറിച്ച് അടുത്തറിയേണ്ടതുണ്ട്. അങ്ങിനെ അറിയുമ്പോൾ സഹകരണ പ്രസ്ഥാനത്തിൻെറ ചിഹ്നമായ " കോർത്തുപിടിച്ച കൈ" യുടെ അന്തസത്ത കണ്ടെത്താൻ കഴിയും.

<u>ഇന്നത്തെ അവസ്ഥയും പ്രശ്നങ്ങളും</u>

സഹകരണ മേഖലയിൽ കൂടുതൽ ജന പങ്കാളിത്തമുള്ള ഒന്നാണ് പ്രാഥമിക സഹകരണ സംഘങ്ങൾ. പ്രാദേശിക ജന വിഭാഗങ്ങളെ ഉന്നംവെച്ചുള്ളതാകയാൽ ഇതിൻെറ ബഹുജനാടിത്തറ വിപുലമാണ്. പക്ഷേ ഭൂരിപക്ഷ സംഘങ്ങളും ഈ ജില്ലയിൽ നഷ്ടത്തിലാണ്. സംഘത്തിലെ അഗത്വം നേടുന്നവരിൽ ഭൂരിപക്ഷംപേരും സാമ്പത്തിക പുരോഗതിയേക്കാൾ വോട്ടവകാശം ലഭിക്കും എന്നതിനുവേണ്ടിയാണ് അംഗത്വം എടുക്കുന്നത്. 10 രൂപ(പത്ത്) മുടക്കി അംഗമാകുന്നആൾക്ക് വോട്ടവകാശം ലഭിക്കും എന്നതല്ലാതെ സംഘത്തിൻെറ ദൈനംദിന പ്രവർത്തനത്തിലും പുരോഗതിയിലും പങ്കാളിത്തമോ താത്പര്യമോ ഉണ്ടാകുന്നില്ല. സംഘത്തിന് അത്തരം മെമ്പർമാർ ഒരു ബാധ്യതയാണ്.

ഏത് ഉദ്ദേശത്തിനാണോ കടം വാങ്ങുന്നത് ആഉദ്ദേശത്തിനുതന്നെ അത് ഉപയോഗിക്ക പ്പെടുന്നില്ല എന്നത് സർവ്വസാധാരണമാണ്. ഇതുമൂലം തിരിച്ചടവിനുള്ള കഴിവ് കുറയുന്നു. കടം തിരിച്ചടവ് സമയത്തിന് നടക്കുന്നില്ല. തന്മൂലം സംഘങ്ങൾ ഭീമമായ നഷ്ടത്തിലേക്കു നീങ്ങുന്നു.

സംഘത്തിൻെറ ഭരണ സമിതിയും ജീവനക്കാരും തമ്മിലുള്ള നല്ല ബന്ധവും കൂട്ടായ പ്രവർത്തനവും സംഘത്തിൻെറ ശോഭനമായ ഭാവിക്ക് അത്യാവശ്യമാണ്. അർപ്പണ ബോധത്തിലൂടെയുള്ള പ്രവർത്ത നത്തിലൂടെ മാത്രമേ നമ്മുടെ സഹകരണ സംഘങ്ങളെ നല്ലനിലയിൽ മുന്നോട്ടു കൊണ്ടുപോകാനാകൂ.

## പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹ കരണ സംഘങ്ങളും ഇന്നത്തെ സ്ഥിതിയും.

### 1 കണിയാമ്പറ്റ സർവ്വീസ് കോ-ഓപ റേറ്റീവ് ബാങ്ക്.

ദീർഘകാലമായി പ്രവർത്തന രംഗത്തുവന്ന പലവിധ കാരണങ്ങളാലും സംഘത്തിൻെറ സ്ഥിതി ആശങ്കാജനക മാണ്. അമിതമായ ശമ്പള ഭാരം, യഥാകാലം കടം തിരിച്ചടവ് കിട്ടായ്ക, തുണിക്കട, മാവേലിസ്റ്റോർ എന്നിവയുടെ നടത്തിപ്പിൽ വന്ന നഷ്ടം എന്നിവ കാരണങ്ങളിൽ ചിലതാണ്. പ്രവർത്തന ശേഷി കുറഞ്ഞുപോയ ബാങ്കിൻെറ ഉന്നമനത്തിനായി ലക്ഷ്യബോധത്തോടെ യുള്ള പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. 1993-ൽ സംഘം പ്രവർത്തനത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അധിക മുണ്ടായിരുന്ന ജീവനക്കാരെ ഒഴിവാക്കി. അവധികഴിഞ്ഞ കടങ്ങൾ മുഴുവൻ പിരിച്ചെ ടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കുറെ കടങ്ങൾ തിരിച്ചുപിടിക്കാൻ കഴിഞ്ഞതും സ്വർണ്ണ പണയ കടം പുനരാരം ഭിച്ചതും സംഘത്തിൻെറ സ്ഥിതി മെച്ച പ്പെടുത്തുന്നതിന് സഹായിച്ചു. സംഘ ത്തിലെ 10% മെമ്പർമാർക്ക് മാത്രമേ കാർഷിക കടങ്ങൾ നൽകുന്നുള്ളൂ. 90% അംഗങ്ങൾക്കും കടം നൽകാൻ കഴിഞ്ഞി ട്ടില്ല. ഫലത്തിൽ ഈ സംഘംകൊണ്ട് ഇപ്പോഴും പഞ്ചായത്തിൻെറ പുരോഗതി യിലും ജനങ്ങളുടെ ക്ഷേമത്തിന് ഒരു നേട്ടവും ഇല്ല എന്നതാണ് വസ്തുത. മേൽ സംഘങ്ങൾക്ക് നൽകാനുള്ള അവധി ബാക്കിയായ കടം ക്രമാതീതമായതിനാലും, കവറേജ് വ്യത്യാസമുള്ളതിനാലും ഇന്ന് നഷ്ടത്തിലായതിനാലും (നഷ്ടം കുറഞ്ഞി ട്ടുണ്ട്) ആവശ്യമായ പണം ജില്ലാബാങ്കിൽ നിന്ന് യഥാസമയത്ത് ലഭിക്കാറില്ല. കാർഷിക കടം നൽകുന്ന തിൻെറ പരമാവധി പതിനായിരം രൂപ എന്നത് ഇരുപതിനായിരമായി വർദ്ധിപ്പി ച്ചിട്ടുണ്ട്.

### 2. കണിയാമ്പറ്റ പട്ടികജാതി സഹക രണ സംഘം.

1983-ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിന് 207 അംഗങ്ങളുണ്ട്. അംഗീകൃത ഓഹരി മൂലധനം 2 ലക്ഷം രൂപയാണ്. 90% സർക്കാർ ഓഹരിയാണ്. കാര്യക്ഷമമായ നേതൃത്വത്തിൻെറ അഭാവം ഇതിൻെറ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്.

### 3. നടവയൽ ഗിരിജൻ സഹകരണ സംഘം.

1982-ൽ പ്രവർത്തനം തുടങ്ങിയ ഈ സംഘത്തിൽ 612 അംഗങ്ങളുണ്ട്. ഓഹരി വില 10 രൂപയാണ്. പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 6120 രൂപയും സർക്കാർ ഓഹരി 2,50,000 രൂപയുമാണ്. ഇത് പഞ്ചാ യത്ത് തലത്തിൽ പ്രവർത്തനം വ്യാപിപ്പി ച്ചിട്ടില്ല എന്നത് ന്യൂനതയാണ്. ഒരു വെൽ ഡിങ്ങ് യൂനിറ്റും ഫോട്ടോസ്റ്റാറ്റ് യൂനിറ്റും പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ കാര്യക്ഷ മമായി പ്രവർത്തിപ്പിക്കാവുന്നതാണ്.

## ക്ഷീരസഹകരണ സംഘങ്ങൾ

### 1. വരദൂർ പാൽവിതരണ സഹകരണ സംഘം:-

കണിയാമ്പറ്റ പഞ്ചായത്തിലെ 9, 10,11 വാർഡുകളും പൂതാടി പഞ്ചായത്തിലെ 2, 3, 4,5 വാർഡുകളും ഇതിന്റെ പരിധിയിൽ വരുന്നു. 30-10-69ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിൽ 1183 അംഗങ്ങളും 13590 രൂപ ഓഹരി മൂലധനവും ഉണ്ട്. കണായാമ്പറ്റ പഞ്ചായത്തിൽ നിന്നും 1700 ലിറ്റർ പാലും പൂതാടി പഞ്ചായത്തിൽ നിന്നും 1500 ലിറ്റർ പാലും ശരാശരി പ്രതിദിനം സംഭരിക്കുന്നുണ്ട്.

പഞ്ചായത്തിൽ വരദൂർ, കരണി, പുതൂർ എന്നിവിടങ്ങളിൽ ഡിപ്പോകളും താഴെ വരദൂർ, കല്ലഞ്ചിറ, കല്ലുവയൽ അരിമുള എന്നിവിടങ്ങളിൽ പാൽ സംഭരണവും ഉണ്ട്. 11 സ്ഥിരം ജീവനക്കാരും 4 താൽക്കാലിക ജീവനക്കാരും സംഘത്തിൽ ജോലി ചെയ്യുന്നു. ഉൽപാദകരുടെ മുഴുവൻ പാൽ സംഭരിക്കുകയും കാലിത്തീറ്റ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. സംഘത്തിന്റെ ഒരു ക്ഷീരോലപ7 നിർമ്മാണയൂനിറ്റ് പ്രവർത്തിക്കുന്നു.

### പള്ളിക്കുന്ന് ക്ഷീരോല്പാദക സഹകരണ സംഘം.

കണിയാമ്പറ്റ പഞ്ചായത്തിലെ 4, 5, 6 വാർഡുകളും, പനമരം പഞ്ചായത്തിലെ 9, 10 വാർഡുകളും, കോട്ടത്തറ പഞ്ചായത്തിലെ 3, 6, 7, 8 വാർഡുകളുമാണ് ഈ സംഘത്തിന്റെ പ്രവർത്തന മേഖല. 3-12-1965-ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിൽ 272 മെമ്പർമാരുണ്ട്. 980 ലിറ്റർ പാൽ പ്രതിദിനം ശേഖരിക്കുന്നുണ്ട്. സ്ഥിരം ജീവനക്കാർ മൂന്നുപേരാണ് ഈ സംഘത്തിലുള്ളത്. സംഘത്തിന് സ്വന്തമായി ആറര സെൻറ് സ്ഥലവും അതിൽ 3 ലക്ഷം രൂപ മതിപ്പ് വിലയുള്ള കെട്ടിടവും ഉണ്ട്. ആകെ ഓഹരിമൂലധനം 4800 രൂപയാണ്.

### 3. ചിറ്റാലൂർ കുന്ന് ക്ഷീരസഹകരണ സംഘം.

കണിയാമ്പറ്റ പഞ്ചായത്തിലെ ഒന്നാം വാർഡ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒന്നാണ് ഈ സംഘം. 1995 ൽ പ്രവർത്തനം ആരംഭിച്ചു. ആകെ 272 അംഗങ്ങൾ. 4800 രൂപ പ്രവർത്തന മൂലധനവും ഉണ്ട്.

### 4. ചിക്കല്ലൂർ ക്ഷീരോല്പാദക സഹകരണ സംഘം.

1996 ൽ കണിയാമ്പറ്റ പഞ്ചായത്തിലെ 2,3 വാർഡുകൾ പരിധിയായി പ്രവർത്തനം ആരംഭിച്ച സംഘമാണ്. പ്രവർത്തനം അടുത്തകാലത്തുമാത്രം ആരംഭിച്ച ഈ സംഘത്തെ സംബന്ധിച്ച് ഇപ്പോൾ പരാമർശിക്കുന്നത് ഉചിതമല്ലെന്നു തോന്നുന്നു.

### നടവയൽ ലിറ്ററി ആൻറ് എജുക്കേഷണൽ സൊസൈറ്റി.

1983 ലാണ് കേരളത്തിൽ തന്നെ ആദ്യമായാണ് ഇത്തരം ഒരു സൊസൈറ്റി നടവയലിൽ പ്രവർത്തനം ആരംഭിക്കുന്നത്. 283 പേർ അംഗങ്ങളാണ്. ഓഹരി വില 25രൂപ പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം 775 രൂപ ഫണ്ടിന്റെ അഭാവം മൂലം പ്രവർത്തന രഹിതമാണ്.

### കണിയാമ്പറ്റ വനിതാ വ്യവസായ കോ-ഓപറേറ്റീവ് സൊസൈറ്റി.

1992-ൽ വ്യവസായ കേന്ദ്രത്തിൽ ഈ സ്ഥാപനം രജിസ്റ്റർചെയ്ത് പ്രവർത്തനം ആരംഭിച്ചു. ഓഹരിവില 100 രൂപ. അംഗീകൃത ഓഹരി മൂലധനം 50000 രൂപ. നിലവിലുള്ള അംഗങ്ങൾ 60. പിരിഞ്ഞുകിട്ടിയ മൂലധനം 20000 രൂപ. സർക്കാർ

ഓഹരി 8200 രൂപയാണ്. ലോണായി 120000 രൂപ കിട്ടിയിട്ടുണ്ട്. ഭരണ സമിതി കാര്യക്ഷമമല്ല. തൊഴിലാളികൾ ലഭ്യമല്ല. സംഘം പ്രവർത്തന രഹിതമാണ്.

## സഹകരണ പരിശീലന കേന്ദ്രം-കരണി

കരണിയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൻെറ അറ്റകുറ്റ പണികൾ നടത്തുകയും ആൺകുട്ടികൾക്ക് ഹോസ്റ്റൽ പണിയുകയും വേണം. ഈ സ്ഥാപനം 100% സംവരണ സീറ്റുകളുള്ളത് മാറ്റം വരുത്തി കുറെ ജനറൽ സീറ്റും അനുവദിക്കേണ്ട താണ്.

## വയനാട് കോ- ഓപറേറ്റീവ് റബ്ബർ ആൻറ് അഗ്രികൾച്ചറൽ മാർക്കറ്റിങ്ങ് സൊസൈറ്റി-നമവയൽ.

ഈ സംഘത്തിന് ധന സഹായം ആവശ്യമാണ്. ഗോഡൗൺ, പണിയേണ്ട താണ്. വ്യാപാര മേഖലയിലെ വില വ്യതിയാനം നേരിടുന്നതിന് അപ്പക്സ് സംഘങ്ങളെ ശക്തമാക്കണം. പ്രാഥമിക സംഘമായ ഈ സൊസൈറ്റി സംഭരിച്ചു നൽകുന്ന ചരക്കിന് ന്യായമായ വില ലഭ്യമാക്കണം. കൃഷിക്കാർക്ക് ഉല്പ്പന്ന ങ്ങളുടെ ഈടിൽ വായ്പ കൊടുക്കാനുള്ള സൗകര്യം സംഘത്തിനുണ്ടാകണം. ഈ സംഘം വഴി വിപണനം നടത്തുമ്പോൾ കിട്ടുന്ന ഇൻസെൻറീവിന് പരിധി നിശ്ചയിച്ചിരിക്കുന്നത് ഒഴിവാക്കണം. ആവശ്യമായത്ര രാസ വളത്തിൻെറ ലഭ്യത ഉറപ്പ് വരുത്തണം.

സംഘങ്ങൾ വഴിയും അല്ലാതെയും കൃഷിക്കാർക്ക് ലഭിക്കുന്ന രാസ വളങ്ങളുടെ സബ്സിഡി വ്യക്തമല്ലാത്ത കാരണങ്ങ ളാൽ ചോർന്നുപോകുന്ന ഒരവസ്ഥ നിലവി ലുണ്ട്. ഈ ചോർച്ച കണ്ടെത്തി പരിഹരി ക്കാൻ സാധിക്കണം. സബ്സിഡിയുടെ യഥാർത്ഥരൂപം കൃഷിക്കാർക്ക് മനസ്സി ലാകുന്ന രീതിയിലുള്ള ബോധവൽക്ക രണം ആവശ്യമാണ്.

## കരണി സോപ്പ് പ്രൊഡ്യൂസേർസ് ഇൻഡസ്ട്രിയൽ കോ-ഓപറേറ്റീവ് സൊസൈറ്റി.

1992-ൽ പ്രവർത്തനം ആരംഭിച്ച ഓഹരി മൂലധനം 50000 രൂപ. അംഗങ്ങൾ 26 ഓഹരിവില 100 രൂപ ഖാദി ബോർഡിൽ നിന്ന് 270000 രൂപ ധനസഹായം ലഭിച്ചിട്ടുണ്ട്. കാര്യക്ഷമമായ നേതൃത്വവും കൂടുതൽ പ്രവർത്തന മൂലധനവും ആവശ്യമുണ്ട്. പ്രതി ദിനം 1 ടൺ ഉല്പാദന ശേഷിയുണ്ട്.

## സ്കൂൾ കോ - ഓപറേറ്റീവ് സൊസൈറ്റികൾ.

കണിയാമ്പറ്റ ഗവഃഹൈസ്കൂൾ, നടവയൽ സെൻറ് തോമസ് ഹൈസ്കൂൾ, കണിയാമ്പറ്റ ഗവഃയു. പി സ്കൂൾ എന്നിവിടങ്ങളിൽ കോ-ഓപറേറ്റീവ് സൊസൈറ്റികൾ ഉണ്ട്. അദ്ധ്യാപകർ എ ക്ളാസ് അംഗങ്ങളും വിദ്യാർത്ഥികൾ ബി ക്ളാസ് അംഗങ്ങളുമാണ്. എ ക്ളാസ് ഓഹരി വില 5 രൂപയും, ബി ക്ളാസ് ഓഹരി വില 1 രൂപയുമാണ്. പ്രധാന പ്രവർത്തനം പാഠപുസ്തകങ്ങൾ വിത രണം ചെയ്യലാണ്. വിദ്യാർത്ഥികൾക്ക് വളരെയധികം പ്രയോജനം ചെയ്യേണ്ട സ്കൂൾ സംഘങ്ങൾ പ്രായേണ നിർജീവ ങ്ങളാണ്.

## സാധ്യതകൾ

സഹകരണ രംഗത്ത് പൊതുവായി നിലനിൽക്കുന്ന അന്യതാ ബോധം മാറ്റി അംഗങ്ങളുടെ സജീവമായ പങ്കാളിത്തവും കാര്യക്ഷമമായ മാനേജ്മെൻറും വഴി നല്ല പുരോഗതി ഈ രംഗത്ത് കൈവരിക്കാം വികസന പ്രക്രിയയ്ക്ക് ഒട്ടേറെ സഹായം നൽകാൻ ഈ മേഖലയ്ക്ക് കഴിയും നിലവിലുളള പല സൊസൈറ്റികളും കൂടുതൽ വ്യാപകമാക്കിയും പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയും രക്ഷിച്ചെടുക്കാവുന്നതാണ്.പുതിയതായി പല മേഖലകളിൽ സഹകരണസംഘങ്ങൾ സ്ഥാപിക്കുന്നതിനും സാധ്യതകൾ ഉണ്ട്.

## 1. കണിയാമ്പറ്റ സർവ്വീസ് സഹകരണ ബാങ്ക്.

കാർഷിക കടങ്ങൾ നൽകുന്നതിനാവശ്യമായ ഫണ്ട് കൂടുതലായി അനുവദിച്ചും, സ്കീംമാറ്റി ലോൺ ആവശ്യത്തിനനുസരിച്ച് ലഭ്യമാക്കിയും പുതുതായി ഡിപ്പോസിറ്റുകൾ ആകർഷിച്ചും, കൂടുതൽ സ്വർണ്ണപണയം വായ്പ നൽകിയും ഈ ബാങ്കിന് ലാഭത്തിൽ പ്രവർത്തിക്കുവാൻ കഴിയും. ഇ സംഘത്തിലെ മെമ്പർമാർക്കാവശ്യമുളള വളം ആവശ്യത്തിനനുസരിച്ച് ലഭ്യമാക്കുകയും അംഗങ്ങൾ ഇവിടെ നിന്നുമാത്രം പണം എടുക്കുകയും ചെയ്താൽ അത് വലിയ നേട്ടമായിരിക്കും.

## 2. കണിയാമ്പറ്റ പട്ടികജാതി സഹകരണ സംഘം.

പഞ്ചായത്തിലെ മുഴുവൻ പട്ടികജാതിക്കാരെയും അംഗങ്ങളാക്കിയും പരിശീലനം ലഭിച്ച വിദഗ്ധരെ ഔദ്യോഗിക സ്ഥാനങ്ങളിൽ നിയമിച്ചും സംഘം പുനർജീവിപ്പിക്കാവുന്നതാണ്. പല സ്കീമുകളും പുതുതായി ഏറ്റെടുക്കുന്നതുവഴി പഞ്ചായത്ത് ജീവിതം മെച്ചപ്പെടുത്തുന്നതിന് ഈ സംഘത്തിന് ധാരാളം ചെയ്യാൻ കഴൻയും.

## ദ. നടവയൽ ഗിരിജൻ സഹകരണ സംഘം.

ഈ സംഘത്തെ പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തെക്കും വ്യാപിപ്പിക്കാവുന്നതാണ്. ആദിവാസികളുടെ ക്ഷേമത്തിനും അവർക്ക് സ്ഥിരം വരുമാനം ഉറപ്പ് വരുത്തുന്നതിനും ഉതകുന്ന ധാരാളം പ്രവർത്തനങ്ങൾ ഈ സംഘത്തിന് ഏറ്റെടുക്കാവുന്നതാണ്. അവരുടെ പരമ്പരാഗതമായ പല അറിവുകളും ഇതിനുവേണ്ടി പ്രയോജനപ്പെടുത്താം.

## ക്ഷീര സഹകരണ സംഘങ്ങൾ.

ക്ഷീര കർഷകർക്ക് സഹായകരമാവുന്നതരത്തിൽ കാലിത്തീറ്റ നിർമ്മാണവും, തീറ്റപുൽകൃഷിയും സംഘങ്ങൾക്ക് ഏറ്റെടുക്കാം. അംഗങ്ങൾക്ക് തീറ്റപുൽ വിത്തുകൾ വിതരണം ചെയ്യുകയും തങ്ങളുടെ തോട്ടങ്ങളിൽ ഇടകൊളളുകൾ തോറും തീറ്റപ്പുല്ല് വച്ചുപിടിപ്പിക്കാൻ പ്രോത്സാഹനം നൽകുകയും വേണം. പാൽ ഉപയോഗിച്ചുളള പുതിയ ഉത്പന്നങ്ങളുടെ നിർമ്മാണവും, വിതരണവും ആരംഭിക്കാവുന്നതാണ്.

## വ്യവസായ സഹകരണ സംഘങ്ങൾ.

പഞ്ചായത്തിൽ നിലവിലുളള സംഘങ്ങളെല്ലാം ഒന്നുകിൽ പ്രവർത്തന രഹിതമോ അല്ലെങ്കിൽ നാമമാത്രമായി പ്രവർത്തിക്കുന്നവയോ ആണ്. ഈ രംഗത്ത് ഊർജ്ജിതമായ ശ്രദ്ധയും, ശ്രമങ്ങളും ഉണ്ടാകേണ്ടതുണ്ട്. ഇവയുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും, മെച്ചപ്പെടുത്തുന്നതിനും ജനകീയാസൂത്രണത്തിൻെറ ഭാഗമായി ശ്രമങ്ങളും പദ്ധതിയും ഉണ്ടാകണം.

## സ്കൂൾ സഹകരണ സംഘങ്ങൾ

ഇവയുടെ പ്രവർത്തനം പഞ്ചായത്തുതലത്തിൽ (സ്കൂൾ കോംപ്ളക്സ് തലത്തിൽ) ഏകോപിപ്പിക്കുകയും ഊർജ്ജിതപ്പെടുത്തുകയും വേണം. വിദ്യാർത്ഥികൾക്കാവശ്യമായ പഠനോപകരണങ്ങൾ, സ്റ്റേഷനറി സാധനങ്ങൾ തുടങ്ങിയവ ഒന്നായി വാങ്ങി സ്കൂളുകൾ വഴി മിതമായ വിലക്ക് വിതരണം ചെയ്യാൻ കഴിയണം. സ്കൂൾ സംഘങ്ങളിൽ സർക്കാർ ഓഹരിയെടുക്കേണ്ടതും കുട്ടികൾ പഠനം പൂർത്തിയാക്കി പോകുമ്പാൾ ലാഭ വിഹിതവും ഷെയറും തിരിച്ചുനൽകേണ്ടതുമാണ്.

സഹകരണ മേഖല ഇന്ന് തളർന്ന് കിടക്കുകയാണ്. അംഗങ്ങളുടെ താത്പര്യക്കുറവാണ് ഒരുകാരണം. ലാഭ വിഹിതം മെമ്പർമാർക്ക് നേരിട്ടുലഭിക്കാത്തത് അംഗങ്ങളിലും ഭരണ സമിതിയിലും താത്പര്യക്കുറവ് ഉണ്ടാകുന്നുണ്ട്. ലാഭവിഹിതം നിശ്ചിത കാലയളവിനുശേഷം അംഗങ്ങൾക്ക് നേരിട്ട് വിതരണം ചെയ്യുന്നത് നന്നായിരിക്കും. ഇതിനുവേണ്ടി കാലാനുസൃതമായി സഹകരണ നിയമത്തിൽ മാറ്റം ആവശ്യമാണ്.





# വിദ്യാഭ്യാസം

വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വയനാട്ടിൽ തന്നെ ആദ്യം തുടങ്ങിയ പ്രദേശങ്ങളിലൊന്നാണ് കണിയാമ്പറ്റ. ഭൂമിശാസ്ത്രപരമായി വയനാടിൻെറ ഹൃദയഭാഗമെന്നതും വയനാടിൻെറ എല്ലാ ഭാഗത്തുനിന്നും വാഹനസൗകര്യം ഉണ്ട് എന്നതും ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് കണിയാമ്പറ്റയുടെ അനുകൂല ഘടകങ്ങളാണ്. എന്നാൽ ഈ അവസ്ഥ വേണ്ടത്ര ഉപയോഗിക്കപ്പെട്ടിട്ടില്ല എന്നതാണ് സ്ഥിതി. വയനാട്ടിൽ 1922-23-ൽ ആദ്യമായി മൂന്ന് വിദ്യാലയങ്ങൾ തുടങ്ങിയതിൽ ഒന്നായിരുന്നു കണിയാമ്പറ്റ ഗവൺമെൻറ് സ്കൂൾ. എലിമെൻററി വിദ്യാലയമായി തുടങ്ങിയ ഈ സ്കൂൾ ഇന്ന് യു.പി.സ്കൂളാണ്. കൂടാതെ ഒരു ഗവൺമെൻറ് ഹൈസ്കൂളും കണിയാമ്പറ്റയിലുണ്ട്. 1935-ൽ തുടങ്ങിയ കമ്പളക്കാട് ഗവൺമെൻറ് യു.പി.സ്കൂൾ, 1962-ൽ തുടങ്ങിയ ചീക്കല്ലൂർ ഗവൺമെൻറ് എൽ.പി.സ്കൂൾ, നടവയൽ സെൻറ് തോമസ് ഹൈസ്കൂൾ, നടവയൽ സെൻറ് തോമസ് എൽ.പി.സ്കൂൾ എന്നിവയാണ് നമ്മുടെ പഞ്ചായത്തിലുള്ള സ്കൂളുകൾ. കണിയാമ്പറ്റ ബി.എഡ് സെൻറർ, കരണി സഹകരണ പരിശീലനകേന്ദ്രം എന്നീ ഉന്നത വിദ്യാഭ്യാസകേന്ദ്രങ്ങളും നമ്മുടെ പഞ്ചായത്തിൽ തന്നെയാണ്. അംഗീകാരമില്ലാത്ത മൂന്ന് എൽ.പി.സ്കൂളുകളും മൂന്ന് പാരലൽ കോളേജുകളും കൂടി നമ്മുടെ പഞ്ചായത്തിലുണ്ട്. പ്രീ-പ്രൈമറി വിദ്യാഭ്യാസരംഗത്ത് പത്തൊൻപത് അംഗൻവാടികളും ഒരു കിൻറർ ഗാർട്ടൻ സ്കൂളും നിലനില്ക്കുന്നു. നമ്മുടെ വിദ്യാലയങ്ങളും ഭൗതിക അക്കാദമിക സാമ്പത്തിക കാര്യങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ പട്ടികയായി കൊടുത്തിട്ടുണ്ട്.

നമ്മുടെ വിദ്യാലയങ്ങളുടെ പൊതു നിലവാരം വളരെ താഴ്ന്നതാണെങ്കിലും ചീക്കല്ലൂർ ഗവ.എൽ.പി, സെൻറ് തോമസ് എൽ.പി, നടവയൽ എന്നീ വിദ്യാലയങ്ങൾ ഇക്കാര്യ ത്തിൽ ഭേദപ്പെട്ട് നില്കുന്നു. ധാരാളം കുട്ടികൾ നമ്മുടെ പഞ്ചായത്തു കളിൽ നിന്നും മറ്റു പഞ്ചായത്തുകളിൽ പോയി പഠിക്കുന്നുണ്ട്. മൂന്ന് കാരണ ങ്ങളാണ് ഇതിന് ചൂണ്ടികാണിക്കാൻ കഴിയുക.

1. നമ്മുടെ പഞ്ചായത്തിലെ പല വാർഡുകളിലും വിദ്യാലയങ്ങൾ ഇല്ല.

2. സർക്കാർ വിദ്യാലയങ്ങളുടെ ശോചനീയാവസ്ഥയും നിലവാരക്കുറവും

3. ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള രക്ഷിതാക്കളുടെ തെറ്റായ അഭിനിവേശം.

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ പട്ടിക നോക്കുക

തങ്ങളുടെ മക്കളുടെ വിദ്യാഭ്യാസ ത്തിൽ താൽപര്യമുള്ള രക്ഷകർത്താക്കൾ നമ്മുടെ പഞ്ചായത്തിലെ സ്കൂളുകളിൽ നിന്ന് മാറിപ്പോകുന്നത് നമ്മുടെ സ്കൂളു കളുടെ നിലവാരം വീണ്ടും താഴാൻ കാരണമാകുന്നു. സർക്കാർ വിദ്യാലയങ്ങളു ടെ നിലവാരം വർദ്ധിപ്പിച്ചുകൊണ്ട് മാത്രമേ വിദ്യാഭ്യാസരംഗത്ത് ഇന്ന് നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കാനാവൂ. വിദ്യാലയ ങ്ങളിലെ നിരക്ഷരത പരിഹരിക്കപ്പെടാതെ പോകുന്നത് വിദ്യാഭ്യാസരംഗത്തിൻെറ മൊത്തമായ തകർച്ചക്ക് വഴിവെക്കുന്നു. ഉയർന്ന ക്ലാസുകളിൽ എത്തിയതിനുശേഷം നിലവാരം മെച്ചപ്പെടുത്തുവാനുള്ള ശ്രമം ഫലം ചെയ്യുന്നില്ല. പ്രാഥമിക തലത്തിൽ വിദ്യാഭ്യാസത്തിൻെറ ഗുണനിലമാരം മെച്ചപ്പെടുത്താനുള്ള ഡി.പി.ഇ.പി പദ്ധതി യിൽ ഉൾപ്പെട്ട ജില്ലയാണ് നമ്മുടേത്. ഈ ശ്രമങ്ങൾ വിജയിക്കണമെങ്കിൽ രക്ഷ കർത്താക്കളുടെയും ജനപ്രതി നിധികളു ടെയും ശക്തമായ ഇടപെടൽ ഉണ്ടാകേണ്ടി യിരിക്കുന്നു. പഞ്ചായത്തുതല സ്കൂൾ കോംപ്ലക്സുകൾ ജനകീയപങ്കാളിത്ത ത്തോടും മേൽനോട്ടത്തോടും കൂടി നടപ്പാക്കാൻ കഴിയേണ്ടതാണ്. മേൽക്കൊടുത്തിരിക്കുന്ന പട്ടികകൾ ശ്രദ്ധിച്ചാൽ മനസിലാകുന്ന ഒരു കാര്യം നമ്മുടെ സർക്കാർ സ്കൂളുകളുടെ ദയനീയാവസ്ഥയാണ്. നിലവിലുള്ളതി ലേറെ കെട്ടിടങ്ങൾ പുതുതായി ഉണ്ടായാൽ മാത്രമേ ആവശ്യത്തിന് മതിയാകുകയുള്ളൂ. കണിയാമ്പറ്റ ഗവ. യു.പി.സ്കൂൾ, കമ്പളക്കാട് ഗവ. യു.പി. സ്കൂൾ എന്നിവ സെഷനൽ സമ്പ്രദായ ത്തിലാണ് പ്രവർത്തി ക്കുന്നത്. ഈ അവസ്ഥ മാറ്റിയെടുക്കാതെ നിലവാരവർദ്ധനവിന് പ്ലാൻ ചെയ്യുക ബുദ്ധിമുട്ടാണ്. പഠനോ പകരണങ്ങൾ നില വിലില്ലാതിരിക്കുകയോ ഉണ്ടെങ്കിലും ഉപ യോഗിക്കാൻ സൗകര്യമില്ലാതിരിക്കുകയോ ആണ് ചില വിദ്യാലയങ്ങളിലെങ്കിലും പഠനം സുഗമമായി കൊണ്ടുപോകുന്നതിനും വിദ്യാലയത്തിലെ അച്ചടക്കം നിലനിർത്തു ന്നതിനും വേണ്ട അന്തരീക്ഷം ഇല്ലാത്ത സ്ഥിതിയുണ്ട്.ഗ്രാമസഭകളിൽ ചില അദ്ധ്യാപകരെ കുറിച്ച് അഭിപ്രായവ്യത്യാസ മുണ്ടെങ്കിലും മിക്ക അദ്ധ്യാപകരെക്കുറിച്ചും നല്ല അഭിപ്രായമാണ്. വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന് അധ്യാപകരുടേയും രക്ഷിതാക്കളുടേയും വിദ്യാർത്ഥികളുടെയും കൂട്ടായ ശ്രമം കൂടിയേ തീരൂ. നമ്മുടെ സിലബസിൻെറയും പരീക്ഷാരീതിയുടെയും അപാകത കൾ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. (നിശ്ചിത ശതമാനം കുട്ടികൾ നിർബ ന്ധമായി പാസായിരിക്കണമെന്ന വ്യവസ്ഥ എടുത്തുകളയേണ്ടതാണ് എന്ന് പൊതുവെ അഭിപ്രായമുണ്ടായി.) കമ്പളക്കാട്, കണി യാമ്പറ്റ എന്നീ സ്കൂളുകളിൽസാധാരണ സ്കൂളുകളിൽ നിന്ന് ഭിന്നമായ കലണ്ടർ നിലനില്ക്കുന്നത് വിദ്യാഭ്യാസ നിലവാര

ത്തെ ബാധിക്കുന്നുണ്ട്. അധ്യാപക- വിദ്യാർത്ഥി അനുപാതം 1.30 എന്ന രീതിയിലാക്കി മാറ്റുകയും അത് പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുകയും വേണം. യാതൊരു കാരണവശാലും വിദ്യാഭ്യാസ വർഷത്തിനിടയിൽ അധ്യാപകരെ സ്ഥലം മാറ്റരുത്. സ്കൂൾ വർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ ഒഴിവുകൾ നികത്താനും ശ്രദ്ധിക്കണം.

## പ്രശ്നപരിഹാര നിർദ്ദേശങ്ങൾ

ഗ്രാമസഭയിൽ നിന്നും ഉയർന്നുവന്ന പൊതുവായ ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. താൽക്കാലിക നിയമനത്തിനുള്ള അവകാശം ബന്ധപ്പെട്ട പഞ്ചായത്തുകളെ ഏൽപ്പിക്കേണ്ടതാണ്.
2. അദ്ധ്യാപകർക്ക് ഇൻസർവ്വീസ് കോഴ്സുകൾ അവധിക്കാലത്ത് മാത്രം സംഘടിപ്പിക്കുകയും പങ്കാളിത്തം നിർബന്ധമാക്കുകയും ചെയ്യുക.
3. അദ്ധ്യാപകരെ സെൻസസ് തുടങ്ങിയ ജോലികൾക്ക് നിയമിക്കുന്നതിന് പകരം തൊഴിൽരഹിതരായ ചെറുപ്പക്കാരെ പ്രസ്തുത ജോലികൾക്ക് നിയമിക്കുക.
4. സ്കൂളിൽ ചേർക്കാനുള്ള പ്രായം അഞ്ച്വയസ്സ് എന്നത് ആറുവയസ്സെങ്കിലും ആക്കി വർദ്ധിപ്പിക്കുക.
5. പ്രീ-പ്രൈമറി വിദ്യാഭ്യാസം ഏകീകൃത സ്വഭാവമുള്ളതാക്കുക.
6. സിലബസ് അടിസ്ഥാനത്തിലുള്ള പഠനം പ്രീ-പ്രൈമറി തലത്തിൽ നിന്നും എടുത്തുകളയുക. കളിയിലൂടെ കാര്യങ്ങൾ ഗ്രഹിക്കുകയാണ് വേണ്ടത്.
7. പഠനമാധ്യമം പ്രൈമറിതലത്തിലെങ്കിലും നിർബന്ധമായും മാതൃഭാഷയാക്കുക.
8. സ്കൂളിൽ ചേരാൻ വൈകുന്നവരെയോ ഇടക്കു പഠനം നിർത്തുന്നവരേയോ അതിനുള്ള കാരണങ്ങൾ കണ്ടെത്തി വീണ്ടും പഠനം തുടരുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിന് വേണ്ടി പഞ്ചായത്ത മെമ്പറുടെ നേതൃത്വത്തിൽ വാർഡുതല ജനകീയ സമിതി രൂപീകരിക്കുക
9. കായികരംഗത്തെ എല്ലാ കുട്ടികൾക്കും പരിശീലനം ലഭിക്കത്തക്കരീതിയിൽ സ്കൂൾ കോംപ്ലക്സ് അടിസ്ഥാനത്തിൽ കായിക അദ്ധ്യാപകരെ നിയമിക്കുകയും അവർ കോംപ്ലക്സിനു കീഴിലുള്ള സ്കൂളുകളിൽ സമയം മുൻകൂട്ടി നിശ്ചയപ്പെടുത്തി ക്ലാസ് എടുക്കുകയും ചെയ്യുക. ടൈം-ടേബിളിൽ ഉൾപ്പെടുത്തി എല്ലാ ആഴ്ചയും കൈത്തൊഴിൽ പരിശീലനം, കായിക പരിശീലനം, സാഹിത്യസമാജം എന്നിവ നടപ്പിലാക്കുക.

## വാർഡുകളിൽ നടപ്പാക്കുന്നതിന് നിർദ്ദേശിക്കപ്പെട്ട പദ്ധതികൾ

1. നടവയൽ സെൻറ് തോമസ് എച്ച്.എസിൽ പ്ലസ്-റ്റൂ കോഴ്സ് അനുവദിക്കണം.
2. ചീക്കല്ലൂർ ഗവ.എൽപി.സ്കൂൾ അപ്ഗ്രേഡ് ചെയ്യണം.
3. കളിസ്ഥലം നിർമ്മിക്കണം.
4. കോമ്പൗണ്ട് വാൾ നിർമ്മിക്കണം.
5. സ്കൂൾ വൈദ്യുതീകരണം നടത്തണം
6. കണിയാമ്പറ്റ യു.പിസ്കൂളിനോടനുബന്ധിച്ച് പ്രീ-പ്രൈമറി തുടങ്ങുക.
7. കണിയാമ്പറ്റ ഗവ.ഹൈസ്കൂളിൽ ഒരു മൂത്രപ്പുര കൂടി പണിയുക.
8. കണിയാമ്പറ്റ ഗവ.ഹൈസ്കൂളിൽ 3 മുറികളുള്ള കെട്ടിടം പണിയുക.
9. കണിയാമ്പറ്റ ഹൈസ്കൂളിൻെറ കോമ്പൗണ്ട് വാൾ പൂർത്തിയാക്കുക.
10. സാക്ഷരതാ പ്രവർത്തനത്തിന് കുറഞ്ഞത് അഞ്ച് കേന്ദ്രങ്ങൾ തുടങ്ങുക.
11. പഞ്ചായത്തിൽ ഏറ്റവും നല്ല സ്കൂളിനും ഏറ്റവും നല്ല അദ്ധ്യാപകനും സമ്മാനം ഏർപ്പെടുത്തുക.
12. കണിയാമ്പറ്റ യു.പി. സ്കൂളിന് കളിസ്ഥലവും സ്റ്റേജും നിർമ്മിക്കുക. ആവശ്യമായ സ്ഥലം ലഭ്യമാക്കുക. പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.
13. ചുണ്ടക്കരയിൽ ടൈപ്പ് റൈറ്റിംഗ് സെൻറർ, കമ്പ്യൂട്ടർ സെൻറർ എന്നിവ തുടങ്ങുക.

— [illegible] —

............................................ ഗ്രാമപഞ്ചായത്ത്

3.3 സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങൾ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള കെട്ടിടം/മുറികൾ നിർമ്മിക്കാനുള്ള സ്ഥലമുണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒരേസമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ളവയുടെ എണ്ണം | നിലവിലുള്ള കക്കൂസുകളുടെ എണ്ണം | ഇനി ആവശ്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ളസൗകര്യം ഉണ്ട്/ഇല്ല | വൈദ്യുതീകരണം ഉണ്ട്/ഇല്ല | ചുറ്റുമതിൽ | ഗ്രൗണ്ട് | നിലവിലുള്ള കെട്ടിടങ്ങൾ ഉപയോഗയോഗ്യമാണോ/ഇല്ല | ഇനി ആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | | | | | | | | | | | | | ബെഞ്ച് | ഡെസ്ക് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| ജി.യു.പി.എസ് [illegible] | 21 | 2 | – | – | 8 | – | – | 17 | ഉണ്ട് | 2 | 30 | 1 | 3 | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 100 | 120 | 20 | 24 | 6 |
| ജി.യു.പി.എസ് [illegible] | 18 | 1 | 1 | – | 4 | 3 | – | 12 | ഉണ്ട് | 1 | 10 | 1 | 1 | – | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 100 | 100 | 5 | 10 | 5 |
| സെ: തോമസ് H.S. നടവയൽ | 28 | 6 | – | – | 18 | 10 | – | ഇല്ല | ഉണ്ട് | 3 | 40 | 1 | 2 | – | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | – | – | – | – | 10 |
| GHS [illegible] | 16 | 1 | – | – | 2 | – | – | 6 | ഉണ്ട് | 1 | 4 | 2 | 1 | 1 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | 30 | 20 | – | – | 2 |
| GLPS ചീങ്ങല്ലൂർ | 4 | 1 | – | – | 5 | – | – | 5 | ഉണ്ട് | 2 | 20 | ഇല്ല | 2 | 1 | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | 25 | – | – | – | – |
| സെ: തോമസ് LPS. | 17 | 2 | 2 | – | 11 | 11 | – | ഇല്ല | ഇല്ല | 3 | – | – | 3 | – | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 125 | – | – | – | – |
| | | | | | | | | | | | | | | | | | | | | | | | | |

## 9.4. അക്കാദമിക് സൗകര്യങ്ങൾ

| സ്ക്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ ഇല്ല പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല | ലാബൊറട്ടറി/സയൻസ് കോർണർ ഉണ്ട്/ ഇല്ല പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല | പഠനോപകരണങ്ങൾ (മാപ്പ്, ചാർട്ടുകൾ, ഗ്ലോബുകൾ) വേണ്ടത്ര ഉണ്ട്/ ഇല്ല | ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ-എണ്ണം: റേഡിയോ | ടേപ്പ്റെക്കോർഡർ | ടി.വി. സെറ്റ് | വി.സി.ആർ/വി.സി.പി. | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർ ഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ബ്ലാക്ക് ബോർഡ്: ആവശ്യത്തിനുള്ളത് | നിലവിലുള്ളത് | 95-96 ൽ ലഭിച്ച അദ്ധ്യയന ദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങൾ | പ്രത്യേക പൊതു അവധികളിലൂടെ നഷ്ടമായ അദ്ധ്യയന ദിനങ്ങളുടെ എണ്ണം. | മാതൃസംഗമം സജീവം/ സജീവമല്ല | ക്ലാസ് റൂം പി.ടി.എ കൾ പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| GUPS [illegible] | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 15 | 8 | 205 | ഇല്ല | 15 | സജീവമല്ല | ഉണ്ട് |
| GUPS [illegible] | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 18 | 12 | 213 | ഇല്ല | 4 | [illegible] | ഇല്ല |
| St. Thomas H.S നടവയൽ | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 28 | 28 | 194 | ഇല്ല | 6 | [illegible] | ഉണ്ട് |
| GHS [illegible] | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 4 | 6 | 194 | ഇല്ല | 4 | [illegible] | ഉണ്ട് |
| GLPS ചീക്കല്ലൂർ | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | | | 193 | ഇല്ല | 7 | സജീവമല്ല | ഇല്ല |
| ST: Thomas LPS. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 18 | 18 | 192 | ഇല്ല | ഇല്ല | സജീവം | ഉണ്ട് |

ഗ്രാമപഞ്ചായത്ത്

9.7 സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| ക്രമനമ്പർ | സ്കൂളിന്റെ പേര് | മെറിറ്റ് സ്കോളർഷിപ്പ് | ലംപ്സംഗ്രാന്റ് | മുസ്ലിം പെൺകുട്ടികളുടെ സ്കോളർഷിപ്പ് | വികലാംഗ സ്കോളർഷിപ്പ് | ജവാന്മാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം | ബീഡി തൊഴിലാളി സ്കോളർഷിപ്പ് | മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | മറ്റുള്ളവ (വ്യക്തമാക്കുക) |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | GUPS. ഇഞ്ചക്കാട് | | 68 | | 2 | ഇല്ല. | ഇല്ല | ഇല്ല | 59 |
| | GUPS കൊക്കിയാമ്പറ. | ഇല്ല. | 77 | | ഇല്ല. | – | ഇല്ല. | ഇല്ല. | – |
| | ST. Thomas HS. നടവയൽ | | 184 | 55 | 4. | – | ഇല്ല. | ഇല്ല. | – |
| | GHS. കൊക്കിയാമ്പറ. | | 71 | 200. | 5 | – | ഇല്ല. | ഇല്ല. | – |
| | GLPS. ചീക്കല്ലൂർ | | 66 | | ഇല്ല | – | ഇല്ല. | ഇല്ല | – |
| | ST. Thomas LPS നടവയൽ. | 2 | 190 | | ഇല്ല. | – | ഇല്ല. | ഇല്ല. | – |
| | | | | | | | | | |

## 9.2. സ്കൂളിന്റെ പൊതുവിവരം.

| സ്ക്കൂളിന്റെ പേര് | ഹൈ. സ്ക്കൂൾ യു.പി / എൽ.പി പ്രീ. പ്രൈമറി | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | | സ്ക്കൂൾ ക്യാമ്പസിന്റെ മൊത്തം വിസ്തീർണം | കളിസ്ഥലത്തിന്റെ വിസ്തീർണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണം. | മറ്റ്കുറിപ്പുകൾ ചുറ്റുമതിൽ, അറ്റകുറ്റപണികൾ, ഫർണിച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | അംഗീകാരം ഇല്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| ജി.യു.പി.എസ്. കണിയാമ്പറ്റ | U.P | ✓ | | | | 470 | 340 | [illegible] | 27 | 24 | – | – | 99 സെന്റ് | [illegible] | – | [illegible] |
| ജി.യു.പി.എസ്. കമ്പളക്കാട് | U.P | ✓ | | | | 394 | 425 | 819 | 22 | 22 | – | 1 | [illegible] | [illegible] | [illegible] | [illegible] |
| സെൻറ് തോമസ് ഹൈ സ്കൂൾ നടവയൽ | H.S TUP | | ✓ | | | 563 | 603 | 1166 | 46 | 46 | – | – | [illegible] | [illegible] | [illegible] | [illegible] |
| ജി. എച്ച്. എസ്. കണിയാമ്പറ്റ | H.S | ✓ | | | | 408 | 394 | 806 | 26 | 25 | | 1 | [illegible] | [illegible] | — | [illegible] |
| ജി. എൽ. പി. എസ്. ചീക്കല്ലൂർ | L.P | ✓ | — | | — | 87 | 73 | 160 | 4 | 4 | – | – | [illegible] | [illegible] | [illegible] | [illegible] |
| സെൻറ് തോമസ് എൽ. പി. സ്കൂൾ നടവയൽ | L.P | | ✓ | | | 340 | 377 | 717 | 17 | 14 | – | – | [illegible] | [illegible] | – | [illegible] |
| | | | | | | 2302 | 2256 | | 142 | 143 | | 2 | | | | |

4558

GUPS

------------------------------ ഗ്രാമപഞ്ചായത്ത്

**9.1 കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ**

സ്കൂളിന്റെ പേര് :

| | | ആകെ കുട്ടികൾ | | | SC/ST കുട്ടികളുടെ എണ്ണം | | | തോറ്റു പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ* | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | സ്റ്റാൻഡേർഡ് | | | | | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | പഠനം നിർത്തിയവരുടെ മൊത്തം എണ്ണം |
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| ജി.യു.പി.എസ്. കണിയാമ്പറ്റ | I | 470 | 380 | 850 | 44 | 20 | 64 | 16 | 6 | 22 | 21 | 18 | 39 | 26 | 23 | 49 | 47 | 33 | 80 | 129 |
| ജി.യു.പി.എസ്. കമ്പളക്കാട് | II | 394 | 425 | 819 | 32 | 36 | 64 | 1 | 2 | 3 | 14 | 16 | 34 | 1 | 4 | 5 | 5 | 3 | 4 | 13 |
| സെൻറ് തോമസ് ഹൈ സ്കൂൾ നടവയൽ | III | 563 | 603 | 1166 | 91 | 96 | 187 | 18 | 13 | 31 | 72 | 39 | 111 | 4 | – | 4 | 17 | 6 | 23 | 27 |
| സെൻറ് തോമസ് എൽ. പി. സ്കൂൾ നടവയൽ | IV | 380 | 377 | 757 | 103 | 84 | 187 | 14 | 9 | 23 | 32 | 21 | 53 | 4 | 3 | 7 | 5 | 1 | 6 | 13 |
| ജി. എച്ച്. എസ്. കണിയാമ്പറ്റ | V | 405 | 345 | [illegible] | 41 | 27 | 68 | 5 | 1 | 6 | 35 | 34 | 69 | 5 | 2 | 10 | 32 | 12 | 44 | 54 |
| ജി. എൽ. പി. എസ്, ചീക്കല്ലൂർ | VI | 87 | 73 | 160 | 41 | 33 | 74 | 4 | 3 | 7 | 0 | 1 | 1 | 3 | 4 | 0 | 1 | 1 | 1 | 5 |
| | VII | | | | | | | | | | | | | | | | | | | |
| | VIII | | | | | | | | | | | | | | | | | | | |
| | IX | | | | | | | | | | | | | | | | | | | |
| | X | | | | | | | | | | | | | | | | | | | |
| | ആകെ | | | | | | | | | | | | | | | | | | | |

- പഠനം നിർത്തിയവരെ സംബന്ധിച്ച് കഴിഞ്ഞ 5 വർഷത്തെ വിവരം ശേഖരിക്കുന്നത് നല്ലതാണ്.
- ഓരോ സ്ക്കൂളിനും ഇത്തരത്തിലുള്ള ഒരു ഫോറം ഉപയോഗിക്കണം. പഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കുന്ന ഇതേഫോറം തന്നെ ഉപയോഗിക്കാം.

## 9.8. ചെലവ് സംബന്ധിച്ച വിവരങ്ങൾ (ആവർത്തന സ്വഭാവമുള്ളത്)

| സ്കൂളിന്റെ പേര് | ചെലവ് | | | | | | | | വരവ് A | | | വരവ് B | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്ക് | ഉപകരണങ്ങൾ/ ഫർണിച്ചറുകൾ അറ്റകുറ്റ പണികൾക്ക് | ഉപകരണങ്ങൾ രാസവസ്തുക്കൾ ഉപയോഗത്തിനുള്ള സാധനങ്ങൾ | സ്പോർട്സ് | കലാ-വിനോദങ്ങൾക്ക് | ലൈബ്രറികൾക്ക് | ഉച്ചക്കഞ്ഞിക്ക് | മറ്റിനങ്ങൾക്ക് | സർക്കാർ | തദ്ദേശസ്ഥാപനങ്ങൾ | ആകെ | ഫീസിനത്തിൽ | എൻഡോവ്മെന്റ് | പി.ടി.എ. ഫണ്ട് | മറ്റുമാർഗ്ഗങ്ങളിലൂടെയുള്ള വരവ് | ആകെ വരവ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17. |
| GUPS. കണിയാമ്പറ്റ | 6300 | – | – | 399 | 1600 | – | 14000 | 3000 | 3500 | 4093 | 7593 | 1552 | – | 2000 | – | 10995 |
| ST. തോമസ് നടവയൽ | 2000 | 1200 | 600 | | | | | | 4735 | - | 4738 | – | - | - | – | 4738 |
| GUPS, കമ്പളക്കാട് | 7287 | 2000 | 500 | 2500 | 2500 | 1000 | 15000 | – | 3905 | 10192 | 14097 | 1170 | – | 8696 | – | 23957 |
| GHS. കണിയാമ്പറ്റ | 15028 | 3451 | 1508 | 2296 | 529 | 1508 | – | 8527 | – | 12147 | 12197 | 4818.25 | – | 13700 | | 36665.75 |
| GLPS. ചീക്കല്ലൂർ | 2317 | – | – | – | 52 | – | 8250 | 2922 | 3517 | 1223 | 4740 | – | – | 7797 | – | 12537 |
| St. Thomas LPS. നടവയൽ | 975 | 800 | – | 1200 | 1500 | – | 15750 | – | 8974 | 1635 | 10609 | – | - | 43853 | – | 54462 |

14. മുള്ളാറമ്പത്ത് കുന്നിൽ ഒരു എൽ.പി. സ്കൂൾ തുടങ്ങുക.

15. കമ്പളക്കാട് യു.പി.സ്കൂൾ അപ്ഗ്രേഡ് ചെയ്യുക. 9 മുറികളുള്ള കെട്ടിടം പണിയുക.

16. കമ്പളക്കാട് സ്കൂൾ ഗ്രൗണ്ടിന് നടുക്കുള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുക.

17. അരിവാരത്ത് ടൈപ്പ് റൈറ്റിംഗ് കേന്ദ്രം തുടങ്ങുക.

18. കമ്പളക്കാട് യു.പി.സ്കൂളിൽ ശുദ്ധജലവിതരണം ഏർപ്പെടുത്തുക.

19. സ്കൂളിന് കോമ്പൗണ്ട് വാൾ നിർമ്മിക്കുക.

20. സ്കൂളിന് കക്കൂസ്, മൂത്രപ്പുര എന്നിവ നിർമ്മിക്കുക.

21. സെഷനൽ സമ്പ്രദായം നിർത്തുന്നതിനാവശ്യമായ കെട്ടിടം പണിയുക.

22. വരദൂർ എ.യു.പി. സ്കൂൾ ഉൾപ്പെടെ പൂതാടി പഞ്ചായത്തിലെ കുറച്ചുഭാഗങ്ങൾ കണിയാമ്പറ്റ പഞ്ചായത്തിലേക്ക് ചേർക്കുക (കോട്ടവയൽപുഴ അതിരു നിശ്ചയിച്ച് കണിയാമ്പറ്റ പഞ്ചായത്ത് വികസിപ്പിക്കുക)

23. കരണിയിൽ ഒരു എൽ.പി.സ്കൂൾ സ്ഥാപിക്കുക.

24. സഹകരണപരിശീലനകേന്ദ്രം സീറ്റുകൾ വർദ്ധിപ്പിച്ച് പൊതുസ്ഥാപനമാക്കുക. (ഇപ്പോൾ എസ്.സി എസ്.ടി വിഭാഗത്തിന് മാത്രമാണ് പ്രവേശനം.)

25. സഹകരണകേന്ദ്രത്തിന് ചുറ്റുമതിൽ, ആൺകുട്ടികളുടെ ഹോസ്റ്റൽ എന്നിവ പണിയുക.

## സാധ്യതകൾ

1. നടവയൽ സെൻറ് തോമസ് ഹൈസ്കൂൾ എയിഡഡ് ആയതിനാൽ പ്ലസ്ടു സ്ഥാപിക്കുന്നതിൻെറ ബാധ്യത മാനേജ്മെൻറ് ഏറ്റെടുക്കും.

2. സ്കൂൾ വൈദ്യുതീകരണത്തിൻെറ ചുമതല പി.ടി.എ. കമ്മറ്റികളെ ഏല്പിക്കാം.

3. പ്രീ-പ്രൈമറികൾ തുടങ്ങുന്നതിന് നിലവിലുള്ള പദ്ധതിയനുസരിച്ച് പി.ടി.എ കമ്മറ്റികൾക്ക് പദ്ധതികൾ തയ്യാറാക്കാൻ കഴിയും.

4. പുതിയ സ്കൂളുകൾ ആരംഭിക്കുന്നതിന് നിലവിലുള്ള നിബന്ധനകൾ അനുസരിച്ച് സ്ഥലവും കെട്ടിടവും നാട്ടുകാരിൽ നിന്ന് കിട്ടാൻ ശ്രമം നടത്താം.

5. കളിസ്ഥലങ്ങൾക്കുള്ള സ്ഥലം സംഭാവനയായി കിട്ടുന്നതിന് ശ്രമം നടത്താം.

## ലൈബ്രറികളും വായനശാലകളും

പഞ്ചായത്തിലാകെ 13 സ്ഥാപനങ്ങൾ ഉള്ളതായി കാണുന്നു. ഇതിൽ ഒരെണ്ണം മാത്രമാണ് പഞ്ചായ ത്തിൻെറ നേരിട്ടുള്ള നിയന്ത്രണത്തിലുള്ളത്. പല ഗ്രന്ഥശാലകളും ഗ്രാൻറ് കിട്ടുന്നതിനാലാണ് നില നിന്നുപോകുന്നത്. നല്ല നിലയിൽ പ്രവർത്തിക്കുന്നതിന് സഹായിക്കേണ്ട ചുമതല പഞ്ചായത്തിനുണ്ട്. പല വായനശാലകളും വാടക കെട്ടിടങ്ങളിലാണുള്ളത്.

അതുപോലെ കലാകായിക ക്ലബുകൾ ധാരാളം ബുദ്ധിമുട്ടുകൾ തരണം ചെയ്താണ് മുന്നോട്ട് പോകുന്നത്. എന്നിട്ടും കേരളോത്സവം പോലുള്ള പരിപാടികളിൽ പങ്കെടുക്കുകയും ജില്ലാടിസ്ഥാനത്തിൽ മികവു തെളിയിക്കുകയും ചെയ്യുന്നവർ ഈ പഞ്ചായത്തിൽ ധാരാളമുണ്ട്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ എല്ലാ വായനശാലകൾക്കും സ്ഥലവും കെട്ടിടവും ലഭ്യമാക്കണം.

2. പുസ്തകങ്ങൾ, ഫർണിച്ചറുകൾ, വൈദ്യുതി എന്നിവ ലഭ്യമാക്കണം.

3. എല്ലാ വായനശാലകൾക്കും ആനുകാലികപ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കണം.

4. കലാകായികക്ലബ്ബുകൾക്കും കെട്ടിടം, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കണം.

5. സഞ്ചരിക്കുന്ന വായനശാല പഞ്ചായത്തടിസ്ഥാനത്തിലെങ്കിലും ഉണ്ടാകണം.

6. സ്കൂൾ ലൈബ്രറികൾ പുസ്തകങ്ങൾ നല്കി ശക്തിപ്പെടുത്തുക.

## സാധ്യതകൾ

1. പ്രാദേശികമായി സ്ഥലം സംഭാവനയായി കിട്ടാൻ സാധ്യതയുണ്ട്.

2. കെട്ടിടനിർമ്മാണത്തിന് അദ്ധ്വാനം സംഭാവനയായി കിട്ടാൻ സാധ്യതയുണ്ട്.

3. പുസ്തകങ്ങൾ സംഭാവനയായി സ്വീകരിക്കുന്ന കാമ്പൈൻ സംഘടിപ്പിക്കാം.







# ഗതാഗതം

<u>**ആമുഖം**</u>

**ഗ്രാമത്തിന്റെ വികസനത്തിന് ഏറ്റവും പ്രധാനമായ ഘടകങ്ങളിൽ ഗതാഗതം പ്രാധാന്യമർഹിക്കുന്നു. അധികാരവികേന്ദ്രീകരണം എല്ലാ അർത്ഥത്തിലും വ്യാപ്തിയിലും പ്രാവർത്തികമാക്കാൻ ലക്ഷ്യമിടുന്ന ഈ പദ്ധതിയിൽ ഗതാഗതരംഗത്ത് നടത്തേണ്ട പ്രവർത്തനങ്ങൾ 5 ഘടകങ്ങളായാണ് രേഖപ്പെടുത്തുന്നത്. പഞ്ചായത്തിൽ വാഹന ഗതാഗതയോഗ്യമായ റോഡ് പഞ്ചായത്ത് നിലവിൽ വരുമ്പോൾ 7 കി.മീ മാത്രമായിരുന്നു. ഇന്നാകട്ടെ ടാർ ചെയ്ത 24.5 കി.മീറ്ററും, വാഹനഗതാഗതയോഗ്യമായ 119.5 കി.മീ റോഡും ഉണ്ട്.**

**നിലവിലുള്ള റോഡുകളേയും പുതിയവയേയും ഏറ്റെടുത്ത് പ്രവർത്തനം നടത്തേണ്ട സൗകര്യത്തിനു വേണ്ടി നാലു തരത്തിൽ കാണേണ്ടതുണ്ട്.**

**1. പി.ഡബ്ല്യൂ.ഡി. റോഡുകൾ**

**2. ജില്ലാ പഞ്ചായത്ത് റോഡുകൾ**

**3. ബ്ലോക്ക് പഞ്ചായത്ത് റോഡുകൾ**

**4. ഗ്രാമപഞ്ചായത്ത് റോഡുകൾ**

**ഒന്നിൽക്കൂടുതൽ പഞ്ചായത്തുകളിലൂടെ പോകുന്ന റോഡുകൾ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളെ ഏല്പിക്കേണ്ടതാണ്.**

ഒന്നിൽ കൂടുതൽ ബ്ലോക്കുകളെ കൂട്ടിയിണക്കുന്ന റോഡുകളെ ജില്ലാ പഞ്ചായത്ത്, പി.ഡബ്ല്യൂ.ഡി എന്നിവയെ ഏല്പിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

നിലവിൽ കണിയാമ്പറ്റ കബ്ലക്കാട് അങ്ങാടികളിൽ മാത്രമേ ജീപ്പ്, ടാക്സി താൽക്കാലിക സ്റ്റാൻറുകൾ ഉള്ളൂ. പഞ്ചായത്തിൽ മെറ്റൽ ചെയ്ത റോഡ് 11.40 കി.മീറ്ററും മണ്ണ് റോഡ് 83.415 കി.മീറ്ററും ഉണ്ട്. കല്പറ്റ പച്ചിലക്കാട് റോഡിലും, കല്പറ്റ പള്ളിക്കുന്ന് റോഡിലും, (കബ്ലക്കാട്ട്) മീനങ്ങാടി പച്ചിലക്കാട് റോഡിലും, കണിയാമ്പറ്റ വരദൂർ റോഡിലും കൂടി 70 ഓളം പൊതുമേഖലയിലും സ്വകാര്യമേഖലയിലുള്ള ബസ്സുകളും ട്രക്കർ ജീപ്പുകളും സർവ്വീസ് നടത്തുന്നുണ്ട്. റോഡ് ശൃംഖല സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും അറ്റകുറ്റപ്പണികൾ യഥാസമയം നടക്കാത്തത് കൊണ്ടും ഓവുചാലുകളുടെയും അഭാവം കാരണം റോഡുകളിൽ വെള്ളം കെട്ടി നില്ക്കുകയും റോഡുകൾ താറുമാറാകുകയും ചെയ്യുന്നു. റോഡുകളുടെ നിർമ്മാണത്തിൽ വേണ്ടത്ര ആസൂത്രണമില്ലായ്മയും, ഗുണനിലവാര തകർച്ചയും ധാരാളം കാണുന്നുണ്ട്. ആവശ്യത്തിന് ഓവുചാലുകളും ഓവുപാലങ്ങളും ഇല്ലായ്മയും റോഡുകളുടെ വീതിക്കുറവും അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. ഇവയുടെ കുറവ് റോഡുകൾ വേഗം കേടുവരുന്നതിന് കാരണമാകുന്നു. നിലവിലുള്ള റോഡുകൾ വികസിപ്പിക്കുന്നതിന് പ്രധാന തടസം റോഡുകൾ വീതി കൂട്ടുന്നതിനും പുതുതായി നിർമ്മിക്കുന്നതിനും ആവശ്യമായ സ്ഥലം വിട്ടു തരാൻ സ്ഥലമുടമകൾ മടിക്കുന്നതു കൊണ്ടാണ്. ചില ഗ്രാമസഭകൾ ഇതിന് തയ്യാറാണെന്ന് സമ്മതിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ശക്തമായ ജനകീയ ഇടപെടലുകൾ ആവശ്യമാണ്. ഇപ്പോൾ പല റോഡുകളും പണിതുടങ്ങി വയ്ക്കുകയും പല ഘട്ടങ്ങളിലായി പൂർത്തിയാകാതെ കിടക്കുകയും ചെയ്യുന്നുണ്ട്.

## സാദ്ധ്യതകൾ

നിലവിൽ പണി പല ഘട്ടങ്ങളിലായി നില്ക്കുന്ന റോഡുകൾ പൂർത്തീകരിക്കുന്നതിന് അടിയന്തിരമായി പരിപാടികൾ ആവിഷ്കരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾ റോഡുപണികൾ ഏറ്റെടുക്കുമ്പോൾ ഈ രൂപത്തിൽ സമയബന്ധിതമായി ഇതു ചെയ്യുന്നതിന് താഴെ പറയുന്ന മുൻഗണനാക്രമം സ്വീകരിക്കാവുന്നതാണ്.

1. പൊതുസ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവയുമായി ബന്ധപ്പെടുന്ന റോഡുകൾ ഒന്നാം മുൻഗണന നല്കുക.
2. പണി തുടങ്ങുകയും പൂർത്തീകരിക്കാതിരിക്കുകയും ചെയ്യുന്ന റോഡുകൾ പൂർത്തീകരിക്കാൻ മുൻഗണന നല്കുക. ഇതു ചെയ്യുമ്പോൾ കൂടുതൽ ജനങ്ങൾക്ക് ഉപകാരപ്പെടുന്നത് ആദ്യം ഏറ്റെടുക്കണം.
3. വിവിധ ഘട്ടങ്ങളിൽപണി നടന്നുകൊണ്ടിരിക്കുന്ന റോഡുകൾ മേൽ നിർദ്ദേശിച്ച രീതിയിൽ ഫണ്ട് അനുവദിക്കുമ്പോൾ 40% മൺപണി തീർക്കാത്തവ തീർക്കാനും 20% സോളിങ്ങ് മെറ്റലിങ്ങിനും 20% ടാറിങ്ങിനും അനുവദിയ്ക്കണം. പുതിയ റോഡുകൾ നിർമ്മിക്കുന്നതിന് ബാക്കി 20% ഉപയോഗിക്കണം.

നിലവിലുള്ള റോഡുകളുടെ സ്ഥിതി വളരെ ശോചനീയമാണ്. 24.5 കി.മീറ്റർ ടാർ റോഡുള്ളവയിൽ പലതും വളരെ മോശമായിട്ടുണ്ട്. അവ നന്നാക്കി എടുക്കുന്നതിന് പി.ഡബ്ല്യൂ.ഡി.യും ബന്ധപ്പെട്ട പഞ്ചായത്തുകളുടെയും കൂട്ടായ ശ്രമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ടാർ ചെയ്ത റോഡുകളുടെ ലിസ്റ്റ് പ്രത്യേകമായി കൊടുത്തിരിക്കുന്നു.

അവയിൽ പലതും പൂർത്തീകരിക്കപ്പെടാത്തവയാണ്. അവ പൂർത്തീകരിക്കപ്പെടണം. മറ്റു റോഡുകൾ വാർഡ് അടിസ്ഥാനത്തിൽ അനുബന്ധമായി കൊടുത്തിട്ടുണ്ട്. ഡ്രെയിനേജ്, നടപ്പാതകൾ, നടപ്പാലം, കൾവർട്ടുകൾ എന്നിവയും അനുബന്ധമായി കൊടുത്തിട്ടുണ്ട്.

സ്ഥിരമായി അപകടങ്ങൾ ഉണ്ടാകുന്ന കമ്പ്ലക്കാട് കെൽട്രോൺ വളവിലും, പച്ചിലക്കാടും, സ്കൂൾ പരിസരങ്ങളിലും ഹമ്പുകൾ അടിയന്തിരമായി നിർമ്മിക്കേണ്ടതാണ്. ഇലക്ട്രിക്പോസ്റ്റുകളും, ടെലഫോൺ പോസ്റ്റുകൾ, റോഡ് സൈഡിലെ സ്ഥിരസ്വഭാവമുള്ള പ്രവർത്തികൾ എന്നിവ റോഡ്സൈഡിൽ നിന്നും 6 അടിയെങ്കിലും മാറ്റി സ്ഥാപിക്കുക പ്രധാന ടൗണുകളിൽ ടാക്സി വാഹനങ്ങളുടെ പാർക്കിങ്ങ് ശാസ്ത്രീയമായി ക്രമീകരിക്കുക തുടങ്ങിയ കാര്യങ്ങളിൽ സത്വരശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഈ പഞ്ചായത്തിലെ 5,7,8 വാർഡുകളിലെ ഗ്രാമസഭകളിൽ നിന്നും വന്ന കമ്പ്ലക്കാട് പഴയപോലീസ് സ്റ്റേഷൻ നിന്ന സ്ഥലവും കെട്ടിടവും പഞ്ചായത്ത് ഏറ്റെടുത്ത് ബസ്സ്റ്റാൻറ് നിർമ്മിക്കുക എന്ന നിർദ്ദേശം നിർബന്ധമായും പരിഗണിക്കേണ്ടതാണ്.

കൂടോത്തുമ്മൽ നെല്ലിയമ്പം നടവയൽ റോഡിലെ കാവടം പുഴക്ക് കുറുകെയുള്ള പാലവും അപ്രോച്ച് റോഡും കല്ലുവയൽ-കല്ലുമൊട്ടം കുന്ന് റോഡിനെ ബന്ധിപ്പിക്കുന്ന ആവുവയൽ പുഴക്ക് കുറുകെയുള്ള പാലവും നിർമ്മിക്കേണ്ടത് ഈ പഞ്ചായത്തിൻെറ വികസനത്തിൽ അടിയന്തിര പ്രാധാന്യമർഹിക്കുന്നതാണ്.

നാടുകാണി ആദിവാസി കോളനിക്ക് സമീപം ചീക്കല്ലൂർ പുഴക്ക് കുറുകെ സ്ഥിരമായ നടപ്പാലം നിർമ്മിക്കേണ്ടതാണ്. നെല്ലിയമ്പം, മില്ല്മുക്ക്, മേലെമില്ല്മുക്ക്, എടക്കൊമ്പം, കമ്പ്ലക്കാട്ട് ഒന്നാംമൈൽ, കണിയാമ്പറ്റ ഹൈസ്കൂൾ, മേലെ കരണി, കരണി, പണിക്കർ ജംഗ്ഷൻ, പുതൂർ, അരിമുള എന്നീ സ്ഥലങ്ങളിൽ ബസ്സ്സ്റ്റോപ്പ് അനുവദിച്ച് നിർമ്മിക്കേണ്ടതാണ്.

**നിലവിൽ ടാർ ചെയ്ത റോഡ് (പൂർണ്ണമായോ ഭാഗികമായോ)**

| നമ്പർ | റോഡ് | ഉടമസ്ഥത | ടാർ ചെയ്ത ദൂരം കി.മീ. | വീതി മീറ്റർ | ബസ് മറ്റ് യാത്രാസൗകര്യം |
|---|---|---|---|---|---|
| 1. | പനമരം നടവയൽനെല്ലിയമ്പം | പി.ഡബ്ല്യൂ.ഡി | 3.200 | 5 | ഇല്ല |
| 2. | പച്ചിലക്കാട്ട് കാര്യമ്പാടി | പി.ഡബ്ല്യൂ.ഡി | 10 | 12 | ഉണ്ട്. |
| 3. | കണിയാമ്പറ്റ അരിമ്പേറുമല | പഞ്ചായത്ത് | 1.600 | 8 | ഇല്ല |
| 4. | കണിയാമ്പറ്റ വരദൂർ | പി.ഡബ്ല്യൂ.ഡി | 2.350 | 8 | ഉണ്ട്. |
| 5. | കമ്പ്ലക്കാട് പറളിക്കുന്ന് | പഞ്ചായത്ത് | 1.500 | 8 | ഇല്ല |
| 6. | കൂടോത്തുമ്മൽ ചീക്കല്ലൂർ | പി.ഡബ്ല്യൂ.ഡി | 2 | 8 | ഇല്ല |
| 7. | മില്ലുമുക്ക് ചുണ്ടക്കര | പഞ്ചായത്ത് | 3.00 | 8 | ഇല്ല |
| 8. | കരണി പടാരിക്കുന്ന് | പഞ്ചായത്ത് | 1.600 | 8 | ഇല്ല |
| 9. | നെല്ലിയമ്പം കാവടം | പി.ഡബ്ല്യൂ.ഡി | 1.500 | 8 | ഇല്ല |
| 10. | കമ്പ്ലക്കാട് കൊഴിഞ്ഞങ്ങാട് | പഞ്ചായത്ത് | 1 | 8 | ഇല്ല |
| 11. | ചുണ്ടക്കര കമ്പ്ലക്കാട് | പഞ്ചായത്ത് | 3 | 8 | ഉണ്ട് |
| 12. | കെ.എസ്.ഇ.ബി. റോഡ് | പഞ്ചായത്ത് | .400മീ. | 8 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| 13. | കരണി പറളിക്കുന്ന് | പഞ്ചായത്ത് | 3 കി.മീ. | 8 | ഇല്ല |
| 14. | പടാരിക്കുന്ന് പഴഞ്ചോറ്റിൽ | പഞ്ചായത്ത് | 1 | 8 | ഇല്ല |
| 15. | പച്ചിലക്കാട് കെൽട്രോൺവളവ് | പി.ഡബ്ല്യൂ.ഡി | 7 | 12 | ഉണ്ട് |
| 16. | കാര്യമ്പാടി അരിമുള | പി.ഡബ്ല്യൂ.ഡി | 2.5 | 8 | ഉണ്ട് |
| 17. | കരണി ആവുവയൽ | പഞ്ചായത്ത് | 600 | 8 | ഇല്ല. |

## ഗ്രാമസഭകൾ ശുപാർശ ചെയ്ത വികസിപ്പിക്കേണ്ട റോഡുകൾ

| നമ്പർ | വാർഡ് | റോഡിൻെറ പേര് |
|---|---|---|
| 1 | 1 | എം.എൽ.എ. റോഡിൽനിന്നും കാവടംമുസ്ലീം പള്ളി വഴി അമ്പലമുക്ക് റോഡ് |
| 2. | 1 | നെല്ലിയമ്പം- നടവയൽ-പാടിക്കുന്ന് റോഡ് |
| 3. | 1 | നെല്ലിയമ്പം - കായകുന്ന് റോഡ് |
| 4. | 1 | നടവയൽ ചിറ്റാലൂർകുന്ന് കാവടം റോഡ് |
| 5. | 1 | ലക്ഷം വീട് - മൈതാനി - ഹൗസിങ്ങ് കോളനി റോഡ് |
| 6. | 1 | നെല്ലിയമ്പം മാത്തൂർ കോളനി റോഡ് |
| 7. | 1 | നെല്ലിയമ്പം ടൗൺ എം.എൽ.എ റോഡ് - (കണക്ഷൻ റോഡ്) |
| 8. | 2 | ഹെൽത്ത് സെൻറർ പടിഞ്ഞാറെ വീട് റോഡ് |
| 9. | 2 | മൃഗാശുപത്രി - കൊല്ലി വയൽ ചീക്കല്ലൂർ റോഡ് |
| 10. | 2 | മൃഗാശുപത്രി - അംബേദ്കർ കോളനി റോഡ് |
| 11. | 2 | എരനെല്ലൂർ നിന്ന് പുത്തൻ വീട് കോളനി റോഡ് |
| 12. | 2 | പച്ചിലക്കാട്ട് -മിച്ചഭൂമി റോഡ് |
| 13. | 2 | എരനെല്ലൂർ - ഹെൽത്ത് സെൻറർ റോഡ് |
| 14. | 2 | കൊല്ലി വയൽ - എം.എൽ.എ റോഡ്- (കണക്ഷൻ റോഡ്) |
| 15. | 2 | മേച്ചേരി പൊയിൽ കോളനി റോഡ് |
| 16. | 3 | എളത്തിലാട്ട് കുന്ന് - ഹൈസ്കൂൾ റോഡ് |
| 17. | 3 | കാനച്ചേരി - പച്ചിലക്കാട് റോഡ് |
| 18. | 3 | കണിയാമ്പറ്റ ലക്ഷം വീട് റോഡ് |
| 19. | 3 | എടകൊമ്പം - പച്ചിലക്കാട്ട് റോഡ് |
| 20. | 3 | ചിങ്ങാടി കുമ്മിണി പറ്റ റോഡ് |
| 21. | 3 | ചിങ്ങാടി കോളനി റോഡ് |
| 22. | 4 | കണിയാമ്പറ്റ - ശ്മശാനം റോഡ് |
| 23. | 4 | പച്ചിലക്കാട്ട് - പടിക്കംവയൽ കോളനി റോഡ് |
| 24. | 4 | കണിയാമ്പറ്റ - മണ്ടകമൂല കോളനി റോഡ് |
| 25. | 4 | കരിമ്പട കുനി - കാപ്പംകുന്ന് റോഡ് |
| 26. | 4 | മൂലവയൽ - പള്ളിതാഴെ റോഡ് |
| 27. | 5 | ചുണ്ടക്കര - പുളിയോരത്ത് കമ്പളക്കാട് റോഡ് |
| 28. | 5 | ചുണ്ടക്കര - പാലപററ റോഡ് |
| 29. | 5 | പാലപറ്റ - അമ്പലമൂട് റോഡ് |
| 30. | 6 | പള്ളിമുക്ക് കരിമ്പടക്കുനി - ചുണ്ടക്കര റോഡ് |
| 31. | 6 | പോലീസ്സ്റ്റേഷൻ -പന്തലാടിക്കുന്ന് റോഡ് |

| | | |
|---|---|---|
| 32. | 6 | പന്തലാടി പണിയകോളനി - അംഗനവാടി റോഡ് |
| 33. | 6 | കബ്ബക്കാട് - വെള്ളാരം കുനി റോഡ് |
| 34. | 6 | ബാലവാടി - വെള്ളാരം കുനി റോഡ് |
| 35. | 6 | കബ്ബക്കാട് - സാംസ്കാരികനിലയം മില്ല് റോഡ് |
| 36. | 6 | കബ്ബക്കാട് ഓടക്കൊല്ലി റോഡ് |
| 37. | 6 | മുളാറമ്പത്ത് കുന്ന് - 1-ാം മൈൽ റോഡ് |
| 38. | 6 | അയനിമൂല - 1-ാം മൈൽ റോഡ് |
| 39. | 7 | പാറക്കൽ - കല്ലംചിറ റോഡ് |
| 40. | 7 | കാവുമിറ്റം - തേർവാടി റോഡ് |
| 41. | 6 | കബ്ബക്കാട് - കിഴക്കയിൽകുന്ന് റോഡ് (വയൽവഴി) |
| 42. | 6 | പറളിക്കുന്ന് - സെമിത്തേരി റോഡ് |
| 43. | 7 | തേർവാടിക്കുന്ന് - കാവുവയൽ റോഡ് |
| 44. | 7 | കബ്ബക്കാട് സ്കൂൾ - കോട്ടക്കാരൻ വയൽ റോഡ് |
| 45. | 7 | കബ്ബക്കാട്ട് തലചൂക്കാംചാൽ റോഡ് |
| 46. | 7 | കബ്ബക്കാട് പള്ളിവയൽ റോഡ് |
| 47. | 8 | വരദൂർ -കുമ്മിണിപ്പറ്റ റോഡ് |
| 48. | 8 | എടക്കൊമ്പം - പരത്തികുനി റോഡ് |
| 49. | 8 | അയ്യപ്പക്ഷേത്രം - പടവയൽ എടക്കൊമ്പം റോഡ് |
| 50. | 8 | ചിറ്റൂർ കോളനി - കല്ലച്ചിറ പുതിയ പാലം റോഡ് |
| 51. | 8 | പള്ളിയറ - പൂന്തോട്ടം റോഡ് |
| 52. | 8 | അരിവാരം പാറക്കൽ - കൊഴിഞ്ഞങ്ങാട് റോഡ് |
| 53. | 8 | പുളിക്കൽ കുന്ന് - തേർവാടി റോഡ് |
| 54. | 8 | റബ്ബർകുന്ന് - പള്ളിമുക്ക് റോഡ് |
| 55. | 8 | കോട്ടക്കാരൻ പണിയകോളനി സിനിമാഹാൾ റോഡ് |
| 56. | 8 | കെ.എസ്.ഇ.ബി. കുന്ന് കൊഴിഞ്ഞങ്ങാട് റോഡ് |
| 57. | 9 | വരദൂർ - പാടിക്കര റോഡ് |
| 58. | 9 | താഴെ വരദൂർ - കല്ലച്ചിറ റോഡ് |
| 59. | 9 | വരദൂർ പൊന്നങ്കര റോഡ് |
| 60. | 9 | താഴെ കരണി - പാടിക്കര റോഡ് |
| 61. | 9 | താഴെ വരദൂർ - ചൗണ്ടേരി മേലേ വരദൂർ റോഡ് |
| 62. | 9 | വരദൂർ - കിരിപ്പറ്റ - പടാരിക്കുന്ന് റോഡ് |
| 63. | 9 | കരണി- പടാരിക്കുന്ന് റോഡ് |
| 64. | 10 | കരണി - കല്ലവയൽ - പാറയ്ക്കൽ റോഡ് |
| 65. | 10 | കരണി - കല്ലച്ചിറ റോഡ് |
| 66. | 10 | താഴെകരണി - കല്ലഞ്ചിറ - വലിയ പാലം റോഡ് |
| 67. | 10 | കരണി - തൃണിയാംപറ്റ - കുട്ടിയമ്പലം റോഡ് |
| 68. | 10 | വട്ടകുന്ന് - ഓണിത്തോട് റോഡ് |
| 69. | 10 | പനങ്കണ്ടി - കോളനി റോഡ് |
| 70. | 11 | ചോമാടി - ഓണിവയൽ റോഡ് |
| 71. | 11 | പടാരിക്കുന്ന് വള്ളിപ്പറ്റ കോളനി റോഡ് |
| 72. | 11 | വള്ളിപറ്റ - കണ്ണമ്പറ്റ - ഓണിവയൽ - അരിമുള റോഡ് |

| | | |
|---|---|---|
| 73. | 11 | അരിമുള - പഴഞ്ചോറ്റിൽ അരിവാരം റോഡ് |
| 74. | 11 | പുതൂർ- ഓടക്കുറ്റി - ചോമാടി റോഡ് |
| 75. | 11 | ഓണിവയൽ- ചുണ്ടകൊല്ലി റോഡ് |
| 76. | 11 | വള്ളിപറ്റ - കൊല്ലിവയൽ - പടാരികുന്ന് റോഡ് |

## നടപ്പാതകൾ

താഴെപ്പറയുന്ന നടപ്പാതകൾ കല്ല് പതിച്ചും മെച്ചപ്പെടുത്തിയും സൗകര്യപ്രദമാക്കണമെന്ന് നിർദ്ദേശം ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്.

| നമ്പർ | വാർഡ് | സ്ഥലം |
|---|---|---|
| 1. | 1 | നെല്ലികുന്നേൽ അപ്പച്ചൻെറ തോട്ടത്തിൻെറ സൈഡിലുള്ള ഇടവഴി |
| 2. | 1 | നെല്ലിയമ്പലം ചോയികൊല്ലി ഇടവഴി |
| 3. | 1 | ഭൂദാനംകുന്നിലേയ്ക്കുള്ള ഇടവഴി |
| 4. | 1 | കാവടം പഞ്ചായത്തുകിണറിൻെറ മേലെയുള്ള ഇടവഴി |
| 5. | 1 | ചടയൻെറ കോളനിയിൽ നിന്നും പാടികുന്നിലേയ്ക്കുള്ള ഇടവഴി |
| 6. | 1 | ഭജനമഠത്തിൽ നിന്നും എം.എൽ.എ. റോഡിലേക്കുള്ള ഇടവഴി |
| 7. | 1 | താഴെ കാവടം അമാലരി കുന്നിലേക്കുള്ള മൊയ്തീൻെറ വീടിൻെറ മുൻവശത്തുള്ള ഇടവഴി |
| 8. | 1 | ചിറ്റാലൂർ കുന്നിൽനിന്നും അമ്പലമൂല വഴിയിലേക്കുള്ള ഇടവഴി |
| 9 | 1 | ഊരാളിപാടികിണറിൻെറ അടുത്തുനിന്ന് വയലിലേക്കുള്ള ഇടവഴി |
| 10. | 2 | പച്ചിലക്കാട് മിച്ചഭൂമിയിൽ നിന്ന് താഴെയുള്ള വഴി |
| 11. | 2 | നാടുകാണി കോളനിയുടെ സമീപമുള്ള ഇടവഴി |
| 12. | 2 | പൊങ്ങിനികുന്ന് കൊച്ചിപ്പാറ ഇടവഴി |
| 13. | 3 | ചിങ്ങാടിമാരൻെറ കോളനിയിലേക്കുള്ള വഴി |
| 14. | 3 | ചിങ്ങാടികുന്ന് കാനഞ്ചേരി ഇടവഴി |
| 15. | 3 | ഉള്ളോടൻ ഇടവഴി |
| 16. | 3 | പച്ചിലക്കാട് കളരിക്കുന്ന് ഇടവഴി |
| 17. | 4 | അരിഞ്ചേറുമൽ പള്ളിത്താഴെ വയലിലേക്കുള്ള ഇടവഴി |
| 18. | 4 | ആനകുഴിച്ചാൽ കോളനിയിലേക്കുള്ള ഇടവഴി |
| 19. | 4 | കുന്നുമലങ്ങാടി എരത്തങ്ങാട് കുന്നുവയൽ ഇടവഴി |
| 20. | 4 | മൂലവയൽ നെല്ല്യപ്പകുന്നൻ ഇടവഴി |
| 21. | 5 | 1-ാംമൈൽ ചോലേരിപ്പാള കൊല്ലി ഇടവഴി |
| 22. | 5 | അമ്പലമൂട് പള്ളിവയൽ ഇടവഴി |
| 23. | 5 | ചുണ്ടക്കര പാലപ്പറ്റ ഇടവഴി |
| 24. | 5 | മാനഞ്ചേരികിണറിന് സമീപമുള്ള ഇടവഴി |
| 25. | 5 | അംഗനവാടി മണൽ വയൽ ഇടവഴി |
| 26. | 6 | മുളാറമ്പത്ത് അയിനമൂല ഇടവഴി |
| 27. | 6 | 1-ാംമൈൽ ഇടവഴി |
| 28. | 6 | ചെമ്പൻകൊല്ലി മുളാറമ്പത്ത് കുന്ന് ഇടവഴി |
| 29. | 6 | ക്രൈംബ്രാഞ്ച് ബാലവാടി ഇടവഴി |
| 30. | 6 | പന്തലാടിക്കുന്ന് പഞ്ചായത്ത് കിണർ ഇടവഴി |

| | | |
|---|---|---|
| 31. | 6 | ബ്ലൂഡയമണ്ടിന് സമീപമുള്ള ഇടവഴി |
| 32. | 6 | മുളാരമ്പത്ത് കുന്ന് അരിയാട്ട് ഇടവഴി |
| 33. | 6 | 52-ാംമൈൽ മാനഞ്ചേരി വഴി |
| 34. | 6 | അംഗൻവാടി പി.സിമുക്ക് ഇടവഴി |
| 35. | 7 | മാധവൻകുന്ന് സിമിത്തേരി ഇടവഴി |
| 36. | 7 | സിമിത്തേരി കുറുമകോളനി ഇടവഴി |
| 37. | 7 | ലക്ഷം വീട് കോളനി ഇടവഴി |
| 38. | 7 | പറളികുന്ന് പാറയ്ക്കൽ ഇടവഴി |
| 39. | 7 | പാറക്കൽ കുടുക്കൻ കുന്ന് ഇടവഴി |
| 40. | 7 | സ്റ്റേഡിയത്തിനടുത്തുള്ള ഇടവഴി |
| 41. | 7 | കിഴക്കയിൽ കുന്ന് അരിവാരം ഇടവഴി |
| 42. | 7 | കിഴക്കയിൽ കുന്ന് മെയിൻറോഡ് ഇടവഴി |
| 43. | 8 | പള്ളിമുക്ക് താമരക്കൊല്ലി ഇടവഴി |
| 44. | 8 | കായക്കണ്ടി കണവയൽ ഇടവഴി |
| 45. | 8 | കൊഴിഞ്ഞങ്ങാട് താമരക്കൊല്ലി ഇടവഴി |
| 46. | 8 | കണവയൽകുന്ന് കെ.എസ്.ഇ.ബി. ഇടവഴി |
| 47. | 8 | പുളിക്കൽകുന്ന്കാവുമിററം വയൽ ഇടവഴി |
| 48. | 8 | പൂന്തോട്ടം പുളിക്കൽ കുന്ന് ഇടവഴി |
| 49. | 9 | ചൗണ്ടേരി ആദിവാസി കോളനി ഇടവഴി |
| 50. | 9 | കീരിപ്പറ്റ ചെമ്പകകണ്ടി ഇടവഴി |
| 51. | 9 | പടാരിക്കുന്ന് ചെമ്പകകണ്ടി ഇടവഴി |
| 52. | 9 | പഴഞ്ചോറ്റിൽ കോളനി ഇടവഴി |
| 53. | 9 | പാടിക്കര ആദിവാസി കോളനി ഇടവഴി |
| 54. | 9 | കരിംകുളം വേലായുധൻെറ വീടിനടുത്തേക്കുള്ള ഇടവഴി |
| 55. | 10 | തൃണിയംപറ്റ ഫുട്പാത്ത് |
| 56. | 10 | എം.സി അബ്ദുള്ളയുടെ സ്ഥലത്തുള്ള പൊതുകിണറിലേക്കുള്ള വഴി |
| 57. | 10 | സഹകരണകോളനി പരിസരത്തുള്ള ഇടവഴിയിൽ നിന്നും റോഡിലേക്കുള്ള ഇടവഴി |
| 58. | 10 | വട്ടക്കുന്നേൻ ഫുട്പാത്ത് |
| 59. | 10 | കെ.ജി.സദാനന്ദൻെറ വീടിൻെറ അടുത്തുള്ള ഇടവഴി |
| 60. | 10 | കെ.വി. പൗലോസിൻെറ വീടിനടുത്തുള്ള ഇടവഴി |
| 61. | 11 | ചോമാടിമില്ലിന് സമീപം വയലിലേക്കുള്ള ഇടവഴി |
| 62. | 11 | പടാരിക്കുന്ന് കൽക്കോറിയൽനിന്ന് ചോലപ്പാറ തോട്ടിലേക്കുള്ള നടപ്പാത |
| 63. | 11 | അത്തിപ്പുരകോളനിയിലേക്ക് ഇടവഴി |
| 64. | 11 | അരിമുള അംഗൻവാടിയിലേക്കുള്ള ഇടവഴി |

## നടപ്പാലങ്ങൾ

| നമ്പർ | വാർഡ് | സ്ഥലം |
|---|---|---|
| 1 | 6 | താഴെ മാനഞ്ചേരി തോടിന് കുറുകെ കോൺക്രീറ്റ് പാലം |
| 2 | 1,2 | ചീക്കല്ലൂർ നാടുകാണി കടവിൽ ചീക്കല്ലൂർപുഴക്ക് കോൺക്രീറ്റ് നടപ്പാലം |

| | | |
|---|---|---|
| 3 | 3 | കാനഞ്ചേരി തോടിന് കാനഞ്ചേരി കോളനിക്കു മുന്നിൽ കോൺക്രീറ്റ് പാലം |
| 4 | 8 | ആവുവയൽ മായൻതോടിന് കുറുകെ കോൺക്രീറ്റ് പാലം |
| 5 | 1 | ചോയിക്കൊല്ലി പുഴക്ക് കുറുകെ കോൺക്രീറ്റ് നടപ്പാലം |
| 6 | 3 | കാനഞ്ചേരി തോടിൽ കോളിപ്പറ്റ കോളനിക്കുമുന്നിൽ കോൺക്രീറ്റ് പാലം |
| 7 | 9 | പാടിക്കര, പരത്തിക്കുനി കോൺക്രീറ്റ് പാലം |

## ഡ്രെയിനേജുകൾ

| നമ്പർ | വാർഡ് | സ്ഥലം |
|---|---|---|
| 1 | 7 | പറളിക്കുന്ന് പള്ളിക്ക് താഴെ 200 മീ. നീളത്തിൽ |
| 2 | 3 | കൂടോത്തുമ്മലിൽ കൾവർട്ട് വേണമെന്ന് ആവശ്യപ്പെട്ട സ്ഥലത്തിൻെറ ഇരുവശങ്ങളിലേക്കും 3 മീ.വീതം |
| 3 | 9 | താഴെ വരദൂറിൻെറയും മേലെ വരദൂറിൻെറയും ഇടക്ക് മുസ്ലീം പള്ളിക്ക് മുൻവശം |
| 4 | 9 | താഴെകരണി നിന്ന് വരദൂർ ഭാഗത്തേക്ക് 100 മീ. നീളത്തിൽ |
| 5 | 9,10 | താഴെ കരണിനിന്ന് കരണി ഭാഗത്തേക്ക് 200 മീ. നീളത്തിൽ |
| 6. | 11 | പനങ്കണ്ടി മില്ലിൻെറ മുൻവശത്ത് നിന്ന് ഹൈസ്കൂൾ ജംഗ്ഷനിലേക്ക് 200 മീ. നീളത്തിൽ |
| 7 | 3 | കണിയാമ്പറ്റ വരദൂർ റോഡിൽ എൻ.എൻ.ബി. ശർമ്മയുടെ തോട്ടത്തിൻെറ സൈഡിൽ 200 മീ. നീളത്തിൽ |
| 8 | 7 | കബ്ബക്കാട് കരണി റോഡിൽ ആവുവയൽ പാലത്തിന് 200 മീ. മുമ്പ്, 300 മീ. നീളത്തിൽ പറളിക്കുന്ന് ഭാഗത്തേക്ക് |
| 9 | 1 | കാവടം എം.എൽ.എ റോഡിൻെറ സൈഡ് കെ.സി. മുഹമ്മദിൻെറ വീടിന് മുന്നിൽ 250മീ. |
| 10. | 6 | കബ്ബക്കാട് വലിയ പള്ളി മുസ്ലീം ശ്മശാനം മുതൽ 200 മീ. |
| 11. | 2 | കൂളിമൂല ഹെൽത്ത്സെൻറർ മുതൽ എടത്തിൽ കോളനി വരെ 500 മീ. |
| 12. | | ആവുവയൽ റോഡിന് ഡ്രൈനേജ് പ്രൊട്ടക്ഷൻ മതിൽ നിർമ്മിക്കുക. |

കൂടാതെ പി.ഡബ്ല്യൂ.ഡി നടത്തുന്ന ഓവുചാൽ നിർമ്മാണം 1 അടിയെങ്കിലും താഴ്ചയിൽ എടുത്താൽ മാത്രമേ പൂർണ്ണമായും കെട്ടികിടക്കുന്ന വെള്ളം നീക്കം ചെയ്യാൻ കഴിയൂ.

## കൾവർട്ടുകൾ

| നമ്പർ | വാഡ് | സ്ഥലം |
|---|---|---|
| 1 | 3 | പച്ചിലക്കാട്വരദൂർ റോഡിൽ കൂടോത്തുമ്മൽ ജി.ആർ.ബി.ടി.എസിന് സമീപം പച്ചിലക്കാട് ഭാഗത്തേക്ക് 100 മീറ്ററിൽ. |
| 2 | 9 | മേലെ വരദൂറിൽ കീരിപ്പറ്റ മണിയൻ നമ്പ്യാരുടെ റോഡിൽ നിന്ന് 50 മീ. മീനങ്ങാടി റോഡിലേക്ക് മാറി. |
| 3 | 7 | കബ്ബക്കാട് കൽപറ്റ റോഡിൽ കെ. ടി. ബാബുവിൻെറ വീടിന് സമീപം കൾവർട്ട് ആൻറ് വീതി കൂട്ടൽ. |
| 4 | 1 | കാവടം എം.എൽ.എ റോഡിൽ ആദിവാസി കോളനിക്ക് സമീപം. |
| 5 | 10 | കരണി കല്ലംചിറ റോഡിൽ രണ്ട് കലുങ്കുകൾ. |
| 6 | 9 | താഴെ വരദൂർ കല്ലഞ്ചിറ റോഡിൽ പാടിക്കര എന്ന സ്ഥലത്ത്. |



# ആരോഗ്യവും കുടിവെള്ള പ്രശ്നങ്ങളും

ആരോഗ്യരംഗത്ത് മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് വളരെയേറെ സങ്കീർണ്ണമായ പ്രശ്നങ്ങൾ ഉള്ള ഒരു പ്രദേശമാണ് കണിയാമ്പറ്റ പഞ്ചായത്ത് മാത്രമല്ല, ജനസാന്ദ്രതയിലും വയനാട് ജില്ലയിലെ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് വളരെയേറെ മുന്നിലാണ്. പ്രാഥമികചികിത്സാ സൗകര്യത്തിനു പോലും കി.മീറ്ററുകൾ താണ്ടേണ്ട പ്രദേശങ്ങൾ പഞ്ചായത്തിലുണ്ട്. ആരോഗ്യരംഗത്തെ പ്രശ്നങ്ങളെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുകയും പരിഹാരങ്ങൾ കണ്ടെത്തി പ്രവൃത്തിയിൽ വരുത്തുകയും അടിയന്തിരപ്രാധാന്യമുള്ളതാണ്.

**<u>പ്രശ്നങ്ങൾ</u>**

**<u>ആരോഗ്യശുശ്രൂഷാകേന്ദ്രങ്ങൾ</u>**

പി.എച്ച്.സി. 1, ആയുർവ്വേദ ഡിസ്പെൻസറി 1, ഹോമിയോ ഡിസ്പെൻസറി 1, ഐ.പി.പി.സെൻറർ 8 എന്നിവ കൂടാതെ സ്വകാര്യമേഖലയിൽ 3 ആശുപത്രികളും 4 ഡിസ്പെൻസറികളും നിലവിലുണ്ട്. ഇതിൽ കാര്യമ്പാടി കണ്ണാശുപത്രി ജില്ലയിലെ തന്നെ പ്രധാനപ്പെട്ട സ്ഥാപനമാണ്. കമ്പളക്കാട് കേന്ദ്രീകരിച്ചാണ് 2 സ്വകാര്യാശുപത്രികൾ ഉള്ളതെങ്കിലും ചികിത്സാസൗകര്യം പരിമിതമാണ്. സർക്കാർ ആശുപത്രിയിലും ഡിസ്പെൻസറിയിലും ജീവനക്കാരുടെ ദൗർലഭ്യവും കെട്ടിടസൗകര്യങ്ങളും ആവശ്യമായ മരുന്നുകളും ഇല്ലാത്തതു കൊണ്ടും പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിലല്ല നടക്കുന്നത്.

**<u>അലോപ്പതി</u>**

വരദൂർ പി.എച്ച്.സി മാത്രമാണ് പഞ്ചായത്തിലെ ഏക ആശുപത്രി. സ്ഥിരമായ

സ്റ്റാഫ് നേഴ്സിൻെറയും മരുന്നുകളുടെ ഇല്ലായ്മയും വാഹനങ്ങൾ ആവശ്യത്തിന് ഇല്ലാത്തതും മറ്റു ജീവനക്കാരുടെ കുറവും ഉള്ളത് കൊണ്ട് ഈ സ്ഥാപനവും ഫലപ്രദമായി ശുശ്രൂഷാരംഗത്ത് ഉപയോഗപ്പെടുന്നില്ല. വരദൂർ പ്രൈമറി ഹെൽത്ത് സെൻററിൽ പലപ്പോഴും സ്ഥിരമായി ഡോക്ടറില്ല.

**ആയുർവ്വേദം.**

നടവയലിൽ സ്ഥിതി ചെയ്യുന്ന ആയുർവ്വേദ ഡിസ്പെൻസറിയിൽ സ്ഥിരം ഡോക്ടറില്ല. ആഴ്ചയിൽ ഒരിക്കൽ മാത്രമെ ഡോക്ടർ വരാറുള്ളൂ. ശുദ്ധജലത്തിൻെറ ദൗർലഭ്യവും പരിഹരിക്കേണ്ടതുണ്ട്. 2 ലക്ഷം രൂപ എം.പി. ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. പക്ഷെ ഈ ഫണ്ട് വിനിയോഗിക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

**ഹോമിയോ**

പഞ്ചായത്തിലെ പള്ളിമുക്കിൽ ഒരു വാടക കെട്ടിടത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. യാതൊരു വിധ സൗകര്യങ്ങളും ഇല്ലാത്ത കെട്ടിടത്തിൻെറ 2-ാംനിലയിലുള്ള ഇടുങ്ങിയ റൂമിലാണ് സ്ഥിതി ചെയ്യുന്നത്.

**പരിഹാര നിർദ്ദേശങ്ങൾ, സാദ്ധ്യതകൾ**

നടവയലിൽ ഉള്ള ആയുർവേദ ഡിസ്പെൻസറി ജനകീയ സഹകരണത്തോടുകൂടിയും സന്നദ്ധസംഘടനകളുടെ സഹായത്തോടെ എം.പി. ഫണ്ടിൽ നിന്ന് അനുവദിച്ച 2 ലക്ഷം രൂപ മുടക്കി കെട്ടിടം നിർമ്മിക്കുകയും ചെയ്യുക. സ്ഥിരമായി ഡോക്ടർ, മറ്റു ജീവനക്കാർ എന്നിവരെ നിയമിക്കുക. ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുക, ശുദ്ധജലക്ഷാമം പരിഹരിക്കാൻ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

**അലോപ്പതി**

പഞ്ചായത്തിൽ നിലവിൽ 8 സബ് സെൻററുകൾ മാത്രമേ ഉള്ളൂ. ഇത് എല്ലാ വാർഡുകളിലും സ്ഥാപിക്കുക, പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ കഴിയണം. ജനകീയ കമ്മിറ്റികൾ ഉണ്ടാക്കി ദൈനംദിന ശ്രദ്ധ ഉണ്ടാക്കുക. സെൻററുകൾക്ക് കീഴിലുള്ള മാതൃസംഗമങ്ങൾ ഫലപ്രദമാക്കുകയും ബോധവല്ക്കരണ ക്ലാസുകൾ നടത്തുകയും ചെയ്യുക. സെൻററുകളിൽ പ്രാഥമിക ചികിത്സ നടത്തുന്നതിന് പ്രത്യേക പരിശീലനം സിദ്ധിച്ച നഴ്സുമാരുടെ സേവനം മുഴുവൻ ദിവസങ്ങളിലും ഉണ്ടാവുക. പി.എച്ച്.സി. യെ നവീകരിച്ച് വാഹനസൗകര്യത്തോടുകൂടി മൊബൈൽ ആശുപത്രിരൂപത്തിൽ വിവിധ വാർഡുകളിലുള്ള സെൻററുകളിൽ ആഴ്ചയിലൊരിക്കൽ രോഗികളെ പരിശോധിക്കുകയും മരുന്നുകൾ നല്കുകയും നിർദ്ദേശങ്ങൾ രോഗികൾക്ക് കൊടുക്കുകയും വേണം. മൊബൈൽ ആശുപത്രി സെൻററിൽ വരുന്ന ദിവസം രോഗികളെ അറിയിക്കുവാൻ ജനകീയ കമ്മിറ്റികൾ മുഖേനയും നോട്ടീസ് എന്നിവയും ഉപയോഗപ്പെടുത്താൻ കഴിയേണ്ടതുണ്ട്. പഞ്ചായത്തിൽ ഒരു പി.എച്ച്.സി യും കൂടി സ്ഥാപിക്കുന്നതിന് (രോഗികളെ കിടത്തി ചികിത്സിക്കുന്നതിന്) കണിയാമ്പറ്റ കെൽട്രോൺ വാച്ച് ഫാക്ടറിക്ക് ഒഴിവാക്കിയിട്ടുള്ളതിൽ നിന്നും 1 ഏക്കർ ഭൂമി അനുവദിക്കുന്നതിന് വേണ്ട ഇടപെടൽ ഉണ്ടാവണം.

നമ്മുടെ പഞ്ചായത്തിൽ രോഗചികിത്സയെക്കാൾ പ്രാധാന്യം ബോധവല്ക്കരണത്തിന് കൊടുക്കേണ്ടതുണ്ട്. പരിസരശുചീകരണം, അമിതമായ കീടനാശിനി പ്രയോഗങ്ങൾ എന്നിവ കർശനമായി നിയന്ത്രിക്കണം. പുകയില്ലാത്ത അടുപ്പുകൾ വ്യാപകമായി പ്രചരിപ്പിക്കാൻ

ജനകീയ പ്രസ്ഥാനങ്ങളുടെ സഹകരണം ലഭ്യമാക്കേണ്ടതുണ്ട്. പോഷകാഹാരങ്ങളുടെ കുറവ് പരിഹരിക്കാൻ വീട്ടമ്മമാരുടെ ഗ്രൂപ്പുകൾ പ്ലാൻ ചെയ്ത് പച്ചക്കറി കൃഷി നടപ്പിലാക്കാൻ ശ്രദ്ധിക്കണം. ആരോഗ്യ സംരക്ഷണരംഗത്ത് ഗണ്യമായ മാറ്റം ഉണ്ടാക്കാൻ ഇതുകൊണ്ട് കഴിയും. പി.എച്ച്.സിക്ക് ഒരേക്കർ സ്ഥലം സ്വന്തമായുണ്ട്. നിലവിലുള്ള കെട്ടിടം ആവശ്യത്തിന് പര്യാപ്തമല്ല. പുതുതായി 10 ബെഡ്ഡുള്ള ഒരു വാർഡ് 1 ഓപ്പറേഷൻ തിയേറ്റർ ക്വാർട്ടേഴ്സുകൾ എന്നിവ പണിയണം.

**ഹോമിയോ**

ഹോമിയോ ഡിസ്പെൻസറിക്ക് വേണ്ടി സംഭാവന കിട്ടിയ സ്ഥലത്ത് കെട്ടിടം പണി ആരംഭിച്ചെങ്കിലും മുടങ്ങി കിടക്കുകയാണ്. പണി വേഗം പൂർത്തിയാക്കി ആശുപത്രി അങ്ങോട്ട് മാറ്റി സ്ഥാപിക്കണം. പ്രസ്തുത സ്ഥലത്തേക്ക് ഇപ്പോൾ വാഹന ഗതാഗത സൗകര്യമില്ല. മുൻഗണന നല്കി റോഡ് സൗകര്യവും ഉണ്ടാക്കണം.

**ആശുപത്രികളെ സംബന്ധിച്ച വിവരങ്ങൾ (1995-96)**

**ആരോഗ്യം**

| ഏതു വിഭാഗം ചികിത്സാ സംവിധാനം | ആശുപത്രി | | ഡിസ്പെൻസറി | | മാതൃശിശു സംരക്ഷണകേന്ദ്രങ്ങൾ | | മൊത്തം ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|
| | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| അലോപ്പതി | 1 | 3 | - | - | 8 | - | 59 |
| ഹോമിയോ | - | - | 1 | 2 | - | - | 4 |
| ആയുർവ്വേദം | - | - | 1 | 3 | - | - | 4 |

**സ്ഥാപന വിവരങ്ങൾ**

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തം/വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | പി.എച്ച്.സി വരദൂർ | സർക്കാർ | സ്വന്തം | 22 | 1983 |
| 2 | കണിയാമ്പറ്റആയുർവ്വേദ ഡിസ്പെൻസറി നടവയൽ | സർക്കാർ | സ്വന്തം | 4 | |
| 3 | കമ്പളക്കാട് ഹോമിയോ ഡിസ്പെൻസറി | സർക്കാർ | വാടക | 2 | |
| 4 | മിൻഷ ഹോസ്പിറ്റൽ | സ്വകാര്യം | വാടക | 4 | |
| 5 | കമ്പളക്കാട് ഹോസ്പിറ്റൽ | സ്വകാര്യം | വാടക | 4 | 1996 |
| 6 | ഹരിശ്രീ ആയുർവേദിക് | സ്വകാര്യം | സ്വന്തം | 1 | 1982 |
| 7 | എം.ഒ.എസ്.ഡി.സി. കണ്ണാശുപത്രി | സ്വകാര്യം | സ്വന്തം | 21 | |
| 8 | ഹോമിയോഡിസ്പെൻസറി നടവയൽ | സ്വകാര്യം | വാടക | 1 | |
| 9 | ചിറയിൽ ക്ലിനിക്ക് | സ്വകാര്യം | വാടക | 1 | 1970 |

## പരിസരശുചീകരണം

രോഗങ്ങളുടെ കടന്നാക്രമണത്തിന് പ്രധാനമായ കാരണം ശുചിത്വമില്ലായ്മയാണ്. ശക്തമായ ബോധവല്ക്കരണം ഈ മേഖലയിൽ ആവശ്യമാണ്. പ്ലാസ്റ്റിക് കവറുകളുടെ അമിതമായ ഉപയോഗം പരിസരങ്ങളിൽ വലിച്ചെറിയൽ, പ്രത്യേകിച്ചും വീടുകളുടെ പരിസരങ്ങളിൽ, ജലം കെട്ടി നില്ക്കുന്നതായും കൊതുകുകളുടെയും മറ്റു രോഗാണുക്കളും വളരുന്നതിന് സഹായം നല്കുന്നു. പട്ടണപ്രദേശങ്ങളിലെങ്കിലും ചപ്പുചവറുകളും അഴുക്കുവെള്ളവും ഒഴിവാക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാക്കണം. ഇത് ഉപയോഗിച്ച് കമ്പോസ്റ്റ് വളങ്ങൾ ഉണ്ടാക്കുവാനും കൃഷിക്കാർക്ക് പ്രയോജനപ്പെടുത്തുവാനും പദ്ധതികൾ വേണം. പരിസരശുചിത്വത്തെക്കുറിച്ച് പ്രാഥമിക തലം മുതൽ വിദ്യാർത്ഥികളെ പഠിപ്പിക്കേണ്ടതുണ്ട്. മഹിളാസമാജങ്ങൾ, വായനശാലകൾ, ഹെൽത്ത്സെൻററുകൾ, അംഗൻവാടികൾ എന്നിവ മുഖേന ബോധവല്ക്കരണക്ലാസുകൾ സംഘടിപ്പിക്കുവാൻ ആരോഗ്യസംരക്ഷണ സമിതി രൂപീകരിച്ച് പ്രവർത്തിക്കണം. പാഴ്വസ്തുക്കൾ സംസ്ക്കരിച്ച് വളമായി ഉപയോഗപ്പെടുത്തി കൃഷിക്കാർക്ക് വിതരണം ചെയ്യുന്നതിനുള്ള ശാസ്ത്രീയമാർഗ്ഗം കണ്ടെത്തുകയും ആയതിന് സന്നദ്ധസംഘടനകളുടെ സഹായം തേടുകയും ചെയ്യാം പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ കംഫർട്ട് സ്റ്റേഷനുകൾ അത്യാവശ്യമാണ് ഇപ്പോൾ പ്രധാന ടൗണുകളിൽ പോലും ഇത്തരം കേന്ദ്രങ്ങൾ ഇല്ലാത്തത് കാരണം നഗരപരിസരം വൃത്തിഹീനമായി കിടക്കുകയാണ്. മേൽ നിർദ്ദേശങ്ങൾ അടിയന്തിര പ്രാധാന്യത്തോടു കൂടി നടപ്പിലാക്കേണ്ടതാണ്.

## കക്കൂസുകൾ

ആരോഗ്യരംഗത്ത് കക്കൂസുകൾക്ക് നിർണ്ണായകമായ സ്ഥാനം ഉണ്ട്. നമ്മുടെ പഞ്ചായത്തിലെ നല്ലൊരു വിഭാഗം ജനങ്ങൾ സ്വന്തമായി കക്കൂസ് ഇല്ലാത്തത്കൊണ്ട് പുറംപോക്കിലും അന്യരുടെ പറമ്പിലും പുഴയോരങ്ങളും ഇതിനായി ഉപയോഗപ്പെടുത്തണം. പ്രത്യേകിച്ച് ആദിവാസി വിഭാഗങ്ങൾ ബോധവല്ക്കരണത്തിലൂടെയും നിർധനരായ ആളുകളെ കണ്ടെത്തുന്നതിന് സർവ്വേ നടത്തി. (സന്നദ്ധസംഘടനകളുടെ സഹായത്തോടു കൂടി) അവരുടെ കൂടെ സഹകരണത്തോടു കൂടി സർക്കാർ ഫണ്ട് ഉപയോഗപ്പെടുത്തി കക്കൂസുകൾ നിർമ്മിച്ചു കൊടുക്കുന്ന നടപടി ഉണ്ടാവണം. ഓരോ വീടിനും ഓരോ കക്കൂസ് എന്ന അർത്ഥവത്തായ നിർദ്ദേശം നടപ്പിലാക്കുന്നതിന് കഴിയണം.

## ശ്മശാനം

പഞ്ചായത്തിൽ വളരെ ചുരുങ്ങിയ സ്ഥലങ്ങളിൽ മാത്രമേ പൊതുശ്മശാനങ്ങൾ ഉള്ളൂ. ഇതിലേക്ക് തന്നെ റോഡ് സൗകര്യങ്ങൾ പരിമിതമാണ്. ഇത് പരിഹരിക്കേണ്ടതുണ്ട്. കൂടാതെ ജനസംഖ്യയുടെ അമിതമായ വർദ്ധനവും ഭൂമിയുടെ കുറവും കൂടി വരുന്നു എന്നത്കൊണ്ട് ഓരോ വാർഡുകളിലും സ്ഥലം കണ്ടെത്തി സംരക്ഷിക്കുകയും ചെയ്യേണ്ടതുണ്ട്.

## കുടിവെള്ളം

നമ്മുടെ പഞ്ചായത്തിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഒരു പരിധി വരി സാധിച്ചിട്ടുണ്ട്. എങ്കിലും ചില പ്രദേശങ്ങളിൽ രൂക്ഷമായ ശുദ്ധജല ലഭ്യത കുറവുണ്ട്. ആയതിനാൽ പഞ്ചായത്തിലെ 11 വാർഡുകളിലും പ്രദേശത്തിൻെറ സ്വഭാവം കണക്കിലെടുത്തും ജനവാസത്തിൻെറ അടിസ്ഥാനത്തിലും ജലവിതരണം പ്ലാൻ ചെയ്യണം. പ്രത്യേകിച്ചും കുന്നിൻ

പ്രദേശങ്ങളിലാണ് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത്. ഇത്തരം പ്രദേശങ്ങളിൽ നിരവധി കിണറുകൾ കുഴിച്ച് ലക്ഷങ്ങൾ മുടക്കിയിട്ടും ഫലപ്രദമായില്ല. ഇത്തരം പ്രദേശങ്ങളിൽ താഴ്ന്ന ഭാഗത്ത് വലിയ കുളം കുഴിച്ച് കുന്നിൻ മുകളിൽ ടാങ്കുകൾ കെട്ടി പൈപ്പ് ലൈൻ സ്ഥാപിക്കുകയും ഗുണഭോക്താക്കളിൽ നിന്ന് സാമ്പത്തിക നിലവാരത്തിനനുസരിച്ച് വെള്ളക്കരം പിരിച്ചും അഡ്വാൻസ് നിക്ഷേപങ്ങൾ സ്വീകരിച്ചും ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ കഴിയണം. ഇത്തരം പദ്ധതി കൾക്കാണ് മുന്തിയ പരിഗണന നല്കേണ്ടത്. ജനവാസം കൂടുതലുള്ളതും ഈ നിർദ്ദേശം പ്രായോഗികമല്ലാത്തതുമായ സ്ഥലങ്ങളിൽ കിണറുകൾ കുഴിക്കേണ്ടി വരും. പ്രാദേശികമായി 20%ത്തിലധികം സാമ്പത്തിക സമാഹരണം നടത്താൻ കഴിയുന്ന പദ്ധതികൾക്ക് മുൻഗണന നല്കണം. വയലുകളിൽ കുറഞ്ഞ ചിലവിൽ നിർമ്മിക്കാൻ കഴിയുന്ന കേണികൾക്ക് ആയിരിക്കണം അടുത്ത മുൻഗണന. ഈ പഞ്ചായത്തിലുള്ള കുഴൽകിണറുകൾ തൃപ്തികരമായി പ്രവർത്തിക്കുന്നില്ല. പുതിയ കുഴൽകിണറുകൾ കുഴിക്കേണ്ടതില്ല എന്നാണ് അഭിപ്രായം. എന്നാൽ നിലവിലുള്ളത് പൊതുജന പങ്കാളിത്തത്തോടെ നന്നാക്കി ജനകീയ സമിതികളെ ഏല്പിച്ചു കൊടുക്കാവുന്നതാണ്.

എല്ലാ വർഷവും കിണറുകൾ ആഴം കൂട്ടികൊണ്ടേയിരിക്കുക എന്നത് പ്രായോഗികമല്ല. കുന്നിൽചെരിവുകളിലും കുന്നിൻ മണ്ടയിലും ഇടകൊള്ളുകൾ സ്ഥാപിച്ചും കവായി (നീർകുണ്ട്) നിർമ്മിച്ചും മഴ വെള്ളത്തെ തടഞ്ഞുനിർത്തി ഭൂഗർഭ ജലത്തിൻെറ അളവ് വർദ്ധിപ്പിച്ച് കിണറുകളിലെ ജലവിതാനം ഉയർത്താൻ കഴിയും. ശാസ്ത്രീയവും ജനകീയവുമായ സർവെയുടെ അടിസ്ഥാനത്തിൽ പ്രായോഗികത കണ്ടെത്തി പദ്ധതി നടപ്പിലാക്കേണ്ടതാണ്. പഞ്ചായത്ത് നല്കിയിട്ടുള്ളതും നൽകുന്നതുമായ മുഴുവൻ വ്യാപാര ലൈസൻസുകളുടെയും യോഗം പ്രാദേശികമായി വിളിച്ചുകൂട്ടി പരിസരശുചീകരണത്തിനുവേണ്ട കർശനമായ നിർദ്ദേശങ്ങൾ നല്കേണ്ടതാണ്. ഈ നിർദ്ദേശങ്ങൾ പാലിക്കാത്തവരുടെ പേരിൽ കർശന നടപടികൾ എടുക്കണം.

## മാർക്കറ്റുകൾ

പഞ്ചായത്തിലെ അറവുശാലകളും മാർക്കറ്റും ഇന്ന് വളരെയധികം പരിസര മലിനീകരണവും ആരോഗ്യപ്രശ്നങ്ങളും ഉയർത്തുന്നവയാണ്. ഇവയും ഭക്ഷണശാലകളും ഏറ്റവും ശുചിത്വത്തോടുകൂടി നിലനിർത്തുന്നതിന് നിയമങ്ങൾ അപര്യാപ്തമാണ്. ഇവ പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും ഉള്ള അവകാശം ഗ്രാമപഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കേണ്ടതാണ്. പഞ്ചായത്തിൻെറ അധീനതയിൽ മത്സ്യ-മാംസമാർക്കറ്റ്, അറവുശാല, പച്ചക്കറി മാർക്കറ്റ് എന്നിവ നിർമ്മിച്ച് ലൈസൻസ് ഏർപ്പെടുത്തണം.





# ഭവനനിർമ്മാണം

മനുഷ്യൻ സുരക്ഷിതത്വം തേടിയാണ് ഗൃഹനിർമ്മാണം തുടങ്ങിയത്. മനുഷ്യൻ മാത്രമല്ല എല്ലാ ജീവജാലങ്ങളും വിശ്രമവും വിശ്രമസമയത്തെ സുരക്ഷിതത്വവും ആഗ്രഹിച്ചാണ് വീടും കൂടും തേടുന്നത്. എന്നാൽ ഇന്ന് വീടിനെ കുറിച്ചുള്ള വീക്ഷണം വളരെയേറെ മാറിയിട്ടുണ്ട്. വീട് അന്തസ്സിൻെറയും ആർഭാടത്തിൻെറയും ചിഹ്നമായി മാറിയിട്ടുണ്ട്. വീടിൻെറ ആകർഷകത്വമാണ് സുരക്ഷിതത്വത്തേക്കാൾ നമ്മെ സ്വാധീനിക്കുന്ന ഘടകം. വീടിനു വേണ്ടി എത്ര ലക്ഷങ്ങൾ മുടക്കാനും താല്പര്യമുള്ളവരും കഴിവുള്ളവരും ഉണ്ട്. അതേസമയം കേറികിടക്കാൻ ഒരു കൂര പോലും ഇല്ലാത്തവരും സമൂഹത്തിൽ ധാരാള മുണ്ട്. 20 ലക്ഷം രൂപ മുടക്കി ഒരു വീടു പണിയുന്ന ആൾ 15 ലക്ഷം രൂപ മുടക്കി ഒരു ചെറു കിട വ്യവസായം തുടങ്ങിയാൽ അദ്ദേഹത്തിന് ലാഭവും കുറെ പേർക്ക് തൊഴിലും ലഭിക്കും. നല്ലൊരു സേവനം - അതുകൊണ്ട് തന്നെ വീട് ഒരു അന്തസ്സിൻെറ ചിഹ്നം എന്ന മനോഭാവം മാറേണ്ടിയിരിക്കുന്നു. അണുകുടുംബം എന്ന സാമൂഹ്യസങ്കൽപം യാഥാർത്ഥ്യമായി കൊണ്ടിരിക്കുമ്പോൾ "ചെറിയ വീടെത്ര മനോഹരം" എന്ന മുദ്രാവാക്യമുയർന്നു വരണം. വലിയ വീടു നിർമ്മാണം നിരുത്സാഹപ്പെടുത്തേണ്ടതാണ്. ഇതിനായി വീട്ടുനികുതിയുടെ ഘടന പുനർനിർണ്ണയം ചെയ്യണം. ഇതുവഴി പഞ്ചായത്തിൻെറ വരുമാനം വർദ്ധിക്കും.

<u>വികസനം-</u> തീരെ വീടില്ലാത്തവർക്കും, സുരക്ഷിതമായ വീടില്ലാത്തവർക്കും ധനസഹായം നല്കേണ്ടതാണ്. പക്ഷെ പൂർണ്ണമായി പഞ്ചായത്ത് ധനസഹായം നൽകേണ്ടതില്ല. 30%മെങ്കിലും ഗുണഭോക്താവ് സമാഹരിക്കണം. ഇത് പണമായല്ലാതെ അദ്ധ്വാനമായി നല്കാൻ ഗുണ

ഭോക്താവിന് കഴിയണം. അഥവാ അങ്ങനെ സംഭാവന ചെയ്യാൻ കഴിയാത്ത ആരെങ്കിലുമുണ്ടെങ്കിൽ അവരെ പഞ്ചായത്ത് പൂർണ്ണമായി സഹായിക്കുകയും വേണം. പട്ടികവർഗ്ഗ-പട്ടിക ജാതി വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നല്കണം. ഇവർക്ക് മുൻകാലങ്ങളിൽ നല്കിയ വീടുകൾ കേടുവന്ന് വാസയോഗ്യമല്ലാതായിട്ടുണ്ട്. ഇവ അറ്റകുറ്റ പണികൾ നടത്തി വാസ യോഗ്യമാക്കുന്നതിന് പ്രത്യേകഫണ്ട് അനുവദിക്കേണ്ടതാണ്.

വീടിൻെറ ആവശ്യക്കാർക്ക് വീട് നല്കുന്നത് ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ചു വേണം. മാനദണ്ഡങ്ങൾ ഇവിടെ നല്കുന്നു. എന്നാൽ വിശദമായ സർവ്വേ നടത്തി ഈ മാനദണ്ഡമനുസരിച്ച് ഒരു വിശദമായ ലിസ്റ്റ് തയ്യാറാക്കാൻ പഞ്ചായത്തു സമിതി തയ്യാറാകണം.

**മാനദണ്ഡങ്ങൾ**

1. വിധവകൾ
2. വികലാംഗർ, ആശ്രിതരായ വികലാംഗരുള്ളവർ
3. ദീർഘകാലമായി രോഗമുള്ളവർ
4. വിവാഹം കഴിക്കാത്ത പെൺമക്കളുള്ളവർ
5. ഇപ്പോഴുള്ള വീടിൻെറ അവസ്ഥ
6. ഇപ്പോഴുള്ള ആസ്തി
7. സ്വന്തമായി ലഭിക്കാനിടയുള്ള സ്ഥലം
8. ജോലിയും വരുമാനവും

ഓരോ തീരുമാനത്തിനും എത്ര പരിഗണന നല്കണമെന്ന് പഞ്ചായത്ത് ബോർഡ് തീരുമാനിക്കുകയും അതനുസരിച്ച് ഓരോന്നിനും മാർക്ക് നല്കി കൂടുതൽ മാർക്ക് ലഭിക്കുന്ന വ്യക്തിയ്ക്ക് മുൻഗണന നല്കണം.

**വീടുകൾ വാർഡ് തിരിച്ച് നിലവിലുള്ളതും പുതുതായി ആവശ്യമുള്ളതും**

| വാർഡ് | കോൺക്രീറ്റ് | ഓട് | ഓല | ദുർബല വിഭാഗങ്ങൾക്ക് ആവശ്യമുള്ളത് |
|---|---|---|---|---|
| 1 | 280 | 468 | 196 | 130 |
| 2 | 162 | 338 | 146 | 140 |
| 3 | 152 | 345 | 118 | 100 |
| 4 | 128 | 270 | 142 | 140 |
| 5 | 134 | 251 | 131 | 110 |
| 6 | 142 | 244 | 118 | 100 |
| 7 | 194 | 530 | 162 | 120 |
| 8 | 146 | 230 | 124 | 120 |
| 9 | 132 | 232 | 162 | 135 |
| 10 | 112 | 304 | 124 | 100 |
| 11 | 147 | 333 | 204 | 150 |
| ആകെ | 1729 | 3545 | 1627 | 1345 |



# സംസ്ക്കാരം

ഒരു സാമൂഹ്യ ജീവി എന്നനിലയിൽ മനുഷ്യൻ ആർജ്ജിക്കുന്ന ശീലങ്ങൾ, ചിന്തകൾ, വൈവിദ്ധ്യങ്ങൾ, കലകൾ, സിദ്ധികൾ, ആചാരങ്ങൾ എന്നിവയുടെ ആകെ തുക അതായത് ഒരു " ജീവിത രീതി " യാണല്ലോ സംസ്ക്കാരം. ഈ സാംസ്ക്കാരിക മണ്ഡലങ്ങളിൽ ഫാസിസം പ്രകടമാക്കുക വംശീയ പ്രത്യേയ ശാസ്ത്രമായാണ്. അത്തരം വിദ്വേഷങ്ങളിൽ നിന്നും ബഹുജനങ്ങളെ മോചിപ്പിക്കാനുള്ള സമരം നമ്മുടെ രാഷ്ട്രീയ-വിദ്യാഭ്യാസ സാംസ്ക്കാരിക സ്ഥാപനങ്ങളിൽ പ്രബുദ്ധമായ ജനകീയ നിയന്ത്രണം ഉറപ്പ് വരുത്തുക എന്ന ഉദ്ദേശത്തോടെ അവയെ ഉടച്ചുവാർക്കാനുള്ള ശ്രമവുമായി ബന്ധപ്പെട്ടിരിക്കുന്നു. സമത്വാതിഷ്ഠിതമായ സമൂഹം രൂപപ്പെടുത്തുന്നതിനുതകുന്ന പരിപ്രേക്ഷ്യങ്ങളും, സമീപനങ്ങളുമാണ് സാംസ്ക്കാരിക പ്രവർത്തനങ്ങൾ സംഭാവന ചെയ്യേണ്ടത്.

കണിയാമ്പറ്റ ഗ്രാമ പഞ്ചായത്തിൽ ഹിന്ദു, മുസ്ളീം, ക്രിസ്ത്യൻ, ജൈനമത വിഭാഗങ്ങളാണുള്ളത്. ഈ മത വിഭാഗങ്ങൾ തമ്മിൽ പരസ്പര സഹായ, സഹവർത്തിത്വ, സൗഹാർദ്ദത്തിൻെറ ഉന്നത മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചു ജീവിക്കുന്നു. ബോംബെ നഗരം വർഗ്ഗീയ കലാപത്തിൽ അമർന്നപ്പോഴും, കേരളത്തിൽ അങ്ങിങ്ങ് കലാപത്തിൻെറ തീ നാമ്പുകൾ ഉയർന്നപ്പോഴും സ്നേഹത്തിൻെറയും, സൗഹാർദ്ദത്തിൻെറയും വഴിവിട്ട് നീങ്ങാൻ നാം തയ്യാറായില്ല. അതിൽ നമുക്ക് അഭിമാനിക്കാം.

പ്രധാന ആരാധനാലയങ്ങളുടെ ഉത്സവങ്ങൾ മത സൗഹാർദ്ദത്തിൻെറ വേദികൾ ആകാറുണ്ട്. പ്രത്യേകിച്ച് നമ്മുടെ പഞ്ചായത്തിൻെറ തന്നെ ഉത്സവമായി മാറുന്ന കേരളം

മുഴുവൻ അറിയപ്പെടുന്ന പഞ്ചായത്ത് അതിർത്തിയിലുള്ള പള്ളിക്കുന്ന് ലൂർദ് മാതാ ദേവാലയത്തിലെ ഉത്സവം. ജാതി മത ഭേദമെന്യേ ജനങ്ങൾ പങ്കെടുക്കുന്ന ഉത്സവമാണിത്. ചുണ്ടക്കര, നടവയൽ തുടങ്ങിയ ദേവാലയങ്ങൾ അറിയപ്പെടുന്ന ക്രിസ്തീയ ദേവാലയങ്ങളാണ്. പൊങ്ങിണി ശ്രീ: ഭഗവതിക്ഷേത്രം, കാവടം മഹാവിഷ്ണു ക്ഷേത്രം, കണിയാമ്പറ്റ ശ്രീ: അയ്യപ്പ ക്ഷേത്രം എന്നിവ ഹിന്ദുക്കളുടെ പ്രധാന ആരാധനാലയങ്ങളാണ്. പ്രധാന പ്രദേശങ്ങളിൽ ഒക്കെ തന്നെ മുസ്ളീം ദേവാലയങ്ങളും ഉണ്ട്.

ജനസംഖ്യയിൽ മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾ നല്ലൊരു ശതമാനം ഉണ്ട്. ജനസംഖ്യയിൽ 55% ദരിദ്രരും, 35% മധ്യവർഗ്ഗവും, 10% സമ്പന്നരും എന്നതാണ് സാമ്പത്തിക ഘടന. ജന്മി വാഴ്ച നമ്മുടെ പഞ്ചായത്തിലും ഉണ്ടായിരുന്നു. സർക്കാർ ഭൂമി കൈവശക്കാർക്ക് പട്ടയംകിട്ടുന്നതിനായുള്ളസമരങ്ങൾ സജീവമായി പഞ്ചായത്തിൽ നടന്നിട്ടുണ്ട്. അതിൻെറ ഭാഗമായി കൈവശക്കാർക്ക് താൽക്കാലികപട്ടയവും, തുടർന്ന് സ്ഥിരം പട്ടയവും ലഭ്യമായി. കർഷകരുടെ സമ്മർദ്ദ ഫലമായുണ്ടായ കർഷക ബന്ധ ബില്ലിൻെറ ആനുകൂല്യങ്ങൾ ബഹു ഭൂരിപക്ഷം കൃഷിക്കാർക്കും ഈ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ട്. കേരള സാമൂഹ്യ ഘടനയിലെ മാറ്റങ്ങൾ അനുസരിച്ച് നമ്മുടെ പഞ്ചായത്തിലും മാറ്റങ്ങൾ ഉണ്ടായി.

## ഗ്രന്ഥശാലകൾ:-

നമ്മുടെ പഞ്ചായത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിൻെറ പ്രവർത്തനം വളരെ ശോചനീയമാണ്. കരണി ജനതാ വായനശാലയാണ് ഇക്കാര്യത്തിൽ ഏറ്റവും മാതൃകാപരമായ പ്രവർത്തനം കാഴ്ച വെക്കുന്നത്. ഗ്രന്ഥശാലകളുടെ പട്ടിക താഴെ കൊടുക്കുന്നു.

| നമ്പർ | പേര്-സ്ഥലം | സ്ഥാപിച്ച വർഷം | പുസ്തകങ്ങളുടെ എണ്ണം | ഗ്രേഡ് | പ്രവർത്തനങ്ങൾ |
|---|---|---|---|---|---|
| 1 | പുലരി ഗ്രന്ഥാലയം പുതൂർ-അരിമുള | 1982 | 1700 | E | സെമിനാറുകൾ |
| 2 | ജനത വായനശാല കരണി | 1965 | 5500 | B | സെമിനാറുകൾ ചർച്ചകൾ വാർഷികങ്ങൾ,T.V |
| 3 | നവജീവൻ ഗ്രന്ഥശാല വരദൂർ | | | | |
| 4 | ദേശീയ വായനശാല നെല്ലിയമ്പം-നടവയൽ | 1984 | 1000 | ഇല്ല | |
| 5 | സാംസ്ക്കാരിക നിലയം കബ്ളക്കാട് | 1990 | 1500 | | T.V |
| 6 | ലൈബ്രറി & ലിറ്ററസി കോ-ഓപ്പറേറ്റീവ് സൊസൈറ്റി-നടവയൽ | | | | |

ഈ പട്ടികയിൽ നിന്നും ഗ്രന്ഥശാലകളുടെ പ്രവർത്തനത്തിൽ ഒരു മുരടിപ്പ് അനുഭവപ്പെടുന്നു. വിദ്യാസമ്പന്നരും സാംസ്കാരിക ഉന്നമനമുള്ള പല പ്രദേശങ്ങളിലും ഗ്രന്ഥശാലകൾ നിലവിലില്ല. അതുകൊണ്ടാകാം ഗ്രാമ സഭാ റിപ്പോർട്ടുകളിൽ എല്ലാ വാർഡിൽ നിന്നും ഗ്രന്ഥശാലകൾ സാംസ്ക്കാരിക നിലയങ്ങൾ എന്നിവ ആവശ്യമാണ് എന്ന് ചർച്ചകളിൽ ഉയർന്നുവന്നത്. സ്ത്രീകളുടെ വായനാശീലം വളർത്തുന്നതിന് സഞ്ചരിക്കുന്ന വായനശാലകൾ വേണമെന്നും എല്ലാ വാർഡിൽ നിന്നും ആവശ്യം ഉയർന്നുവന്നിട്ടുണ്ട്.

കോൽക്കളി, പൊറാട്ട് നാടകം തുടങ്ങിയ നാടൻ കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കാൻ പ്രത്യേക സംവിധാനം ഉണ്ടാകണമെന്ന് അവയുടെ കേന്ദ്രമായി സംസ്ക്കാര നിലയങ്ങൾ ഉയരണമെന്നും, ആവശ്യം പൊതുവായി ഉയർന്നുവന്നിട്ടുണ്ട്. പല നാടൻ കലാരൂപങ്ങളും അന്യം നിന്നുപോകാതിരിക്കാൻ ഇത് അത്യാവശ്യമാണ്. ആദിവാസി വിഭാഗങ്ങളിൽ പ്രത്യേക ഉപകരണ സംഗീത സമ്പ്രദായങ്ങൾ ഉള്ളവ കണ്ടെത്തി പരിപോഷിപ്പിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം തൃപ്തികരമല്ലെന്നും അത് എല്ലാവർക്കും സൗകര്യപ്രദമായ സ്ഥലത്ത് വളർത്തികൊണ്ടുവരണമെന്നും ആവശ്യമുയർന്നു. പഞ്ചായത്ത് ഓഫീസിനടുത്തുള്ള പഞ്ചായത്ത് കോൺഫറൻസ് ഹാൾ ഉപയോഗിക്കാവുന്നതാണ് സ്ഥിരമായി ലൈബ്രേറിയനും ഉച്ചകഴിഞ്ഞ് പ്രവർത്തനം തുടങ്ങണമെന്നും ലൈബ്രറി തന്നെ നമ്മുടെ പഞ്ചായത്തിൻെറ ചരിത്ര സാംസ്കാരിക മ്യൂസിയമായി ഉയർത്താനും പഞ്ചായത്തിലെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും മറ്റുള്ളവർക്കുമുള്ള റഫറൻസ് ഗ്രന്ഥങ്ങളുടെ ശേഖരമായി ഇതിനെ മാറ്റാനും കഴിയണം. എല്ലാ ആനുകാലിക പത്ര മാസികകളും ഈ ലൈബ്രറിയിൽ വേണമെന്നുമുള്ള നല്ലൊരു നിർദ്ദേശവും ഉയർന്നുവന്നിട്ടുണ്ട്. കേരളത്തിൽ പ്രസിദ്ധീകരണ രംഗത്തുള്ള മിക്കവാറും എല്ലാപത്രമാസികകളും നമ്മുടെ പഞ്ചായത്തിൽ വിതരണം ചെയ്യുന്നുണ്ട്. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതി പ്രസരം നമ്മുടെ വായനാശീലത്തെ ബാധിച്ചിട്ടുണ്ട്. സ്ഥിരമായി പുസ്തകങ്ങൾ എടുത്ത് വായിക്കുന്നവരല്ലാതെ പുതിയതായി വായിക്കുന്നവരുടെ എണ്ണം ഗണ്യമായി കുറയുന്നുവെന്നാണ് ലൈബ്രേറിയൻമാരുടെ അഭിപ്രായം. ഇത് അതീവ ഗുരുതരമായ പ്രശ്നമായിക്കാണണം. സ്കൂളുകളിൽ നിന്നുതന്നെ വായനാശീലം വളർത്തികൊണ്ടുവന്നാൽ ഇത് പരിഹരിക്കാൻ കഴിയും. കുട്ടികളിൽ വായനാശീലം വളർത്താൻ അദ്ധ്യാപകർക്കും, രക്ഷിതാക്കൾക്കും വളരെയേറെ ചെയ്യാൻ കഴിയും. കേബിൾ ടി.വി നെറ്റ് വർക്ക് കമ്പളക്കാട് മാത്രമേ ഉള്ളൂ. കമ്പളക്കാട് തന്നെ നമ്മുടെ പഞ്ചായത്തിലെ ഏക സിനിമാശാലയും പ്രവർത്തിക്കുന്നു.

കായിക സംസ്ക്കാരത്തിലും നമ്മൾ വളരെ പുറകിലാണ്. മൂന്ന് കളിസ്ഥലങ്ങളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. കരണിയിലും കണിയാമ്പറ്റ ഹൈസ്കൂൾ കളിസ്ഥലവും, നടവയൽ ഹൈസ്കൂൾ കളിസ്ഥലം, കമ്പളക്കാട് കളിസ്ഥല പണി പൂർത്തിയായിട്ടില്ല. കായിക മത്സരങ്ങൾ ചില പ്രദേശങ്ങളിൽ ഇടക്കിടെ നടത്താ

റുണ്ട്. സംസ്ഥാന തലത്തിൽ ശ്രദ്ധിക്കപ്പെട്ട താരങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. രണ്ടാം വാർഡ് കേന്ദ്രീകരിച്ച് ഒരു കളിസ്ഥലം വേണമെന്ന് അവർ ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്.

## കലാകായിക സ്ഥാപനങ്ങൾ.

| | | | |
|---|---|---|---|
| 1 | ഗ്രാമ രശ്മി ചീക്കല്ലൂർ. | കണിയാമ്പറ്റ. PO | വാർഡ് II |
| 2 | സരിഗ കൂഴാഅമ്മൻ | ,, | ,, |
| 3 | ലേറ്റസ്റ്റ് പച്ചിലക്കാട് | ,, | ,, |
| 4 | പ്രണവം കൊല്ലിവ്വയൽ | ,, | ,, |
| 5 | തരംഗിണി വരദൂർ | വരദൂർ PO | 9 |

6 ജന വിദ്യാകേന്ദ്രം പുളിക്കൽക്കുന്ന് കമ്പളക്കാട്

7 രാജീവ് യൂത്ത് മൂവ്മെൻറ് കാവടം PO നടവയൽ

8 Y.M.C.A പള്ളിക്കുന്ന്

9 ഹമാസ് കമ്പളക്കാട്

10 യാസ് കമ്പളക്കാട്

11 കലാജ്ഞലി കണിയാമ്പറ്റ

12 കലാരജ്ജിനി ഊരാളി പാറക്കുന്ന് നടവയൽ

13 ഭാവന ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് വെള്ളച്ചിമൂല

14 ആദിവാസി മഹിളാസമാജം. ,,

15 ജനതാ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് കരണി.

## ഗ്രാമസഭാ റിപ്പോർട്ടുകളിലൂടെ.

### വാർഡ് I

1 നിലവിലുള്ള ഗ്രന്ഥശാലയിൽ സ്ത്രീകൾക്ക് പങ്കാളിത്തം ഉറപ്പ് വരുത്തണം.

2 നടവയലിലെ District Library and Littererry co-operative Society ഈ നിലയിൽ കേരളത്തിലെ ഏക സംരംഭമത്രേ. ഒരു കാലത്ത് വളരെ നല്ല നിലയിൽ പ്രവർത്തിച്ച ഈ സ്ഥാപനം ഇന്ന് ശോചനീയാവസ്ഥയിലാണ്. സ്വന്തമായി കെട്ടിടം, സ്ഥലം എന്നിവ ഇല്ല അതിനുള്ള ശ്രദ്ധവേണമെന്ന് ആവശ്യം ഉയർന്നു.

### വാർഡ് II

1 നാല് കലാ-കായിക സമിതികൾ ഉണ്ട്. കേരള ശാസ്ത്ര സാഹിത്യ പരിഷത്തിൻെറ യൂനിറ്റുമുണ്ട്. ഇവയുടെ പ്രവർത്തനങ്ങളെ കോർത്തിണക്കുന്നതിന് ഒരുഗ്രന്ഥ ശാലയോ സാംസ്ക്കാരിക നിലയമോ ഇല്ല. ഇതോടൊപ്പം തന്നെ പ്രധാനപ്പെട്ട 4 ഭാഗങ്ങളിൽ വായന മുറികൾ സ്ഥാപിക്കാമെന്ന് ജനങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ട്. ആനുകാലികങ്ങൾ പഞ്ചായത്ത് അനുവദിക്കുകയും വേണം.

2 പഞ്ചായത്തിന് കലാകായിക രംഗങ്ങളിൽ മേൽവിലാസമുണ്ടാക്കിയ വാർഡാ

ണിതെന്നും ഇവിടെ ഒരു കളി സ്ഥലം ഇല്ലെന്നത് വിരോധാഭാസ മാണെന്നും റിപ്പോർട്ടിൽ പറയുന്നു.

3 ഒരു കലാസമിതി സ്വന്തം സ്ഥലം ഉണ്ടാക്കി കെട്ടിടം പണിപൂർത്തിയാക്കാനാകാതെ കിടക്കുന്നുണ്ട്. ഇതിനും മറ്റു കലാസമിതികൾക്കും വേണ്ട പ്രോത്സാഹനം നൽകണമെന്ന് ആവശ്യമുയർന്നു.

4 ചീക്കല്ലൂരിൽ ഏകദേശം 4 സെൻറ് സ്ഥലം വെറുതെ കിടക്കുന്നുണ്ട്.

## വാർഡ് III

1 വാർഡിൽ പച്ചിലക്കാടുള്ള ഉപയോഗ ശൂന്യമായ കന്നുകാലി പൗണ്ട് സാംസ്ക്കാരിക പ്രവർത്തന കേന്ദ്രമാക്കണമെന്ന് ആവശ്യമുയർന്നു.

2 അമേച്വർ നാടക സമിതി ഉണ്ടെന്നും അതിനുവേണ്ട പ്രോത്സാഹനം നൽകണമെന്ന് ആവശ്യമുയർന്നു.

## വാർഡ് IV

1 വനിതകളുടെ കലാകായിക രംഗങ്ങളുടെ വളർച്ചയ്ക്ക് വേണ്ട സ്ഥാപനങ്ങൾ ഉണ്ടാവണം.

2 ക്ലബ്ബുകളോ സാംസ്ക്കാരിക സ്ഥാപനങ്ങളോ ഇല്ല.

## വാർഡ് V

1 Y.M.C.A മാത്രമേ സജീവമായി രംഗത്തുള്ളൂ.

2 കളിസ്ഥലം ആവശ്യം ശക്തമായി ഉയർന്നിട്ടുണ്ട്.

3 കലാകായിക വളർച്ചയ്ക്ക് പ്രോത്സാഹനം നൽകുന്ന സ്ഥാപനം സ്ഥാപിക്കാൻ പഞ്ചായത്തിൻെറ പ്രോത്സാഹനം വേണം.

## വാർഡ് VI

1 വാർഡിലെ കലാകായിക രംഗത്തെ വളർച്ചയ്ക്ക് ഒരു സമിതി ആവശ്യമാണ്.

2 മഹിളാസമാജത്തിൻെറ കീഴിൽ ഒരു വായനശാല ആവശ്യമാണ്.

## വാർഡ് VII

1 സ്ത്രീകൾക്ക് മാത്രമായി ഒരു സാംസ്ക്കാരിക നിലയം ആവശ്യമാണ്.

## വാർഡ് VIII

1 ജന വിദ്യാകേന്ദ്രം ഉണ്ട്. ഇപ്പോൾ പ്രവർത്തനം ശക്തമല്ല. പഞ്ചായത്തിൻെറ അടിയന്തിര ശ്രദ്ധ വേണം.

2 കായിക വളർച്ചയ്ക്ക് ഒരു മിനി സ്റ്റേഡിയം ആവശ്യമാണ്.

3 കലാരംഗത്ത് കഴിവുള്ളവരെ കണ്ടെത്താൻ ശ്രദ്ധവേണം.

## വാർഡ് IX

1 കലാ-കായിക വളർച്ചയ്ക്ക് ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും വേണം.

2 വായനശാലക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കണം.

## വാർഡ് X

1 ജനതാ വായനശാലയിൽ വനിതകൾക്ക് കൂടുതൽ മെമ്പർഷിപ്പ് നൽകണം.

## വാർഡ് XI

1 വായനശാലയിൽ ടി.വി അനുവദിക്കണം.

2 വായനശാലയിൽ നിന്നും പുസ്തകങ്ങൾ വീടുകളിൽ എത്തിക്കാൻ സംവിധാനം വേണം.

3 കളിസ്ഥലം ഇല്ല. അതിനുള്ള ശ്രദ്ധ വേണം.

കലാ കായിക സമിതികൾക്ക് വേണ്ട

പ്രോത്സാഹനം അത്യാവശ്യം അർഹിക്കുന്നു. അതിൻെറ പ്രവർത്തകരെ ഏകോപിപ്പിച്ച് സെമിനാറുകളും ക്ലാസ്സുകളും നടത്താൻ ശ്രദ്ധവേണം. അതിലൂടെ നമ്മുടെ കലാകായിക സംസ്ക്കാരം ഉയരങ്ങളിൽ എത്തുകയുള്ളൂ. കക്ഷി രാഷ്ട്രീയത്തിലും, ജാതി മത ഭിന്നതകൾ മറന്ന് ഒന്നിക്കാനും, നാട്ടിൽ സമുദായ ഐക്യം ഉണ്ടാക്കാനും ഇത്തരം സമിതികൾക്ക് കഴിയേണ്ടതാണ്. അതിനുവേണ്ടി അവർക്ക് അർഹമായ പ്രോത്സാഹനവും, അവസരവും ലഭിക്കേണ്ടതാണ്.

സമുദായ സൗഹാർദ്ദം തകർക്കാനുള്ള പല പരിശ്രമങ്ങളെയും കേരളം അതിജീവിച്ചിട്ടുണ്ട്. ക്ഷേത്രവും, പള്ളിയും, മോസ്ക്കും അടുത്തടുത്ത് നിൽക്കുന്ന കാഴ്ച, ഈ സഹവർത്തിത്വത്തിൻെറ നിശബ്ദ സിംഫണിയെ അലോസരപ്പെടുത്തുന്ന ഒരു അവസരവും ഉണ്ടായിക്കൂട. നമ്മുടെ പിതാമഹൻമാരുടെ മാനവ സ്നേഹ പ്രവൃത്തികളുടെയും, കഴിഞ്ഞകാലത്തെ പുരോഗമന രാഷ്ട്രീയ, സാമൂഹ്യ പ്രസ്ഥാനങ്ങളുടെയും അനന്തരഫലമായി 'മാനുഷരെല്ലാവരും ഒന്നാണെന്ന' അവബോധത്തിൻെറതായ ഒരു സംരക്ഷണ വലയം നമ്മുടെ ശിരസ്സുകളെ വലയം ചെയ്തിരിക്കുന്നു. അത് നില നിർത്തണമെന്ന് ഈ കാലഘട്ടം നമ്മോട് ആവശ്യപ്പെടുന്നു. ഈ ആവശ്യം നമുക്ക് ശിരസ്സാവഹിക്കാം.





# സാമൂഹ്യക്ഷേമം

IRDP സർവ്വേ പ്രകാരം 3282 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്കുതാഴെയുള്ള പഞ്ചായത്താണ് കണിയാമ്പറ്റ. അതിൽത്തന്നെ 929 കുടുംബങ്ങൾ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവരാണ്. മൊത്തം 267 കുടുംബങ്ങൾക്കുമാത്രമേ IRDP സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ളൂ. ഇതിൽ 87 കുടുംബങ്ങൾ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവരാണ്. നല്ലൊരു ശതമാനം കുടുംബങ്ങളും സാമ്പത്തികമായി പിന്നോക്കാവസ്ഥയിലായതിനാൽ അതിനോടനുബന്ധമായ സാമൂഹ്യവും, വിദ്യാഭ്യാസപരവും, സാംസ്ക്കാരികവുമായ പിന്നോക്കാവസ്ഥയും കാണാം.

കാൽ നൂറ്റാണ്ടിനു മുമ്പുണ്ടായിരുന്ന സാമൂഹ്യാവസ്ഥയിൽ നിന്ന് ഒട്ടുവളരെ മാറ്റം കാണാനുണ്ട്. സമൂഹത്തിലെ ഏറ്റവും പിന്നിലായിരുന്ന ആദിവാസി വിഭാഗത്തിൻെറ ഇടയിൽ പോലും പാർപ്പിടം, വസ്ത്രധാരണം, വിദ്യാഭ്യാസം, സംസ്ക്കാരം എന്നീ തുറകളിലെല്ലാം തന്നെ പ്രകടമായ വ്യത്യാസം കാണാനുണ്ട്. ഇതരവിഭാഗങ്ങളുടെ ഇടയിലും വലിയ സാമൂഹ്യമാറ്റം സംഭവിച്ചിട്ടുണ്ട്. ദിനപ്പത്രങ്ങൾ പോലും വളരെ കുറഞ്ഞ എണ്ണംമാത്രമേ അന്നു വരുത്തിച്ചിരുന്നുള്ളൂ. പത്രങ്ങൾ വൈകിയും, ദിവസങ്ങൾ കഴിഞ്ഞും എത്തുന്നത് പതിവായിരുന്നു. നഴ്സറി വിദ്യാഭ്യാസത്തിന് ഒരു സൗകര്യവും ഉണ്ടായിരുന്നില്ല. മഹിളാ സമാജങ്ങളോ അംഗൻവാടികളോ ഉണ്ടായിരുന്നില്ല.

വിവിധ തുറകളിൽ നൽകുന്ന പെൻഷനുകൾ സാമൂഹ്യ പിന്നോക്കാവസ്ഥയിലുള്ള വർക്ക് സഹായകമായിട്ടുണ്ട്.

## പ്രശ്നങ്ങൾ

പഴയതിൽ നിന്നും വ്യത്യസ്തമായ ഒരു സാമൂഹ്യാന്തരീക്ഷം ഇന്ന് നിലവിലുണ്ടെങ്കിലും ജനങ്ങളുടെ ആവശ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇന്നുള്ള സൗകര്യങ്ങൾ വളരെ പരിമിതമാണ്. കണിയാമ്പറ്റ പഞ്ചായത്തിൽ കമ്പളക്കാട്ടല്ലാതെ മറ്റെവിടെയും സാംസ്ക്കാരിക നിലയങ്ങളില്ല. 11 വാർഡുകളുള്ള വളരെയേറെ ജനങ്ങൾ വസിക്കുന്ന ഒരു പഞ്ചായത്തിൽ 6 ഗ്രന്ഥശാലകളേ ഉള്ളൂ എന്നത് പരിതാപകരമാണ്. കൂടുതൽ ഗ്രന്ഥശാലകൾ സ്ഥാപിക്കേണ്ടതാണ്. വായനശാലകളും കൂടുതൽ ആവശ്യമാണ്.

ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി നടത്തപ്പെടുന്ന പെൻഷൻ വിതരണങ്ങളിൽ ഒട്ടേറെ അപാകതകൾ ഉള്ളതായിക്കാണുന്നു. അർഹരായ എല്ലാവർക്കും പെൻഷൻ ലഭിക്കുന്നില്ല എന്ന പരാതിയുണ്ട്. പെൻഷൻ അനുവദിക്കുന്നതിൽ വലിയ കാലതാമസം വരുന്നതായും കാണുന്നു.

തൃപ്തികരമായ ഭൗതിക സാഹചര്യങ്ങൾ ഉള്ള ഒരു അംഗൻവാടി പോലും പഞ്ചായത്തിൽ ഇല്ല എന്നത് ഖേദകരമാണ്. ആവശ്യമായത്ര അംഗൻവാടികൾ ഇല്ലയെന്നതും ഒരു വലിയ കുറവാണ്. അംഗൻവാടി ജീവനക്കാർക്ക് ജീവിക്കാൻ ആവശ്യമായ വേതനം ലഭിക്കുന്നില്ലായെന്നതും ഖേദകരമാണ്.

പഞ്ചായത്തിലെ സാക്ഷരതാ പ്രവർത്തനങ്ങൾ വേണ്ടത്ര ഭംഗിയായി നടക്കുന്നില്ലായെന്നും കാണുന്നു. തുടർ വിദ്യാഭ്യാസത്തിനാവശ്യമായ സൗകര്യങ്ങളും കുറവാണ്. സ്ത്രീ പഠിതാക്കളെ പഠിപ്പിക്കാൻ സ്ത്രീകളെത്തന്നെ ഇൻസ്ട്രക്ടർമാരായി നിയമിക്കണം എന്ന ആവശ്യവും ഉന്നയിക്കപ്പെട്ടിട്ടുണ്ട്. സ്ത്രീകളുടെ ഇടയിൽ വായനാശീലം വളരെ കുറവാണെന്നും അതുവർദ്ധിപ്പിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണമെന്നും കാണുന്നു.

പഞ്ചായത്തിലെ വൃദ്ധ മന്ദിരം വിപുലപ്പെടുത്തേണ്ടതുണ്ടെന്നും അതിനായി നിർമ്മിക്കപ്പെട്ട പുതിയ കെട്ടിടത്തിലേക്ക് മാറ്റേണ്ടതുണ്ടെന്നും കാണുന്നു. (ചാർട്ട് 2 എണ്ണം കൊടുത്തിരിക്കുന്നു)

## സാധ്യതകൾ

മൊത്തത്തിൽ ഊർജ്ജിതമായ ആസൂത്രണത്തിലൂടെ സാമൂഹ്യക്ഷേമ രംഗത്ത് ജനോപകാരപ്രദമായ ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതായിക്കാണുന്നു. വാർഡുകളിലെ ഗ്രാമ സഭകളിലെ സജീവ ചർച്ചകളിൽ ഉരുത്തിരിഞ്ഞുവന്ന ആവശ്യങ്ങളെ താഴെ പറയുന്ന രീതിയിൽ സംഗ്രഹിക്കാം. പൊതുവായി വന്നിട്ടുള്ള നിർദ്ദേശങ്ങളെ പൊതു നിർദ്ദേശങ്ങളിലും, വാർഡുകളിലെ വ്യത്യസ്ത ആവശ്യങ്ങളെ ഇനം തിരിച്ചും ചേർത്തിരിക്കുന്നു.

## പൊതു നിർദ്ദേശങ്ങൾ.

1 അവശത അനുഭവിക്കുന്ന ആൺ കുട്ടികളുള്ള അർഹരായ മുഴുവൻ ആളുകൾക്കും പെൻഷൻ അനുവദിക്കുക.

2 പെൻഷൻ അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.

3 പെൻഷൻ മേള സംഘടിപ്പിച്ച് അർഹരായ എല്ലാവർക്കും പെൻഷൻ അനുവദിക്കുക.

4 അംഗൻ വാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക.

## പെൻഷനുകൾ, ധനസഹായം സംബന്ധിച്ച വിവരങ്ങൾ (Ref: പെൻഷൻ രജിസ്റ്റർ)

| വില്ലേജ് | അഗതി പെൻഷൻ | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർധക്യ പെൻഷൻ | അവശ കലാകാര/ സാഹിത്യകാര പെൻഷൻ | അവശ കായികതാര പെൻഷൻ | ക്ഷയ രോഗി പെൻഷൻ | കുഷ്ഠ രോഗി പെൻഷൻ | കാൻസർ രോഗി പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം | ആദ്യ ഗഡു |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| കണിയാമ്പറ്റ | | 83 | 63 | 31 | | | 1 | | | | 105 | |
| നടവയൽ | | 3 | 14 | | | | | | | 384 | | 80640 |
| 1996 | | | | | | | | | | | | |
| | ആകെ | 86 | 77 | 31 | | | 1 | | | 384 | 105 | |

കർഷകത്തൊഴിലാളി പെൻഷൻ സംബന്ധിച്ച വിവരങ്ങൾ ജില്ലാ ലേബർ ഓഫീസിൽ നിന്നും തൊഴിലില്ലായ്മാ വേതനം സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട താലൂക്ക് എംപ്ളോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്നുമാണ് ലഭിക്കുക. പെൻഷൻ സംബന്ധിച്ച് കഴിഞ്ഞ 5 വർഷത്തെ വിവരം ശേഖരിക്കുക.

ഓരോ വർഷത്തിനും ഇതുപോലുള്ള ഓരോ ഫോറം ഉപയോഗിക്കുക.

## പൊതുവിതരണ സംവിധാനത്തെക്കുറിച്ചുള്ള വിവരങ്ങൾ

| വർഷം | കാർഡുകളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | | പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ (ക്വിൻറൽ) | | | | | മണ്ണെണ്ണ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | NE | E | ആകെ | മേജർ (12 വയസ്സിനുമേൽ) | മൈനർ (3-12 വയസ്സ്) | ആകെ | അരി എല്ലാ ഇനവും | ഗോതമ്പ് | റവ | മൈദ | പഞ്ചസാര | പെർമിറ്റുകളുടെ എണ്ണം | പെർമിറ്റ് വഴി വിതരണം ചെയ്തത് (ലി.) | കാർഡ് വഴി വിതരണം ചെയ്തത് (ലി.) |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 18 | 14 | 15 |
| 1993-94 | 3365 | 887 | 4252 | 15472 | 3939 | 20088 | 21550 | 5950 | 203 | 624 | 978 | 350 | 25520 | 224348 |
| 1994-95 | 3598 | 934 | 4532 | 15153 | 5013 | 21307 | 20630 | 6040 | 252 | 1246 | 1036 | 364 | 26115 | 236536 |
| 1995-96 | 4298 | 1210 | 6508 | 20579 | 4030 | 24550 | 24065 | 8140 | 274 | 1251 | 1183 | 370 | 26820 | 237686 |

5 അംഗൻ വാടി ജീവനക്കാർക്ക് ജീവിക്കാനാവശ്യമായ വേതനം അനുവദിക്കുക.

6 പഞ്ചായത്തിലെ വൃദ്ധമന്ദിരം വിപുലപ്പെടുത്തുക. പുതിയതായി പണിത വൃദ്ധമന്ദിരത്തിലേക്ക് താമസം മാറ്റുക.

7 വാർഡിലെ സാക്ഷരതാ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക.

8 വനിതാ പഠിതാക്കളെ പഠിപ്പിക്കാൻ വനിതാ ഇൻസ്ട്രക്ടർമാരെ നിയമിക്കുക.

9 തുടർ വിദ്യാഭ്യാസത്തിനാവശ്യമായ സംവിധാനം ഉണ്ടാക്കുക.

10 അർഹമായ എല്ലായിടത്തും ഗ്രന്ഥശാലകൾ, വായനശാലകൾ, സാംസ്കാരിക നിലയങ്ങൾ ഇവ സ്ഥാപിക്കുക.

## ആവശ്യങ്ങൾ ഇനംതിരിച്ച്.

### അംഗൻവാടികൾ

| | | |
|---|---|---|
| 1-ാം വാർഡിൽ | - | നെല്ലിയമ്പം, ചിറ്റാലൂർ കുന്ന് എന്നിവിടങ്ങളിൽ. |
| 2-ാം വാർഡിൽ | - | കൊല്ലിവയൽ, പുളിക്കൽ, പച്ചിലക്കാട് മിച്ചഭൂമി എന്നിവിടങ്ങളിൽ. |
| 3-ാം വാർഡിൽ | - | പച്ചിലക്കാട് പഞ്ചായത്തിൻെറ സ്ഥലത്ത്. |
| 4-ാം വാർഡിൽ | - | അരിഞ്ചേർമല, പച്ചിലക്കാട്, കാപ്പുംകുന്ന് എന്നിവിടങ്ങളിൽ. |
| 5-ാം വാർഡിൽ | - | മാനഞ്ചേരിക്കുന്നിലും, മുളാരമ്പത്തും. |
| 6-ാം വാർഡിൽ | - | മുളാരമ്പത്തു കുന്നിൽ ഒരു അംഗൻവാടി. |
| 7-ാം വാർഡിൽ | - | കൊഴിഞ്ഞങ്ങാട് കോളനിയിൽ. |
| 8-ാം വാർഡിൽ | - | ചിത്രമൂല, കൊഴിഞ്ഞങ്ങാട്, കായക്കണ്ടി, ചക്കിക്കാട്ടുകുന്ന് (ചീങ്ങാടി) എന്നിവിടങ്ങളിൽ. |
| 9-ാം വാർഡിൽ | - | താഴെ കരണിയിൽ. |
| 10-ാം വാർഡിൽ | - | താഴെക്കരണി, ആവുവയൽക്കോളനി. എന്നിവിടങ്ങളിൽ. |

### ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ട അംഗൻവാടികൾ

| | | |
|---|---|---|
| 1-ാം വാർഡ് | - | നിലവിലുള്ള അംഗൻവാടികളിൽ കളിക്കോപ്പുകളും, പഠനോപകരണങ്ങളും അനുവദിക്കുക. |
| 2-ാം വാർഡ് | - | നിലവിലുള്ള അംഗൻ വാടിയിൽ കളിക്കോപ്പുകൾ, പഠനോപകരണങ്ങൾ കുട്ടികൾക്കും, അദ്ധ്യാപികയ്ക്കും മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ, കക്കൂസ്, ചുറ്റുമതിൽ ഇവ അനുവദിക്കുക. |
| 3-ാം വാർഡ് | - | കോളിപ്പറ്റ അംഗൻ വാടിക്ക് കെട്ടിടം അനുവദിക്കുക. കളിപ്പാട്ടങ്ങളും പഠനോപകരണങ്ങളും അനുവദിക്കുക. |
| 4-ാം വാർഡ് | - | നിലവിലുള്ള അംഗൻവാടിക്ക് സ്ഥലവും കെട്ടിടവും ഉണ്ടാക്കുക. |
| 5-ാം വാർഡ് | - | അംഗൻവാടികൾ പുതുക്കി പണിയുക. വെള്ളച്ചിമൂല, ചുണ്ടുക്കര അംഗൻവാടികളിൽ കളിക്കോപ്പുകൾ, പഠനോപകരണങ്ങൾ എന്നിവ അനുവദിക്കുക. |
| 6-ാം വാർഡ് | - | പള്ളിമുക്ക് അംഗൻവാടിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക. കമ്പളക്കാട് അംഗൻ വാടി റിപ്പയർ ചെയ്യുക. |
| 9-ാം വാർഡ് | - | നിലവിലുള്ള അംഗൻവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക. |
| 11-ാം വാർഡ് | - | പടാരിക്കുന്ന്, അരിമുള അംഗൻവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക. |

**വായനശാലകൾ ആവശ്യമായ സ്ഥലങ്ങൾ**

2-ാം വാർഡ് - കൂടോത്തുമ്മേൽ, കൊല്ലിവയൽ, ചീക്കല്ലൂർ, പുളിക്കൽ എന്നിവിടങ്ങളിൽ ഓരോ വായനശാല.
3-ാം വാർഡ് - ചീങ്ങാടിയിൽ ഒരു വായനശാല.
4-ാം വാർഡ് - മില്ലുമുക്കിൽ ”
5-ാം വാർഡ് - ഒരു വായനശാല.
6-ാം വാർഡിൽ - മുള്ളാരമ്പത്ത് ”
7-ാം വാർഡിൽ - തേർവാടിക്കുന്നിൽ ”
11-ാം വാർഡിൽ - ഒരു വായനശാല ”

**ഗ്രന്ഥശാലകൾ ആവശ്യമായ സ്ഥലങ്ങൾ.**

2-ാം വാർഡ് - ഒരു ഗ്രന്ഥശാല.
3-ാം വാർഡ് - കണിയാമ്പറ്റ.
5-ാം വാർഡ് - ഒരു ഗ്രന്ഥശാല.
8-ാം വാർഡ് - പള്ളിയറകുന്നിൽ ഒരു ഗ്രന്ഥശാല.

**സ്ഥലവും കെട്ടിടവും ആവശ്യമായ ഗ്രന്ഥശാലകൾ**

1-ാം വാർഡ് - നെല്ലിയമ്പം ദേശീയ ഗ്രന്ഥശാല.
9-ാം വാർഡ് - വായനശാലയ്ക്ക് കെട്ടിടം.
11-ാം വാർഡ് - പുത്തൂർ വായനശാല വിപുലീകരിക്കുക.

**കൂടുതൽ പുസ്തകങ്ങൾ ആവശ്യമായ ഗ്രന്ഥശാലകൾ.**

7-ാം വാർഡ് - സാംസ്ക്കാരിക നിലയത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാല.

**ലൈബ്രേറിയൻമാരെ ആവശ്യമായ ഗ്രന്ഥശാലകൾ.**

7-ാം വാർഡ് - സാംസ്ക്കാരിക നിലയത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലയ്ക്ക് ഒരു ഫുൾടൈം ലൈബ്രേറിയൻ.

**ടി.വി. സെറ്റ് ആവശ്യമായ വായനശാലകൾ.**

11-ാം വാർഡ് - പുത്തൂർ വായനശാല.
3-ാം, 5-ാം വാർഡ് - പുതിയ ഗ്രന്ഥശാല, വായനശാല ഇവ സ്ഥാപിച്ച് അതിൽ ടി.വി. സെറ്റുകൾ അനുവദിക്കണം.

**സാംസ്ക്കാരിക നിലയം ആവശ്യമായ സ്ഥലങ്ങൾ.**

1-ാം വാർഡ് - (വ്യവസായത്തിനെന്നുപറഞ്ഞ് നിർമ്മിച്ച് ഉപയോഗിക്കാത്ത കെട്ടിടം. കുറുമ കോളനി.)
2-ാം വാർഡിൽ
3-ാം വാർഡ് - പഞ്ചായത്തിൻെൻെറ സ്ഥലത്ത് ഒരു സാംസ്ക്കാരിക നിലയം.

**ശിശു പരിപാലനകേന്ദ്രം ആവശ്യമായ സ്ഥലങ്ങൾ.**

6-ാം വാർഡിൽ -

**ആദിവാസി ഹോസ്റ്റൽ.**

9-ാം വാർഡിൽ
11-ാം വാർഡിൽ

**നിലവിലുള്ള ആദിവാസി ഹോസ്റ്റൽ-കെട്ടിടവും കിണറും വേണ്ടവ.**

2-ാം വാർഡ് - കൂടോത്തുമ്മേൽ ട്രൈബൽ ഹോസ്റ്റലിൻെറ സ്വന്തമായ സ്ഥലത്ത് കെട്ടിടം പണിയുക. കിണർ കുഴിക്കുക. ഇപ്പോഴുള്ള കുഴൽക്കിണർ നന്നാക്കുക.

# 9-ാം പദ്ധതിയിൽ

# കണിയാമ്പറ്റ പഞ്ചായത്തിലെ സ്ത്രീ ക്ഷേമ വികസനത്തെ കുറിച്ചുള്ള റിപ്പോർട്ട്

നമ്മുടെ നാട്ടിൽ 'സ്ത്രീ' യെ ക്കുറിച്ച് എറ്റവും അധികമായി ചർച്ചകൾ നടക്കുന്ന കാലയളവാണിത്. നമ്മുടെ വികസന പ്രവർത്തനങ്ങളുടെ പ്രധാന ദൗർബ്ബല്യങ്ങളിൽ ഒന്നായിട്ടാണ് സ്ത്രീകളുടെ സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥയെ കണക്കാക്കേണ്ടത്. ഇപ്പോൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഒൻപതാം(9) പദ്ധതിയിലൂടെ സ്ത്രീകളുടെ ഉന്നമനത്തിനായികൂടുതൽ ശ്രദ്ധ ചെലുത്തുവാനും, അവരോടുകാട്ടുന്ന അവഗണനയുടെ ഫലമായി സമൂഹത്തിനേറ്റുകൊണ്ടിരിക്കുന്ന മുറിവുകളുണക്കുവാനും കൂടുതൽ സമയവും സന്ദർഭവും വിനിയോഗിക്കേണ്ടിയിരിക്കുന്നു. ഭരണഘടനാ ലഭ്യമായ സമത്വമെങ്കിലും നേടിയെടുക്കുവാൻ നമ്മുടെ 'സ്ത്രീ' കളെ പ്രാപ്തകളാക്കുവാനും, സാമൂഹിക, സാമ്പത്തിക രംഗങ്ങളിൽ അവരുടെ അർത്ഥവത്തായ സഹകരണങ്ങളും, സംഭാവനകളും കൂടി പ്രതീക്ഷിക്കാവുന്ന വിധത്തിൽ ആസൂത്രണ വിഭവ വിതരണ പരിപാടികൾക്ക് രൂപം കൊടുക്കുവാൻ ശ്രമിക്കാം. സ്ത്രീജന പരിപാലനത്തിന് ഒരു ആസൂത്രണ മാതൃകയാവാൻ നമ്മുടെ പഞ്ചായത്തിന് കഴിയണം. ആ കൂട്ടായ യത്നത്തിലേക്ക് കടക്കുമ്പോൾ നമ്മുടെ സ്ത്രീ ജനങ്ങളുടെ നിലവിലുള്ള സാമൂഹിക സാമ്പത്തിക പശ്ചാത്തലം കൂടി അവലോകനം ചെയ്യപ്പെടേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

പഞ്ചായത്തിലെ ജനസംഖ്യാ കണക്കു പ്രകാരം 24419 പ്രായപൂർത്തിയായവരിൽ 12456 പുരുഷന്മാരും 11963 സ്ത്രീകളുമാണുള്ളത്. സംസ്ഥാനത്തെ പൊതുവായ ശരാശരി നിലവാരത്തിൽ നിന്നും വ്യതിചലിക്കപ്പെട്ട അവസ്ഥയാണ് നമുക്കുള്ളത്. സംസ്ഥാനത്തെ സാധാരണ നിലവാരത്തിൽ നിന്നും വിഭിന്നമായി സ്ത്രീജന സംഖ്യ കുറയുവാനിടയാക്കിയത് വർദ്ധിച്ച സ്ത്രീജന മരണം, പെൺ കുഞ്ഞുങ്ങളുടെ ജനന നിരക്കിൽ കുറവ് വരുക, ചെറുപ്രായത്തിലേ പെൺ കുട്ടികളെ വിവാഹംചെയ്തയക്കൽ തുടങ്ങിയവയാവാം. ഇവയുടെ പാർശ്വ ഫലങ്ങൾ അതി വിദൂരമല്ലാത്ത ഭാവിയിൽ നമ്മുടെ പഞ്ചായത്തിനെ ഗ്രസിക്കുന്ന കൊടും വിപത്തായിത്തീരും. വിദ്യാലയങ്ങളിലെ ആൺ പെൺ അനുപാതത്തിൽ ആശാവഹമായ പെൺ പങ്കാളിത്തമുണ്ടെങ്കിലും പഞ്ചായത്തിൻെറ പൊതുവായ സ്ത്രീ ജന സാക്ഷരതാ നിരക്ക് 65%ത്തിൽ താഴെയാണ്. ഇത് നമ്മുടെ ജില്ലാ നിരക്കിന് അടുത്ത് വരേയും സംസ്ഥാന നിരക്കിന് വിദൂരമായുമാണ്. ചില സമുദായങ്ങളിൽ പ്രത്യേകിച്ച് മുസ്ളീം സമുദായത്തിലും ആദിവാസി വർഗ്ഗത്തിലുമാണ്. സ്ത്രീ നിരക്ഷരതയുടെ അളവ് കൂടി നിൽക്കുന്നത്. ഇവരുടെ സാമൂഹിക ബന്ധങ്ങൾ അവരുടെ നാലു ചുമരുകൾക്കുള്ളിൽ ഒതുക്കിയിരിക്കുന്നത് പഞ്ചായത്തിൻെറ പൊതുവായ വികസനത്തിൽ തടസ്സമായിത്തീരുന്നു. പ്രാഥമിക തല വിദ്യാഭ്യാസത്തിനുശേഷം പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക് അധികമാണ്. ഉന്നത വിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസവും കരസ്ഥമാക്കിയ സ്ത്രീകൾ വിരളമാണ്.

ആരോഗ്യ പരിപാലന കാര്യത്തിൽ സ്ത്രീകൾ പുരുഷന്മാരെ അപേക്ഷിച്ച് വളരെ പുറകിലാണ്. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ എത്തുന്ന രോഗികളിൽ അധികവും സ്ത്രീകളാണ്. പഞ്ചായത്തിലെ സ്ത്രീകളുടെ ശരാശരി ആയുർദൈർഘ്യം 50 വയസ്സിനു താഴെയാണ്. പ്രാഥമിക ആരോഗ്യ സൗകര്യങ്ങളെക്കുറിച്ചും ആധുനിക ചികിത്സാ സൗകര്യങ്ങളെക്കുറിച്ചും, സർക്കാർ തലത്തിലുള്ള സൗകര്യങ്ങളെക്കുറിച്ചും വലിയ വിഭാഗം സ്ത്രീകൾ [വിശിഷ്യാ ആദിവാസികൾ, മുസ്ളീം സ്ത്രീകൾ] അജ്ഞരാണ്. ആദിവാസി മേഖലയിലെ ആരോഗ്യ സംരക്ഷണം അടിയന്തിര പ്രാധാന്യമർഹിക്കുന്നതാണ്. പ്രാഥമിക ഹെൽത്ത് സെൻറർ, അംഗൻവാടി, മഹിളാ സമാജങ്ങൾ ഇവയിലൂടെ നല്ല ആരോഗ്യബോധം വളർത്തുന്ന പ്രചരണങ്ങൾ ആവശ്യമാണ്.

നാട്ടിൽ ജീവിത ചുറ്റുപാടുകൾക്ക് മാറ്റമുണ്ടായിട്ടും സ്ത്രീ ചൂഷണം ഇന്നും നിലനിൽക്കുന്നു. പഞ്ചായത്തിലെ തൊഴിൽ മേഖലയിൽ സ്ത്രീകൾ അധി കവും ആശ്രയിക്കുന്നത് കാർഷിക മേഖലയെയാണ്. കാർഷിക മേഖലയിലെ സ്ത്രീകൾ പുരുഷന്മാരെ അപേക്ഷിച്ച് ഏതാണ്ട് പൂർണ്ണമായും അസംഘടിതരും, സംഘടിതരാണെങ്കിൽ തന്നെ, പുരുഷ മേധാവിത്വത്തിൻ കീഴിലുമാണ്. സ്വതന്ത്രമായ തൊഴിലിൽ ഏർപ്പെടുന്ന സ്ത്രീകൾ വളരെ കുറവാണ്. ലഭ്യമാകുന്ന വേതന കാര്യത്തിൽ പുരുഷനുമായി വ്യത്യാസമുണ്ട്. എന്നാൽ ജോലിയിലും സമയത്തിലും സമാനതയുമാണ്. തുല്യ അദ്ധ്വാനത്തിന് തുല്യ കൂലി നിഷ്കർഷമില്ല. കാർഷിക മേഖലയിലെ തൊഴിൽ സാധ്യത കാലാനുസൃതമായതിനാൽ തൊഴിൽ ലഭ്യത

പരിമിതമാണ്. മറ്റ് നിർമ്മാണ പ്രവർത്തന ങ്ങൾ സംഘടിതമായ വനിതാ പങ്കാ ളിത്തം കുറവാണ്. എങ്കിലും കെട്ടിട നിർമ്മാണം, ഇഷ്ടിക നിർമ്മാണം, ചുമടെടുക്കൽ എന്നീ അദ്ധ്വാന മേഖല കളിലും കുറഞ്ഞ തോ തിൽ ഉദ്യോഗങ്ങളിലും വനിതകൾ കടന്നു ചെന്നിട്ടുണ്ട്.

കാർഷിക മേഖലയിലെ പ്രധാന വിളയായ നെല്ലുല്പാദനത്തിൽ ഗണ്യമായ മാറ്റമുണ്ടാവുകയും തൽസ്ഥാനത്ത് നാണ്യ വിളകൾ സ്ഥാനം പിടിക്കുകയും ചെയ്ത തോടെ സ്ത്രീകൾക്ക് ലഭ്യമായിരുന്ന നാനാവിധ തൊഴിൽ സാധ്യതകളും നഷ്ടമാവുകയും അവരുടെ വരുമാന ത്തിൽ ഗണ്യമായ വ്യതിയാനങ്ങൾ സംഭവിക്കുകയും ചെയ്തു. നാണ്യ വിളക ളുടെ കടന്നു കയറ്റവും, യന്ത്രവൽക്കര ണവും പാരമ്പര്യ കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരുന്ന സ്ത്രീകളുടെ ധനാഗമ മാർഗ്ഗത്തെയും ആരോഗ്യത്തേയും സാര മായി ബാധിക്കുകയും കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത താറുമാറാക്കുകയും ചെയ്തു. കന്നുകാലി സംരക്ഷണവും, പരിപാലനവും, അതുവഴി കിട്ടുന്ന വരുമാനവും പ്രതീക്ഷിച്ചിരുന്ന സ്ത്രീ ജനങ്ങൾക്ക് തീറ്റപുൽ, വൈക്കോൽ ഇവയുടെ ദൗർലഭ്യം താങ്ങാൻ പറ്റാത്ത ദുരിതത്തിനിടയാക്കി. കാർഷിക മേഖല കളിലെ പുരുഷന്മാർ ഇതര ജോലികൾ തേടിയിറങ്ങിയപ്പോൾ സ്ത്രീ ജനങ്ങൾ തങ്ങളുടെ കൂരയ്ക്കുള്ളിൽ ചടഞ്ഞു കൂടി. വിദ്യാഭ്യാസമുള്ള സ്ത്രീകളുടെ സ്ത്രീ പുരുഷ തുല്യതാനിലവാരത്തിലുള്ള തൊഴിലുകൾ നമ്മുടെ പഞ്ചായത്തിൽ ആനുപാതികമായി വളരെക്കുറവാണ്. ഏതെങ്കിലും സ്ഥാപനങ്ങളുടേയോ പ്രസ്ഥാനങ്ങളുടെയോ ഭരണ നിർവ്വഹണ വിഭാഗത്തിൽ സ്ത്രീകൾ തീരെ ഇല്ലെന്നു തന്നെ പറയാം. പഞ്ചായത്തിലെ നീർമറി പ്രദേശങ്ങളിൽ നൂറിൽ പരം തയ്യൽ മെഷീനുകൾ സ്ത്രീകൾക്ക് ലഭ്യമായിട്ടുണ്ട്. എന്നാലും ധാരാളം കുടുംബങ്ങൾക്ക് വരുമാന വർദ്ധനവിലേക്കായോ, തൊഴിൽ ലഭ്യതയിലേക്കായോ ചെറുകിട, വൻകിട വ്യവസായങ്ങൾ ഒന്നും തന്നെയില്ല.

പഞ്ചായത്തിലെ ധാരാളം കുടും ബങ്ങൾ പരിപാലിച്ചുപോകുന്നത് വിധവകളായ വീട്ടമ്മമാരാണ്. അവർക്ക് പഞ്ചായത്തിൽ നിന്ന് വളരെയധികം സഹായ ഹസ്തങ്ങൾ നൽകേണ്ടതുണ്ട്. വിവാഹ ബന്ധങ്ങളിൽ നിന്നും സ്ത്രീ ഏൽക്കേണ്ടിവരുന്ന അവഗണനയും അപമാനവും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായിട്ടുണ്ട്. നിയമപരമായി ലഭിക്കേണ്ട സംരക്ഷണം പോലും ലഭ്യമാക്കുന്നതിൽ വീഴ്ച വരുന്നത് ആശ്വാസ്യമല്ല. സ്ത്രീധനപ്പേരിൽ ആത്മ ഹത്യകളും കൊലപാതകങ്ങളും ഉണ്ടാ വുന്നു എന്നത് ചിന്തനീയമാണ്. ചാരായ നിരോധനം നിലവിലുണ്ടെങ്കിലും കള്ള വാറ്റും മയക്കുമരുന്നും തുടരുന്നത് സ്ത്രീകളോടുള്ള കടന്നുകയറ്റത്തിന് കാരണമായി നിലനിൽക്കുന്നു. സ്ത്രീകളെ അപമാനിക്കുവാനും അവഹേളിക്കുവാനും ശ്രമങ്ങൾ കൂട്ടായി (സംഘടിതമായി) നമ്മുടെ പഞ്ചായത്തിൽ നടക്കുന്നില്ല എന്നതിൽ നമുക്ക് ആശ്വസിക്കാം. സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകളെ അപവാദ പ്രചരണത്തിലും മറ്റും കുരുക്കി അവർക്കുള്ള കർമ്മോത്സു കതയെ കെടുത്തിക്കളയുന്നതിനെതിരെ നാം ജാഗരൂകരാകണം.

സാമൂഹ്യക്ഷേമ വകുപ്പുകളിൽ നിന്നും ലഭ്യമാവുന്ന എല്ലാ പെൻഷനു

കളും അർഹരായ അനവധി സ്ത്രീകൾക്ക് ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടില്ല. അർഹരായവരെ കണ്ടെത്തുവാൻ പഞ്ചായത്തിൻെറ ഉദ്യോഗതലത്തിലും ജനപ്രതിനിധി തലത്തിലും കാര്യമായ സഹകരണം തേടണം.

പഞ്ചായത്തിൽ നിലവിൽ 19-ൽ പരം അംഗന വാടികളുടെ സേവനം ലഭ്യമാണ്. എന്നാൽ ഒരു ക്രഷെ ഇതുവരെ ഉണ്ടായിട്ടില്ല. ഏകദേശം 161 ൽപരം മുലയൂട്ടുന്ന അമ്മമാരും, 147 ഗർഭിണികളായ സ്ത്രീകളെയും ഈ അംഗനവാടികൾ വഴി ബോധവൽക്കരിക്കുവാനും, ആരോഗ്യപരമായ നിർദ്ദേശങ്ങൾ നൽകുവാനും ഇപ്പോൾ കഴിയുന്നുണ്ട്. കൂടുതൽ അംഗനവാടികളും മഹിളാ സമാജങ്ങളും സ്വാശ്രയ സംഘങ്ങളും പഞ്ചായത്തിൻെറ സംഘടനാ പാടവത്തിൽ വളർത്തിക്കൊണ്ടുവരേണ്ടത് ആവശ്യമാണ്.

DWCRA - തുടങ്ങിയ പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമായിട്ടില്ല. പൊതുരംഗത്ത് സംഘടനാ നേതൃത്വങ്ങളിലും വനിതാ പ്രാതിനിധ്യം കുറവാണ്. ഉള്ളവയിൽ വെറും നാമമാത്രമായ പങ്കാളിത്തമേ അനുവദിക്കുന്നുള്ളൂ. വനിതാ വ്യവസായ സംരംഭകരുടെ പ്രവർത്തനങ്ങൾ ഒട്ടും തന്നെയില്ല.

സമൂഹത്തിൻെറ ഉന്നമനത്തിനായി വനിതകൾ രാഷ്ട്രീയവും, സാമൂഹികവും, സാമ്പത്തികവുമായ അധികാര കേന്ദ്രങ്ങളിൽ ചുക്കാൻ സ്ഥാനങ്ങളിൽ എത്തിപ്പെടേണ്ടത് അനിവാര്യമാണ്. ഇവയുടെയെല്ലാം പൊതുവായ ചർച്ചയിൽ നമ്മുടെ പഞ്ചായത്തിലെ സ്ത്രീ സമൂഹം നേരിടുന്ന പ്രശ്നങ്ങളിലേക്കും അവയ്ക്ക് നാം കണ്ടെത്തിയ പ്രശ്ന പരിഹാരങ്ങളിലേക്കും ആസൂത്രണ സമിതിയുടെ ശ്രദ്ധയെ സദയം ക്ഷണിക്കുകയും പ്രശ്നങ്ങളെയും, പരിഹാര നിർദ്ദേശങ്ങളെയും താഴെയായി കൊടുക്കുകയും ചെയ്യുന്നു.

## 11- <u>വാർഡുകളിലായി സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളുടെ സംഗ്രഹണം:-</u>

1 സ്ത്രീകൾക്ക് സാമ്പത്തിക ഭദ്രതയില്ല.
2 വരുമാന വർദ്ധനവിനുതകുന്ന സ്വയം തൊഴിലോ തൊഴിൽ സംരംഭങ്ങളോ ഇല്ല.
3 സ്ത്രീകൾക്കായി മാത്രം തൊഴിൽപരിശീലനകേന്ദ്രങ്ങളില്ല.
4 സ്ഥിരമായ തൊഴിൽ ലഭ്യത ഇല്ല.
5 തുല്യജോലിക്ക് തുല്യ വേതനം ഇല്ല. ചൂഷണം സാർവ്വത്രികമായിട്ടുണ്ട്.
6 പൊതു രംഗങ്ങളിൽ സ്ത്രീ പങ്കാളിത്തം കുറവ്.
7 സ്ത്രീ സംഘടനകളുടെ പ്രവർത്തനം (മഹിളാസമാജങ്ങൾ) തൃപ്തികരമല്ല. ബോധവൽക്കരണം തീരെയില്ല.
8 സാംസ്ക്കാരിക സാമൂഹിക നിലവാരത്തിൽ ഉയർച്ചയില്ല. വനിതകൾക്ക് സാക്ഷരത തീരെക്കുറവ്.
9 കിടത്തി ചികിത്സനൽകാൻ കഴിയുന്ന വിധത്തിൽ ആരോഗ്യ പരിപാലനം ഇല്ല.
10 രോഗികളിൽ അധികവും സ്ത്രീകളാണ്.
11 ശിശു മന്ദിരത്തിൻെറ (ക്രഷെ) അഭാവം ഉണ്ട്.
12 സ്ത്രീകളുടെ വാർദ്ധ്യക്യകാല വിധവാ പെൻഷനുകളുടെ വിതരണത്തിലും ലഭ്യതയിലും വലിയ കാലതാമസം.
13 കൂലിപ്പണിക്ക് പോകുന്ന സ്ത്രീകളുടെ സാമൂഹിക പ്രശ്നങ്ങൾക്ക് പരിഹാരമില്ലാതാവുന്നു.

14 സ്ത്രീധന സമ്പ്രദായവും, സ്ത്രീ പീഡനവും ഇപ്പോഴും നിലനിൽക്കുന്നു.

15 അനധികൃത മദ്യവില്പന, വാറ്റ്, മയക്കു മരുന്ന് ഇവയുടെ സജീവ സാന്നിദ്ധ്യം.

16 ഇന്ധനക്ഷമതയുള്ള അടുപ്പുകൾ സാർവത്രികമല്ല.

17 പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്കായി മൂത്രപ്പുരകളും, കക്കൂസുകളും ഇല്ല.

18 സ്ത്രീകളെ അശ്ളീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകൾ, പെയിൻറിംഗ്, പരസ്യങ്ങൾ എന്നിവയുടെ അനിയന്ത്രിത പ്രചരണം.

19 സ്ത്രീകൾക്കു വേണ്ടി മാത്രമുള്ള വായനശാലകളോ സാംസ്ക്കാരിക നിലയങ്ങളോ പ്രവർത്തിക്കുന്നില്ല.

20 കിണറുകൾ കുളങ്ങൾ ഇവയുടെ എണ്ണത്തിൽ വർദ്ധനവുണ്ടായതല്ലാതെ ഭൂഗർഭജലസംഭരണത്തിലോ സംരക്ഷണത്തിലോ കാര്യമായ പുരോഗതി ഇല്ല.

21 പെൺകുട്ടികൾക്കുവേണ്ടി മാത്രമുള്ള സാങ്കേതിക വിദ്യാലയങ്ങൾ നിലവിലില്ല.

22 പരിസ്ഥിതി സംരക്ഷണത്തിൽ സ്ത്രീ പങ്കാളിത്തം വളരെക്കുറവാണ്.

23 വിവാഹ ആർഭാടം, ജീവിത ആർഭാടം ഇവ പഞ്ചായത്തിൽ കുറവല്ല.

## ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ.

1 സ്ത്രീ നേതൃത്വത്തിൽ സ്ത്രീകളുടെ പേരിൽ അവരുടെ മാത്രം സാമ്പത്തിക ഉന്നമനം ലക്ഷ്യംവെക്കുന്ന തൊഴിൽ സംരംഭങ്ങൾ സ്ഥാപിച്ച് തൊഴിൽ സാധ്യതകളും [കൈതൊഴിൽ, റെഡിമെയ്ഡ് ഉൽപ്പന്നങ്ങൾ, ഭക്ഷ്യഫല സംസ്ക്കരണ ശാലകൾ തുടങ്ങിയവ.] വരുമാന മാർഗ്ഗങ്ങളും വർദ്ധിപ്പിക്കുക, നിലവിൽ പ്രവർത്തനം നിലച്ചുനിൽക്കുന്ന വനിതാ സഹകരണ സംഘങ്ങളുടെ പുനസ്ഥാപനം ഫലപ്രദമായ പ്രവർത്തനവും സംഘടിപ്പിക്കുന്നതു വഴി ഇതുസാധിക്കും.

2 മഹിളാ സമാജങ്ങൾ മുഖേന ഫലപ്രദമായി കൂടുതൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും സ്ത്രീകളെ സംഘടനാപരമായി പൊതുരംഗത്തേക്ക് ആകർഷിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

3 പ്രൈമറി തലത്തിൽ ആൺ പെൺ അനുപാതം ഏറെക്കുറെ ഉയർന്നതാണെങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്തും സാങ്കേതിക പരിജ്ഞാനരംഗത്തും കൊഴിഞ്ഞ് പോക്ക് വലിയ പ്രശ്നമാണ്. അതിനു വേണ്ടുന്ന നടപടികൾ സ്വീകരിച്ച് തുടർ വിദ്യാഭ്യാസത്തിനു വേണ്ട സാമ്പത്തിക സഹകരണങ്ങൾ നൽകുകയും സാങ്കേതിക വിദ്യാഭ്യാസത്തിന് പെൺകുട്ടികൾക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പാക്കുകയും ചെയ്യുക. പെൺകുട്ടികൾക്കുമാത്രമായി സാങ്കേതിക വിദ്യാലയങ്ങൾ തുറക്കുവാൻ നടപടി സ്വീകരിക്കണം.

4 നെൽപ്പാടങ്ങൾ നികത്തി നാണ്യവിളകൾ വെക്കുന്നത് നിരുത്സാഹപ്പെടുത്തുകയും പരമ്പരാഗത തൊഴിലിൻെറ സാധ്യതകൾ നിലനിർത്തുകയും വേണം. തുല്യ ജോലിക്ക് തുല്യ വേതനം ഉറപ്പാക്കുവാൻ അധികാരികളുടെ നടപടി ആവശ്യപ്പെടണം. തൊഴിലാളി മേഖലകളിലെ വനിതകളുടെ [അമ്മമാരുടെ] ആവശ്യമായ ശിശു പരിപാലന ക്ഷേമ മന്ദിരങ്ങൾ [ക്രഷെ] ഉടൻ തന്നെ സ്ഥാപിക്കുവാൻ നടപടിസ്വീകരിക്കണം.

5 ചാരായ നിരോധനം സഹർഷം സ്വാഗതം ചെയ്യുകയും അതിൻെറ ഗുണഫലങ്ങൾ നാട്ടിൽ അനുഭവപ്പെടുകയും

ചെയ്തതിൻെറ വെളിച്ചത്തിൽ സമ്പൂർണ്ണ മദ്യ നിരോധനം നടപ്പിലാക്കുവാൻ ആവശ്യപ്പെടുകയും, അതിലൂടെ സ്ത്രീകളുടെയും കുട്ടികളുടെയും മാനസികവും ശാരീരികവുമായ സ്വാസ്ഥതയും സമൂഹത്തിൻെറ സമാധാനവും നിലനിർത്താൻ കഴിയുകയും ചെയ്യും. അനധികൃത മദ്യവില്പന, കള്ളവാറ്റ്, മയക്കു മരുന്നുകളുടെ പ്രചരണം, പുകവലി ഇവയെ നിരുത്സാഹപ്പെടുത്താൻ നിയമപരമായ നടപടികൾക്കായി അധികാരികളെ സഹായിക്കണം. ചീട്ടുകളി, ചൂതാട്ടം തുടങ്ങിയവ പോലീസിൻെറ സഹായത്തോടെ നിരോധിക്കണം.

6 സ്ത്രീധനമെന്ന ശാപം തീരെ ഇല്ലാതാക്കുവാൻ നിയമപരമായ കർശന നടപടികൾക്ക് അധികാരികൾക്ക് വേണ്ട പിൻതുണ നൽകുകയും ആവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.

7 വിവാഹ ആർഭാടങ്ങളും, ആഭരണങ്ങളോടും ആർഭാട വസ്തുക്കളോടുമുള്ള അമിത ആസക്തിക്കെതിരായി സ്ത്രീകളിൽ ബോധം സൃഷ്ടിക്കണം. വിവാഹ ആർഭാടങ്ങൾ നിയമപരമായി നിയന്ത്രിക്കണം.

8 നിർദ്ധനരായ കുടുംബങ്ങളിലെ വിവാഹപ്രായം കഴിഞ്ഞുനിൽക്കുന്ന പെൺകുട്ടികളെയും, വിവാഹ മോചിതരെയും, വിധവകളെയും പുനരധിവസിപ്പിക്കുന്നതിനായി അവർക്ക്, തൊഴിൽ സാമ്പത്തിക ഭദ്രത ഉറപ്പാക്കുവാൻ സർക്കാർതലത്തിൽ നൽകാൻ കഴിയുന്ന സഹായ സഹകരണങ്ങൾ നിഷ്കർഷയോടെ വാങ്ങിക്കൊടുക്കുവാൻ ഒരു വനിതാ ഏജൻസിക്ക് രൂപം നൽകണം.

9 ഉപഭോക്തൃ നിയമങ്ങളെക്കുറിച്ച് സ്ത്രീകൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നൽകുകയും, ചൂഷണത്തിൽനിന്നും സംരക്ഷണം നൽകുവാൻ സന്നദ്ധ സംഘങ്ങളെ അവരുടെ ഇടയിൽ വ[illegible] ചെയ്യുക.

10 സ്ത്രീകളുടെയിടയിൽ സമ്പാദ്യശീലം വളർത്തുന്നതിനായി സ്ത്രീനിയന്ത്രണത്തിലുള്ള സ്വാശ്രയ സംഘങ്ങളുടെ രൂപീകരണത്തിനായി സന്നദ്ധ സംഘടനകളെ പ്രോത്സാഹിപ്പിക്കുവാൻ ബാങ്കുകൾ, സർക്കാർ, സർക്കാരിതര ഏജൻസികൾ ഇവരുടെ ഫലപ്രദമായ സഹായ സഹകരണങ്ങൾ ഉറപ്പാക്കുക.

11 സ്ത്രീ സംബന്ധമായ രോഗങ്ങൾ പരിശോധിക്കുന്നതിനും ചികിത്സിക്കുന്നതിനും സ്ത്രീകൾക്കുമാത്രമായി ആശുപത്രി സ്ഥാപിക്കുക. അവിടെ വനിതാ ഡോക്ടറുടെ സേവനം ഉറപ്പാക്കുക.

12 സ്ത്രീകളുടെയും കുട്ടികളുടെയും സാംസ്ക്കാരിക ഉന്നമനത്തിനായി ഓരോ വാർഡ് തലത്തിലും സാംസ്ക്കാരിക നിലയങ്ങൾ സ്ഥാപിക്കുകയും വായനശാലകൾ പ്രവർത്തിപ്പിക്കുകയും ചെയ്യണം. അവയുടെ നിയന്ത്രണം പൂർണ്ണമായും സ്ത്രീകളുടെ മേൽനോട്ടത്തിൽ ആവുകയും വേണം.

13 ഭൂഗർഭ ജല സംരക്ഷണം പൂർണ്ണമായും ഉറപ്പാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക. പാഴ് ജല സംഭരണ ബോധവൽക്കരണ പരിപാടികൾ ഫലപ്രദമായി നടപ്പിൽ വരുത്തണം. സർക്കാരിൻെറയും മറ്റ് ഏജൻസികളുടെയും സഹകരണത്തെ ഫലപ്രദമായി ആവിഷ്ക്കരിക്കുക.

14 ഗ്രാമ ആസൂത്രണ-നിർമ്മാണ പ്രവർത്തനങ്ങളിൽ സ്ത്രീ പങ്കാളിത്തം സജീവമാകുവാൻ വേണ്ട നടപടികൾ ഉണ്ടാവണം. നിർമ്മാണ പ്രവർത്തനങ്ങൾ പുരുഷ കുത്തകയാവാൻ അനുവദിക്കരുത്.

15 തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് ജനസംഖ്യാനുപാതികമായി പ്രാധിനിധ്യം സംവരണം മൂലം ഉറപ്പാക്കുക. രാഷ്ട്രീയ രംഗത്ത് നിലവിലെ സംവരണം വർദ്ധിപ്പിക്കുവാനും തീരുമാനങ്ങളെടുക്കുന്ന ഉത്തരവാദിത്വ സ്ഥാനങ്ങളിലേക്ക് സ്ത്രീകളെ ഉയരുവാൻ സഹായിക്കുകയും വേണം.

16 നിലവിൽ ആൺമക്കളുള്ള വിധവകൾക്ക് വിധവാപെൻഷൻ നൽകുന്നില്ല. ഇവർക്കും വിധവാപെൻഷൻ നൽകണം.

17 പഞ്ചായത്തിൻെറ വികസന ധനവിനിയോഗത്തിൽ പകുതിയിലധികം പദ്ധതികൾ വനിതാക്ഷേമത്തിനായി നീക്കിവെക്കുകയും അവയുടെ പൂർണ്ണമായ വികസനം ഉറപ്പാക്കുകയും ചെയ്യുക.

പദ്ധതി പ്രഖ്യാപനങ്ങളിൽ വനിതകളോടുള്ള വിവേചനമാണ് നമ്മുടെ സമഗ്ര വികസനത്തിന് പ്രധാന തടസ്സമായി നിൽക്കുന്നത്. മനുഷ്യ സമൂഹത്തിൻെറ പിന്നോക്കം മാറ്റിനിർത്തപ്പെട്ട പകുതിയായി നിലനിൽക്കുന്ന നമ്മുടെ ഭാവി തലമുറയെ സൃഷ്ടിക്കുന്ന സ്ത്രീ വിഭാഗത്തിൻെറ നാനാതുറകളിലുമുള്ള സ്വയം പര്യാപ്തതയിലൂടെ മാത്രമേ സമൂഹത്തിൻെറയും രാഷ്ട്രത്തിൻെറയും സർവ്വോന്മുഖമായ പുരോഗതി കൈവരിക്കാനാവൂ. സമൂഹ മനസ്സാക്ഷി മരവിക്കുന്ന വിധത്തിൽ നമ്മുടെ സാംസ്ക്കാരിക തകർച്ചക്കും, മൂല്യശോഷണത്തിനും കാരണങ്ങളിൽ ഒന്നാമതായിനിൽക്കുന്നത് സ്ത്രീക്ക് അർഹമായ സ്ഥാനം നൽകുവാൻ നാം തയ്യാറാവാത്തതാണ്. വെറും ഉപഭോഗ വസ്തുവായി സ്ത്രീയെ തരം താഴ്ത്തുന്നത് ഇനിയെങ്കിലും അവസാനിപ്പിക്കുവാൻ ശ്രമിക്കണം. നാം ചെയ്തുകൊണ്ടിരിക്കുന്ന ഈ കൊടും വിപത്തിൻെറ പ്രായശ്ചിത്തമായി ൯-ാം പദ്ധതിയിൽ വനിതാക്ഷേമ പരിപാടികൾ പ്രതിജ്ഞാ ബദ്ധമായി നടപ്പിലാക്കാൻ ശ്രമിക്കാം.

ഈ ജനകീയ പരിപാടിയുടെ ആസൂത്രണത്തിൽ ജന പങ്കാളിത്തം ഉറപ്പാക്കിയതു പോലെ പദ്ധതിയുടെ പുനരവലോകനത്തിൽ ജന പങ്കാളിത്തം ഉറപ്പുവരുത്തുവാനും - നേട്ടങ്ങളും കോട്ടങ്ങളും വേണ്ടവിധത്തിൽ നേരിടുവാനും ജനങ്ങളെ തയ്യാറാക്കുന്ന വിധത്തിൽ ജനകീയ ആസൂത്രണ പരിപാടികൾ നടപ്പിലാക്കുകയും വിശകലനം ചെയ്യുകയും വേണം.





# പട്ടികജാതി പട്ടികവർഗ്ഗം

**ആമുഖം**

വയനാട് ജില്ലയിലെ കല്പറ്റ വികസന ബ്ലോക്കിൽ ജനസംഖ്യാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ പട്ടികവർഗ്ഗക്കാർ താമസിക്കുന്ന പഞ്ചായത്താണ് കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്. 1991-ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിൽ മൊത്തം 5191 പട്ടികവർഗ്ഗക്കാരാണുള്ളത്. ഇതിൽ 2599 പേർ പുരുഷന്മാരും 2592 പേർ സ്ത്രീകളുമാണ്. കണിയാംപറ്റ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസിൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് ഇവരുടെ ഇപ്പോഴത്തെ ജനസംഖ്യ 5385 ആണ്. മൊത്തം 110 പട്ടികവർഗ്ഗസങ്കേതങ്ങൾ പഞ്ചായത്തിലുണ്ട്. പണിയൻ, കാട്ടുനായ്ക്കൻ, കുറുമൻ, കുറിച്യർ, ഊരാളിക്കുറുമൻ- കുറിച്ച്യൻ വിഭാഗത്തിൽ നിന്നും മതപരിവർത്തനം വഴി ക്രിസ്തു മതം സ്വീകരിച്ചവർ, പണിയൻ സമുദായത്തിൽ നിന്നും മതപരിവർത്തനം വഴി ഇസ്ലാം മതം സ്വീകരിച്ചവർ എന്നീ പട്ടികവർഗ്ഗ വിഭാഗങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്. എല്ലാ വിഭാഗങ്ങളിലുമായി മൊത്തം 1597 പട്ടികവർഗ്ഗകുടുംബങ്ങളുണ്ട്. ഇവരുടെ ജാതി തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

1. പണിയൻ 698 കുടുംബങ്ങൾ
2. ഊരാളികുറുമൻ 129 "
3. കാട്ടുനായ്ക്കൻ 14 "
4. കുറിച്ച്യൻ 164 "
5. കുറുമൻ 315 "
6. കുറിച്ച്യൻ/ഊരാളിക്കുറുമൻ- ക്യസ്ത്യൻ 276 കുടുംബങ്ങൾ
7. പണിയൻ. മുസ്ലീം 1

മൊത്തം 1597 കുടുംബങ്ങൾ

കൃഷി, കൂലിപ്പണി എന്നീ തൊഴിലുകളിൽ ഏർപ്പെട്ട് ഉപജീവനം കഴിക്കുന്നവരാണ് ഭൂരിഭാഗവും. മൊത്തം 1597 കുടുംബങ്ങളിൽ 926 കുടുംബങ്ങൾ ഭൂരഹിതരാണ്. ഇവരിൽ 90%വും പണിയൻ, കാട്ടുനായ്ക്കൻ, ഊരാളിക്കുറുമൻ വിഭാഗത്തിൽപെടുന്നവരും കാർഷിക മേഖലയിൽ പണിയെടുക്കുന്ന കർഷകതൊഴിലാളികളുമാണ്. പഞ്ചായത്തിൽ ഭൂമി അന്യാധീനപ്പെട്ടുപോയ 180 കുടുംബങ്ങൾ ഉണ്ട്. പഞ്ചായത്തിൽ 55% പട്ടികവർഗ്ഗക്കാരും നിരക്ഷരരാണ്. ഇതിൽ പണിയൻ, ഊരാളിക്കുറുമൻ എന്നീ വിഭാഗത്തിൽ നിന്നുള്ളവരുടെ നിരക്ഷരതാ നിരക്ക് 90%മാണ്. മെഡിക്കൽ എഞ്ചിനിയറിംഗിന് പഠിക്കുന്ന രണ്ടുപേർ പഞ്ചായത്തിൽ ഉണ്ട്. ഇവർ കുറിച്ച്യൻ കുറുമൻ വിഭാഗത്തിൽ നിന്നുള്ളവരാണ്. അടിസ്ഥാനവിഭാഗമായ പണിയൻ, ഊരാളിക്കുറുമൻ, കാട്ടുനായ്ക്കൻ എന്നിവരിൽ നിന്നും എസ്.എസ്.എൽ.സി ജയിച്ച 4 പേർ മാത്രമേ ഉള്ളൂ. പട്ടികവർഗ്ഗ വികസന വകുപ്പ്, ഗ്രാമ വികസന വകുപ്പ്, ഫിഷറീസ് വകുപ്പ്, ഗ്രാമപഞ്ചായത്ത്, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേനയും കപ്പാഡിൻെറ ധനസഹായത്തോടെ സന്നദ്ധ സംഘടനകൾ മുഖേനയും, പട്ടികവർഗ്ഗക്കാർ സ്വന്തമായി നിർമ്മിച്ചതുമായ 622 ഓടിട്ട വീടുകൾ പഞ്ചായത്തിലുണ്ട്. ബാക്കി കുടുംബങ്ങൾ പുൽമേഞ്ഞ കുടിലിൽ താമസിക്കുന്നവരോ, തീർത്തും ഭവന രഹിതരോ ആണ്. പഞ്ചായത്തിൽ വൈദ്യുതീകരിച്ച 8 പട്ടിക വർഗ്ഗസങ്കേതങ്ങൾ മാത്രമേ ഉള്ളൂ. വിവിധ സർക്കാർ ഏജൻസികൾ മുഖേന ഭൂരിഭാഗം സങ്കേതങ്ങളിലും കുടിവെള്ളസൗകര്യം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും നിർമ്മാണത്തിലെ അശാസ്ത്രീയത മൂലം ഇതിലെ വെള്ളത്തിൻെറ അളവ് കുറഞ്ഞു കൊണ്ടിരിക്കുകയാണ്. 12 ഓളം സങ്കേതങ്ങളിൽ ഇപ്പോഴും കുടിവെള്ള സൗകര്യം എത്തിയിട്ടില്ല. പഞ്ചായത്തിൽ 20 അവിവാഹിതരായ അമ്മമാർ ഉണ്ട്. ഇവരെ പുനരധിവസിപ്പിക്കുന്നതിനുള്ള കർമ്മപരിപാടികൾക്ക് ഇന്നും തുടക്കം കുറിച്ചിട്ടില്ല.

വിവിധ ഗ്രാമസഭകളിൽ നിന്നും ലഭിച്ച ശുപാർശകളുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ തയ്യാറാക്കിയ പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു.

## 1. ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി

പഞ്ചായത്തിലെ മൊത്തം 1597 കുടുംബങ്ങളിൽ പണിയൻ, കാട്ടുനായ്ക്കൻ, ഊരാളിക്കുറുമൻ വിഭാഗത്തിൽപെട്ട 926 കുടുംബങ്ങൾ ഭൂരഹിതരാണ്. വിവിധ സർക്കാർ ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണം, കാർഷിക പദ്ധതികൾ, ആടുമാടുകളെ വളർത്തൽ എന്നീ പദ്ധതികൾ ഇവർക്ക് ഇതു മൂലം ലഭ്യമാകുന്നില്ല. കൃഷി വകുപ്പ് നടപ്പിലാക്കുന്ന കാർഷിക പദ്ധതികളുടെ ആനുകൂല്യം തുടർച്ചയായി കൃഷിഭൂമി കൈവശമുള്ള പട്ടിക വർഗ്ഗക്കാർക്ക് മാത്രം ലഭിക്കുമ്പോൾ 75%ത്തോളം വരുന്ന ഭൂരഹിത പട്ടികവർഗ്ഗകുടുംബങ്ങൾക്ക് അപ്രാപ്യമായ ഒരു പദ്ധതിയായി അത് വളരുന്നു. ഭൂരഹിതരെങ്കിലും കാർഷിക മേഖലയിൽ പണിയെടുക്കുന്ന കർഷകതൊഴിലാളികൾ എന്ന നിലക്ക് കാർഷികാവശ്യത്തിനുള്ള ഭൂമി വാങ്ങി പതിച്ചു നല്കുന്നതിനുള്ള പദ്ധതികൾ ഇന്ന് കൃഷിവകുപ്പിൽ ഇല്ല. പട്ടികവർഗ്ഗ വികസന വകുപ്പ്, ഗ്രാമ പഞ്ചായത്ത് എന്നിവക്ക് ഭൂരഹിതർക്ക് 4 സെൻറ് ഭൂമി വാങ്ങി പതിച്ചു നല്കുന്നതിനേ അനുമതി ഉള്ളു. ഒരു കുടുംബത്തിന് 4 സെൻറ് ഭൂമി വാങ്ങി പതിച്ചു നല്കുന്നതിന് രജിസ്ട്രേഷൻ ഫീസ് അടക്കം 5000 രൂപയാണ് സർക്കാർ വകയിരുത്തിയിട്ടുള്ളത്. ഇന്ന് ഗ്രാമപ്രദേശങ്ങളിൽ പോലും ഭൂമിക്ക് സെൻറിന് ചുരുങ്ങിയത് 2500 രൂപയെങ്കിലും വേണമെന്നിരിക്കേ ഇത്തരം പദ്ധതികൾ പ്രായോഗികമാക്കുക ബുദ്ധിമുട്ടാണ്.

1994-95 വർഷത്തെ ഐ.എച്ച്. ഡി.പി കോളനിയായ പൊങ്ങിണിത്തൊടി ഇതിനുദാഹരണമാണ്. ഇവിടെ ഭൂരഹിതരായ 2 പണിയ കുടുംബങ്ങൾക്ക് 4 സെൻറ് വീതം ഭൂമി വാങ്ങി പതിച്ചു നല്കുന്നതിന് 10,000 രൂപ കല്പറ്റ ബ്ലോക്ക് പഞ്ചായത്തിനെ ഏല്പിച്ചെങ്കിലും തുക അപര്യാപ്തമായതിനാൽ ഇതുവരെ ഭൂമി വാങ്ങുന്നതിന് കഴിഞ്ഞിട്ടില്ല. മാത്രമല്ല, ഭൂരഹിത കുടുംബങ്ങൾക്ക് ചുരുങ്ങിയത് 25 സെൻറ് ഭൂമിയെങ്കിലും നല്കിയാലേ ഇവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമാകൂ. ആയതിനാൽ അടുത്ത 5 വർഷം ഒരു വർഷത്തിൽ 100 കുടുംബങ്ങൾക്ക് 25 സെൻറ് വീതം ഭൂമി നല്കി പുനരധിവസിപ്പിക്കുന്ന പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് പ്രഥമ പരിഗണന നല്കണം.

**പദ്ധതി ചെലവ്**

| | |
|---|---|
| ഒരു വർഷത്തിൽ 100 കുടുംബങ്ങൾക്ക് 25 സെൻറ് വീതം ഭൂമി വാങ്ങാൻ സെൻറിന് 2500 രൂപാ വീതം 5വർഷത്തേക്ക് | 100 x 25 x 2500 x 5<br>3,12,50,000 രൂപ |

**2. പാർപ്പിടം - ഭവന നിർമ്മാണം**
**വീടുകളുടെ അറ്റകുറ്റപണി**

ഭവന രഹിതരായ 582 കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ഇതിൽ വീടു നിർമ്മിക്കാൻ ആവശ്യമായ ഭൂമിയുള്ളവരും ഭൂമിയില്ലാത്തവരും ഉൾപ്പെടുന്നു. രണ്ടും മൂന്നും വർഷം മുമ്പ് സർക്കാർ നിജപ്പെടുത്തിയതും ഗുണഭോക്താക്കളുടെ കായികമായോ, സാമ്പത്തികമായോ ആയ കോൺട്രിബ്യൂഷൻ ഉൾപ്പെടുത്തികൊണ്ടുമുള്ള ഭവന നിർമ്മാണ ഗ്രാൻറാണ് സർക്കാർ ഇപ്പോൾ നല്കി വരുന്നത്. വീടു നിർമ്മിക്കുന്നതിന് ആവശ്യമായ സാധനസാമഗ്രികളുടെ വില ദൈനംദിനമെന്നോണം വർദ്ധിച്ചു കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ സാമ്പത്തിക പിൻബലമുള്ള ഒരാൾക്കു മാത്രമേ സർക്കാർ ഉദ്ദേശിക്കുന്ന രൂപത്തിലുള്ള വീടു നിർമ്മിക്കാൻ കഴിയുകയുള്ളൂ. ദുർബല വിഭാഗങ്ങളുടെ ഇത്തരത്തിലുള്ള വീടുകളുടെ ഗുണമേന്മ കുറഞ്ഞുപോകുന്നതിൻെറ പ്രധാന കാരണവും ഇതാണ്. വിവിധ ഗ്രാമസഭകളിൽ നിന്നും ഇക്കാര്യത്തിൽ 2 നിർദ്ദേശങ്ങളാണ് ഉള്ളത്.

1. കോൺക്രീറ്റ് വീടുകൾ പണിഞ്ഞു കൊടുക്കുകയും അതിനനുസൃതമായി ഗ്രാൻറിൻെറ തുക വർദ്ധിപ്പിക്കുകയും മറ്റൊന്ന് ഓടിട്ട വീടിന് 30,000 രൂപയാക്കി ഗ്രാൻറ് വർദ്ധിപ്പിക്കുക എന്നുമാണ്. ആയതിൻെറ അടിസ്ഥാനത്തിൽ പദ്ധതിയുടെ ശുപാർശ താഴെ കൊടുക്കുന്നു.

| | |
|---|---|
| ഒരു വർഷം 100 പേർക്ക് വീതം 5 വർഷത്തേക്ക് വീടൊന്നിന് (കോൺക്രീറ്റ്) 50,000 രൂപാ വീതം | 100 x 50,000 x 5<br>2,50,00000 രൂപ |

**3. വീടുകൾ അറ്റകുറ്റപണി**

പട്ടികവർഗ്ഗവികസനവകുപ്പ് ഗ്രാമപഞ്ചായത്ത് ഗ്രാമവികസന വകുപ്പ് മുഖേന നിർമ്മിച്ചു കൊടുത്ത വീടുകൾ പലതും ഇന്ന് താമസയോഗ്യമല്ല. 1980 മുതൽ നിർമ്മിച്ചു കൊടുത്ത വീടുകൾ ഇതിൽ പെടുന്നു. വീടുനിർമ്മാണത്തിന് അനുവദിച്ച തുകയുടെ അപര്യാപ്തത, ഗുണഭോക്താക്കളുടെ നിസ്സഹകരണം, കരാർപണിയിലെ ക്രമക്കേടുകൾ എന്നിവയാണ് ഇതിനു കാരണം. 1980-ൽ4,200 രൂപയും 1986-ൽ7,200 രൂപയും, 1990-ൽ 9,00 രൂപയും 1994-ൽ 15,000 രൂപയുമാണ് വീടുകളുടെ നിർമ്മാണച്ചിലവിന് സർക്കാർ അനുവദിച്ച തുക. നിർദ്ദിഷ്ടപ്ലാൻ പ്രകാരം വീടു നിർമ്മിക്കാൻ തുക അപര്യാപ്തമായിരുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു.

ആയതിനാൽ പുതിയ വീടുകൾ അനുവദിക്കുന്നതോടൊപ്പം പഴയ വീടുകൾ അറ്റകുറ്റപണി നടത്തേണ്ടതും ഓരോ വീടിൻെറയും എസ്റ്റിമേറ്റിൻെറ അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണിക്ക് തുക അനുവദിക്കേണ്ടതുമാണ്. പഞ്ചായത്തിൽ ഒരു വർഷം ചുരുങ്ങിയത് 100 വീടുകളെങ്കിലും ഇത്തരത്തിൽ റിപ്പയർ ചെയ്യാൻ തുക വകയിരുത്തണം.

4. വിദ്യാഭ്യാസം

മെഡിക്കൽ, എഞ്ചിനിയറിംഗ്, ബിരുദവും, ബിരുദാന്തരബിരുദവുമുള്ള പട്ടികവർഗ്ഗക്കാർ പഞ്ചായത്തിലുണ്ടെങ്കിലും മൊത്തത്തിൽ പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ നിലവാരം തൃപ്തികരമല്ല, സ്കൂളിൽ പോകുന്ന പ്രായത്തിലുള്ള 325 പട്ടികവർഗകുട്ടികൾ ഉണ്ടെങ്കിലും 96-97 അദ്ധ്യയനവർഷത്തിൽ 150,ഓളം കുട്ടികളെ മാത്രമേ എൽ. വി. ക്ലാസിൽ ചേർക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഇതിൽ 25% കുട്ടികൾ ഇപ്പോൾ കൊഴിഞ്ഞുപോയിട്ടുണ്ട്. മൊത്തം 55% കുട്ടികൾ എൽ.പി യു. പി ക്ലാസിൽ എത്തിയതോടെ പഠനം നിർത്തിയവരാണ്. സർക്കാർ ആനുകൂല്യങ്ങളുടെ കുറവുകൊണ്ടല്ല മറിച്ച് രക്ഷിതാക്കളിൽ വിദ്യാഭ്യാസത്തിൻെറ ആവശ്യകതയെക്കുറിച്ച് അവബോധം വളർത്തുന്നതിന് കഴിയാതെ പോയതാണ്. ഇതിനു കാരണം. ആയതിനാൽ ഡി.പി.ഇ.പി വിദ്യാഭ്യാസ ഗവേഷണത്തിലും പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ രക്ഷിതാക്കളെ ബോധവല്ക്കരിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിക്കുന്നതിനും മുൻഗണനന നല്കണം. 5 വയസ്സു തികഞ്ഞ കുട്ടികളെ കണ്ടെത്തി സ്കൂളിൽ ചേർക്കുന്നതിനും സ്കൂളിൽ പോകുന്ന കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് ശ്രദ്ധിക്കുന്നതിനും ഓരോ വാർഡിലും ട്രൈബൽ വളണ്ടിയർമാരെ നിയോഗിക്കുകയും വേണം.

5. തൊഴിൽ ലഭ്യത

പഞ്ചായത്തിലെ പട്ടികവർഗക്കാർ പരമ്പരാഗതമായി കാർഷിക മേഖലയിൽ പണിയെടുക്കുന്ന കർഷകതൊഴിലാളികളാണ്. ഒരു വർഷത്തിൽ 3 മാസം മാത്രമേ ഈ മേഖലയിൽ തൊഴിൽ ലഭിക്കുന്നുള്ളൂ. സ്ഥിര വരുമാനമുള്ള തൊഴിൽ ലഭിക്കാത്തത് ഇവരുടെ ജീവിതക്ലേശം വർദ്ധിപ്പിക്കുന്നു. എസ്.എസ്.എൽ.സി ജയിച്ചവരും തോറ്റവരുമായ 400-ൽപരം പട്ടികവർഗ്ഗ യുവതീയുവാക്കൾ ഇത്തരത്തിൽ തൊഴിൽരഹിതരായി ഇപ്പോഴുണ്ട്. ഇവരിൽ കൊല്ലപ്പണി, കൊട്ട, പായ നെയ്ത്ത്, ഇഷ്ടിക നിർമ്മാണം എന്നീ തൊഴിൽ അറിയുന്നവരും ആശാരിപണി, തുന്നൽ ജീപ്പ്,ഓട്ടോറിക്ഷാഡ്രൈവിംഗ്, മരത്തടിയിൽ കരകൗശലവസ്തുക്കൾ നിർമ്മിക്കുന്നതിൽ പരിശീലനം ലഭിച്ചവരുമുണ്ട്. താഴെപറയുന്ന പദ്ധതികൾ ഇവർക്കു വേണ്ടി നടപ്പിൽ വരുത്തണം.

1. നടവയൽ -

ഗിരിജൻസർവ്വീസ് സഹകരണ സംഘത്തിൻെറ കീഴിൽ നടവയൽ-ഊരാളിപ്പാടി കോളനിയിൽ കൊല്ലപ്പണി, പായ, കൊട്ടനെയ്ത്ത് അറിയാവുന്ന കുടുംബങ്ങൾക്ക് കുടിൽവ്യവസായമായി ഈ തൊഴിൽ ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കണം. ഉല്പന്നങ്ങളുടെ വിപണനം ഗിരിജൻ സർവ്വീസ് സംഘം ഏറ്റെടുക്കണം.

2. ഇഷ്ടിക നിർമാണം

ഒട്ടനവധി പേർക്ക് തൊഴിൽ ലഭിക്കാൻ സാധ്യതയുള്ള ഈ വ്യവസായം നെല്ലിയംബം, അരിമുള ഭാഗങ്ങളിൽ തുടങ്ങാൻ കഴിയും. വ്യവസായ വകുപ്പ് ആവശ്യമായ ധന സഹായം ഇതിന് നല്കണം.

3. ചുണ്ടക്കര ആസ്ഥാനമായി പട്ടിക വർഗ്ഗയുവതികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഒരു മെഴുകുതിരി നിർമ്മാണ യൂനിറ്റ് ആരംഭിക്കണം. ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസ് വകുപ്പിൽ നിന്നും ആവശ്യമായ ധനസഹായം ഇതിനു ലഭ്യമാക്കണം.

കൂടാതെ തൊഴിൽസാദ്ധ്യതയുള്ള മറ്റു മേഖലകളിലേക്ക് പട്ടികവർഗ്ഗ യുവാക്കളെ എത്തിക്കുന്നതിന് ഇവർക്ക് താഴെ കാണിച്ച തൊഴിലിൽ പ്രത്യേക പരിശീലനം നല്കണം.

1. ആശാരിപ്പണി
2. കെട്ടുപണി.
3. തുന്നൽ

മുകളിൽ പറഞ്ഞ പരിശീലന പരിപാടികൾ കമ്പളക്കാട് പ്രവർത്തിക്കുന്ന സന്നദ്ധസംഘടനയായ രാസ്ത്രയ്ക്ക് ഏറ്റെടുത്ത് നടത്താൻ കഴിയും.

## 6. അഗതി മന്ദിരം ആരംഭിക്കൽ

ഭൂരിഭാഗം പട്ടികവർഗ്ഗസങ്കേതങ്ങളിലും വൃദ്ധരായ മാതാപിതാക്കൾ അശരണരും അഗതികളുമായി കഴിയുന്ന അവസ്ഥ ഇന്ന് ദൃശ്യമാണ്. യുവാക്കളായ ആൺമക്കൾ ഇവർക്കുണ്ടെങ്കിലും പ്രായാധിക്യത്താൽ ജോലി ചെയ്തു ജീവിക്കാൻ കഴിയാത്ത അവസ്ഥയിലും ഇവർ ആവശ്യമായ പരിരക്ഷ കിട്ടാതെയും ഭക്ഷണം ലഭിക്കാതെയും കഴിയുന്ന ദയനീയമായ കാഴ്ച മിക്ക കോളനികളിലും പ്രത്യേകിച്ചും പണിയകോളനികളിൽ കണ്ടുവരുന്നു. യുവാക്കൾ വിവാഹാനന്തരം ഭാര്യവീട്ടിൽ സ്ഥിര താമസമാക്കി ജീവിക്കുന്നു എന്ന വികലമായ ആചാരമാണ് വൃദ്ധരായ മാതാപിതാക്കളെ ഇത്തരത്തിൽ അബലകളാക്കി തീർക്കുന്നത്. പഞ്ചായത്തിൽ ഒരു വൃദ്ധ വികലാംഗ മന്ദിരം പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രാചീനമായ ആചാരത്തിലും വിശ്വാസത്തിലും ജീവിക്കുന്ന വൃദ്ധരായ പട്ടിക വർഗ്ഗക്കാർ ഇവിടെ എത്തുന്നതിന് വിസമ്മതിക്കുന്നു. പഞ്ചായത്തിൽ പട്ടിക വർഗ്ഗത്തിൽ പെട്ട ഇത്തരം അഗതികളായി ജീവിക്കുന്നവർക്ക് വേണ്ടി ഒരു അഗതി മന്ദിരം ആരംഭിക്കുകയും ഇവർക്ക് സംരക്ഷണവും ശുശ്രൂഷയും നല്കുന്ന പദ്ധതി ആരംഭിക്കുകയാണ് ഇതിന് ഏക പോം വഴി.

## 7. ആരോഗ്യകാര്യം

പഞ്ചായത്തിൽ വരദൂരിൽ ഒരു അലോപ്പതി പ്രൈമറി ഹെൽത്ത്സെൻററും നെല്ലിയംബത്ത് ഒരു ആയു. ഡിസ്പെൻസറിയും പ്രവർത്തിക്കുന്നുണ്ടെങ്കിലും പട്ടികവർഗ്ഗക്കാർക്ക് പൂർണ്ണതോതിൽ ഇതിന്റെ പ്രയോജനം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ 8 ക്ഷയ രോഗികളും 12 സിക്കിൾസെൽ അനീമിയ രോഗമുള്ളവരും 2 പ്രമേഹ രോഗികളും പഞ്ചായത്തിലുള്ളതായി തിരിച്ചറിഞ്ഞിട്ടുണ്ട്. ക്ഷയരോഗം ബാധിച്ച 4 പേർ അടുത്ത കാലത്ത് മരണപ്പെടുകയുണ്ടായി. രോഗത്തെക്കുറിച്ചുള്ള അജ്ഞത ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ ഇതിന് കാരണമാണ്. ആയതിനാൽ വരദൂർ പി.എച്ച്. സെൻറർ, നെല്ലിയംബം ആയു. ഡിസ്പെൻസറി എന്നിവ എല്ലാ വിധ ചികിത്സാ സൗകര്യങ്ങളോടു കൂടി 25 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുകയും വരദൂർ പി.എച്ച്. സെൻററിന്റെ കീഴിൽ ഒരു സഞ്ചരിക്കുന്ന മെഡിക്കൽ യൂനിറ്റ് ഏർപ്പെടുത്തുകയും മാസത്തിൽ 2 തവണയെങ്കിലും കോളനികളിൽ മെഡിക്കൽ സംഘമെത്തി വൈദ്യപരിശോധന നടത്തുകയും വേണം. ക്ഷയ രോഗം ബാധിച്ചവരെ ആശുപത്രിയിൽ എത്തിക്കുന്നതിനും മുടങ്ങാതെ മരുന്ന് കഴിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും ഒരു ട്രൈബൽ ഹെൽത്ത് വർക്കറെ നിയോഗിക്കുകയും വേണം.

**8. പട്ടികവർഗ്ഗക്കാരുടെ കൈവശ ഭൂമിക്ക് രേഖ**

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നല്കുന്നതുപോലെ നിലവിലുള്ള ഭൂമി സംരക്ഷിക്കുന്നതിന് ഭൂമിയുടെ കൈവശ രേഖ നല്കുകയും വേണം. മിക്ക പണിയ കോളനികൾക്കും ഇന്ന് രേഖയില്ല. പട്ടികവർഗ്ഗ ഇതര വിഭാഗക്കാരായ അയൽവാസികളുമായി അതിർത്തി തർക്കവും അതുവഴി കോളനി ഭൂമി നഷ്ടപ്പെടുകയും ചെയ്യുന്ന സാഹചര്യം ഇന്ന് നിലവിലുണ്ട്. ആയതിനാൽ രേഖയില്ലാത്ത എല്ലാ പട്ടികവർഗ്ഗക്കാരുടെയും ഭൂമി അളന്നു തിട്ടപ്പെടുത്തി ആതിന് കൈവശ രേഖ കൊടുക്കുന്നതിന് നടപടികൾ വേണം.

**9. വൈദ്യുതീകരണം.**

മൊത്തം 110 പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ 7 സങ്കേതങ്ങളിൽ മാത്രമേ ഇപ്പോൾ വൈദ്യുതി എത്തിയിട്ടുള്ളൂ. പട്ടികവർഗ്ഗ വികസന വകുപ്പിൻെറ ആഭിമുഖ്യത്തിൽ 8 കോളനികൾ വയറിംഗ് ചെയ്ത് വൈദ്യുതി കണക്ഷൻ നല്കുന്നതിനുള്ള നടപടികൾ തുടരുകയാണ്. ബാക്കി എല്ലാ സങ്കേതങ്ങളിലേക്കും വൈദ്യുതി ലൈനിട്ട് ഇവിടെ പൊതു ലൈറ്റ് ഇട്ടു കൊടുക്കുകയും വേണം. ഇത്തരത്തിൽ പൊതു ലൈറ്റിട്ട് കൊടുക്കുന്നതിൻെറ കറണ്ട് ചാർജ്ജ് ഗ്രാമപഞ്ചായത്ത് നല്കണം.

**10. കുടിവെള്ളം ലഭ്യമാക്കൽ**

വിവിധ സർക്കാർ ഏജൻസികൾ മുഖേന നിർമ്മിച്ചതും ഇപ്പോൾ വെള്ളം ലഭ്യമല്ലാത്തതുമായ താഴെപറയുന്ന സ്ഥലങ്ങളിലെ കിണറിൻെറ ആഴം കൂട്ടി കുടിവെള്ളം ലഭ്യമാക്കണം.

1. നടവയൽ-ഊരാളിപ്പാടി
2. ചിറ്റൂർ - പുഴങ്കുനി
3. കാവുവയൽ
4. കൊഴിഞ്ഞങ്ങാട്
5. കണിയംകൊല്ലി
6. വള്ളിപ്പറ്റ പണിയൻ

കൂടാതെ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന താഴെ പറയുന്ന സങ്കേതങ്ങളിൽ കിണർ നിർമ്മിക്കണം.

1. കരിബടക്കുനി കുറിച്യൻ കൃസ്ത്യൻ കോളനി
2. കാപ്പുംകുന്ന് പണിയ കോളനി
3. കൊട്ടേക്കാരൻ
4. പൂന്തോട്ടം കുന്ന്, കുറിച്യകോളനി
5. ചീക്കല്ലൂർ പണിയ കോളനി
6. അരിമുള കുറുമ കോളനി
7. പുളിക്കൽ കുന്ന് കുറിച്യകോളനി
8. അമ്പലച്ചാൽ പണിയ കോളനി
9. കാവുംമിററം (താഴെ) കുറിച്യ കോളനി
10. കൊഴിഞ്ഞങ്ങാട്(താഴെ)പണിയ കോളനി
11. കാവടം (താഴെ)
12. ചോമാടി പണിയ കോളനി

**11. സൂര്യവിളക്കുകൾ സ്ഥാപിക്കൽ**

സൂര്യവിളക്കുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ താഴെ പറയുന്ന സങ്കേതങ്ങളിൽ സൂര്യ വിളക്കുകൾ സ്ഥാപിക്കണം.

1. ചിറ്റൂർ പുഴങ്കുനി പണിയ കോളനി
2. കൊഴിഞ്ഞങ്ങാട് "
3. ചുണ്ടക്കര "
4. കൊല്ലിവയൽ "
5. നടവയൽ- ഊരാളിപ്പാടി "
6. ചരളമ്പം പണിയ "
7. മാനഞ്ചേരി ഊരാളിക്കുറുമൻ "
8. പുലച്ചിക്കുനി കുറിച്യൻ "

## 12. കോളനികളിലേക്ക് അപ്രോച്ച് റോഡ് നിർമ്മാണം.

വർഷകാലങ്ങളിൽ ചെളി കെട്ടിനില്ക്കുന്നതു കാരണം കോളനികളിൽ എത്താൻ വിഷമമുള്ള താഴെ കാണിച്ച സങ്കേതങ്ങളിലേക്ക് പ്രധാന റോഡുമായി ബന്ധിപ്പിക്കുന്ന നടപ്പാത നിർമ്മിക്കുകയും കരുങ്കൽ പാകി നടന്നു പോകാൻ സൗകര്യമുണ്ടാക്കുകയും വേണം.

1. കാവടം പണിയ കോളനി ഉദ്ദേശം 50 മീററർ നീളം
2. ചോമാടി പണിയ കോളനി 400 മീ
3. ചിറ്റാലൂർ കുന്ന് കാട്ടുനായ്ക്കൻ 500
4. പുളിക്കൽ കുന്ന് പണിയൻ (താഴെ) 800
5. പാലപ്പററ-കുറിച്ച്യ- ക്രിസ്ത്യൻ 850
6. കുറുവച്ചാട്ട് പണിയൻ 600
7. പാടിക്കര (മേലെ) പണിയൻ 250
8. കാവുവയൽ പണിയൻ 750

കൂടാതെ താഴെപറയുന്ന റോഡ്‌വർക്കും ചെയ്യണം

1. ചെറുവടി- പാറക്കൽ - കാവുമിറ്റം റോഡ് നിർമ്മാണം. 1 ½ കി.മീ.
2. പനമരം - മാത്തൂർ കോളനി റോഡ് സോളിംഗ് 1 കി.മീ.
3. തരിവാരം കുന്ന് -അരിമുള കരണി റോഡ് നിർമ്മാണം 2 ½ കി.മീ
4. കണ്ണമ്പറ്റ - അരിമുള കരണി റോഡ് 5 കി.മീ.
5. പാടിക്കുന്ന് - നടവയൽ സോളിംഗ് 2
6. വരദൂർ - പാടിക്കര റോഡ് നിർമ്മാണം 2
7. കരണി - പഴംഞ്ചോറ്റിൽ റോഡ് റിപ്പയർ 2
8. വരദൂർ - കീരിപ്പറ്റകോളനി റോഡ് സോളിംഗ് 1 ½
9. കൊഴിഞ്ഞങ്ങാട് പുളിക്കൽ കുന്ന് - ടാറിംഗ് 2

ചോലപ്പാറ - പടാരിക്കുന്ന്

10. വള്ളിപ്പറ്റ കോളനി റോഡ് സോളിംഗ് 1 ½
11. കരിബടക്കുനി - കറപ്പുംകുന്ന് - ഹെൽത്ത് സെൻറർ റോഡ് നിർമ്മാണം 2 ½
12. ആയുർവേദ ജംഗ്ഷൻ കാവടം റോഡ് 1.300
13. നെല്ലിയമ്പം ജംഗ്ഷൻ കുറുമ കോളനി റോഡ് 1.500
14. ചോമാടി -അണിവയൽ റോഡ് സോളിംഗ് 2
15. കാപ്പുംകുന്ന് വെള്ളച്ചി മൂല -പള്ളിമുക്ക് റോഡ്
16. പച്ചിലക്കാട് - പടിക്കം വയൽ കോളനി റോഡ് നിർമ്മാണം 1 ½
17. പള്ളിത്താഴെ ആനകുഴിച്ചാൽ റോഡ് നിർമ്മാണം 2
18. മണ്ടകമൂല പണിയ കോളനി റോഡ് സോളിംഗ് 1
19. ഒതയോത്ത് പുളിക്കൽ വയൽ റോഡ് നിർമ്മാണം. 1½
20 പടിഞ്ഞാറെ വീട് ഐ. പി. പി. സെൻറർ റോഡ് നിർമ്മാണം 1
21. എടത്തിൽ പണിയ കോളനി- ചീക്കല്ലൂർ സ്ക്കൂൾ റോഡ് (നിർമ്മാണം) 1
22. കണിയാമ്പറ്റ അമ്പലച്ചാൽ കോളനി റോഡ് (നിർമ്മാണം) ¾
23. പന്തലാടിക്കുന്ന് കോളനിയിലേക്ക് റോഡ് നിർമ്മാണം 1
24. പള്ളയറ പൂന്തോട്ടം റോഡ് 1 ½
25. പച്ചിലക്കാട് - മാനഞ്ചേരി - മൃഗാശുപത്രി റോഡ് 2.400

### 13. കാർഷികസഹായം

**എ. പച്ചക്കറി കൃഷി**

10 സെൻറ് മുതൽ 50 സെൻറ് വരെ കരഭൂമി കൈവശമുള്ള പണിയൻ, കുറുമൻ, കുറിച്യൻ സമുദായത്തിൽപെട്ട എല്ലാ കുടുംബങ്ങൾക്കും പച്ചക്കറി കൃഷിക്ക് വിത്ത്, വളം എന്നിവ നല്കണം.

ബി. 4 ഏക്കർ മുതൽ 10 ഏക്കർ വരെ വയൽഭൂമി കൈവശമുള്ളത് താഴെ കാണിച്ച സങ്കേതങ്ങളിൽ ജലസേചന സൗകര്യത്തിനും നിലം ഉഴുകുന്നതിനും പമ്പ് സെറ്റ് , പവർടില്ലർ എന്നിവ നല്കണം.

1. ഓണിവയൽ കുറുമകോളനി (നിലവിൽ ഒരു കുളമുണ്ട്.)
2. പള്ളിയറ കുറിച്ച്യ കോളനി (നിലവിൽ ഒരു കുളമുണ്ട്.)
3. അത്തിക്കുനി കോളിപ്പറ്റ കോളനി (നിലവിൽ ഒരു കുളമുണ്ട്.)
4. കാവുമിറ്റം - തേർവടി- ചെറുവടി പാറക്കൽ കുറിച്ച്യകോളനി കുളം നിർമ്മിക്കണം, പമ്പ് സെറ്റ്, ടില്ലർ നല്കണം.
5. പുലച്ചിക്കുനി കുറിച്യൻ (നിലവിൽ ഒരു കുളമുണ്ട്.)

### 14. ഫുഡ് സപ്പോർട്ട് പ്രോഗ്രാം.

ഈ പ്രോഗ്രാം പ്രകാരം വേജസ് ആയി നല്കുന്ന തുക നിർത്തലാക്കി രൂക്ഷമായ പഞ്ഞ മാസങ്ങളിൽ 2 ആഴ്ചത്തെ അരിവിതരണമാക്കി ചുരുക്കി എല്ലാ പട്ടികവർഗ്ഗക്കാർക്കും പ്രയോജനം നല്കത്തക്ക വിധം നടപ്പിലാക്കണം.

### 15. വിധവകളും അഗതികളുമായ പട്ടി വർഗ്ഗക്കാരുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം

അഗതികളും വിധവകളുമായ ആദിവാസികൾ തങ്ങളുടെ പെൺമക്കളെ സാമ്പത്തിക പരാധീനത മൂലം വിവാഹം ചെയ്തു കൊടുക്കാൻ കഴിയാത്ത അവസ്ഥ നിലവിലുണ്ട്. ഇത്തരത്തിൽ വിഷമിക്കുന്ന വർക്ക് 1 വർഷത്തിൽ 25 പേർക്ക് വീതം സാമ്പത്തിക സഹായം നല്കണം.

### 16. പ്രീ-പ്രൈമറി വിദ്യാഭ്യാസം

പട്ടികവർഗ്ഗക്കാർ തിങ്ങി പാർക്കുന്ന താഴെപറയുന്ന സങ്കേതങ്ങളിൽ പട്ടിക വർഗ്ഗ കുട്ടികൾക്ക് പോഷകാഹാരം ലഭിക്കുന്ന തിനും പ്രീ-പ്രൈമറി വിദ്യാഭ്യാസം നല്കുന്നതിനും കിൻറർ ഗാർഡനുകൾ ആരംഭിക്കണം.

1. കൊഴിഞ്ഞങ്ങാട് 2. കല്ലുവയൽ
3. ചീക്കല്ലൂർ 4. ചോമാടി

### 17. കറവുമാടുകളെ നല്കൽ

പശു, ആട്, പന്നി എന്നിവയെ വളർത്തുന്നതിന് താല്പര്യമുള്ള പട്ടികവർഗ്ഗക്കാർക്ക് 1 വർഷം 25 പേർക്ക് വീതം പശു, ആട് എന്നിവയെ നല്കണം.

### 18. തൊഴിലവസര വിവരങ്ങൾ ലഭ്യമാക്കൽ

അഭ്യസ്ഥ വിദ്യരായ പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് തൊഴിലവസര വിവരങ്ങൾ ലഭ്യമാക്കുന്നതിന് പഞ്ചായത്തിൽ നിലവിലുള്ള കമ്പ്യക്കാട്, വരദൂർ, കരണി, പുതൂർ വായനശാലകളിൽ പി. എസ്.സി ബുള്ളറ്റിൻ, എംപ്ലോയ്മെൻറ് ന്യൂസ് എന്നിവ എത്തിക്കണം.

### പട്ടികജാതിക്കാരെ സംബന്ധിച്ച വിവരങ്ങൾ

പഞ്ചായത്തിൽ 91 ലെ സെൻസസ് പ്രകാരം 676 പട്ടികജാതിക്കാരാണുള്ളത്. ഇതിൽ 350 പുരുഷന്മാരും 326 സ്ത്രീകളുമാണുള്ളത്. ഇപ്പോഴത്തെ കണക്ക് കൃത്യമായി ലഭ്യമല്ലാത്തതുകൊണ്ട് ഈ റിപ്പോർട്ടിൽ ചേർക്കാൻ കഴിഞ്ഞിട്ടില്ല. ഈ വിഭാഗങ്ങളിൽ കല്ലഞ്ചിറ, പുഴക്കുനി ഭാഗത്ത് താമസിക്കുന്നവർ പുഴപുറംപോക്കിലാണ് താമസിക്കുന്നത്. പുറംപോക്ക് സ്ഥലമായതിനാൽ ഇവർക്ക് ഭൂമിക്ക് രേഖകളൊന്നും ലഭിച്ചിട്ടില്ല. ഭൂമിക്ക് രേഖ കിട്ടുന്നതിന് ആവശ്യമായത് ചെയ്യേണ്ടിയിരിക്കുന്നു. പല പട്ടികജാതി കുടുംബങ്ങൾക്കും സ്വന്തമായി വീടോ, കക്കൂസോ ഇല്ല എന്നുള്ള കാര്യവും പ്രത്യേകമായി എടുത്തുപറയേണ്ടിയിരിക്കുന്നു.

പട്ടികവർഗ്ഗക്കാർക്ക് ആവശ്യമായി എഴുതിയിട്ടുള്ള പലകാര്യങ്ങളും ഇവർക്കും ബാധകമാക്കി ഉടനെ ചെയ്ത് തീർക്കേണ്ട കാര്യങ്ങൾ ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന വിശ്വാസത്തോടെ ഈ റിപ്പോർട്ട് ഇവിടെ നിർത്തുന്നു.



# ജനകീയാസൂത്രണം
# വിഭവസമാഹരണം

കണിയാമ്പറ്റ പഞ്ചായത്തിലെ ജനങ്ങളിൽ ബഹുഭൂരിപക്ഷവും കാർഷിക വൃത്തി കൊണ്ട് ഉപജീവനം കഴിക്കുന്നവരാണ്. എന്നാൽ വിവിധ രീതിയിലുള്ള കച്ചവടം, മറ്റു ചെറുകിട വ്യവസായങ്ങൾ, സേവന മേഖലകൾ തുടങ്ങിയ രംഗങ്ങളിൽ ജോലി ചെയ്ത് കുറച്ചാളുകളും വിദേശത്ത് ജോലിക്ക് വേണ്ടി പോയിട്ടുള്ള കുറച്ചാളുകളും ഇവിടുത്തെ ജനസംഖ്യയിൽപെടുന്നു. 4620 വ്യക്തികളുടെ കൈവശമായാണ് ഈ പഞ്ചായത്തിലെ സ്വകാര്യഭൂമികൾ ഉള്ളത്. ഇതിൽ 757 പേർ മാത്രമാണ് 2 ഏക്കറിൽ കൂടുതൽ ഭൂമി കൈവശം വെക്കുന്നത്. 155 ഏക്കർ സർക്കാർ പുറംപോക്ക് ഭൂമി (റോഡ്, പുഴ) എന്നിവയുമുണ്ട്. പൊതുസ്ഥാപനങ്ങൾക്കായി 22 ഏക്കർ 60 സെൻറ് ഭൂമിയുള്ളതിൽ കെൽട്രോൺ വാച്ച് ഫാക്ടറിക്കുവേണ്ടി 8.5 ഏക്കർ സ്ഥലം ഉപയോഗിക്കപ്പെടാതെ മാറ്റിവച്ചിരിക്കുന്നു.

വിവിധ നികുതി ഇനത്തിലുള്ള വരവിനങ്ങളിലായി ഇരുപത്തിയെട്ടുലക്ഷത്തി മുപ്പത്തിനാലായിരം രൂപയും ഗ്രാൻറ് വകയിൽ ഇരുപത് ലക്ഷത്തി അമ്പത്തി യൊൻപതിനായിരം രൂപയും കൂടി പഞ്ചായത്തിന് 4893000 രൂപ പ്രതിവർഷ വരുമാനമുണ്ട്. പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകൾ 608000 രൂപ പഞ്ചായത്തിന് ഇതിനു പുറമെ നല്കിയിട്ടുണ്ട്.

പ്രകൃതി വിഭവങ്ങളെ ചൂഷണം ചെയ്യുന്നതിനെ സംബന്ധിച്ച് നമ്മുടെ പഞ്ചായത്തിൽ ധാരാളം ചർച്ച നടക്കുന്നുണ്ട്. മണൽ ലേലം ചെയ്തു കൊടുക്കുന്നതിനെതിരെയും അനുകൂല മായും സംവാദങ്ങൾ ധാരാളം നടന്നു കഴിഞ്ഞു. 4 വർഷമായി നിർത്തി വെച്ചിരുന്ന മണൽ

## 1.23 വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

Ref. C,B

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| 1 | 2 | 3 | 4 |
| കെട്ടിട നികുതി | 328623 | 320056 | 8567 |
| സർവ്വീസ് ചാർജ്ജ് | | | |
| തൊഴിൽ നികുതി | 143455 | 139930 | 3525 |
| വാഹന നികുതി | | | |
| വിനോദ നികുതി | 41456 07 | 4145607 | |
| അഡി. വിനോദ നികുതി | 25110 13 | 2511013 | |
| പ്രദർശന നികുതി | 1826 | 1826 | |
| പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ് | 45650 | 456 50 | |
| ചന്ത വരവ് | | | |
| ലാന്റ് സെസ്സ് | 14762 | 14762 | |
| ലൈസൻസ് ഫീസ് | 20366 | 20366 | |
| കെട്ടിട നികുതി സർചാർജ്ജ് | 16367 | 1593790 | 429 10 |
| വസ്തു കൈമാറ്റ നികുതി 75% | 1,02,765 | 1,02,765 | |
| വസ്തു കൈമാറ്റ നികുതി 25% | 1,89,204 | 1,89,204 | |
| സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റുവരവുകൾ | 9,13,217 | 9,13,217 | |
| സംഭാവന | | | |
| ഡെപ്പോസിറ്റ് | 8,11,88525 | 8,11,886 25 | |
| മറ്റുള്ളവ | 2,37,52345 | 2,37,52345 | |
| ആകെ | 28,47,01640 | 28,34,49530 | 12,521 10 |

| സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ എണ്ണം | | | | | |
|---|---|---|---|---|---|
| വിദ്യാഭ്യാസം | ആരോഗ്യം | ചെറുകിട വ്യവസായം | വൻകിട വ്യവസായം | കച്ചവടം/വ്യാപാരം | മറ്റുള്ളവ |
| 1 | 2 | 3 | 4 | 5 | 6 |
| 30 | 26 | 22 | - | 388 | |

### 1.17. പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ Ref. Q

| വകുപ്പ് | തുക | | ആകെ |
|---|---|---|---|
| | പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം | |
| 1 | 2 | 3 | 4 |
| മൃഗസംരക്ഷണം | 11480.00 | — | 11,480/- |
| ആരോഗ്യം | 128659-00 | — | 1,28,659/- |
| കൃഷി | 2,24,720-00 | — | 2,24,720/- |
| P.W.D | 238000-00 | — | 2,38,000/- |
| ഹരിജനക്ഷേമം | 15500-00 | — | 15,600/- |
| മറ്റുള്ളവ | 39700-00 | — | 39,700/- |
| ആകെ | 658059-00 | — | 6,58,059/- |

### 1.18. വികലാംഗരെ സംബന്ധിച്ച വിവരങ്ങൾ
Ref. വികലാംഗ സർവേ ഫാറം

| വാർഡ് | 5 വയസ്സുള്ളവർ | | 5-നും 10-നും | | 10-18 | | 18-25 | | 25-45 | | 45-60 | | 60-നുമേൽ | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| I | | | | | | | | | | | | | | | | |
| II | | | | | | | | | | | | | | | | |
| III | | | | | | | | | | | | | | | | |
| IV | | | | | | | | | | | | | | | | |
| V | | | | | | | | | | | | | | | | |
| VI | | | | | | | | | | | | | | | | |
| VII | | | | | | | | | | | | | | | | |
| VIII | | | | | | | | | | | | | | | | |
| IX | | | | | | | | | | | | | | | | |
| X | | | | | | | | | | | | | | | | |
| ആകെ | | | | | | | | | | | | | | | | |

ലേലം ഈ വർഷം പുനരാരംഭിച്ചിട്ടുണ്ട്. വ്യാവസായി കാടിസ്ഥാന ത്തിൽ മണൽ വാരുമ്പോൾ ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങളും മറ്റു പ്രത്യാഘാതങ്ങളും കൂടുതൽ ചർച്ചക്ക് വിധേയമാക്കേണ്ടിയിരിക്കുന്നു. പ്രകൃതി വിഭവങ്ങൾ എത്രത്തോളം ചൂഷണം ചെയ്യാമെന്നതും ശാസ്ത്രീയമായി വിലയിരുത്തേണ്ടതാണ്. വെള്ളാരം കല്ല് പൊട്ടിക്കുന്ന യൂണിറ്റുകൾ 2 വാർഡുകളിലെങ്കിലുമുണ്ട്. ഇവയുടെ ചൂഷണത്തെക്കുറിച്ചും പഠനം നടത്തണം.

സൗത്ത് മലബാർ ഗ്രാമീൺ ബാങ്കിൻെറ 2 ശാഖകളും, കണിയാമ്പറ്റ സർവ്വീസ് സഹകരണ ബാങ്കുമാണ് നമ്മുടെ പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങൾ. രജിസ്റ്റർ ചെയ്ത ചിട്ടി നിക്ഷേപ സ്ഥാപനങ്ങൾ പഞ്ചായത്തിലില്ല. എന്നാൽ അനധികൃതമായി പല ചിട്ടിനിക്ഷേപ ഏർപ്പാടുകൾ നടക്കുന്നുണ്ട്.

പഞ്ചായത്തിൻെറ വികസനത്തിനാവശ്യമായ മൂലധനം സമാഹരിക്കുന്നതിന് കൂടുതൽ ഫലപ്രദമായ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്. ഗ്രാമസഭയിൽ ഉയർന്നു വന്ന പല നിർദ്ദേശങ്ങളും സമഗ്രമായ പരിഗണനയും പരിശോധനയും അർഹിക്കുന്നതാണ്. ഈ പഞ്ചായത്തിൽ 627 സംരക്ഷിത വീട്ടി മരങ്ങളുണ്ട്. ഇവയിൽ നല്ലൊരു ശതമാനം വളർച്ച നിലച്ചവയാണ്. ഇവ മുറിച്ച് കൊണ്ടുപോയി സർക്കാർ ഡിപ്പോകളിൽ വെച്ച് ലേലം ചെയ്യുന്നതിനുപകരമായി നിലനില്ക്കേതന്നെ ലേലം ചെയ്തു വില്ക്കുകയും വിലയുടെ ഒരു വിഹിതം കർഷകനും, ഒരു വിഹിതം പഞ്ചായത്തിനും, കൂടിയ വിഹിതം സർക്കാരിനും ലഭിക്കാവുന്നതിനും വേണ്ട ഏർപ്പാടുകളും ചെയ്യാവുന്നതാണ്.

പ്രാദേശികമായി വ്യാവസായികയൂണിറ്റുകൾ തുടങ്ങുന്നതിന് 60% വിഹിതം കണ്ടെത്താൻ കഴിയുമെന്ന് നിർദ്ദേശം വന്നിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾ അനുവദിക്കുന്നതിൽ 20% മെങ്കിലും ശ്രമദാനം വഴി സംഘടിപ്പിക്കാൻ കഴിയുന്നവയ്ക്ക് മുൻഗണന നല്കുമെന്ന് ധാരണയുണ്ടാവണം. പൊതു സ്ഥലങ്ങളിലെ പാഴ്വസ്തുക്കൾ നിർമ്മാർജ്ജനം ചെയ്ത് കമ്പോസ്റ്റുകളാക്കി മാറ്റുന്നതിന് ചില സന്നദ്ധ സംഘടനകൾ മുന്നോട്ട് വന്നിട്ടുണ്ട്. മറ്റ് പല വികസന രംഗങ്ങളിലും സന്നദ്ധസംഘടനകളെ സഹകരിപ്പിക്കാവുന്നതും അവർ വഴി സാമ്പത്തികസമാഹരണം നടത്താവുന്നതുമാണ്. കുടിവെള്ളം എത്തിക്കുന്നതിനാവശ്യമായ പമ്പിംഗ് സൗകര്യങ്ങൾ ഉയർന്ന കുന്നുകളിൽ നിർമ്മിക്കുന്നതിനുവേണ്ടി ഗുണഭോക്താക്കളിൽ നിന്ന് ഒ.വൈ.ഇ.സി മാതൃകയിൽ അഡ്വാൻസായി ഡിപ്പോസിറ്റ് വാങ്ങാവുന്നതാണ്. താഴ്ന്ന വരുമാനക്കാർക്കും ആദിവാസികൾ തുടങ്ങിയവർക്കും ഇതിൽ 75% ഇളവും ബാക്കിയുള്ളവർക്ക് തവണകളും അനുവദിക്കാവുന്നതാണ്.

വിദേശ മലയാളികൾ നമ്മുടെ പഞ്ചായത്തിൽ ധാരാളമുണ്ട്. ഇവരുടെ സഹകരണം പുതിയ വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ ഉപയോഗിക്കാവുന്നതാണ്. കമ്പളക്കാട്, കണിയാമ്പറ്റ, കരണി, നടവയൽ തുടങ്ങിയ ടൗണുകളിൽ മാർക്കറ്റുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ തുടങ്ങിയവ നിർമ്മിച്ച് വരുമാന വർദ്ധനവ് നടത്താം. ഇതിനുവേണ്ടി പ്രാദേശികമായി ജനകീയ സമിതികൾ ഉണ്ടാക്കി ബനിഫിറ്റ് ഷോ തുടങ്ങിയവ സംഘടിപ്പിച്ച് ധനസമാഹരണം നടത്താം.

നികുതി ഘടനയിൽ പലമാറ്റങ്ങളും നിർദ്ദേശിക്കാനുണ്ട്. നികുതി ചോർച്ച

തടയുക എന്നതാണ് ആദ്യമായി ചെയ്യേണ്ടത്. ഉദാഹരണം എത്രയും പറയാനുണ്ട്.

പഞ്ചായത്തിൽ വരുമാനത്തിൻെറ ഒരു പ്രധാന ഇനമാണ് ഭൂമി കൈമാറ്റ നികുതി. എന്നാൽ ഇന്ന് നടക്കുന്ന എല്ലാ ഭൂമി കൈമാറ്റങ്ങളിലും വൻ തോതിൽ നികുതി വെട്ടിപ്പ് നടക്കുന്നുണ്ട്. ജനസഹകരണത്തോടെ ഇത് അവസാനിപ്പിക്കാൻ കഴിയണം. വിനോദനികുതി, കെട്ടിടനികുതി എന്നിവയിലും വൻതോതിൽ ചോർച്ച സംഭവിക്കുന്നുണ്ട്.15-20 ലക്ഷം രൂപ നിർമ്മാണച്ചിലവുള്ള വീടുകൾ ധാരാളമായി ഉയർന്നു വരുന്നു. ഉല്പാദനപരമല്ലാത്ത ഈ ചിലവ് നിയന്ത്രിക്കുന്നതിന് നികുതിഘടന പുന:സംഘടിപ്പിക്കാവുന്നതാണ്. 5 ലക്ഷം രൂപ വരെ ചിലവ് വരുന്ന കെട്ടിടങ്ങൾക്ക് ഇന്നത്തെ ഘടനയിലും, അതിനുമുകളിൽ 10 ലക്ഷം വരെ കുറച്ചുകൂടി ഉയർന്ന നികുതിയും, 10 ലക്ഷത്തിനുമുകളിൽ വരുന്നവയ്ക്ക് പീനൽ നികുതിയും ഈടാക്കാവുന്നതാണ്.

കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന കൂടുതൽ വിഭാഗങ്ങളെ പ്രൊഫഷണൽ ടാക്സിൻെറ പരിധിയിൽ കൊണ്ടുവരാവുന്നതാണ്. ഉദാഹരണം- തയ്യൽക്കാർ, ബാർബർമാർ, കെട്ടിടനിർമ്മാണ തൊഴിലാളികൾ തുടങ്ങിയവർ 2 ഏക്കറിൽ കൂടുതൽ ഭൂമി കൈവശമുള്ളവരിൽ നിന്നും നിശ്ചിത തുക നികുതിയായി വാങ്ങിക്കാവുന്നതാണ്.

വികസന പ്രവർത്തനങ്ങൾക്ക് കാലാകാലങ്ങളിൽ അനുവദിക്കുന്ന തുക പൂർണ്ണമായും പ്രയോജനപ്പെടുത്താൻ പല കാരണങ്ങളാലും ഇന്ന് കഴിയുന്നില്ല. ഉദ്ദേശം 30-35% ഫണ്ടുകളും പാഴായിപ്പോവുകയാണ്. ജനപങ്കാളിത്തത്തോടെ വികസന പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിലൂടെ ഒരു പരിധി വരെ ഇതൊഴിവാക്കാൻ കഴിയും. വിഭവസമാഹരണത്തോടൊപ്പം വിഭവ വിനിയോഗം കുറ്റമറ്റതാക്കുന്നതു വഴിയേ ആസൂത്രണം ഫലപ്രദമാകൂ.

പഞ്ചായത്തിലെ വിവിധ ടൗണുകളിലും മറ്റ് പ്രധാന സ്ഥലങ്ങളിലുമുള്ള പൊതുസ്ഥാപനങ്ങളോട് ചേർന്നു ഷോപ്പിംഗ് കോംപ്ലക്സുകൾ, ക്വാർട്ടേഴ്സുകൾ, ഗോഡൗണുകൾ എന്നിവ നിർമ്മിച്ച് പഞ്ചായത്തിന് വരുമാനം കൂട്ടാവുന്നതാണ്. ഉദാഹരണം കണിയാമ്പറ്റ ഗവ. യു.പി. സ്ക്കൂൾ, ഹൈസ്ക്കൂൾ, കമ്പളക്കാട് യു.പി. സ്ക്കൂൾ, ചീക്കല്ലൂർ എൽ.പി. സ്ക്കൂൾ എന്നിവയോട് ചേർന്ന ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കാവുന്നതാണ്. ഇതിൽ നിന്നും ലഭിക്കുന്ന വരുമാനം അതത് സ്ഥാപനങ്ങളുടെ വിവിധങ്ങളായ ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്താൻ വിഷമമുണ്ടാവില്ല.

കമ്പളക്കാട് ടൗണിനോട് ചേർന്നുള്ള ക്രൈം ബ്രാഞ്ച് (പോലീസ്)ഓഫീസ് മാറ്റി സ്ഥാപിച്ചാൽ അവിടെയുള്ള 30 സെൻറ് ഭൂമി വരുമാനവർദ്ധനവുള്ള മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാം. (ഈ ടൗണിൽ ഒരു സെൻറ് ഭൂമിക്ക് ഒരു ലക്ഷം രൂപയിലധികം മാർക്കറ്റ് റേറ്റ് നിലവിലുണ്ട്.)

# ഉപസംഹാരം

9-ാം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ കഴിയുന്ന കുറെ കാര്യങ്ങളുടെ അവതരണം മാത്രമാണ് ഈ റിപ്പോർട്ടിലുള്ളത്. ജനകീയാസൂത്രണത്തിന്റെ അടിസ്ഥാനമായിരിക്കേണ്ട ജനകീയ പങ്കാളിത്തവും, വികസന കാര്യങ്ങളിൽ അവർക്കുണ്ടായിരിക്കേണ്ട സാമാന്യമായ ധാരണകളും ഇതിനകം കുറെയൊക്കെ സൃഷ്ടിച്ചെടുക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ എല്ലാ പ്രശ്നങ്ങൾക്കും അധികാര വികേന്ദ്രീകരണം ഒറ്റമൂലിയാണ് എന്ന സമീപനം ശരിയല്ല. ജനങ്ങളുടെ പങ്കാളിത്തത്തോടൊപ്പംതന്നെ പ്രധാനമാണ് വികസന കാര്യങ്ങളിൽ അവർക്കുള്ള ഉത്തരവാദിത്വ ബോധം. പൊതുമുതൽ എങ്ങിനേയും ധൂർത്തടിക്കാമെന്നും, അത് നശിച്ചുപോകാതെ സംരക്ഷിക്കേണ്ടത് തങ്ങളുടെ ബാദ്ധ്യതയല്ലെന്നുമുള്ള ധാരണ നിലവിലുണ്ട്. ജനങ്ങളുടെ ആസ്ഥിയാണ് പൊതുമുതലെന്നും അതു സംരക്ഷിക്കുകയും, വികസിപ്പിക്കുകയും ചെയ്യേണ്ട ബാദ്ധ്യത ഓരോരുത്തർക്കും ഉണ്ടെന്നും, ഓരോ പൗരനും കരുതുന്നിടത്തേ സാമൂഹ്യ ജീവിതം സർവ്വതോന്മുഖമായ പുരോഗതി നേടൂ!

ഈ റിപ്പോർട്ടിൽ പരാമർശിച്ച വസ്തുതകൾ മുഴുവൻ 9ാം പദ്ധതിയുടെ ഭാഗമായി നടപ്പാക്കാൻ കഴിഞ്ഞു എന്നുവരുന്നതല്ല. മുൻഗണന നൽകി നടപ്പാക്കേണ്ടതിനു ഓരോ വാർഷിക പദ്ധതിയിലും സ്വീകരിക്കാവുന്നത് ഏത്, ഏതളവുവരെ എന്നതിന് വ്യക്തമായ ധാരണയുണ്ടാക്കണം. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആ ജോലി കുറ്റമറ്റതായി ചെയ്യുവാൻ കഴിയുകയില്ല. സ്ഥിതി വിവരക്കണക്കുകൾ ലഭ്യമല്ലാതിരിക്കുകയോ, ലഭ്യമായവതന്നെ വിശ്വാസ യോഗ്യമല്ലാതിരിക്കുകയോ ചെയ്യുന്നു. ആയതിനാൽ എത്രയും വേഗം വിഭവ ഭൂപട നിർമ്മാണവും, സാമൂഹ്യ, സാമ്പത്തിക സർവ്വേയും നടത്തുന്നത് അഭികാമ്യമായിരിക്കും. അതിന്റെ കൂടി അടിസ്ഥാനത്തിൽ നിലവിലുള്ള പഞ്ചായത്ത് ഭരണ സമിതിയും വികസന സെമിനാറിൽ രൂപം കൊള്ളുന്ന കർമ്മ സമിതികളും ചേർന്നു ഈ രേഖയുടെ അടിസ്ഥാനത്തിൽ പദ്ധതികൾ മുൻഗണനാ ക്രമത്തിൽ തയ്യാറാക്കേണ്ടതാണ്.

നിലവിൽ സ്കീമുകൾ നിർവ്വഹണ ഘട്ടം കഴിയുമ്പോൾ ഉദ്ദേശിയ്ക്കപ്പെട്ട ഫലം ലഭിക്കില്ലെന്ന് വിലയിരുത്തപ്പെടുന്നു. സ്കീമുകളുടെ നിർവ്വഹണത്തിൽ വരുന്ന കാലതാമസവും മൊത്തം അടങ്കൽ തുകയിൽ അനിവാര്യമായി വരുത്തേണ്ടിവരുന്ന വർദ്ധനവും ഇതിനുകാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. വികസന പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഇന്ന് വളരെ കുറവാണ്. ആസൂത്രണം ജനകീയമായി നടക്കുമ്പോൾ പദ്ധതിയുടെ നടത്തിപ്പും ജനകീയമായി നടത്താൻ കഴിയും-കഴിയണം. അതതു പ്രദേശത്തെ ജനങ്ങളുടെ മേൽനോട്ടത്തിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നത് കാലതാമസം ഒഴിവാക്കുന്നതിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും സഹായിക്കും. ഓരോ പദ്ധതിയിലും അനുവദിക്കുന്നതിലേറെ തുക വിനിയോഗിക്കപ്പെടാൻ നിർബ്ബന്ധമുണ്ടാവണം. ഇതു ശ്രമദാനമായോ മറ്റുതരത്തിലോ പ്രാദേശികമായി സമാഹരിക്കാൻ കഴിയും. തീരുമാനമെടുക്കുന്നതിലും , നടപ്പാക്കുന്നതിലും ജനങ്ങൾ പൂർണ്ണമായി പങ്കെടുക്കുന്ന

ഒരു സാമൂഹ്യഘടന ഏറ്റവും കുറഞ്ഞ സമയം കൊണ്ട് സൃഷ്ടിച്ചെടുക്കേണ്ടതുണ്ട്. അതിന് ഉചിതമായ തുടക്കം ലഭിച്ചുകഴിഞ്ഞു. അതിനുവേണ്ടിയുളള ശ്രമം മറ്റുപല പഞ്ചായത്തുകളിലും നടന്നതിലേറെ ജന പങ്കാളിത്തത്തോടെ നമ്മുടെ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. അതിന് നേതൃത്വം നൽകുന്നതിന് പഞ്ചായത്ത് ഭരണ സമിതിക്കും ജില്ലാതല പരിശീലകർക്കും കഴിഞ്ഞിട്ടുണ്ട് എന്ന് അഭിമാനിക്കാം. ഉദ്യോഗസ്ഥ തലത്തിലും തൃപ്തികരമായ സഹകരണം ലഭിച്ചിട്ടുണ്ട്. പഞ്ചായത്തുമായി ബന്ധമുള്ള എല്ലാ ഓഫീസുകളിൽ നിന്നും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി സഹായം നൽകിയിട്ടുണ്ട്. എന്നാൽ കണിയാമ്പറ്റ വില്ലേജ് ഓഫീസ് ജീവനക്കാർ തീരെ സഹകരിക്കാഞ്ഞതിൽ ജനകീയാസൂത്രണ സമിതിയുടെ പ്രതിഷേധം ഈ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നു.

ജനകീയാസൂത്രണത്തിന് മുൻ അനുഭവങ്ങളും, മാതൃകകളും ഇല്ലാത്തതിനാൽ പല പാകപ്പിഴകളും കടന്നു കൂടിയിട്ടുണ്ടാകാം. എങ്കിലും റിപ്പോർട്ടിന്റെ ആകെ തുക നമ്മുടെ പഞ്ചായത്തിന്റെ വികസനത്തെ ത്വരിതപ്പെടുത്തുന്നതിനുളളതാണ് എന്നുമാത്രം ചിന്തിച്ചുകൊണ്ട് സൃഷ്ടിപരമായ നിർദ്ദേശങ്ങൾ നമ്മുടെ സെമിനാറിൽ ഉയർന്നുവരുമെന്ന് പ്രതീക്ഷിക്കുന്നു.

ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ടു വിശേഷാൽ ഗ്രാമ സഭകളിൽ പങ്കെടുത്ത് ഈ വികസന റിപ്പോർട്ടും തയ്യാറാക്കുന്നതുവരെ സഹകരിച്ച ജില്ലാ റിസോഴ്സ് പേഴ്സൺ ഡോഃശ്രീഃ അമ്പിചിറയിലിനും, പേരെടുത്തു പരാമർശിക്കാതെ സഹകരിച്ച മുഴുവൻ പേർക്കും കണിയാമ്പറ്റ ഗ്രാമ പഞ്ചായത്തിന്റെ അകൈതവമായ നന്ദി രേഖപ്പെടുത്തുന്നു.

കണിയാമ്പറ്റ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയും ജീവനക്കാരും.

—*—

*Gayathri Offset Printers, Kannur-1, Phone: 68936.*

കേരളം

# അധികാരം ജനങ്ങൾക്ക്



ഒൻപതാം പദ്ധതി

ജനകീയ പദ്ധതി

ഗ്രാമസഭകളിലൂടെ

വികസന സെമിനാറിലൂടെ

പുതിയൊരു വികസന സംസ്കാരം

4328

KERALA INSTITUTE OF LOCAL ADMINISTRATION * THRISSUR